SUPREME AUDIT INSTITUTION OF INDIA
लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

# 2024-25 വർഷത്തെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

**കേരള സർക്കാർ**

**2026 വർഷത്തെ റിപ്പോർട്ട് നമ്പർ 1**

(സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്)

Presented to the Legislature on 23 June 2026

# 2024-25 വർഷത്തെ
# സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള
# ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ
# ജനറലിന്റെ റിപ്പോർട്ട്

**കേരള സർക്കാർ**

**2026 വർഷത്തെ റിപ്പോർട്ട് നമ്പർ 1**

# ഉള്ളടക്കം


| ഉള്ളടക്കം | ഖണ്ഡിക | സൂചിക പേജ് നമ്പർ |
|---|---|---|
| ആമുഖം | | vii |
| സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനവും സമീപനവും | | ix-xi |
| മുഖ്യസാരം | | xiii-xiv |
| **അദ്ധ്യായം 1 : സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ഉപരിവീക്ഷണം** | | |
| കേരളത്തിന്റെ പ്രൊഫൈൽ | 1.1 | 1 |
| സംസ്ഥാനത്തിന്റെ ജനസംഖ്യാപരമായ വിവരങ്ങൾ | 1.1.1 | 1 |
| സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ | 1.1.2 | 2 |
| മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനവും പ്രതിശീർഷ ജിഎസ്ഡിപിയും | 1.1.2.1 | 2 |
| ജി.എസ്.ഡി.പിയിലേക്കുള്ള മേഖലാ അടിസ്ഥാനത്തിലുള്ള സംഭാവന | 1.1.2.2 | 3 |
| സാമ്പത്തിക സ്ഥിതിയുടെ സ്നാപ്ഷോട്ട് | 1.1.3 | 5 |
| ഫണ്ടുകളുടെ സ്രോതസ്സുകളും പ്രയോഗവും | 1.1.4 | 7 |
| സർക്കാരിന്റെ ആസ്തികളുടെയും ബാധ്യതകളുടെയും സ്നാപ്പ്ഷോട്ട് | 1.1.5 | 7 |
| സംസ്ഥാന സഞ്ചിത നിധി | 1.2 | 8 |
| റവന്യൂ വരവുകൾ | 1.2.1 | 8 |
| മൂലധന വരവുകൾ | 1.2.2 | 25 |
| ധനകാര്യ കമ്മീഷൻ പ്രൊജക്ഷനും യഥാർഥ കണക്കുകളും | 1.2.3 | 26 |
| ചെലവ് | 1.2.4 | 27 |
| റവന്യൂ ചെലവ് | 1.2.4.1 | 31 |
| മൂലധനച്ചെലവ് | 1.2.4.2 | 37 |
| പൊതു കണക്ക് | 1.3 | 44 |
| പൊതു കണക്കിലെ തനി നീക്കിയിരുപ്പ് | 1.3.1 | 44 |
| കരുതൽ ഫണ്ടുകൾ | 1.3.2 | 45 |
| ക്യാഷ് ബാലൻസ് | 1.3.3 | 46 |
| സാമ്പത്തിക സുസ്ഥിരത | 1.4 | 48 |
| പൊതു ബാധ്യതകളുടെ മാനേജ്മെന്റ് | 1.4.1 | 49 |
| ബാധ്യതകളുടെ പ്രൊഫൈൽ: ഘടകങ്ങൾ | 1.4.1.1 | 50 |
| കടമെടുത്ത ഫണ്ടുകളുടെ വിനിയോഗം | 1.4.1.2 | 52 |
| കടത്തിന്റെ പ്രൊഫൈൽ: കാലാവധിയും തിരിച്ചടവും | 1.4.1.3 | 53 |
| ധനക്കമ്മി നികത്താനുള്ള ധനസമാഹരണ രീതി | 1.4.1.4 | 54 |
| ഓഡിറ്റ് അനന്തര കമ്മി സൂചകങ്ങൾ | 1.4.2 | 55 |
| സാമ്പത്തിക സന്തുലിതാവസ്ഥ: കമ്മിയുടെയും മൊത്തം കടത്തിന്റെയും ലക്ഷ്യങ്ങളുടെ കൈവരിക്കൽ | 1.4.3 | 56 |
| സംസ്ഥാനത്തിന്റെ പ്രധാന ധന സൂചകങ്ങളും എല്ലാ സംസ്ഥാനങ്ങളുടെയും സൂചകങ്ങളും തമ്മിലുള്ള താരതമ്യം | 1.4.4 | 59 |

| ഉള്ളടക്കം | ഖണ്ഡിക | സൂചിക പേജ് നമ്പർ |
|---|---|---|
| കടത്തിന്റെ സുസ്ഥിരതയുടെ വിശകലനം | 1.4.5 | 60 |
| ഗ്യാരണ്ടികളുടെ നില – ആകസ്മിക ബാധ്യതകൾ | 1.4.6 | 63 |
| സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരണ്ടികളെ ക്കുറിച്ചുള്ള അവലോകനം | 1.4.6.1 | 64 |
| സാമ്പത്തിക സ്ഥിരതയിലേക്കുള്ള വഴികൾ | 1.4.7 | 70 |
| സംസ്ഥാനത്തിന്റെ വരുമാനം മെച്ചപ്പെടുത്തൽ | 1.4.7.1 | 70 |
| ചെലവിന്റെ ഭാഗത്തുള്ള പ്രശ്നങ്ങൾ | 1.4.7.2 | 73 |
| നിഗമനങ്ങൾ | 1.5 | 77 |
| മികച്ച പ്രവർത്തന രീതികൾ | 1.6 | 78 |
| ശുപാർശകൾ | 1.7 | 78 |
| **അദ്ധ്യായം II : ബജറ്റ് മാനേജ്മെന്റ്** | | |
| ബജറ്റ് പ്രക്രിയ | 2.1 | 79 |
| ബജറ്റ് പ്രൊജക്ഷനും യഥാർത്ഥ കണക്കുകളും തമ്മിലുള്ള വ്യത്യാസം | 2.2 | 80 |
| ബജറ്റ് വകയിരുത്തലുകളുടെയും ചെലവുകളുടെയും ഘടകങ്ങൾ/ സേവനങ്ങൾ തിരിച്ചുള്ള വിശകലനം | 2.2.1 | 82 |
| ബജറ്റ് മാർക്ക്സ്മാൻഷിപ്പ് | 2.3 | 83 |
| ധനവിനിയോഗ കണക്കുകൾ | 2.4 | 85 |
| ബജറ്റ്, അക്കൗണ്ടിംഗ് പ്രക്രിയ | 2.5 | 85 |
| ബജറ്റ് വകയിരുത്തലില്ലാതെയുള്ള ചെലവ് | 2.5.1 | 85 |
| അധിക ചെലവും അതിന്റെ ക്രമപ്പെടുത്തലും | 2.5.2 | 87 |
| തന്നാണ്ടിലെ അധിക ചെലവ് | 2.5.2.1 | 87 |
| മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക ചെലവുകളുടെ ക്രമപ്പെടുത്തൽ | 2.5.2.2 | 88 |
| ചില ഗ്രാന്റുകളിലെ നിരന്തരമായ അധിക ചെലവ് | 2.5.2.3 | 90 |
| അനിവാര്യമല്ലാത്ത സപ്ലിമെന്ററി ഗ്രാന്റുകൾ | 2.5.3 | 92 |
| ഫണ്ടുകളുടെ വിവേകരഹിതമായ പുനർ ധനവിനിയോഗം | 2.5.4 | 93 |
| ചെലവഴിക്കാത്ത വകയിരുത്തലും സറണ്ടർ ചെയ്ത ധനവിനിയോഗവും, വലിയ മിച്ചവും / സറണ്ടറുകളും | 2.5.5 | 93 |
| മുഴുവൻ ബജറ്റ് വകയിരുത്തലും വിനിയോഗിക്കാതിരുന്നത് | 2.5.5.1 | 93 |
| മിച്ചവും സറണ്ടറും | 2.5.5.2 | 94 |
| പദ്ധതികളിലെ ഗണ്യമായ മിച്ചം | 2.5.5.3 | 96 |
| സ്കീമുകളിലെ സ്ഥിരമായ മിച്ചം | 2.5.5.4 | 97 |
| 'ടോട്ടൽ ഹൗസിംഗ് സ്കീം-അർബൻ (ലൈഫ് പാർപ്പിട മിഷൻ)' കീഴിലുള്ള ഫണ്ടുകൾ വിനിയോഗിക്കാതിരുന്നത് | 2.5.5.5 | 100 |
| ബജറ്റിലെ പ്രധാനപ്പെട്ട നയ പ്രഖ്യാപനങ്ങളും അവയുടെ നടപ്പാക്കൽ ഉറപ്പാക്കുന്നതിനുള്ള യഥാർഥ ധനസഹായവും | 2.5.6 | 100 |
| ത്രൈമാസ ചെലവ് പരിധി പാലിക്കാതിരിക്കൽ | 2.5.7 | 101 |
| സംസ്ഥാനത്തെ തെരഞ്ഞെടുത്ത കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് | 2.6 | 104 |

| ഉള്ളടക്കം | ഖണ്ഡിക | സൂചിക പേജ് നമ്പർ |
|---|---|---|
| സ്റ്റേറ്റ് ലിങ്ക്ഡ് കേന്ദ്രാവിഷ്കൃത പദ്ധതികൾ | 2.6.1 | 105 |
| സിംഗിൾ നോഡൽ ഏജൻസി - കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ കൈമാറ്റം | 2.6.2 | 106 |
| സി.എസ്.എസിന്റെ ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ | 2.6.3 | 110 |
| സിംഗിൾ നോഡൽ ഏജൻസി - സിംഗിൾ നോഡൽ അക്കൗണ്ടുകളിൽ ചെലവഴിക്കാത്ത ബാലൻസ് | 2.6.4 | 113 |
| സിംഗിൾ നോഡൽ ഏജൻസി- സ്പർശ് | 2.6.5 | 115 |
| തെരഞ്ഞെടുത്ത ഗ്രാന്റുകളുടെ വിശദമായ അവലോകനത്തിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് കാര്യങ്ങൾ | 2.7 | 118 |
| നിഗമനങ്ങൾ | 2.8 | 122 |
| മികച്ച പ്രവർത്തന രീതികൾ | 2.9 | 123 |
| ശുപാർശകൾ | 2.10 | 123 |
| **അദ്ധ്യായം III : സാമ്പത്തിക റിപ്പോർട്ടിംഗ് രീതികൾ** | | |
| സംസ്ഥാന ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ / അതോറിറ്റികൾ വഴിയുള്ള ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ | 3.1 | 125 |
| കടമെടുപ്പിന്റെ വിശദാംശങ്ങൾ ഭാരത സർക്കാരിന് വെളിപ്പെടുത്തിയതിലെ വ്യത്യാസം | 3.1.1 | 130 |
| സർക്കാരിന്റെ നിറവേറ്റാത്ത ബാധ്യതകൾ | 3.2 | 132 |
| പലിശ ബാധ്യത നിറവേറ്റാത്തത് | 3.2.1 | 132 |
| നാഷണൽ പെൻഷൻ സിസ്റ്റത്തിലെ കൈമാറ്റത്തിലെ കുറവ് | 3.2.2 | 133 |
| കേരള റോഡ് സുരക്ഷാ നിധിയിലേക്ക് സെസ് കൈമാറാതിരുന്നത് | 3.2.3 | 133 |
| സംസ്ഥാന മിനറൽ എക്സ്പ്ലോറേഷൻ ട്രസ്റ്റ്/ സംസ്ഥാന മിനറൽ ഡെവലപ്മെന്റ് ഫണ്ട് | 3.2.4 | 133 |
| റീഫണ്ട് കേസുകളിലെ കുടിശ്ശിക ഫണ്ട് | 3.2.5 | 134 |
| വർഗ്ഗീകരണത്തിലെ പിശക് | 3.3 | 134 |
| വിനിയോഗ സാക്ഷ്യപത്രം (യുസി) സമർപ്പിക്കുന്നതിലെ കാലതാമസം | 3.4 | 135 |
| ക്രമീകരിക്കാത്ത താൽക്കാലിക മുൻകൂറുകൾ | 3.5 | 136 |
| ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് ക്രമരഹിതമായി ഫണ്ടുകളുടെ തിരിച്ചെടുക്കൽ | 3.6 | 137 |
| മൈനർ ഹെഡ് -800ന്റെ പ്രവർത്തനം | 3.7 | 142 |
| പ്രധാന സസ്പെൻസ് ഡിഡിആർ ഹെഡുകളിൽ ബാക്കി നിൽക്കുന്ന തുക | 3.8 | 144 |
| വകുപ്പുതല കണക്കുകളുടെ പൊരുത്തപ്പെടുത്തൽ | 3.9 | 145 |
| ക്യാഷ് ബാലൻസുകളുടെ പൊരുത്തപ്പെടുത്തൽ | 3.10 | 146 |
| ഡിവിഷണൽ ഉദ്യോഗസ്ഥരുടെ പക്കലുള്ള ചെലവഴിക്കാത്ത തുക | 3.11 | 146 |
| അക്കൗണ്ടിംഗ് മാനദണ്ഡങ്ങളുടെ പാലനം | 3.12 | 147 |
| സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളുടെ സമർപ്പണം | 3.13 | 148 |

| ഉള്ളടക്കം | ഖണ്ഡിക | സൂചിക പേജ് നമ്പർ |
|---|---|---|
| മറ്റ് പ്രശ്നങ്ങൾ | 3.14 | 149 |
| സംസ്ഥാന ഡിസ്കോമുകളുടെ പ്രകടനം | 3.14.1 | 149 |
| ധനദുർവിനിയോഗങ്ങൾ, നഷ്ടങ്ങൾ, മോഷണങ്ങൾ മുതലായവ | 3.15 | 152 |
| സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ | 3.16 | 154 |
| നിഗമനങ്ങൾ | 3.17 | 154 |
| ശുപാർശകൾ | 3.18 | 155 |
| **അനുബന്ധങ്ങൾ** | | |
| സംസ്ഥാനസർക്കാരിന്റെ സാമ്പത്തിക നിലയെക്കുറിച്ചുള്ള കാലാനുക്രമ വിവരങ്ങൾ | 1.1 | 157 |
| 2024-25 വർഷത്തെ വരവിന്റെയും ചെലവിന്റെയും സംഗ്രഹം | 1.2 | 160 |
| 2025 മാർച്ച് 31 ലെ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ സംഗ്രഹം | 1.3 | 163 |
| 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ അവാർഡ് തുകയും യഥാർഥ റിലീസും | 1.4 | 165 |
| 2022-23, 2023-24 അക്കൗണ്ട് വർഷങ്ങളിൽ ലാഭവിഹിതം അടയ്ക്കാത്തതോ കുറഞ്ഞ അളവിൽ അടച്ചതോ ആയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ | 1.5 | 166 |
| 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ പൊതു കണക്കിലെ ഘടകങ്ങൾ തിരിച്ചുള്ള തനി ബാലൻസ് | 1.6 | 169 |
| 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ ഘടകങ്ങൾ തിരിച്ചുള്ള ബാധ്യതാ പ്രവണതകൾ | 1.7 | 170 |
| കടം സുസ്ഥിരത സൂചകങ്ങളിലെ പ്രവണതകൾ | 1.8 | 171 |
| ബജറ്റിൽ നൽകിയിരിക്കുന്ന ഗ്യാരണ്ടികളുടെ വിശദാംശങ്ങൾ | 1.9 | 173 |
| ബജറ്റ് രേഖ പ്രകാരം ലഭിച്ച ഗ്യാരണ്ടി കമ്മീഷനും സാമ്പത്തിക കണക്കുകളിലെ ഗ്യാരണ്ടി കമ്മീഷനും തമ്മിലുള്ള പൊരുത്തക്കേടുകൾ | 1.10 | 174 |
| കുടിശ്ശികയായ ഗ്യാരണ്ടി കമ്മീഷന്റെ വിശദാംശങ്ങളും അതിന്റെ പലിശയും | 1.11 | 175 |
| ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കാൻ വൈകിയതിന്റെ പലിശ അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ | 1.12 | 176 |
| എക്സ്പെൻഡിച്ചർ കോമ്പോസിഷൻ ഔട്ട്ടേൺ | 2.1 | 177 |
| പുതുക്കിയ എസ്റ്റിമേറ്റിൽ നിന്ന് യഥാർഥ ചെലവിന്റെ വ്യതിയാനം | 2.1 എ | 182 |
| സപ്ലിമന്ററി വകയിരുത്തൽ അനിവാര്യമല്ലാതിരുന്ന കേസുകൾ | 2.2 | 183 |
| സപ്ലിമെന്ററി വകയിരുത്തൽ അമിതമാണെന്ന് തെളിഞ്ഞ കേസുകൾ | 2.3 | 184 |
| 2024-2025 കാലയളവിലെ ഫണ്ടുകളുടെ വിവേകപൂർണ്ണമല്ലാത്ത പുനർധനവിനിയോഗം (വകയിരുത്തൽ കുറച്ചത്) | 2.4എ | 185 |
| 2024-2025 കാലയളവിലെ വിവേകപൂർണ്ണമല്ലാത്ത ഫണ്ടുകളുടെ പുനർ ധനവിനിയോഗം (വകയിരുത്തൽ കൂട്ടിയത്) | 2.4 ബി | 186 |

| ഉള്ളടക്കം | ഖണ്ഡിക | സൂചിക പേജ് നമ്പർ |
|---|---|---|
| 2024-2025 കാലയളവിൽ സറണ്ടർ ചെയ്തതിന് ശേഷം വലിയ മിച്ചമുള്ള ഗ്രാന്റുകൾ | 2.5 | 189 |
| 2022-23, 2023-24 വർഷങ്ങളിൽ ഗ്രാന്റ് നമ്പർ XXII-ൽ ബജറ്റ് വകയിരുത്തൽ ഒട്ടും തന്നെ വിനിയോഗിക്കാതെ അവശേഷിച്ചത് | 2.6 | 190 |
| 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥിരമായ മിച്ചമുള്ള (₹100 കോടിയിൽ അധികം) ഗ്രാന്റുകൾ | 2.7 | 191 |
| 2024-25 കാലയളവിലെ ബജറ്റിന്റെയും മിച്ചത്തിന്റെയും ഗ്രാന്റ് തിരിച്ചുള്ള ശതമാനം | 2.8 | 192 |
| സറണ്ടർ ചെയ്യാത്ത മിച്ചം | 2.9 | 194 |
| 2025 മാർച്ച് അവസാന ദിവസം ചെയ്ത ഫണ്ടുകളുടെ സറണ്ടർ | 2.10 | 195 |
| 2024-25 ബജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ സ്ഥിതി | 2.11 | 197 |
| 2025 മാർച്ചിൽ മുഴുവൻ ചെലവും നേരിട്ട സബ്-ഹെഡുകൾ | 2.12 | 198 |
| പദ്ധതി ഫണ്ടുകളുടെ ത്രൈമാസം തിരിച്ചുള്ള ചെലവും 2024-25 ലെ ബജറ്റ് വിഹിതത്തിനെതിരെയുള്ള ശതമാനവും | 2.13 | 201 |
| 2024-2025 കാലയളവിലെ എല്ലാ മേജർ ഹെഡുകളിലെയും ത്രൈമാസം തിരിച്ചുള്ള ചെലവ് | 2.14 | 204 |
| എസ്എൻഎ അക്കൗണ്ടുകളിലുള്ള ചെലവഴിക്കാത്ത ബാലൻസ് | 2.15 | 214 |
| എസ്എൻഎകളുടെ ബാങ്ക് അക്കൗണ്ടുകളിലുള്ള പലിശ | 2.16 | 215 |
| എസ്എൻഎ അക്കൗണ്ടിലേക്ക് ഫണ്ട് കൈമാറിയതിലെ കാലതാമസത്തിന് സംസ്ഥാന സർക്കാരിന് ചുമത്തിയ പിഴ പലിശ | 2.17 | 216 |
| കിഫ്ബിയും, കെഎസ്എസ്പിഎല്ലും വായ്പ എടുത്ത സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കി 2024-25ൽ നടത്തിയ തിരിച്ചടവിന്റെ വിശദാംശങ്ങൾ | 3.1 | 217 |
| കിഫ്ബി വരുമാനം സൃഷ്ടിക്കുന്ന പ്രോജക്ടുകൾക്കു നടത്തിയ ചെലവിന്റെ വിശദാംശങ്ങൾ | 3.2 | 218 |
| ഡിഫൈൻഡ് കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിന് കീഴിലുള്ള സംഭാവനയുടെയും നിക്ഷേപത്തിന്റെയും വിശദാംശങ്ങൾ | 3.3 | 225 |
| കെ.എസ്.ഇ.ബി.എൽ ഒപ്പുവച്ച ധാരണാപത്രത്തിൽ വിഭാവനം ചെയ്തിട്ടുള്ള ഉദയ് കാലയളവിലെ കെ.എസ്.ഇ.ബി.എല്ലിന്റെ ലക്ഷ്യങ്ങളും നേട്ടങ്ങളും | 3.4 | 226 |

## ആമുഖം

ഭരണഘടനയുടെ അനുച്ഛേദം 151 പ്രകാരം കേരള ഗവർണർക്ക് സമർപ്പിക്കുന്നതിനാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

2024-25 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രകടനം വിലയിരുത്താനും, ഫിനാൻഷ്യൽ ഡേറ്റയുടെ ഓഡിറ്റ് വിശകലനത്തെ അടിസ്ഥാനമാക്കി സംസ്ഥാന നിയമസഭയ്ക്ക് വിവരങ്ങൾ നൽകാനുമാണ് കേരള സർക്കാരിന്റെ സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ട്. റിപ്പോർട്ടിൽ മൂന്ന് അധ്യായങ്ങളുണ്ട്.

**അദ്ധ്യായം I - സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ഉപരിവീക്ഷണം**

റിപ്പോർട്ടിന്റെ അടിസ്ഥാനവും സമീപനവും വിവരിക്കുന്ന ഈ അദ്ധ്യായം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വിശാലമായ ഒരു കാഴ്ചപ്പാട് നൽകുന്നു. പ്രധാന സൂചികകളുടെയും കമ്മി / മിച്ചം, കടത്തിന്റെ പ്രൊഫൈൽ, പൊതു കണക്കിലെ പ്രമുഖമായ ഇടപാടുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെയും മാക്രോ ഫിസ്കൽ വിശകലനം ഇതിൽ ഉൾപ്പെടുന്നു.

**അദ്ധ്യായം II - ബജറ്റ് മാനേജ്മെന്റ്**

സംസ്ഥാനത്തിന്റെ ധനവിനിയോഗ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ അദ്ധ്യായം, ബഡ്ജറ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട ഭരണഘടനാ വ്യവസ്ഥകളിൽ നിന്നുള്ള വ്യതിചലനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു.

**അദ്ധ്യായം III – സാമ്പത്തിക റിപ്പോർട്ടിംഗ് രീതികൾ**

സംസ്ഥാന സർക്കാരിന്റെ വിവിധ സ്ഥാപനങ്ങൾ നൽകുന്ന കണക്കുകളുടെ ഗുണനിലവാരത്തെക്കുറിച്ചും, സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ സാമ്പത്തിക നിയമങ്ങളും ചട്ടങ്ങളും പാലിക്കാത്തതിന്റെ പ്രശ്നങ്ങളെക്കുറിച്ചും ഈ അദ്ധ്യായം അഭിപ്രായപ്പെടുന്നു.

വിവിധ വകുപ്പുകളിൽ നടന്ന പേർഫോമൻസ് ഓഡിറ്റ്, ട്രാൻസാക്ഷൻ ഓഡിറ്റ് എന്നിവയുടെ കണ്ടെത്തലുകളും, സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, ബോർഡുകൾ, സർക്കാർ കമ്പനികൾ എന്നിവയുടെ ഓഡിറ്റിൽ നിന്ന് ഉണ്ടാകുന്ന നിരീക്ഷണങ്ങളും ഉൾക്കൊള്ളുന്ന റിപ്പോർട്ടും റവന്യൂ വരവുകളുടെ നിരീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടും പ്രത്യേകമായി സമർപ്പിക്കുന്നു.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയവൈരുദ്ധ്യം തോന്നുന്ന പക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.

# സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനവും സമീപനവും

## സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനവും സമീപനവും

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 151 (2) അനുസരിച്ച്, ഒരു സംസ്ഥാനത്തിന്റെ കണക്കുകളുമായി ബന്ധപ്പെട്ട കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ (സിഎജി) റിപ്പോർട്ടുകൾ സംസ്ഥാനത്തിന്റെ ഗവർണർക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത റിപ്പോർട്ടുകൾ ഗവർണർ സംസ്ഥാന നിയമസഭയിൽ സമർപ്പിക്കേണ്ടതുമാണ്.

സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ട്രഷറികൾ, ഓഫീസുകൾ, വകുപ്പുകൾ എന്നിവ സമർപ്പിക്കുന്ന വൗച്ചറുകൾ, ചലാനുകൾ, പ്രാരംഭ, അനുബന്ധ അക്കൗണ്ടുകൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് ലഭിക്കുന്ന സ്റ്റേറ്റ്മെന്റുകൾ എന്നിവയെ അടിസ്ഥാനമാക്കി അക്കൗണ്ടന്റ് ജനറൽ (അക്കൗണ്ട്സ് ആൻഡ് എൻടൈറ്റിൽമെന്റ്സ്) സംസ്ഥാനത്തിന്റെ വാർഷിക സാമ്പത്തിക കണക്കുകളും ധനവിനിയോഗ കണക്കുകളും തയ്യാറാക്കുന്നു. ഈ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) സ്വതന്ത്രമായി ഓഡിറ്റ് ചെയ്യുകയും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

സംസ്ഥാനത്തിന്റെ സാമ്പത്തിക കണക്കുകളും ധനവിനിയോഗ കണക്കുകളും ആണ് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനം. മറ്റ് സ്രോതസ്സുകളിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു:

- സംസ്ഥാനത്തിന്റെ ബജറ്റ്: പ്രൊജക്ഷനുമായി തുലനം ചെയ്ത് ധനപരമായ മാനദണ്ഡങ്ങളും വകയിരുത്തലിന്റെ മുൻഗണനകളും വിലയിരുത്തുന്നതിനും, അവയുടെ നടത്തിപ്പിന്റെ ഫലപ്രാപ്തിയും പ്രസക്തമായ നിയമങ്ങളുടെയും നിർദ്ദിഷ്ട നടപടിക്രമങ്ങളുടെയും പാലനവും വിലയിരുത്തുന്നതിനും വേണ്ടി
- അക്കൗണ്ടന്റ് ജനറലിന്റെ (ഓഡിറ്റ്) ഓഫീസ് നടത്തിയ ഓഡിറ്റിന്റെ ഫലങ്ങൾ
- വിവിധ വകുപ്പുകളുടെയും ട്രഷറികളുടേയും കൈയ്യിലുള്ള മറ്റ് വിവരങ്ങൾ (അക്കൗണ്ടിംഗും എം.ഐ.എസും)
- ജി.എസ്.ഡി.പി വിവരവും സംസ്ഥാനവുമായി ബന്ധപ്പെട്ട മറ്റ് സ്ഥിതിവിവരക്കണക്കുകളും
- സംസ്ഥാനത്തിന്റെ ധനപരമായ ഉത്തരവാദിത്തവും ബജറ്റ് മാനേജ്മെന്റും (എഫ്ആർബിഎം) നിയമം
- ധനകാര്യ കമ്മീഷൻ ശുപാർശകൾ
- സിഎജിയുടെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ
- ഭാരത സർക്കാരിന്റെ മികച്ച കീഴ്‌വഴക്കങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും

2025 സെപ്റ്റംബർ 17-ന് കേരള സർക്കാരിന്റെ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ഒരു എൻട്രി കോൺഫറൻസ് നടത്തുകയും ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടിയുള്ള ഓഡിറ്റ് സമീപനം വിശദീകരിക്കുകയും ചെയ്തു. 2026 ജനുവരി 17 ന് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി എക്സിറ്റ് മീറ്റിംഗ് നടത്തുകയും ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്യുകയും ചെയ്തു. സർക്കാരിന്റെ പ്രതികരണങ്ങൾ ഉചിതമായി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സർക്കാർ കണക്കുകളുടെ ഘടന

സംസ്ഥാന സർക്കാരിന്റെ കണക്കുകൾ മൂന്ന് ഭാഗങ്ങളായാണ് സൂക്ഷിച്ചിരിക്കുന്നത്.

**1. സംസ്ഥാനത്തിന്റെ സഞ്ചിത നിധി {ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 266 (1)}**

സംസ്ഥാന സർക്കാറിന് ലഭിക്കുന്ന എല്ലാ വരുമാനവും, സംസ്ഥാന സർക്കാർ സമാഹരിച്ച എല്ലാ വായ്പകളും (വിപണി വായ്പകൾ, ബോണ്ടുകൾ, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ, ദേശീയ ചെറുകിട സമ്പാദ്യ ഫണ്ടിലേക്ക് നൽകുന്ന പ്രത്യേക സെക്യൂരിറ്റികൾ മുതലായവ), റിസർവ് ബാങ്ക് നൽകുന്ന വേയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ, വായ്പ തിരിച്ചടവ് പ്രകാരം സംസ്ഥാന സർക്കാറിന് ലഭിച്ച പണം എന്നിവ ഉൾപ്പെടുന്നതാണ് ഈ ഫണ്ട്. നിയമത്തിന് അനുസൃതമായും ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്യുന്ന രീതിയിലും ഉദ്ദേശ്യങ്ങൾക്കുമല്ലാതെ ഈ നിധിയിൽ നിന്ന് പണം വിനിയോഗിക്കാൻ കഴിയില്ല. ചില തരം ചെലവുകൾ (ഉദാഹരണമായി, ഭരണഘടനാ അധികാരികളുടെ ശമ്പളം, വായ്പ തിരിച്ചടവ് മുതലായവ), സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ ചാർജ് ചെയ്യപ്പെട്ടിരിക്കുന്നതിനാൽ (ചാർജ് ചെയ്ത ചെലവ്), അവ നിയമസഭയുടെ വോട്ടിംഗിന് വിധേയമല്ല. മറ്റെല്ലാ ചെലവുകളും (വോട്ട് ചെയ്ത ചെലവ്) നിയമസഭയുടെ വോട്ടിന് വിധേയമാണ്.

**2. സംസ്ഥാനത്തിന്റെ ആകസ്മിക നിധി {ഇന്ത്യൻ ഭരണഘടനയുടെ അനുഛേദം 267 (2)}**

സംസ്ഥാന നിയമസഭയുടെ അധികാരപ്പെടുത്തൽ ലഭിച്ചിട്ടില്ലാത്ത അപ്രതീക്ഷിത ചെലവുകൾ നേരിടുന്നതിന് മുൻകൂർ തുക നൽകാൻ പ്രാപ്തമാക്കുന്നതിന് ഗവർണറുടെ പക്കലുള്ള സംസ്ഥാന നിയമസഭ നിയമപ്രകാരം രൂപീകരിച്ച ഒരു ഇംപ്രെസ്റ്റിന്റെ സ്വഭാവത്തിലുള്ള ഫണ്ടാണ് ആകസ്മിക നിധി. സംസ്ഥാനത്തിന്റെ സഞ്ചിത നിധിയുമായി ബന്ധപ്പെട്ട പ്രവർത്തന മേജർ ഹെഡിലേക്ക് ചെലവ് ഡെബിറ്റ് ചെയ്താണ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നത്.

**3. സംസ്ഥാനത്തിന്റെ പൊതു കണക്കുകൾ {ഭരണഘടനയുടെ അനുഛേദം 266 (2)}**

മേൽപ്പറഞ്ഞതു കൂടാതെ, സർക്കാർ ഒരു ബാങ്കറോ ട്രസ്റ്റിയോ ആയി പ്രവർത്തിക്കുമ്പോൾ സർക്കാരിലേക്ക് ലഭിക്കുന്ന മറ്റെല്ലാ പൊതു പണവും പൊതു കണക്കിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടുന്നു. ചെറുകിട സമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ടുകൾ, നിക്ഷേപങ്ങൾ (പലിശ ഉള്ളതും പലിശ രഹിതവും), മുൻകൂറുകൾ, കരുതൽ ഫണ്ടുകൾ (പലിശ ഉള്ളതും പലിശ രഹിതവും), ഒടുക്കൽ ഹെഡുകളും, സസ്പെൻസ് ഹെഡുകളും (ഇവ രണ്ടും അന്തിമ ബുക്കിംഗ് ബാക്കി നിൽക്കുന്ന താൽക്കാലിക ശീർഷകങ്ങൾ ആണ്) എന്നിവയിലെ തിരിച്ചു കൊടുക്കാനുള്ള ഇടപാടുകൾ പൊതു കണക്കിൽ ഉൾപ്പെടുന്നു. സർക്കാരിന്റെ പക്കൽ ലഭ്യമായ തനി ക്യാഷ് ബാലൻസും പൊതു കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതു കണക്ക് നിയമസഭയുടെ വോട്ടിന് വിധേയമല്ല.

**സർക്കാർ കണക്കുകളുടെ ഘടന**



# മുഖ്യസാരം

## മുഖ്യസാരം

കേരള സംസ്ഥാന സർക്കാരിന്റെ സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഈ റിപ്പോർട്ട് **2024-25** സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ ഒരു സ്വതന്ത്ര വിലയിരുത്തൽ നൽകുന്നു. ഇത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക ആരോഗ്യം വിശകലനം ചെയ്യുകയും, വരവ്, ചെലവ് പ്രവണതകൾ അവലോകനം ചെയ്യുകയും, സംസ്ഥാനത്തിന്റെ കടത്തിന്റെ സ്ഥിതിയും കടമെടുക്കൽ രീതികളും തിട്ടപ്പെടുത്തുകയും, സാമ്പത്തിക ഉത്തരവാദിത്ത നിയമങ്ങളുടെ പാലനത്തെ വിലയിരുത്തുകയും, ധനകാര്യ ആരോഗ്യ സൂചകങ്ങളുമായി സംസ്ഥാനത്തിന്റെ പ്രകടനത്തെ താരതമ്യം ചെയ്യുകയും ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക കണക്കുകളിലും ധനവിനിയോഗ കണക്കുകളിലും പ്രതിഫലിക്കുന്ന ചെലവുകളുടെ മൊത്തത്തിലുള്ള സുതാര്യതയെയും, ഗുണനിലവാരത്തെയും ബാധിക്കുന്ന ബജറ്ററി മാനേജ്മെന്റുമായും സാമ്പത്തിക റിപ്പോർട്ടിംഗ് രീതികളുമായും ബന്ധപ്പെട്ട പ്രശ്നങ്ങളും റിപ്പോർട്ടിൽ ചർച്ച ചെയ്യുന്നു.

മുൻ സാമ്പത്തിക വർഷത്തിലെ **9.30** ശതമാനവുമായി തുലനം ചെയ്യുമ്പോൾ **2024-25** സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ (ജി.എസ്‌ഡി.പി നോമിനൽ നിരക്കിൽ) **9.97** ശതമാനം വളർച്ച രേഖപ്പെടുത്തി. ഇന്ത്യയുടെ ജിഡിപിയിലേക്ക് സംസ്ഥാനം **3.78** ശതമാനം സംഭാവന നൽകി. കഴിഞ്ഞ രണ്ട് വർഷമായി കുറഞ്ഞുകൊണ്ടിരുന്ന ഈ സംഭാവന **2024-25** സാമ്പത്തിക വർഷത്തിൽ അല്പം മെച്ചപ്പെട്ടു.

എന്നിരുന്നാലും, സമ്പദ് വ്യവസ്ഥയിലെ വളർച്ച നികുതി പിരിവിലെ അനുബന്ധമായ വളർച്ചയ്ക്ക് കാരണമായില്ല. സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ ഉയർച്ച **(0.31)** ഒന്നിൽ താഴെയായി തുടർന്നു, **2022-23** ലെ **1.89** ൽ നിന്ന് **2023-24** ലും **2024-25** ലും യഥാക്രമം **0.35, 0.31** എന്നിങ്ങനെ ഏറ്റക്കുറച്ചിലുകൾ കാണിച്ചു.

സംസ്ഥാന ചരക്ക് സേവന നികുതി **(42.16** ശതമാനം), വിൽപ്പന നികുതി **(36.13** ശതമാനം) എന്നിവ സംസ്ഥാന തനത് നികുതി വരുമാനത്തിന് ഗണ്യമായ സംഭാവന നൽകി. വിൽപ്പന നികുതിയിലെ വളർച്ച **0.01** ശതമാനം എന്ന താഴ്ന്ന നിലയിലാണ്. സംസ്ഥാന ചരക്ക് സേവന നികുതി **5.73** ശതമാനം വളർച്ച കൈവരിച്ചു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഏകദേശം **8** ശതമാനം വിഹിതമുള്ള മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും, വാഹന നികുതിയും മിതമായ നിരക്കിൽ യഥാക്രമം **7.60** ശതമാനവും **4.65** ശതമാനവും വളർച്ച തന്നാണ്ടിൽ കൈവരിച്ചു.

നികുതിയേതര വരുമാനത്തിന്റെ **77** ശതമാനവും തനതു വരുമാനത്തിന്റെ **14** ശതമാനവും സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നാണെങ്കിലും, സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള അറ്റവരുമാനം ഈ വർഷം **₹140.51** കോടി കുറഞ്ഞു. സമ്മാന വിതരണത്തിനും ഏജന്റുമാർക്കുള്ള കമ്മീഷനും വേണ്ടിയുള്ള ചെലവ് **₹204.58** കോടി വർദ്ധിച്ചതാണ് ഇതിന് പ്രധാന കാരണം.

കേന്ദ്ര നികുതി വിഹിതം **14** ശതമാനം വർദ്ധിച്ചു. എന്നാൽ, ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം **42** ശതമാനം കുറഞ്ഞു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾക്ക് കീഴിലുള്ള പോസ്റ്റ് ഡെവല്യൂഷൻ റവന്യൂകമ്മി ഗ്രാന്റ് ഈ വർഷം നിർത്തലാക്കിയതാണ് ഇതിന് പ്രധാന കാരണം.

**2024-25** കാലയളവിൽ മൊത്തം ചെലവ് **8.97** ശതമാനം വർദ്ധിച്ചു, ഇതിനു പ്രധാന കാരണം തന്നാണ്ടിൽ റവന്യൂ ചെലവിലുണ്ടായ **9.32** ശതമാനത്തിന്റെ **(₹13,294.44** കോടി) വർദ്ധനവാണ്. പൊതു സേവനങ്ങളും **(50** ശതമാനം) സാമൂഹിക

സേവനങ്ങളുമാണ് (34 ശതമാനവും) റവന്യൂ ചെലവിന്റെ പ്രധാന പങ്കും വഹിക്കുന്നത്. റവന്യൂ ചെലവിൽ ഉണ്ടായ വർദ്ധനവിന് പ്രധാന കാരണം സാമൂഹിക സുരക്ഷാ പദ്ധതികൾക്ക് കീഴിലെ പെൻഷൻ വിതരണത്തിന് ഉണ്ടായ ₹6,736 കോടിയുടെ വർദ്ധനവാണ്. ഈ വർദ്ധനവിൽ ₹6,641 കോടിയും സർക്കാർ കമ്പനിയായ 'കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്' വഴിയാണ് വിതരണം ചെയ്തത്. സംസ്ഥാന ധനകാര്യ കമ്മീഷനുകൾ രൂപീകരിക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (എൽ.എസ്.ജി.ഐ) ഫണ്ട് അനുവദിക്കുന്നതിലും സംസ്ഥാനം സ്ഥിരത പുലർത്തുന്നു. 2024-25 കാലയളവിൽ എൽ.എസ്.ജി.ഐകൾക്കുള്ള ഫണ്ട് വിഹിതം ₹5,227.70 കോടി വർദ്ധിച്ച് ₹15,348.04 കോടിയായി, ഇത് റവന്യൂ ചെലവിന്റെ 10 ശതമാനമാണ്.

ശമ്പളം, വേതനം (₹41,550.15 കോടി), പലിശ ചെലവ് (₹29,138.23 കോടി), പെൻഷൻ (₹27,875.21 കോടി) എന്നീ ബാധ്യതപ്പെട്ട ചെലവുകളും സബ്സിഡികളും (₹1,856.60 കോടി) റവന്യൂ ചെലവിന്റെ 64.40 ശതമാനവും റവന്യൂ വരവിന്റെ 80 ശതമാനവും വിനിയോഗിക്കുന്നു. 2024-25 കാലയളവിൽ റവന്യൂ ചെലവിന്റെ 64.40 ശതമാനവും നേരിട്ടത് ബാധ്യതപ്പെട്ട ചെലവുകൾക്കും സബ്സിഡികൾക്കും വേണ്ടിയാണ്. ഇത് മറ്റ് സംസ്ഥാനങ്ങളുടെ (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) 58.49 ശതമാനത്തേക്കാൾ കൂടുതലാണ്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായ ₹2,720.74 കോടി നൽകുവാനും സംസ്ഥാനം ബാധ്യതപ്പെട്ടിരിക്കുന്നു.

അതേസമയം, സംസ്ഥാന സർക്കാരിന്റെ മൂലധന ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) സാമ്പത്തിക വർഷത്തിൽ ₹17,886.78 കോടി എന്ന ദശാബ്ദത്തിലെ ഏറ്റവും ഉയർന്ന നിലയിലെത്തി. മൂലധന ചെലവുകൾക്കുള്ള പ്രത്യേക സഹായമായി ഭാരത സർക്കാരിൽ നിന്നും ലഭിച്ച ₹2,715.67 കോടിയുടെ പലിശരഹിത 50 വർഷ വായ്പ, തന്നാണ്ടിലെ മൊത്തം മൂലധന ചെലവിന്റെ (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 15.18 ശതമാനം സംഭാവന ചെയ്തു. എന്നിരുന്നാലും, എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) മൂലധന ചെലവിന്റെയും മൊത്തം ചെലവിന്റെയും അനുപാതം 16.59 ശതമാനമായിരുന്നു, ഇത് 2024-25 ലെ കേരളത്തിന്റെ 10.29 ശതമാനത്തെ അപേക്ഷിച്ച് വളരെ ഉയർന്നതാണ്.

മൂലധന ചെലവിൽ ₹14,539.45 കോടിയുടെ പദ്ധതി (വികസന) ചെലവും ₹2,804.37 കോടിയുടെ വായ്പകളും മുൻകൂറുകളും ₹542.96 കോടിയുടെ നിക്ഷേപങ്ങളും ഉൾപ്പെടുന്നു. മൂലധനച്ചെലവിന്റെ പ്രധാന പങ്കും വഹിക്കുന്നത് സാമ്പത്തിക സേവനങ്ങൾ(65 ശതമാനം) ആണ്. അതിൽ തന്നെ പ്രധാന ചെലവ് 'പെട്രോൾ, ഡീസൽ സെസ്സിൽ നിന്നും കിഫ്ബിക്കുള്ള വിഹിത'വും 'വാഹന നികുതിയിൽ നിന്നും കിഫ്ബിക്കുള്ള വിഹിത'വും (₹3,695.18 കോടി), 'റോഡ്, പാലങ്ങൾക്കുള്ള മൂലധന ചെലവ് (₹1,859.35 കോടി)', 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-പ്രളയാനന്തര പ്രോജക്ടുകൾ' (₹996.47 കോടി) എന്നിവയാണ്.

ജി.എസ്.ഡി.പിയുടെ ശതമാനമെന്ന നിലയിൽ റവന്യൂ കമ്മി 2023-24 ലെ 1.60 ശതമാനത്തിൽ നിന്ന് 2024-25 ൽ 2.49 ശതമാനമായി വർദ്ധിയ്ക്കുകയും, ജി.എസ്.ഡി.പിയുടെ ശതമാനമെന്ന നിലയിൽ ധനക്കമ്മി അതേ കാലയളവിൽ 3.02 ശതമാനത്തിൽ നിന്ന് 3.86 ശതമാനമായി വർദ്ധിയ്ക്കുകയും ചെയ്തു. ഇത് 2024-25 കാലയളവിലെ എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) റവന്യൂകമ്മിയെക്കാളും (0.67 ശതമാനം) ധനക്കമ്മിയെക്കാളും (3.23 ശതമാനം) അധികമായിരുന്നു. ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടിലെ (ജി.ആർ.എഫ്) ബാധ്യതകൾ, പലിശ അടവുകൾ, തീർപ്പുകൽപ്പിക്കാത്ത റീഫണ്ട് കേസുകൾ, നാഷണൽ പെൻഷൻ സിസ്റ്റം (എൻ.പി.എസ്), കേരള റോഡ് സേഫ്റ്റി ഫണ്ട് എന്നിവ ഉൾപ്പെടുന്ന ₹3,511.62 കോടിയുടെ നിറവേറ്റാത്ത ബാധ്യതകൾ 2024-25 ൽ സംസ്ഥാന സർക്കാരിനുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ ₹262.06 കോടിയുടെ പൊതു സംഭാവന സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് ക്രമരഹിതമായി തിരിച്ചെടുത്തതും

ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. ഇത് സംസ്ഥാനത്തിന്റെ റവന്യൂകമ്മിയും ധനക്കമ്മിയും ₹262.06 കോടി കുറച്ചുകാണിക്കുന്നതിന് കാരണമായി.

₹4,45,901.49 കോടിയുടെ (ജിഎസ്ഡിപിയുടെ 35.71 ശതമാനം) ബാക്കി നിൽക്കുന്ന ബാധ്യതകൾ എല്ലാ സംസ്ഥാനങ്ങളിലേയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) ശരാശരിയായ 28.02 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്നതാണ്. ബാക്കി നിൽക്കുന്ന ഓഫ് ബജറ്റ് കടമെടുപ്പുകൾ (₹39,230.33 കോടി) ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല, ഇത് കൂടി ഉൾപ്പെടുത്തുകയാണെങ്കിൽ മൊത്തം ബാദ്ധ്യത ജിഎസ്ഡിപിയുടെ 38.86 ശതമാനമാകും. കൂടാതെ, തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ അത് തിരിച്ചടയ്ക്കുവാൻ സർക്കാറിനെ ബാധ്യസ്ഥരാക്കുന്ന ഗ്യാരണ്ടികളുടെ രൂപത്തിൽ (₹74,297.58 കോടി) ആകസ്മിക ബാധ്യതകളും സംസ്ഥാനത്തിനുണ്ട്.

കഴിഞ്ഞ 10 വർഷത്തിൽ (2022-23 ലെ ധനക്കമ്മി ഒഴികെ), ജി.എസ്.ഡി.പിയുടെ ശതമാനമായുള്ള സംസ്ഥാനത്തിന്റെ ധനകാര്യ സൂചകങ്ങൾ ഏല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) സൂചകങ്ങളെ അപേക്ഷിച്ച് ഉയർന്ന നിലയിലാണ്. ഇത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ ദുർബലമായ ധനസ്ഥിതിയെ സൂചിപ്പിക്കുന്നു. 2024-25 ലെ മൊത്തം കടത്തിന്റെ വളർച്ചാ നിരക്ക് ജിഎസ്ഡിപി വളർച്ചയെ മറികടന്നു. 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ പോസിറ്റീവ് ആയിരുന്ന കടത്തിന്റെ-സ്ഥായിത്വത്തിന്റെ സൂചകം പ്രാഥമിക കമ്മിയിലെ വർദ്ധനവ് മൂലം 2024-25ൽ നെഗറ്റീവ് ആകുന്നതിന് കാരണമായി. ഇത് സാമ്പത്തിക വളർച്ചയുടെ നേട്ടം ഉപയോഗിച്ച് കടം സുസ്ഥിരമാക്കി മാറ്റാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെ ദുർബലപ്പെടുത്തുന്നു.

ബജറ്റ് മാനേജ്മെന്റിന് കീഴിൽ, ഈ വർഷം ₹2,684.44 കോടിയുടെ അധിക ചെലവ് ഉണ്ടായത് പ്രധാനമായും 'പൊതു കടം തിരിച്ചടവ്' എന്ന ധനവിനിയോഗത്തിൻ കീഴിലാണ് ഉണ്ടായതെന്ന് ശ്രദ്ധിച്ചു. പണലഭ്യത കുറഞ്ഞത് കാരണം സംസ്ഥാന സർക്കാർ എടുത്ത ഹ്രസ്വകാല വായ്പകളുടെ പ്രവചനാതീതമായ അവസ്ഥ മൂലമാണ് ഇത് സംഭവിച്ചത്. 45 ഗ്രാന്റുകളുമായി ബന്ധപ്പെട്ട് 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ നേരിട്ട ₹2,629.79 കോടിയുടെ അധിക ചെലവുകളും സംസ്ഥാന നിയമസഭയിൽ നിന്ന് ക്രമപ്പെടുത്താനുണ്ട്. 13 ഗ്രാന്റുകളിൽ ₹50 കോടിയിലധികമായും ബജറ്റ് വകയിരുത്തലിന്റെ 20 ശതമാനത്തെ അധികരിച്ചും മിച്ചം വന്നതായി ശ്രദ്ധയിൽപെട്ടു.

സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് കടത്തിന്റെ തിരിച്ചടവ് നടത്തുന്ന രണ്ട് എസ്പിഎസ്ഇകൾ (കിഫ്ബി, കെഎസ്എസ്പിഎൽ) വഴി ഗണ്യമായ ഓഫ് ബജറ്റ് കടമെടുപ്പുകൾ സംസ്ഥാനം തുടരുന്നു. 2003 ലെ കെ.എഫ്.ആർ ആക്ടിൽ അനുശാസിക്കുന്നത് പോലെ ബജറ്റ് അവതരിപ്പിക്കുമ്പോൾ ഈ ഓഫ്-ബജറ്റ് കടമെടുപ്പുകൾ വെളിപ്പെടുത്തുന്നില്ല. കേന്ദ്ര സർക്കാരിനോട് വെളിപ്പെടുത്തിയ ഓഫ്-ബജറ്റ് കടമെടുപ്പുകളുടെ കണക്കിൽ ₹12,669.92 കോടിയുടെ വ്യത്യാസവും ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു.

20 സ്ഥാപനങ്ങളുടെ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനം നൽകിയ ഗ്യാരണ്ടികൾ അവലോകനം ചെയ്തപ്പോൾ, സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടി മാനേജ്മെന്റിൽ ‘ഡീഫോൾട്ട് റിസ്ക്' കണക്കാക്കാതിരിക്കുക, 14 സ്ഥാപനങ്ങൾ ₹422.68 കോടിയുടെ ഗ്യാരണ്ടി ഫീസ് അടയ്ക്കാതിരിക്കുക, ഗ്യാരണ്ടി ഫീസിന്റെ അടവ് നിരീക്ഷിക്കാതിരിക്കുക, ഗ്യാരണ്ടി ഇൻവോക്ക് ചെയ്യുന്നതിലെ സുതാര്യതയുടെ അഭാവം തുടങ്ങിയ ഗണ്യമായ വിടവുകൾ ഓഡിറ്റ് കണ്ടെത്തി.

2024-25 കാലയളവിൽ ജിഎസ്ഡിപിയുടെ 0.50 ശതമാനം അധിക ബോറോയിംഗ് സ്പേസിന് അർഹത നേടുന്നതിനായി സംസ്ഥാന സർക്കാർ, ഡിസ്കോമുകൾക്കുണ്ടായ നഷ്ടത്തിന്റെ 90 ശതമാനമായ ₹494.29 കോടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

ലിമിറ്റഡിന് (കെ.എസ്.ഇ.ബി.എൽ) കൈമാറി. ഈ തുക **2024** ഡിസംബർ **26** ന് കെ.എസ്.ഇ.ബി.എല്ലിന്റെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്.ടി.എസ്.ബി) അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു. **2024-25** കാലയളവിലേക്ക് **₹6,149** കോടിയുടെ അധിക വായ്പകൾ സമാഹരിക്കുന്നതിന് ഭാരത സർക്കാരിന്റെ അനുമതി **2025** മാർച്ച് **24**ന് ലഭിച്ചതിനുശേഷം, സംസ്ഥാന സർക്കാർ **2025** മാർച്ച് **26** ന് എസ്ടിഎസ്ബി അക്കൗണ്ടിൽ നിന്ന് **₹494.29** കോടി സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് തിരിച്ചെടുത്തു. ഈ നടപടി വൈദ്യുതി വിതരണ കമ്പനികളുടെ നഷ്ടം സംസ്ഥാനം ഏറ്റെടുത്തതിനെ തെറ്റായി ചിത്രീകരിക്കുന്നതും അധിക വായ്പയെടുക്കുന്നതിനായി ഭാരത സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെയും സാമ്പത്തിക ഔചിത്യത്തിന്റെയും ലംഘനവുമാണ്.

സ്വയംഭരണ സ്ഥാപനങ്ങളുടെ (എ.ബി) കണക്കുകൾ സമർപ്പിക്കുന്നതിലെ കുടിശ്ശിക **2024** മാർച്ച് **31** ലെ **61** ൽ (**25** എ.ബി) നിന്ന് **2025** മാർച്ച് **31** ന് **45** (**16** എ.ബി) ആയി കുറയ്ക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച ശ്രമങ്ങളെ ഓഡിറ്റ് അഭിനന്ദിക്കുന്നു. എസ്.ജി.എസ്.ടി വകുപ്പിലെ നികുതിനിർണയത്തിലെ ഗണ്യമായ കുടിശ്ശിക കുറയ്ക്കുന്നതിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച ശ്രമങ്ങളെയും ഞങ്ങൾ അഭിനന്ദിക്കുന്നു. കൂടാതെ, **2026** ജനുവരിയോടെ, വിജ്ഞാപനം ചെയ്ത **31** കേന്ദ്രാവിഷ്കൃത പദ്ധതികളും അനുബന്ധമായ **95** സ്റ്റേറ്റ് ലിങ്ക്ഡ് സ്കീമുകളും എസ്എൻഎ സ്പർശിലേക്ക് ഓൺ ബോർഡ് ചെയ്തതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച ശ്രമങ്ങളെയും ഞങ്ങൾ അഭിനന്ദിക്കുന്നു.

സാമ്പത്തികമായ സുസ്ഥിര പാതയിലേക്ക് നീങ്ങുന്നതിനു വേണ്ടി ഗ്രാന്റ്-ഇൻ-എയ്ഡിലെ ഇടിവ് ലഘൂകരിക്കുന്നതിനും സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിലെ ഉയർച്ച ഒന്നിന് മുകളിൽ നിലനിർത്തുന്നതിനും സംസ്ഥാന സർക്കാർ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. നികുതിനിർണയത്തിലും നികുതി പിരിവിലും ഉള്ള കുടിശ്ശിക കുറയ്ക്കാൻ സംസ്ഥാന സർക്കാർ ശ്രമം തുടരേണ്ടതുണ്ട്.

കൂടാതെ, സംസ്ഥാന ബജറ്റിലും ഭാരത സർക്കാരിന് സമർപ്പിക്കുന്ന രേഖകളിലും ഓഫ് ബജറ്റ് കടമെടുപ്പുകളെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ നടത്തണമെന്നും ഞങ്ങൾ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്യുന്നു. **2016-17** മുതൽ ക്രമപ്പെടുത്താത്ത അധിക ചെലവുകൾ ക്രമപ്പെടുത്തുന്നതിനും വിവിധ ഗ്രാന്റുകളിൽ വരുന്ന ആവർത്തിച്ചുള്ള അധിക ചെലവുകൾ നിയന്ത്രിക്കുന്നതിനും സംസ്ഥാന സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കാവുന്നതാണ്. **2024-25** സാമ്പത്തിക വർഷത്തിൽ മൂന്ന് ഗ്രാന്റുകളിൽ/ ധനവിനിയോഗത്തിൽ സംസ്ഥാന നിയമസഭ നൽകിയ അധികാരപ്പെടുത്തലിനുപരിയായുള്ള **₹2,684.44** കോടിയുടെ അധിക ചെലവും **2016-17** മുതൽ **2023-24** വരെയുള്ള കാലയളവിലെ സംസ്ഥാന നിയമസഭയുടെ ക്രമപ്പെടുത്തൽ ലഭിക്കുവാനുള്ള **₹2,629.79** കോടിയുടെ അധിക ചെലവും പ്രതിഫലിപ്പിക്കുന്ന 'എംഫസിസ് ഓഫ് മാറ്റർ' **2024-25** ലെ ധനവിനിയോഗ കണക്കുകളിൽ നൽകിയിരിക്കുന്നു. ലിസ്റ്റ് ഓഫ് മേജർ ആന്റ് മൈനർ ഹെഡുകളിൽ (എൽ.എം.എം.എച്ച്) അടങ്ങിയിരിക്കുന്ന പൊതുനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ചെലവ് കുറക്കുന്നതിലേക്കായി ഓമ്നിബസ് സിംഗിൾ അക്കൗണ്ട് ഹെഡായ **'2075-911'**-ലേക്ക് **₹6,112** കോടി തെറ്റായ വർഗ്ഗീകരണം നടത്തിയതും **2024-25** ലെ ധനവിനിയോഗ കണക്കുകളിലെ 'എംഫസിസ് ഓഫ് മാറ്ററി' ൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. **2024-25** ലെ ധനവിനിയോഗ കണക്കുകളിലെ 'എംഫസിസ് ഓഫ് മാറ്ററി'ൽ പറയുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ കൂട്ടായ പരിശ്രമം നടത്തണമെന്ന് ഞങ്ങൾ ശുപാർശ ചെയ്യുന്നു.

# അദ്ധ്യായം 1

# സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ഉപരിവീക്ഷണം

## അദ്ധ്യായം-I : സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ഉപരിവീക്ഷണം

**ജനസംഖ്യാപരമായ വിവരങ്ങൾ, സാമ്പത്തിക സൂചകങ്ങൾ, സംസ്ഥാനത്തിന്റെ ധനകാര്യ ഘടന എന്നിവ ഉൾക്കൊള്ളുന്ന 2024-25 ലെ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ ഒരു സ്നാപ്പ്ഷോട്ട് ഈ അധ്യായം നൽകുന്നു. വരുമാനത്തിലെയും ചെലവിലെയും പ്രവണതകൾ, കടത്തിന്റെ നിലവാരം, ധനക്കമ്മി എന്നിവ വിശകലനം ചെയ്യുന്ന അദ്ധ്യായം, നിരന്തരമായ അസന്തുലിതാവസ്ഥയെയും കടമെടുക്കലുകളെ ആശ്രയിക്കുന്നതിനെയും എടുത്തുകാണിക്കുന്നു. ഉയർന്ന ബാധ്യതപ്പെട്ട ചെലവ്, നിക്ഷേപങ്ങളിൽ നിന്നുള്ള കുറഞ്ഞ വരുമാനം തുടങ്ങിയ വിഷയങ്ങൾ ഈ അദ്ധ്യായത്തിൽ ചൂണ്ടിക്കാണിക്കുന്നു.**

### 1.1 കേരളത്തിന്റെ പ്രൊഫൈൽ

14 ജില്ലകളും 1,666 വില്ലേജുകളും ഉൾപ്പെടുന്ന 38,863 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഒരു ദക്ഷിണേന്ത്യൻ സംസ്ഥാനമാണ് കേരളം. 2025 ലെ കണക്കനുസരിച്ച്, ഒരു ചതുരശ്ര കിലോമീറ്ററിന് 928 ആളുകൾ എന്ന ജനസാന്ദ്രത നിലനിൽക്കുന്ന കേരളത്തിന്റെ ജനസംഖ്യ 3.60 കോടി ആണ് (ഇന്ത്യയുടെ ആകെ ജനസംഖ്യയുടെ 2.56 ശതമാനം). ദേശീയ ശരാശരിയെ (81 ശതമാനം) അപേക്ഷിച്ച് കേരളത്തിലെ സാക്ഷരതാ നിരക്ക് (95 ശതമാനം) ഉയർന്നതാണ്. 1000 ജനനങ്ങളിൽ അഞ്ച് എന്ന ശിശുമരണനിരക്ക് സംസ്ഥാനത്തുണ്ട്, ഇത് 1000 ജനനങ്ങളിൽ 25 എന്ന ദേശീയ ശരാശരിയേക്കാൾ വളരെ കുറവാണ്. സംസ്ഥാനത്തെ മാതൃമരണനിരക്കും (ഒരു ലക്ഷം സ്ത്രീകൾക്ക് ഒന്ന്) ദേശീയ ശരാശരിയേക്കാൾ (ഒരു ലക്ഷം സ്ത്രീകൾക്ക് അഞ്ച്) കുറവാണ്.

#### 1.1.1 സംസ്ഥാനത്തിന്റെ ജനസംഖ്യാപരമായ വിവരങ്ങൾ

ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തുകൊണ്ട് സംസ്ഥാനത്തിന്റെ ജനസംഖ്യാപരമായ വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 1.1** ൽ അവതരിപ്പിച്ചിരിക്കുന്നു.

**പട്ടിക 1.1: സംസ്ഥാനത്തിന്റെ ജനസംഖ്യാപരമായ വിവരങ്ങൾ**

| | **കേരളം** | **ദേശീയ ശരാശരി** |
|---|---|---|
| ഗ്രാമീണ ജനസംഖ്യ (*ശതമാനം*) (2025) | **20.58** | **64.30** |
| നഗര ജനസംഖ്യ (ശതമാനം) (2025) | **79.42** | **35.70** |
| ജനസാന്ദ്രത (ഒരു ചതുരശ്ര കിലോമീറ്ററിന്*) (2025)* | 928 | **430** |
| 1,000 പുരുഷന്മാർക്ക് ലിംഗാനുപാതം *(2025)* | 1,082 | 947 |
| 1,000 ജനനങ്ങൾക്ക് ശിശുമരണ നിരക്ക് *( 2023)* | 5.00 | 25.00 |
| മാതൃമരണ നിരക്ക് (15-49 വരെ പ്രായപരിധിയിലുള്ള ഒരു ലക്ഷം സ്ത്രീകൾക്ക്) (2021-23) | 1.00 | 5.00 |
| മൊത്തം പ്രത്യുല്പാദനക്ഷമത നിരക്ക് *(ഒരു സ്ത്രീക്കുള്ള കുട്ടികൾ) (2019-21)* | 1.79 | 1.99 |
| ജനനസമയത്തെ ആയുർദൈർഘ്യം *(വർഷങ്ങൾ) (2019-23)* | 75.10 | 70.30 |
| ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനസംഖ്യ *(ഹെഡ്കൗണ്ട് അനുപാതം) (ശതമാനം) (2019-21)* | 0.55 | 14.96 |
| സാക്ഷരതാ നിരക്ക് *(ശതമാനം) (2023-24)* | 95.30 | 80.90 |

*ഉറവിടങ്ങൾ*

| | |
|---|---|
| *ഗ്രാമീണ / നഗര ജനസംഖ്യ :* | *നാഷണൽ കമ്മീഷൻ ഓൺ പോപ്പുലേഷൻ സമർപ്പിച്ച ഇന്ത്യയ്ക്കും സംസ്ഥാനങ്ങൾക്കും വേണ്ടിയുള്ള ജനസംഖ്യാ പ്രവചനം 2011 - 2036' എന്ന ജനസംഖ്യാ പ്രവചനത്തിനുള്ള ടെക്നിക്കൽ ഗ്രൂപ്പിന്റെ റിപ്പോർട്ട്* |
| *ശിശുമരണ നിരക്ക് :* | *എസ്ആർഎസ് ബുള്ളറ്റിൻ സെപ്റ്റംബർ 2025 (അവലംബം വർഷം 2023) – രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ, ഭാരത സർക്കാർ* |
| *മാതൃമരണ നിരക്ക് :* | *എസ്ആർഎസ് ബുള്ളറ്റിൻ സെപ്റ്റംബർ 2025 (അവലംബം 2021-23), രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ, ഭാരത സർക്കാർ* |
| *മൊത്തം പ്രത്യുല്പാദന ക്ഷമത നിരക്ക്* | *എൻഎഫ്എച്ച്എസ്-5 (2019-21), കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ* |

| | |
|---|---|
| *ജനനസമയത്തെ ആയുർദൈർഘ്യം :* | *എസ്ആർഎസ് അധിഷ്ഠിത സംക്ഷിപ്ത ലൈഫ് ടേബിൾ 2019-23, രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ* |
| *ജനസാന്ദ്രത :* | *സെൻസസ് ഓഫ് ഇന്ത്യ 2011 (ഇന്ത്യയ്ക്കും സംസ്ഥാനങ്ങളിലേക്കുമുള്ള ജനസംഖ്യാ പ്രവചനങ്ങൾ 2011-2036), ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം* |
| *സാക്ഷരതാ നിരക്ക്:* | *പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (2023-24), സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം* |
| *ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനസംഖ്യ: (ഹെഡ്കൗണ്ട് അനുപാതം)* | *ബഹുമുഖ ദാരിദ്ര്യ സൂചിക, നിതി ആയോഗ് 2019-21 (ഹെഡ്കൗണ്ട് അനുപാതം), നിതി ആയോഗ്.* |
| *ലിംഗാനുപാതം :* | *സെൻസസ് ഓഫ് ഇന്ത്യ 2011 (ഇന്ത്യയ്ക്കും സംസ്ഥാനങ്ങൾക്കും വേണ്ടിയുള്ള ജനസംഖ്യാ പ്രവചനങ്ങൾ 2011-2036), ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ.* |

## 1.1.2 സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥ

സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയുടെ പ്രധാന സൂചകങ്ങളാണ് മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവും (ജിഎസ്ഡിപി) പ്രതിശീർഷ ജിഎസ്ഡിപിയും. വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്നു.

### *1.1.2.1 മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദനവും പ്രതിശീർഷ ജിഎസ്ഡിപിയും*

മൊത്തം ആഭ്യന്തര ഉൽപാദനം (ജിഡിപി) ഒരു രാജ്യത്തിനുള്ളിൽ ഉൽപാദിപ്പിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും മൊത്തം മൂല്യത്തെ സൂചിപ്പിക്കുമ്പോൾ, ജിഎസ്ഡിപി സംസ്ഥാന തലത്തിൽ ഇതിനെ അളക്കുന്നു. ഇവ രണ്ടും സാമ്പത്തിക വികസനത്തെയും മൊത്തത്തിലുള്ള പുരോഗതിയെയും പ്രതിഫലിപ്പിക്കുന്നു. ജിഎസ്ഡിപിയുടെയും ജിഡിപിയുടെയും പ്രവണതകൾ **പട്ടിക 1.2 ൽ** നൽകിയിരിക്കുന്നു. ജി.എസ്.ഡി.പി.യുടെയും ജി.ഡി.പിയുടെയും വർഷംതോറുമുള്ള വളർച്ചയും ജി.ഡി.പിയിലെ ജി.എസ്.ഡി.പിയുടെ പങ്കും **ചാർട്ട് 1.1** ലും രാജ്യത്തിന്റെ പ്രതിശീർഷ ജി.ഡി.പിയും സംസ്ഥാനത്തിന്റെ പ്രതിശീർഷ ജി.എസ്.ഡി.പിയും **ചാർട്ട് 1.2** ലും നൽകിയിരിക്കുന്നു.

**പട്ടിക 1.2: ഇന്ത്യയുടെ ജിഡിപിയുമായി താരതമ്യപ്പെടുത്തുമ്പോൾ ജിഎസ്ഡിപിയിലെ പ്രവണതകൾ (നിലവിലെ വിലയിൽ)**

| വർഷം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| ഇന്ത്യയുടെ ജിഡിപി (കോടി രൂപയിൽ) | 1,37,71,874 | 1,53,91,669 | 1,70,90,042 | 1,88,99,668 | 2,01,03,593 | 1,98,54,096 | 2,35,97,399 | 2,68,90,473 | 3,01,22,956 | 3,30,68,145 |
| കേരളത്തിന്റെ ജിഎസ്ഡിപി (കോടി രൂപയിൽ) | 5,61,994 | 6,34,886 | 7,01,588 | 7,88,286 | 8,12,935 | 7,71,724 | 9,24,465 | 10,38,734 | 11,35,372 | 12,48,533 |
| ഇന്ത്യയുടെ പ്രതിശീർഷ ജിഡിപി (₹) | 1,07,341 | 1,18,489 | 1,30,061 | 1,42,424 | 1,49,915 | 1,46,480 | 1,72,422 | 1,94,451 | 2,15,935 | 2,34,859 |
| കേരളത്തിന്റെ പ്രതിശീർഷ ജി.എസ്.ഡി.പി (₹) | 1,64,554 | 1,84,979 | 2,03,399 | 2,27,397 | 2,33,338 | 2,20,400 | 2,59,878 | 2,90,832 | 3,16,612 | 3,46,437 |

*ഉറവിടം: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ*

**ചാർട്ട് 1.1: ജി.എസ്.ഡി.പി.യുടെയും ജി.ഡി.പി.യുടെയും വാർഷിക വളർച്ചയും ജി.എസ്.ഡി.പി.യും ജി.ഡി.പി.യും തമ്മിലുള്ള അനുപാതവും**




**ചാർട്ട് 1.2: ഇന്ത്യയുടെയും കേരള സംസ്ഥാനത്തിന്റെയും പ്രതിശീർഷ ജിഡിപി**




*ഉറവിടം: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ*

**2024-25** സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ജിഎസ്ഡിപി **9.97** ശതമാനം വളർച്ച നേടി. ദേശീയ ജിഡിപിയിൽ സംസ്ഥാനത്തിന്റെ പങ്ക് **10** വർഷത്തെ ഏറ്റവും ഉയർന്ന നിരക്കായ **4.17** ശതമാനത്തിൽ **2018-19** ൽ എത്തിയതിന് ശേഷം **2020-21** ൽ നാല് ശതമാനമായി കുറയുകയും അതിനുശേഷം നാല് ശതമാനത്തിൽ താഴെ ആയിരിക്കുകയും ചെയ്തു. **2015-16** മുതൽ **2024-25** വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജിഎസ്ഡിപി ദേശീയ ശരാശരിയേക്കാൾ നിരന്തരമായി ഉയർന്ന നിലയിലാണ്.

### *1.1.2.2 ജി.എസ്.ഡി.പിയിലേക്കുള്ള മേഖലാ അടിസ്ഥാനത്തിലുള്ള സംഭാവന*

**2024-25** കാലയളവിൽ വിവിധ മേഖലകളുടെ സംഭാവനയും കഴിഞ്ഞ പത്ത് വർഷത്തെ ജിഎസ്ഡിപിയിലെ മേഖലാ വളർച്ചയും യഥാക്രമം **ചാർട്ട് 1.3, ചാർട്ട് 1.4** എന്നിവയിൽ ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 1.3: 2024-25 ലെ മേഖലാ അടിസ്ഥാനത്തിലുള്ള സംഭാവന (ശതമാനത്തിൽ)**




*ഉറവിടം: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ*




ചാർട്ട് 1.4: ജി.എസ്.ഡി.പിയിലെ മേഖലാ വളർച്ച

*ഉറവിടം: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ*

2024-25 സാമ്പത്തിക വർഷത്തിലെ ഓരോ മേഖലയുടെയും ഘടന **ചാർട്ട് 1.5** ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 1.5: മേഖല തിരിച്ചുള്ള വിതരണം, 2024-25 സാമ്പത്തിക വർഷം**

***(ശതമാനം)***




*ഉറവിടം: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ*

2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയത് തൃതീയ മേഖലയാണ്. ദ്വിതീയ മേഖല മഹാമാരിക്ക് ശേഷമുള്ള വീണ്ടെടുക്കൽ കാണിച്ചപ്പോൾ പ്രാഥമിക മേഖല 2015-16 ഒഴികെയുള്ള കാലയളവിലുടനീളം നല്ല വളർച്ചാ നിരക്ക്

കൈവരിച്ചു. 2023-24 നെ അപേക്ഷിച്ച് 2024-25 ലെ ജിഎസ്ഡിപിയുടെ മേഖലാതിരിച്ചുള്ള വളർച്ച ചുവടെയുള്ള **പട്ടിക 1.3** ൽ നൽകിയിരിക്കുന്നു:

**പട്ടിക 1.3: 2023-24 നെ അപേക്ഷിച്ച് 2024-25 ൽ ജിഎസ്ഡിപിയുടെ മേഖല തിരിച്ചുള്ള വളർച്ച**

**(₹ കോടിയിൽ)**

| ക്രമ നമ്പർ | മേഖല | ഘടകങ്ങൾ | 2023-24 | 2024-25 | ശതമാനം വർദ്ധനവ് / കുറവ് (-) |
|---|---|---|---|---|---|
| എ | പ്രാഥമികം | കൃഷി, വനം, മത്സ്യബന്ധനം | 94,329.30 | 98,019.50 | 3.91 |
| | | ഖനനവും ക്വാറിയും | 2,815.90 | 2,993.77 | 6.32 |
| ബി | ദ്വിതീയം | ഉത്പാദനം | 92,427.07 | 1,02,251.33 | 10.63 |
| | | നിർമ്മാണം | 1,36,488.65 | 1,46,617.12 | 7.42 |
| | | വൈദ്യുതി, പാചകവാതകം, ജലവിതരണം, മറ്റ് യൂട്ടിലിറ്റി സേവനങ്ങൾ | 14,479.95 | 15,262.37 | 5.40 |
| സി | തൃതീയം | വ്യാപാരം, അറ്റകുറ്റപ്പണി, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ | 2,04,537.69 | 2,39,620.36 | 17.15 |
| | | ഗതാഗതം, സംഭരണം, ആശയവിനിമയം, പ്രക്ഷേപണവുമായി ബന്ധപ്പെട്ട സേവനങ്ങൾ | 70,749.66 | 76,304.21 | 7.85 |
| | | സാമ്പത്തിക സേവനങ്ങൾ | 51,643.01 | 58,134.50 | 12.57 |
| | | റിയൽ എസ്റ്റേറ്റ്, പാർപ്പിടത്തിന്റെ ഉടമസ്ഥാ വകാശം, പ്രൊഫഷണൽ സേവനങ്ങൾ | 1,77,611.17 | 1,96,486.00 | 10.63 |
| | | പൊതുഭരണം | 45,664.51 | 47,542.69 | 4.11 |
| | | മറ്റു സേവനങ്ങൾ | 1,23,045.71 | 1,32,718.39 | 7.86 |

*ഉറവിടം: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ*

### 1.1.3 സാമ്പത്തിക സ്ഥിതിയുടെ സ്നാപ്ഷോട്ട്

2024-25 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ്, പുതുക്കിയ എസ്റ്റിമേറ്റ്, ജിഎസ്ഡിപി എന്നിവയ്ക്കെതിരെ 2023-24, 2024-25 വർഷങ്ങളിലെ സംസ്ഥാന സർക്കാരിന്റെ യഥാർത്ഥ സാമ്പത്തിക ഫലങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 1.4** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.4: ധനകാര്യത്തിന്റെ സ്നാപ്പ്ഷോട്ട്**

**(₹ കോടിയിൽ)**

| ക്രമ നമ്പർ | ഘടകങ്ങൾ | 2023-24 (യഥാർഥ കണക്ക് ) | 2024-25 (ബജറ്റ് എസ്റ്റിമേറ്റ്) | 2024-25 (പുതുക്കിയ എസ്റ്റിമേറ്റ്) | 2024-25 (യഥാർഥ കണക്ക്) | ബജറ്റ് എസ്റ്റിമേറ്റു മായി യഥാർഥ കണക്കുകളുടെ ശതമാനം | ജി.എസ്.ഡി.പിയുമായി യഥാർഥ കണക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 1. | നികുതി വരുമാനം | 96,071.93 | 1,08,765.91 | 1,07,177.29 | 1,01,414.57 | 93.24 | 8.12 |
| (i) | തനതു നികുതി വരുമാനം | 74,329.01 | 84,883.51 | 81,627.29 | 76,642.19 | 90.29 | 6.14 |
| (ii) | കേന്ദ്ര നികുതികളുടെ/ തീരുവകളുടെ വിഹിതം | 21,742.92 | 23,882.40 | 25,550.00 | 24,772.38 | 103.73 | 1.98 |
| 2. | നികുതിയിതര വരുമാനം | 16,345.96 | 18,356.46 | 17,905.65 | 16,486.62 | 89.81 | 1.32 |
| 3. | ധനസഹായങ്ങളും അംശദാനവും | 12,068.26 | 11,532.80 | 7,846.87 | 6,959.87 | 60.35 | 0.56 |

| ക്രമ നമ്പർ | ഘടകങ്ങൾ | 2023-24 (യഥാർഥ കണക്ക് ) | 2024-25 (ബജറ്റ് എസ്റ്റിമേറ്റ്) | 2024-25 (പുതുക്കിയ എസ്റ്റിമേറ്റ്) | 2024-25 (യഥാർഥ കണക്ക്) | ബജറ്റ് എസ്റ്റിമേറ്റുമായി യഥാർഥ കണക്കുകളുടെ ശതമാനം | ജി.എസ്.ഡി.പിയുമായി യഥാർഥ കണക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| **4.** | **റവന്യൂ വരവുകൾ (1+2+3)** | **1,24,486.15** | **1,38,655.16** | **1,32,929.80** | **1,24,861.06** | **90.05** | **10.00** |
| 5. | വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചു പിടിക്കൽ | 714.80 | 1,076.90 | 1,049.99 | 667.16 | 61.95 | 0.05 |
| 6. | മറ്റ് വരവുകൾ | 47.51 | 66.30 | 45.00 | 31.20 | 47.06 | 0 |
| 7. | കടമെടുപ്പും മറ്റ് ബാധ്യതകളും* | 34,258.05 | 44,528.96 | 44,747.05 | 48,248.14 | 108.35 | 3.86 |
| **8.** | **മൂലധന വരവുകൾ (5 + 6 + 7)** | **35,020.36** | **45,672.16** | **45,842.04** | **48,946.50** | **107.17** | **3.92** |
| **9.** | **മൊത്തം വരവുകൾ (4+8)** | **1,59,506.51** | **1,84,327.32** | **1,78,771.84** | **1,73,807.56** | **94.29** | **13.92** |
| **10.** | **റവന്യൂ ചെലവ്** | **1,42,626.34** | **1,66,501.21** | **1,62,125.69** | **1,55,920.78** | **93.65** | **12.49** |
| 11. | പലിശ കൊടുക്കൽ | 26,986.22 | 28,694.24 | 29,739.32 | 29,138.23 | 101.55 | 2.33 |
| 12. | മൂലധനച്ചെലവ് | 13,584.45 | 15,663.22 | 14,069.86 | 15,082.41 | 96.29 | 1.21 |
| 13. | വായ്പകളും മുൻകൂറുകളും | 3,295.72 | 2,162.90 | 2,576.30 | 2,804.37 | 129.66 | 0.22 |
| **14.** | **മൊത്തം ചെലവ് (10+12+13)** | **1,59,506.51** | **1,84,327.33** | **1,78,771.85** | **1,73,807.56** | **94.29** | **13.92** |
| **15.** | **റവന്യൂ മിച്ചം (+)/ കമ്മി (-) (4-10)** | **(-)18,140.19** | **(-)27,846.05** | **(-)29,195.89** | **(-)31,059.72** | **111.54** | **2.49** |
| **16.** | **ധന മിച്ചം (+)/കമ്മി(-){(4+5+6)-14}** | **(-)34,258.05** | **(-)44,528.97** | **(-)44,747.06** | **(-)48,248.14** | **108.35** | **3.86** |
| **17.** | **പ്രാഥമിക കമ്മി (-)/ മിച്ചം(+) (16+11)** | **(-) 7,271.83** | **(-)15,834.73** | **(-)15,007.74** | **(-)19,109.91** | **120.68** | **1.53** |

*ഉറവിടം: വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റും അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകളും*

*കടമെടുപ്പും മറ്റ് ബാധ്യതകളും: തനിപൊതുകടം (വരവ് - വിതരണങ്ങൾ) + തനി ആകസ്മിക നിധി + തനി പൊതുകണക്കുകൾ (വരവുകൾ - വിതരണങ്ങൾ) + പ്രാരാഭ ക്യാഷ് ബാലൻസിന്റേയും അന്തിമ ക്യാഷ് ബാലൻസിന്റെയും നെറ്റ് .

2024-25 ലെ വായ്പകളും മുൻകൂറുകളും തിരിച്ചു പിടിച്ചതിന്റെയും ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായത്തിന്റെയും അംശദാനത്തിന്റെയും ബഡ്ജറ്റ് എസ്റ്റിമേറ്റുകളും യഥാർഥ കണക്കും തമ്മിൽ വലിയ അന്തരമുണ്ടായിരുന്നതായി കാണപ്പെട്ടു.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾക്കും കീഴിലുള്ള വിടുതലുകളിലെ കുറവാണ് ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായത്തിന്റെ ബജറ്റ് എസ്റ്റിമേറ്റുകളും യഥാർത്ഥ കണക്കും തമ്മിലുള്ള വ്യത്യാസത്തിന് പ്രധാന കാരണം എന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി). എസ്എൻഎ സ്പർശ് നടപ്പിലാക്കിയതിനു ശേഷം, ഭാരത സർക്കാർ സിഎസ്എസിന് കീഴിൽ മുൻകൂർ ഫണ്ടുകൾ അനുവദിക്കുന്നില്ലെന്നും മറുപടി നൽകി. വായ്പകളും മുൻകൂറുകളും തിരിച്ചുപിടിക്കുന്നതിന് കീഴിലുള്ള പ്രധാന ഇനം, മെഡിസെപ്പിൽ നിന്ന് മുൻകൂറുകളുടെ വീണ്ടെടുക്കലാണെന്നും, ഇത് വായ്പകളുടെയും മുൻകൂറുകളുടെയും വീണ്ടെടുക്കലിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ 75 ശതമാനം വരുമെന്നും സർക്കാർ മറുപടി നൽകി. അതേ സാമ്പത്തിക വർഷത്തിനുള്ളിൽ തുക തിരിച്ചുപിടിക്കാൻ കഴിയുമെന്ന അനുമാനത്തിലാണ് ഇൻഷുറൻസ് കമ്പനിക്ക് മുൻകൂർ നൽകുന്നതെന്നും എന്നാൽ, തുകയുടെ ഒരു ഭാഗം അടുത്ത സാമ്പത്തിക വർഷത്തിൽ മാത്രമേ തിരിച്ചുപിടിക്കാൻ കഴിഞ്ഞുള്ളൂ എന്നും മറുപടി നൽകി.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത തുകകൾ പൊതുസഞ്ചയത്തിൽ മുൻപേ തന്നെ ലഭ്യമായതിനാൽ ധനസഹായവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെയും യഥാർത്ഥ കണക്കിലെയും വ്യത്യാസം സംബന്ധിച്ച മറുപടി നിലനിൽക്കുന്നതല്ല. ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിലുള്ള വ്യത്യാസം ഒഴിവാക്കാനായി ബജറ്റ് തുക അതേ അളവിൽ ക്രമീകരിക്കാമായിരുന്നു. മുൻവർഷത്തെ അപേക്ഷിച്ച് 2024-25 കാലയളവിൽ സിഎസ്എസിന് കീഴിലുള്ള ഗ്രാന്റുകളുടെ വരവിൽ ₹248.05 കോടിയുടെ വർധനയുണ്ടായതായും കണ്ടെത്തി.

2020-21 മുതൽ 2024-25 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെപ്പറ്റിയുള്ള വിശദാംശങ്ങൾ **അനുബന്ധം 1.1 ൽ** നൽകിയിരിക്കുന്നു.

### 1.1.4 ഫണ്ടുകളുടെ സ്രോതസ്സുകളും പ്രയോഗവും

നടപ്പുവർഷത്തെ സംസ്ഥാനത്തിന്റെ ഫണ്ടുകളുടെ സ്രോതസ്സുകളുടെയും പ്രയോഗത്തിന്റെയും ഘടകങ്ങളുടെ താരതമ്യവും **ചാർട്ട് 1.6 ൽ** നൽകിയിരിക്കുന്നു.

**ചാർട്ട് 1.6: 2024-25 കാലയളവിലെ ഫണ്ടിന്റെ സ്രോതസ്സുകളുടെയും പ്രയോഗത്തിന്റെയും വിശദാംശങ്ങൾ**

**(₹ കോടിയിൽ)**

| ഫണ്ടിന്റെ സ്രോതസ് | ഫണ്ടിന്റെ പ്രയോഗം |
|---|---|







*ഉറവിടം: 2024-25 വർഷത്തേക്കുള്ള സാമ്പത്തിക കണക്കുകൾ*

നടപ്പുവർഷത്തെയും മുൻവർഷത്തെയും സംസ്ഥാനത്തിന്റെ വരവിന്റെയും ചെലവിന്റെയും വിശദാംശങ്ങളും, മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതിയും **അനുബന്ധം 1.2** ൽ നൽകിയിരിക്കുന്നു.

### 1.1.5 സർക്കാരിന്റെ ആസ്തികളുടെയും ബാധ്യതകളുടെയും സ്നാപ്പ്ഷോട്ട്

സർക്കാർ കണക്കുകൾ സർക്കാരിന്റെ സാമ്പത്തിക ബാധ്യതകളെയും അതിൽ നിന്നുള്ള ചെലവുകളിൽ നിന്ന് സൃഷ്ടിക്കപ്പെട്ട ആസ്തികളെയും പ്രതിഫലിപ്പിക്കുന്നു. മുൻ വർഷത്തെ ബാധ്യതകളും ആസ്തികളുമായി താരതമ്യം ചെയ്തുകൊണ്ട് 2025 മാർച്ച് 31 ലെ ഇത്തരം ബാധ്യതകളുടെയും ആസ്തികളുടെയും ഒരു സംഗ്രഹം **അനുബന്ധം 1.3**

ൽ നൽകിയിരിക്കുന്നു. ആഭ്യന്തര കടം, ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, പൊതുകണക്കിൽ നിന്നും, കരുതൽ നിധിയിൽ നിന്നുമുള്ള വരവുകൾ എന്നിവയാണ് പ്രധാനപ്പെട്ട ബാധ്യതകൾ. മൂലധനച്ചെലവ്, സംസ്ഥാന സർക്കാർ നൽകുന്ന വായ്പകളും മുൻകൂറുകളും, ക്യാഷ് ബാലൻസും ഉൾപ്പെടുന്നതാണ് ആസ്തികൾ. 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ ആസ്തികളുടെയും ബാധ്യതകളുടെയും സംഗ്രഹ സ്ഥിതി **പട്ടിക 1.5 ൽ** നൽകിയിരിക്കുന്നു.

**പട്ടിക 1.5: ആസ്തികളുടെയും ബാധ്യതകളുടെയും സംഗ്രഹ സ്ഥിതി**

**(₹ കോടിയിൽ)**

| ബാധ്യതകൾ | | | | | ആസ്തികൾ | | | | |
|---|---|---|---|---|---|---|---|---|---|
| | | 2023-24 | 2024-25 | *ശതമാനം* വർദ്ധനവ് (+) കുറവ് (-) | | | 2023-24 | 2024-25 | *ശതമാനം* വർദ്ധനവ് (+) കുറവ് (-) |
| **സഞ്ചിത നിധി** | | | | | | | | | |
| എ | ആഭ്യന്തര കടം | 2,57,157.92 | 2,96,717.59 | 15.38 | എ | മൊത്തം മൂല ധന ചെലവ് | 1,35,295.41 | 1,50,346.62 | 11.12 |
| ബി | ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | 14,542.21 | 17,008.42 | 16.96 | ബി | വായ്പകളും മുൻകൂറു കളും | 26,965.74 | 29,102.95 | 7.93 |
| | ആകസ്മിക നിധി | 100.00 | 100.00 | - | | | | | |
| **പൊതു കണക്ക്** | | | | | | | | | |
| എ | ചെറുകിട സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് മുതലായവ | 1,23,944.24 | 1,25,297.78 | 1.09 | എ | മുൻകൂറുകൾ | 59.43 | 59.53 | 0.17 |
| ബി | നിക്ഷേപങ്ങൾ | 7,672.17 | 9,140.55 | 19.14 | ബി | പണം ഒടു ക്കലുകൾ | - | - | |
| സി | കരുതൽ നിധികൾ | 4,156.65 | 4,839.28 | 16.42 | സി | സസ്പെൻസും പല വകയും | - | - | |
| ഡി | സസ്പെൻസും പലവകയും | 143.98 | 705.41 | 389.94 | ക്യാഷ് ബാലൻസ് (മാറ്റിവയ്ക്കപ്പെട്ട ഫണ്ടിലെ നിക്ഷേപം ഉൾപ്പെടെ) | | 7,367.38 | 5,119.33 | (-)30.51 |
| ഇ | പണം ഒടുക്കലുകൾ | 81.91 | 7.07 | (-)91.37 | **ആകെ** | | **1,69,687.96** | **1,84,628.43** | **8.80** |
| | | | | | റവന്യൂ അക്കൗണ്ടിലെ കമ്മി | | 2,38,111.12 | 2,69,187.67 | 13.05 |
| **ആകെ** | | **4,07,799.08** | **4,53,816.10** | **11.28** | **ആകെ** | | **4,07,799.08** | **4,53,816.10** | **11.28** |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

## 1.2 സംസ്ഥാന സഞ്ചിത നിധി

സംസ്ഥാന സർക്കാരിന് ലഭിക്കുന്ന എല്ലാ വരവുകളും, സംസ്ഥാന സർക്കാർ സമാഹരിച്ച എല്ലാ വായ്പകളും, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയ വേയ്സ് ആൻഡ് മീൻസ് മുൻകൂറുകളും, വായ്പകളുടെ തിരിച്ചടവ് പ്രകാരം സംസ്ഥാന സർക്കാരിന് ലഭിച്ച എല്ലാ പണവും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയുടെ ഭാഗമാണ്.

### 1.2.1 റവന്യൂ വരവുകൾ

പത്തു വർഷ കാലയളവിൽ (2015-16 മുതൽ 2024-25 വരെ) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനവുമായി (ജിഎസ്ഡിപി) ബന്ധപ്പെട്ട് റവന്യൂ വരവിന്റെ പ്രവണതകളും വളർച്ചയും **പട്ടിക 1.6** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.6: റവന്യൂ വരവിലെ പ്രവണതകൾ**

**(₹ കോടിയിൽ)**

| സൂചകങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| **റവന്യൂ വരവുകൾ** | **69,032.66** | **75,611.72** | **83,020.14** | **92,854.47** | **90,224.67** | **97,616.83** | **1,16,640.24** | **1,32,724.65** | **1,24,486.15** | **1,24,861.06** |
| **നികുതി വരുമാനം** | 51,685.82 | 57,401.39 | 63,292.69 | 69,682.27 | 66,724.19 | 59,221.24 | 76,160.61 | 90,228.84 | 96,071.93 | 1,01,414.57 |
| തനത് *നികുതി വരുമാനം* | 38,995.15 | 42,176.37 | 46,459.61 | 50,644.10 | 50,323.14 | 47,660.84 | 58,340.52 | 71,968.16 | 74,329.01 | 76,642.19 |
| *കേന്ദ്ര നികുതികളിലും തീരുവകളിലും ഉള്ള സംസ്ഥാനത്തിന്റെ പങ്ക്* | 12,690.67 | 15,225.02 | 16,833.08 | 19,038.17 | 16,401.05 | 11,560.40 | 17,820.09 | 18,260.68 | 21,742.92 | 24,772.38 |
| **നികുതിയേതര വരുമാനം** | 8,425.49 | 9,699.98 | 11,199.61 | 11,783.24 | 12,265.22 | 7,327.31 | 10,462.51 | 15,117.95 | 16,345.96 | 16,486.62 |
| ഭാരത സർക്കാരിൽ നിന്നുള്ള ധന സഹായം | 8,921.35 | 8,510.35 | 8,527.84 | 11,388.96 | 11,235.26 | 31,068.28 | 30,017.12 | 27,377.86 | 12,068.26 | 6,959.87 |
| സംസ്ഥാനത്തിന്റെ തനത് വരുമാനം (തനത് നികുതി, നികുതിയേതര വരുമാനം) | 47,420.64 | 51,876.35 | 57,659.22 | 62,427.34 | 62,588.36 | 54,988.15 | 68,803.03 | 87,086.11 | 90,674.97 | 93,128.81 |
| ജി.എസ്.ഡി.പി (2011-12 സീരീസ്) | 5,61,993.61 | 6,34,886.40 | 7,01,588.26 | 7,88,285.58 | 8,12,934.63 | 7,71,723.89 | 9,24,465.42 | 10,38,734.06 | 11,35,371.56 | 12,48,533.01 |
| **വർഷം തോറും ഉള്ള വളർച്ചാ നിരക്ക് (ശതമാനത്തിൽ)** | | | | | | | | | | |
| റവന്യൂ വരവുകളുടെ വളർച്ചാ നിരക്ക് (ശതമാനം) | 19.12 | 9.53 | 9.80 | 11.85 | (-)2.83 | 8.19 | 19.49 | 13.79 | (-)6.21 | 0.30 |
| സംസ്ഥാനത്തിന്റെ തനതു വരുമാനം | 11.54 | 9.40 | 11.15 | 8.27 | 0.26 | (-)12.14 | 25.12 | 26.57 | 4.12 | 2.71 |
| ജി.എസ്.ഡി.പി (2011-12 സീരീസ്) | 9.64 | 12.97 | 10.51 | 12.36 | 3.13 | (-)5.07 | 19.79 | 12.36 | 9.30 | 9.97 |
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ വളർച്ചാ നിരക്ക് (ശതമാനം) | 10.68 | 8.16 | 10.16 | 9.01 | (-)0.63 | (-)5.29 | 22.41 | 23.36 | 3.28 | 3.11 |
| **ഉയർച്ചാ അനുപാതങ്ങൾ[1]** | | | | | | | | | | |
| ജി.എസ്.ഡി.പിയുമായി താരതമ്യം ചെയ്യുമ്പോൾ റവന്യൂവിന്റെ ഉയർച്ച | 1.98 | 0.73 | 0.93 | 0.96 | * | * | 0.98 | 1.12 | * | 0.03 |
| ജി.എസ്.ഡി.പിയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിന്റെ ഉയർച്ച | 1.20 | 0.72 | 1.06 | 0.67 | 0.08 | * | 1.27 | 2.15 | 0.44 | 0.27 |
| ജി.എസ്.ഡി.പിയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ ഉയർച്ച | 1.11 | 0.63 | 0.97 | 0.73 | * | * | 1.13 | 1.89 | 0.35 | 0.31 |

*ഉറവിടം: റവന്യൂ വരവുകൾ സാമ്പത്തിക കണക്കുകളിൽ നിന്നും, ജി.എസ്.ഡി.പി സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഇക്കണോമിക് ആൻഡ് സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ*

** നെഗറ്റീവ് വളർച്ചാനിരക്ക് ആയതിനാൽ ഉയർച്ചയുടെ അനുപാതം കണക്കാക്കിയില്ല.*

[1] അടിസ്ഥാന സൂചകങ്ങൾക്കുള്ള മാറ്റത്തിനനുസരിച്ച് ഒരു സാമ്പത്തിക സൂചകത്തിനുണ്ടാകുന്ന പ്രതികരണത്തിന്റെ അളവിനെയാണ് ഉയർച്ചാ അനുപാതം സൂചിപ്പിക്കുന്നത്.

ജി.എസ്.ഡി.പിയുടെ ശതമാനമെന്ന നിലയിൽ റവന്യു വരവും വിവിധ സ്രോതസ്സുകളിൽ നിന്നുള്ള റവന്യു വരവിലെ സംഭാവനയും **ചാർട്ട് 1.7, ചാർട്ട്** 1.8 എന്നിവയിൽ നൽകിയിരിക്കുന്നു.

**ചാർട്ട് 1.7: റവന്യു വരവുകൾ ജി എസ് ഡി പി യുടെ ശതമാനത്തിൽ**




**ചാർട്ട് 1.8: റവന്യു വരവിലെ സംഭാവന**




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ ജി.എസ്.ഡി.പിയുടെ ശതമാനമെന്ന നിലയിൽ റവന്യു വരവുകൾ 2024-25 ൽ ദശാബ്ദത്തിലെ ഏറ്റവും താഴ്ന്ന നിലയിലാണ്. 2021-22 ന് ശേഷം സംസ്ഥാനത്തിന്റെ റവന്യു വരവുകളുടെ വളർച്ച നിരാശാജനകമാണ്. 2021-22 ലെ 19.49 ശതമാനത്തിൽ നിന്ന് വളർച്ചാ നിരക്ക് 2022-23 ൽ 13.79 ശതമാനമായും 2023-24 ൽ (-) 6.21 ശതമാനമായും കുറഞ്ഞു. 2023-24 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2024-25 ൽ റവന്യു വരവ് 0.30 ശതമാനത്തിന്റെ നിസ്സാരമായ വളർച്ച രേഖപ്പെടുത്തി. 2023-24 ലെ റവന്യു വരവിലെ ഇടിവിനും 2024-25 ലെ കുറഞ്ഞ വളർച്ചയ്ക്കും പ്രധാന കാരണം റവന്യു വരവിൽ ഭാരത സർക്കാരിൽ നിന്ന് ലഭിച്ച ധനസഹായത്തിന്റെ വിഹിതം കുറഞ്ഞതാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾക്ക് അനുസൃതമായി പോസ്റ്റ് ഡെവലൂഷൻ റവന്യു കമ്മി ഗ്രാന്റ് നൽകിയതിലാണ് പ്രധാനമായും കുറവ് ഉണ്ടായത്. ജിഎസ്ഡിപിയുടെ ശതമാനമെന്ന നിലയിൽ റവന്യു വരവ് 10 ശതമാനമായിരിക്കുകയും ഇത് എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) ശരാശരിയായ 12.49 ശതമാനത്തിനെ അപേക്ഷിച്ച് താഴ്ന്ന നിലയിലുമായിരുന്നു.

2023-24, 2024-25 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെയും സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെയും വളർച്ചാ നിരക്കും വളരെ കുറവായിരുന്നത് റവന്യു വരവുകളുടെ വളർച്ചാനിരക്ക് മൊത്തമായും കുറയുന്നതിനിടയാക്കി. 2024-25 സാമ്പത്തിക വർഷത്തിൽ സമ്പദ്‌വ്യവസ്ഥ 9.97 ശതമാനം വളർച്ച കൈവരിച്ചുവെങ്കിലും, സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ ഉയർച്ച (0.31) ഒന്നിനെക്കാൾ ഗണ്യമായി കുറവായതിനാൽ നികുതി പിരിവിൽ സമാനമായ വളർച്ച കൈവരിക്കാനായില്ല. തനതു നികുതിയുടെ

ഉയർച്ചയുടെ അനുപാതം 2022-23-ലെ 1.89 ൽ നിന്നും 2023-24, 2024-25 വർഷങ്ങളിൽ യഥാക്രമം 0.35, 0.31 എന്ന നിലയിൽ ഗണ്യമായ എറ്റകുറച്ചിലുകൾ കാണിച്ചു. 2022-23 ൽ തനതു നികുതി വരുമാനത്തിൽ സംസ്ഥാനം 23.36 ശതമാനം വളർച്ച കൈവരിച്ചു, ഇത് പ്രധാനമായും എസ്ജിഎസ്ടിയിൽ ഉണ്ടായ 22.11 ശതമാനം (₹5,343.47 കോടി) വർദ്ധനവും, വിൽപ്പന നികുതിയിലുണ്ടായ 19.51 ശതമാനത്തിന്റെ (₹4388.35 കോടി) വർദ്ധനവും മൂലമാണ്. 2022-23 കാലയളവിലെ എസ്ജിഎസ്ടിക്ക് കീഴിലുള്ള 'നികുതി" , ' സംസ്ഥാന ചരക്ക് സേവന നികുതിയുടെയും സംയോജിത ചരക്ക് സേവന നികുതിയുടെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിനിയോഗം' എന്നീ ഘടകങ്ങളിൽ ഉണ്ടായ യഥാക്രമം 31.78 ശതമാനത്തിന്റെയും (₹3,038.22 കോടി), 22.24 ശതമാനത്തിന്റെയും (₹2,452.57 കോടി) ഗണ്യമായ വളർച്ചയാണ് ഇതിന് കാരണം. 2022-23 കാലയളവിലെ വിൽപ്പന നികുതിയിലെ വർദ്ധനവിന് പ്രധാന കാരണം 'സംസ്ഥാന വിൽപ്പന നികുതി നിയമത്തിന് കീഴിലുള്ള വരുമാനത്തിൽ' 20.31 ശതമാനത്തിന്റെ (₹4,466.04 കോടി) വർദ്ധനവുണ്ടായതാണ്. അതിനുശേഷം, 2024-25 ഉൾപ്പെടെ തുടർന്നുള്ള വർഷങ്ങളിൽ തനതു നികുതി വരുമാനത്തിലെ വളർച്ച 4 ശതമാനത്തിൽ താഴെയായിരുന്നു.
2024-25 കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂ വരവിന്റെ ഉയർച്ച (0.03), സംസ്ഥാനത്തിന്റെ തനതു നികുതിയുടെ ഉയർച്ച (0.31) എന്നിവ വളരെ താഴ്ന്ന നിലയിലായിരുന്നു. ഇത് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം ജിഎസ്ഡിപിയുടെ വളർച്ചയുമായി (9.97 ശതമാനം)പൊരുത്തപ്പെടുന്നില്ലെന്ന് സൂചിപ്പിക്കുന്നു.

ഗ്രാന്റ്-ഇൻ-എയ്ഡ് വരവുകളുടെ ആകസ്മിക സ്വഭാവവും സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ വളരെ താഴ്ന്ന നിലയിലുള്ള ഉയർച്ചയുടെ അനുപാതവും കണക്കിലെടുക്കുമ്പോൾ സുസ്ഥിര സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് വേണ്ടി തനതു നികുതി, നികുതിയേതര വരുമാനം എന്നിവ വർധിപ്പിക്കുന്നതിനുള്ള റവന്യൂ സമാഹരണ ശ്രമങ്ങൾ സംസ്ഥാനം നവീകരിക്കേണ്ടതുണ്ട്.

## എ. സംസ്ഥാനത്തിന്റെ തനതു വിഭവങ്ങൾ

**ചാർട്ട് 1.9: സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ വിശദാംശങ്ങൾ**

**(₹ കോടിയിൽ )**




*ഉറവിടം: 2024-25 വർഷത്തെ സാമ്പത്തിക കണക്കുകൾ*

### (i) തനതു നികുതി വരുമാനം

ഭരണഘടന പ്രകാരം ചുമത്തുന്ന നികുതികളിലൂടെ സംസ്ഥാന സർക്കാർ ശേഖരിക്കുന്ന വരുമാനമാണ് നികുതി വരുമാനം.

തനതു നികുതി വരുമാനത്തിന്റെ 2023-24 ലെ യഥാർഥ കണക്ക്, 2024-25 ലെ ബജറ്റ് എസ്റ്റിമേറ്റ് (ബിഇ), പുതുക്കിയ എസ്റ്റിമേറ്റ് (ആർഇ), യഥാർഥ കണക്ക് **എന്നിവ പട്ടിക 1.7 ൽ** നൽകിയിരിക്കുന്നു.

**പട്ടിക 1.7: തനതു നികുതി വരുമാനം: 2023-24 (യഥാർഥ കണക്ക്), 2024-25 (ബി ഇ, ആർ ഇ, യഥാർഥ കണക്ക്)**

**(₹ കോടിയിൽ )**

| നികുതി വരുമാനം | 2023-24 (യഥാർഥ കണക്ക്) | 2024-25 (ബി ഇ) | 2024-25 (ആർ ഇ) | 2024-25 (യഥാർഥ കണക്ക്) |
|---|---|---|---|---|
| സംസ്ഥാന ചരക്ക് സേവന നികുതി (എസ്ജിഎസ്ടി) | 30,563.60 | 35,874.63 | 33,581.61 | 32,314.70 |
| വിൽപ്പന നികുതി | 27,690.43 | 30,267.31 | 30,451.00 | 27,693.86 |
| സംസ്ഥാന എക്സൈസ് | 2,944.02 | 3,107.46 | 2,948.90 | 2,871.64 |
| ഭൂനികുതി | 711.71 | 841.90 | 761.60 | 608.73 |
| സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും | 5,694.88 | 6,661.84 | 6,620.22 | 6,127.56 |
| വാഹന നികുതി | 6,340.46 | 6,704.22 | 6,846.63 | 6,634.98 |
| മറ്റുള്ളവ | 383.91 | 1,426.15 | 417.33 | 390.72 |
| **ആകെ** | **74,329.01** | **84,883.51** | **81,627.29** | **76,642.19** |

*ഉറവിടം: സംസ്ഥാനത്തിന്റെ സാമ്പത്തിക കണക്കുകളും ബജറ്റ് രേഖകളും*

2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ തനതു നികുതി വരുമാനത്തിന്റെയും അതിന്റെ ഘടകങ്ങളുടെയും പ്രവണതകൾ യഥാക്രമം **ചാർട്ട് 1.10, ചാർട്ട് 1.11** എന്നിവയിൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 1.10: 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ തനതു നികുതി വരുമാനത്തിന്റെ പ്രവണതകൾ**




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

**ചാർട്ട് 1.11: സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ പ്രധാന ഘടകങ്ങളുടെ പ്രവണതകൾ**

**(₹ കോടിയിൽ )**





















*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം മൊത്തം റവന്യു വരുമാനത്തിന്റെ പ്രധാന പങ്ക് വഹിക്കുന്നു. 2024-25 കാലയളവിൽ എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) ശരാശരി തനതു നികുതി വരുമാനം/ ജിഎസ്ഡിപി അനുപാതം 6.26 ശതമാനമായിരുന്നപ്പോൾ, സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം / ജിഎസ്ഡിപി 6.14 ശതമാനമായിരുന്നു.

2024-25 കാലയളവിൽ, മുൻവർഷത്തെ അപേക്ഷിച്ച് തനതു നികുതി വരുമാനത്തിൽ 3.11 ശതമാനത്തിന്റെ തുച്ഛമായ വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ. എസ്ജിഎസ്ടി, വിൽപ്പന നികുതി, വാഹന നികുതി എന്നിവയിൽ ഉണ്ടായ നേരിയ വർദ്ധനവും, സംസ്ഥാന എക്സൈസ്, ഭൂനികുതി എന്നിവയിൽ ഉണ്ടായ കുറവും ആണ് ഇതിന് കാരണം.

സംസ്ഥാന ചരക്ക് സേവന നികുതി (42.16 ശതമാനം), വിൽപന നികുതി (36.13 ശതമാനം) എന്നിവ തനതു നികുതി വരുമാനത്തിലേക്ക് ഗണ്യമായ സംഭാവന നൽകിയെങ്കിലും, വിൽപന നികുതിയിലെ വളർച്ച 0.01 ശതമാനം എന്ന നിരക്കിൽ വളരെ കുറഞ്ഞ നിലയിലായിരുന്നു. സംസ്ഥാന ചരക്ക് സേവന നികുതി 6 ശതമാനം മോശമല്ലാത്ത വളർച്ച രേഖപ്പെടുത്തി. തനതു നികുതിവരവിൽ എട്ട് ശതമാനം വീതമുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും, വാഹന നികുതി എന്നിവ തന്നാണ്ടിൽ യഥാക്രമം 7.60 ശതമാനത്തിന്റെയും 4.65 ശതമാനത്തിന്റെയും മിതമായ വളർച്ച രേഖപ്പെടുത്തി. സംസ്ഥാന എക്സൈസ് തീരുവയുടെ വളർച്ചയിൽ (-)2.46 ശതമാനത്തിന്റെയും ഭൂനികുതിയുടെ വളർച്ചയിൽ (-)14.47 ശതമാനത്തിന്റെയും കുറവുണ്ടായി.

ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗത്തിലേക്കുള്ള മാറ്റം കാരണം 'പെട്രോൾ, ഡീസൽ എന്നിവയുടെ വിൽപ്പനയ്ക്ക്' കീഴിലുള്ള വളർച്ച കുറഞ്ഞത് കൊണ്ടാണ് 2024-25 കാലയളവിൽ 'വിൽപ്പന നികുതി'യുടെ വളർച്ചാ നിരക്ക് കുറഞ്ഞതെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് മറുപടി നൽകി (2025 ഓഗസ്റ്റ്).

സംസ്ഥാന ചരക്ക് സേവന നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതോ കുറഞ്ഞ എസ്ജിഎസ്ടി ഉള്ളതോ ആയ മേഖലകളിലെ വളർച്ചയാണ് ജിഎസ്ഡിപിയുടെ വർദ്ധനവിന് പ്രധാനപ്പെട്ട കാരണമെന്നും അതുകൊണ്ടു തന്നെ ജിഎസ്ഡിപിയിലെ വളർച്ച ആനുപാതികമായി എസ്ജിഎസ്ടി വരുമാനത്തിൽ പ്രതിഫലിക്കില്ലെന്നും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് മറുപടി നൽകി.

കുറഞ്ഞ നികുതി നിരക്കുള്ള ഇലക്ട്രിക് വാഹനങ്ങളുടെ രജിസ്ട്രേഷൻ വർദ്ധിച്ചതാണ് **2024-25** കാലയളവിൽ 'വാഹന നികുതി'യുടെ വളർച്ചാ നിരക്ക് കുറയാൻ കാരണമെന്ന് മോട്ടോർ വാഹന വകുപ്പ് പറഞ്ഞു (**2025** ഓഗസ്റ്റ്). 'സംസ്ഥാന എക്സൈസ് തീരുവ' കുറഞ്ഞതിൽ സംസ്ഥാന സർക്കാരിന്റെ പ്രതികരണം ഇനിയും ലഭ്യമായിട്ടില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി പ്രകാരം, **2018** ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണം (ഭേദഗതി) നിയമത്തിനു കീഴിലെ വരവുകൾ കാർഷിക അഭിവൃദ്ധി ഫണ്ടിനായി രൂപീകരിച്ച ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യതുകൊണ്ടാണ് ഭൂനികുതിയുടെ കീഴിലെ പിരിവിൽ കുറവുണ്ടായതെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (**2025** ഡിസംബർ).

ഐജിഎസ്ടി നികുതി വെട്ടിപ്പ് കാരണം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം കുറയുകയാണെന്നും അതിനാൽ സുതാര്യത ഉറപ്പാക്കാനായി എല്ലാ ഇ-കൊമേഴ്സ്, ഓൺലൈൻ ഇടപാടുകൾക്കും കേന്ദ്ര സർക്കാർ ഓപ്പൺ പ്രോട്ടോക്കോൾ കൊണ്ടുവരണമെന്നും എക്സിറ്റ് കോൺഫറൻസിൽ അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) മറുപടി നൽകി. ജിഎസ്ടി രജിസ്ട്രേഷൻ കേസുകളുടെ എണ്ണം വർദ്ധിക്കുന്നില്ലെന്നും പ്രസ്താവിച്ചു.

കേരള സർക്കാരിനെക്കുറിച്ചുള്ള ഞങ്ങളുടെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ സംസ്ഥാനത്തെ നികുതി ഭരണത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചിരുന്നുവെന്ന് ഈ പശ്ചാത്തലത്തിൽ എടുത്തുപറയുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. റവന്യൂ ചോർച്ച തടയുന്നതിന് വകുപ്പുകൾ തമ്മിലുള്ള വിവരങ്ങൾ പങ്കിടുന്നതിലെ അപര്യാപ്തത[2], സംസ്ഥാന ജി.എസ്.ടി വകുപ്പ്, കേരള മോട്ടോർ വാഹന വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ് എന്നിവയുടെ വരുമാനം പിരിയ്ക്കുന്നതിൽ ഉണ്ടായ കുറവ്[3] തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. മൂല്യനിർണ്ണയ അധികാരികൾ/ നികുതിദായകർ നിയമങ്ങളും ചട്ടങ്ങളും പാലിക്കാത്തതും, ഭൂമിയുടെ ന്യായവിലയും വർഗീകരണങ്ങളും പതിവായി പരിഷ്കരിക്കാത്തതും മൂലമാണ് ഈ വിടവുകൾ പ്രധാനമായും ഉണ്ടാകുന്നത്.

ഒരു മദർ സർവേ നമ്പറിന് താഴെയുള്ള എല്ലാ സബ് ഡിവിഷനുകളുടെയും കീഴിലുള്ള ഭൂമിയുടെ അതിന്റെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള ന്യായവില ഇനിയും നിശ്ചയിച്ചിട്ടില്ല എന്നും അതുമൂലം സർക്കാരിന് വരുമാന നഷ്ടം സംഭവിക്കുന്നുണ്ട് എന്നും ന്യൂനത പരിഹാര പത്രികകളുടെ (ആർഎംഡി) അവലോകനം സൂചിപ്പിക്കുന്നു. റവന്യൂ ചോർച്ച തടയുന്നതിന് വകുപ്പുകൾ തമ്മിലുള്ള വിവരങ്ങൾ സമഗ്രമായി പങ്കിടാൻ സർക്കാർ നടപടികൾ എന്തെങ്കിലും തുടങ്ങിയതിനെക്കുറിച്ചും ആർഎംഡികളിൽ പരമാർശമില്ല. മൂല്യനിർണ്ണയ അധികാരികളും നികുതിദായകരും നിയമങ്ങൾ പാലിക്കാത്തത് മൂലം നികുതി കുറവായി നിർണയിച്ചത് പരിഹരിക്കാൻ, പല ഓഡിറ്റ് നിരീക്ഷണങ്ങളിലും വകുപ്പ് പുതുക്കിയ ഡിമാൻഡ് നോട്ടീസ് പുറപ്പെടുവിച്ച് നടപടി ആരംഭിച്ചിട്ടുണ്ടെങ്കിലും, ഓഡിറ്റിന്റെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെയും ശുപാർശകൾ[4] നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് കൂടുതൽ സംയോജിത ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

[2] **2018** ലെ റിപ്പോർട്ട് നമ്പർ **3, 2022** ലെ റിപ്പോർട്ട് നമ്പർ **6**

[3] **2018** ലെ റിപ്പോർട്ട് നമ്പർ **3, 2019** ലെ റിപ്പോർട്ട് നമ്പർ **3, 2023** ലെ റിപ്പോർട്ട് നമ്പർ **6**

[4] **2019-21** ലെ പിഎസി റിപ്പോർട്ട് നമ്പർ **47, 2023-26** ലെ പിഎസി റിപ്പോർട്ട് നമ്പർ. **42, 48**

### (ii) നികുതിയേതര വരുമാനം

വാടക, ഫീസ്, റോയൽറ്റി, നികുതി ഒഴികെയുള്ള സ്രോതസ്സുകളിൽ നിന്നുള്ള മറ്റ് വരവുകൾ തുടങ്ങിയവ ഒരു സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തെ സൂചിപ്പിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തേക്കുള്ള യഥാർഥ കണക്കുകൾ, 2024-25 സാമ്പത്തിക വർഷത്തേക്കുള്ള നികുതിയേതര വരുമാനത്തിന്റെ ബജറ്റ് എസ്റ്റിമേറ്റ് (ബിഇ), പുതുക്കിയ എസ്റ്റിമേറ്റ് (ആർഇ), യഥാർഥ കണക്കുകൾ എന്നിവ **പട്ടിക 1.8** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.8: പ്രധാന നികുതിയേതര വരുമാനം: 2023-24 (യഥാർഥ കണക്കുകൾ), 2024-25 (ബി ഇ, ആർ ഇ, യഥാർഥ കണക്കുകൾ)**

**(₹ കോടിയിൽ)**

| നികുതിയേതര വരുമാനം | 2023-24 (യഥാർഥ കണക്കുകൾ) | 2024-25 (ബിഇ) | 2024-25 (ആർ ഇ) | 2024-25 (യഥാർഥ കണക്കുകൾ) |
|---|---|---|---|---|
| പലിശ വരവുകൾ | 175.35 | 177.46 | 269.63 | 225.09 |
| ലാഭവും ലാഭവിഹിതവും | 242.68 | 165.00 | 248.80 | 126.35 |
| യൂസർ ചാർജുകൾ[5] | 658.12 | 955.51 | 843.43 | 741.74 |
| മറ്റുള്ളവ | 15,269.81 | 17,058.49 | 16,543.79 | 15,393.44 |
| ആകെ | 16,345.96 | 18,356.46 | 17,905.65 | 16,486.62 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകളും ബജറ്റ് രേഖകളും*

2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ നികുതിയേതര വരുമാനത്തിന്റെയും അതിന്റെ ഘടകങ്ങളുടെയും പ്രവണതകൾ യഥാക്രമം **ചാർട്ട് 1.12, ചാർട്ട് 1.13** എന്നിവയിൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 1.12: നികുതിയേതര വരുമാനത്തിലെ പ്രവണതകൾ**




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

[5] മേജർ ഹെഡുകൾ 0202(വിദ്യാഭ്യാസം, കായിക വിനോദം, കല , സംസ്കാരം), 0210(വൈദ്യസഹായവും പൊതുജനാരോഗ്യവും), 0215(ശുദ്ധജല വിതരണവും ശുചീകരണവും), 0700(വൻകിട ജലസേചനം),0701(ഇടത്തരം ജലസേചനം), 1054(റോഡുകളും പാലങ്ങളും), 1452(വിനോദസഞ്ചാരം)എന്നിവ യൂസർ ചാർജുകളിൽ ഉൾപ്പെടുന്നു.

**ചാർട്ട് 1.13: സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന്റെ പ്രധാന ഘടകങ്ങൾ**

**(₹ കോടിയിൽ)**






























*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

2024-25 കാലയളവിൽ, മുൻ വർഷത്തെ അപേക്ഷിച്ച് നികുതിയേതര വരുമാനത്തിൽ ₹140.66 കോടിയുടെ (0.86 ശതമാനം) വർദ്ധനവുണ്ടായി. സംസ്ഥാന ഭാഗ്യക്കുറിയിൽ ₹180.27 കോടിയുടേയും (1.44 ശതമാനം) പലിശ വരവുകളിൽ ₹49.74 കോടിയുടേയും (28.37 *ശതമാനം*) ഇരുമ്പേതര ഖനനവും ലോഹസംബന്ധവുമായ വ്യവസായങ്ങളിൽ ₹29.65 കോടിയുടേയും (5.34 ശതമാനം) വർദ്ധനവാണ് രേഖപ്പെടുത്തിയത്. 2024-25 കാലയളവിൽ ലാഭവും ലാഭവിഹിതവും ₹116.33 കോടിയും (47.94 ശതമാനം) വനവൽക്കരണവും, വന്യജീവി സംരക്ഷണവും ₹6.64 കോടിയും (2.53 ശതമാനം) കുറഞ്ഞു. 2024-25 കാലയളവിൽ യൂസർ ചാർജുകൾക്ക് കീഴിലുള്ള നികുതിയേതര വരുമാനം ₹83.62 കോടി (12.71 ശതമാനം) വർദ്ധിച്ചു.

2024-25 കാലയളവിൽ നികുതിയേതര വരുമാനത്തിന്റെ 77 ശതമാനവും തനതു വരുമാനത്തിന്റെ 14 ശതമാനവും സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നായിരുന്നു. സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം 2023-24 ൽ 5.36 ശതമാനം വളർച്ച നേടിയപ്പോൾ 2024-25 ൽ വളർച്ചാനിരക്ക് 1.44 ശതമാനം ആയിരുന്നു. ഭാഗ്യക്കുറി സീരീസ് വിപുലീകരണത്തിനായി ഡ്രോയിംഗ് മെഷീനുകൾ ലഭ്യമല്ലാതിരുന്നതും കനത്ത മഴയും ആണ് 2024-25 ലെ കുറഞ്ഞ വളർച്ചയ്ക്ക് കാരണം എന്ന് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് മറുപടി നൽകി.

**2024-25** ൽ സംസ്ഥാനത്തിന്റെ മൊത്തം നികുതിയേതര വരുമാനത്തിൽ സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനത്തിന് ഗണ്യമായ പങ്കുണ്ടെങ്കിലും, ₹**11,721.98** കോടിയുടെ തത്തുല്യമായ ഉയർന്ന ചെലവ് വന്നതു മൂലം ഭാഗ്യക്കുറിയിൽ നിന്നുള്ള തന്നാണ്ടിലെ തനി വരുമാനം ₹**989.20** കോടിയായി കുറഞ്ഞു. **2020-21** മുതൽ **2024-25** വരെയുള്ള കാലയളവിലെ ഭാഗ്യക്കുറിയിൽ നിന്നുള്ള തനി വരുമാനം **പട്ടിക 1.9 ൽ** നൽകിയിരിക്കുന്നു.

**പട്ടിക 1.9: 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള തനി വരുമാനം**

***(₹ കോടിയിൽ)***

| | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|
| വരവുകൾ | 4,873.01 | 7,134.93 | 11,892.88 | 12,530.91 | 12,711.18 |
| ചെലവ് | 4,626.81 | 6,664.15 | 10,971.96 | 11,401.20 | 11,721.98 |
| തനി വരവുകൾ | 246.20 | 470.78 | 920.92 | 1,129.71 | 989.20 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

**2020-21** മുതൽ **2024-25** വരെയുള്ള കാലയളവിൽ സംസ്ഥാന ഭാഗ്യക്കുറിക്ക് കീഴിലുള്ള ചെലവ് ക്രമാനുഗതമായി വർദ്ധിച്ചു. റവന്യു വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ ആനുപാതികമല്ലാത്ത രീതിയിൽ ഉയർന്ന ചെലവ് ഉണ്ടായതിനാൽ, സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള തനി വരുമാനം തന്നാണ്ടിൽ ₹**140.51** കോടി കുറഞ്ഞു. ചെലവിലെ വർദ്ധനവ് പ്രധാനമായും സമ്മാനങ്ങളും ഏജന്റുമാർക്കുള്ള കമ്മീഷനും വിതരണം ചെയ്തതിൽ ₹**204.58** കോടിയുടെ വർദ്ധനവ് ഉണ്ടായത് മൂലമാണ്. ഭാഗ്യക്കുറി വിൽപ്പനയിലൂടെ **2024-25** സാമ്പത്തിക വർഷത്തിൽ സംസ്ഥാനം ₹**3,559.34** കോടിയുടെ ജിഎസ്ടി വരുമാനം നേടിയ വസ്തുതയും ഈ സന്ദർഭത്തിൽ എടുത്തു പറയേണ്ടതുണ്ട്.

കഴിഞ്ഞ അഞ്ച് വർഷമായി സംസ്ഥാന ഭാഗ്യക്കുറി വിൽപ്പനയിലെ ജിഎസ്ടിയുടെ പിരിവ് **പട്ടിക 1.10** ൽ നൽകിയിരിക്കുന്നു:

**പട്ടിക 1.10 : 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിലെ ലോട്ടറികളുടെ വിൽപ്പനയിൽ നിന്നുള്ള ചരക്ക് സേവന നികുതിയുടെ പിരിവ്**

**(₹ കോടിയിൽ)**

| | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|
| സി.ജി.എസ്.ടി. | 687.52 | 1,000.24 | 1,664.74 | 1,754.09 | 1,779.67 |
| എസ്.ജി.എസ്.ടി. | 687.52 | 1,000.24 | 1,664.74 | 1,754.09 | 1,779.67 |

*ഉറവിടം: വകുപ്പ് നൽകിയത്*

**2023** മാർച്ചിൽ ചെറുകിട ധാതുക്കളുടെ റോയൽറ്റിയും മറ്റ് ഫീസുകളും വർദ്ധിപ്പിച്ചതാണ് ഇരുമ്പേതര ഖനനവും ലോഹസംബന്ധവുമായ വ്യവസായങ്ങൾക്കു കീഴിൽ **2024-25**ൽ നികുതിയേതര വരുമാനം വർദ്ധിച്ചതിന് കാരണമായത് എന്ന് സംസ്ഥാന സർക്കാർ വ്യക്തമാക്കി (**2025** സെപ്റ്റംബർ).

വിദ്യാഭ്യാസം, ആരോഗ്യം, ശുദ്ധജലവിതരണവും ശുചീകരണവും, ജലസേചനം, ഗതാഗതം, വിനോദസഞ്ചാരം തുടങ്ങിയ വിവിധ സേവനങ്ങൾ, ചരക്കുകൾ, ഉൽപ്പന്നങ്ങൾ, സൗകര്യങ്ങൾ എന്നിവയുടെ വിതരണത്തിനും ഉപയോഗത്തിനും സംസ്ഥാനങ്ങൾ യൂസർ ചാർജുകൾ ഈടാക്കുന്നു. വൈദ്യസഹായവും പൊതുജനാരോഗ്യവും (**7.26** *ശതമാനം*), വിദ്യാഭ്യാസം, കായികം, കല, സംസ്കാരം (**17.82** *ശതമാനം*) എന്നിവയിലാണ് യൂസർ ചാർജ്ജുകളിലെ പ്രധാന വർദ്ധനവ് ഉണ്ടായത്.

മുൻവർഷത്തെ അപേക്ഷിച്ച് **2024-25** കാലയളവിൽ ലാഭവും ലാഭവിഹിതത്തിലും നിന്നുള്ള വരുമാനം **47.94** ശതമാനം കുറഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളുടെ

കണക്കുകൾ അന്തിമമാക്കുന്നതിലെ കുടിശ്ശിക, വാർഷിക പൊതുയോഗം വിളിച്ചുകൂട്ടുന്നതിലെ കാലതാമസം എന്നിവ കാരണമാണ് ലാഭവും ലാഭവിഹിതത്തിനും കീഴിലുള്ള പിരിവ് കുറഞ്ഞതെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2025 ഒക്ടോബർ).

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ബാഹുല്യവും വൻ നിക്ഷേപവും കണക്കിലെടുക്കുമ്പോൾ, ഈ സ്ഥാപനങ്ങളിൽ നിന്നുള്ള കുറഞ്ഞ ലാഭവിഹിതവും വരുമാനവും ആശങ്കയുണ്ടാക്കുന്നു. അതിനാൽ, ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് സർക്കാർ ശക്തമായ ഒരു സംവിധാനം സ്ഥാപിക്കേണ്ടതുണ്ട്. ലാഭവിഹിത വരവുകളുടെ വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1.2.4.2 (ബി)യിൽ ചർച്ച ചെയ്യുന്നു.

പ്രതികൂല കാലാവസ്ഥ, കോടതി കേസുകൾ, തടി ഉൽപന്നങ്ങളുടെ വിൽപ്പനയിലെ മന്ദഗതി എന്നിവ മൂലം തോട്ടങ്ങൾ മുറിക്കുന്നതിനു നേരിട്ട കാലതാമസം വനവൽക്കരണവും വന്യജീവി സംരക്ഷണത്തിന് കീഴിലുള്ള നികുതിയേതര വരുമാനത്തിൽ കുറവുണ്ടാക്കിയെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2025 ഡിസംബർ).

### ബി . കേന്ദ്ര നികുതികളിലും തീരുവകളിലുമുള്ള സംസ്ഥാനത്തിന്റെ വിഹിതം

കേന്ദ്ര നികുതികളിലും തീരുവകളിലും ഉള്ള സംസ്ഥാന വിഹിതത്തിന്റെ വിവിധ ഘടകങ്ങളുടെ പ്രവണതകൾ **പട്ടിക 1.11** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.11: കേന്ദ്ര നികുതികളിലും തീരുവകളിലും ഉള്ള സംസ്ഥാനത്തിന്റെ വിഹിതം**

***(₹ കോടിയിൽ)***

| ഘടകങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| കേന്ദ്ര ചരക്ക് സേവന നികുതി (സിജിഎസ്ടി) | 0 | 0 | 239.88 | 4,699.14 | 4,654.19 | 3,325.63 | 4,832.67 | 5,165.39 | 6,598.65 | 7,235.09 |
| സംയോജിത ചരക്ക് സേവന നികുതി (ഐജിഎസ്ടി) | 0 | 0 | 1,699.96 | 375.00 | 0 | 0 | 0 | 0 | 0 | 0 |
| കോർപ്പറേഷൻ നികുതി | 4,001.37 | 4,885.98 | 5,156.64 | 6,621.02 | 5,592.06 | 3,546.02 | 5,238.12 | 6,109.21 | 6,526.25 | 7,029.35 |
| കോർപ്പറേഷൻ നികുതി ഒഴികെയുള്ള ആദായ നികുതി | 2,783.33 | 3,395.77 | 4,354.40 | 4,876.10 | 4,381.76 | 3,642.70 | 5,104.81 | 5,983.30 | 7,537.02 | 8,964.40 |
| കസ്റ്റംസ് തീരുവ | 2,031.61 | 2,101.76 | 1,699.40 | 1,349.57 | 1,039.60 | 591.59 | 1,431.33 | 718.62 | 761.95 | 1,260.31 |
| കേന്ദ്ര എക്സൈസ് തീരുവ | 1,688.82 | 2,400.03 | 1,776.40 | 896.86 | 722.80 | 380.78 | 898.09 | 225.48 | 288.31 | 242.55 |
| സേവന നികുതി | 2,175.85 | 2,430.25 | 1,906.55 | 173.73 | 0.00 | 62.54 | 294.96 | 28.59 | 4.07 | 0.82 |
| മറ്റ് നികുതികൾ[6] | 9.69 | 11.23 | (-)0.15 | 46.75 | 10.64 | 11.14 | 20.11 | 30.09 | 26.67 | 39.86 |
| **ആകെ** | **12,690.67** | **15,225.02** | **16,833.08** | **19,038.17** | **16,401.05** | **11,560.40** | **17,820.09** | **18,260.68** | **21,742.92** | **24,772.38** |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

ജിഎസ്ഡിപിയുടെ ശതമാനമെന്ന നിലയിൽ കേന്ദ്ര നികുതികളിലും തീരുവകളിലും ഉള്ള സംസ്ഥാനത്തിന്റെ വിഹിതം **ചാർട്ട് 1.14** ൽ നൽകിയിരിക്കുന്നു.

[6] സമ്പത്ത് നികുതി, വരവുചെലവിന്മേലുള്ള മറ്റു നികുതികൾ,ക്രയ വസ്തുക്കളേയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും എന്നിവ ഉൾപ്പെടുന്നു.

**ചാർട്ട് 1.14: കേന്ദ്ര നികുതികളിലും തീരുവകളിലും ഉള്ള സംസ്ഥാനത്തിന്റെ വിഹിതം ജി. എസ്. ഡി. പി യുടെ ശതമാനത്തിൽ**




*ഉറവിടം: അതത് വർഷങ്ങളിലെ ഫിനാൻസ് അക്കൗണ്ടുകൾ*

സംസ്ഥാനത്തിന്റെ റവന്യൂ വരവിലെ കേന്ദ്ര നികുതി കൈമാറ്റത്തിന്റെ പങ്ക് 2015-16 *ലെ* 18.38 ശതമാനത്തിൽ നിന്ന് 2024-25ൽ 19.84 ശതമാനമായി ഉയർന്നു . ഇത് കേന്ദ്ര നികുതി കൈമാറ്റത്തിന്റെ സംസ്ഥാനത്തിന്റെ വരുമാനത്തിലുള്ള വർദ്ധിച്ചുവരുന്ന പങ്കിനെ സൂചിപ്പിക്കുന്നു. എന്നിരുന്നാലും, ജിഎസ്ഡിപിയുമായുള്ള കേന്ദ്ര നികുതി കൈമാറ്റത്തിന്റെ ശതമാനം 2015-16 *ലെ* 2.26 ശതമാനത്തിൽ നിന്ന് 2024-25ൽ 1.98 ശതമാനമായി കുറഞ്ഞു.

## സി. ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം

ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായത്തിന്റെ പ്രവണതയും അതിന്റെ ഘടകങ്ങളും **പട്ടിക 1.12** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 1.12: ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം**

***(₹ കോടിയിൽ)***

| ഘടകങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പ്ലാൻ സ്കീമുകൾക്കുള്ള ഗ്രാന്റുകൾ* | 166.70 | 461.75 | (-)0.47 | (-)0.97 | 0 | 0 | (-) 0.74 | 0 | (-) 17.87 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി കൾക്കുള്ള ഗ്രാന്റുകൾ# | --- | --- | 3,213.58 | 3,771.07 | 3,262.65 | 5,141.92 | 3,801.74 | 4,587.79 | 3,936.74 | 4,184.79 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ# | --- | --- | 3,182.04 | 1,646.22 | 2,343.01 | 18,048.80 | 22,171.13 | 15,382.30 | 7,245.6$ | 2,531.85$ |
| സംസ്ഥാനങ്ങൾക്കും നിയമസഭയുള്ള കേന്ദ്ര ഭരണ പ്രദേശങ്ങൾ ക്കുള്ള ഗ്രാന്റുകൾ/ മറ്റ് കൈമാറ്റങ്ങൾ # | --- | --- | 2,132.69 | 5,972.64 | 5,629.60 | 7,877.56 | 4,044.99 | 7,407.77 | 903.71 | 243.23 |
| നോൺ-പ്ലാൻ ഗ്രാന്റുകൾ* | 5,177.80 | 5,250.37 | --- | --- | --- | --- | --- | --- | --- | --- |
| സംസ്ഥാന പ്ലാൻ സ്കീമു കൾക്കുള്ള ഗ്രാന്റുകൾ* | 3,406.37 | 2,726.92 | --- | --- | --- | --- | --- | --- | --- | --- |
| കേന്ദ്ര പ്ലാൻ സ്കീമുക ൾക്കുള്ള ഗ്രാന്റുകൾ* | 170.48 | 71.31 | --- | --- | --- | --- | --- | --- | --- | --- |
| **ആകെ** | **8,921.35** | **8,510.35** | **8,527.84** | **11,388.96** | **11,235.26** | **31,068.28** | **30,017.12** | **27,377.86** | **12,068.26** | **6,959.87** |

*ഉറവിടം: അതത് വർഷങ്ങളിലെ* സാമ്പത്തിക കണക്കുകൾ

** കേന്ദ്ര സർക്കാർ പ്ലാൻ, നോൺ-പ്ലാൻ വർഗ്ഗീകരണം സംയോജിപ്പിച്ചതിനാൽ 2017 ഏപ്രിൽ 01 മുതൽ പ്രവർത്തനക്ഷമമല്ല.*

*# 2017 ഏപ്രിൽ 01 മുതൽ പുതിയ ഇടപാടുകൾക്കായി പുതിയ സബ് മേജർ ഹെഡുകൾ തുറന്നു.*

*$ സംസ്ഥാനത്തിന്റെ വിഹിതമായ ₹120.40 കോടിയും ഉൾപ്പെട്ടിരിക്കുന്നതിനാൽ പട്ടിക 1.13 ൽ നൽകിയിരിക്കുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റുകളിൽ നിന്ന് ഈ കണക്ക് വ്യത്യസ്തമാണ്.*

ഭാരത സർക്കാർ നൽകുന്ന ധനസഹായം ജിഎസ്ഡിപിയുടെ ശതമാനത്തിൽ **ചാർട്ട് 1.15** ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 1.15: ജിഎസ്ഡിപിയുടെ *ശതമാനം* എന്ന നിലയിൽ ഭാരത സർക്കാർ നൽകുന്ന ധനസഹായം**




2021-22 മുതൽ ഭാരത സർക്കാരിൽ നിന്നുള്ള ധനസഹായം കുറയുന്ന പ്രവണത കാണിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷകാലയളവിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് കുറഞ്ഞതാണ് ഇടിവിനുള്ള പ്രധാന കാരണം. 2021-22 മുതൽ ജിഎസ്ഡിപിയുമായുള്ള ധനസഹായത്തിന്റെ ശതമാനവും കുറയുന്ന പ്രവണതയിലാണ്.

ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾക്ക് കീഴിലാണ് ഈ വർഷം ഇന്ത്യാ ഗവൺമെന്റിൽ നിന്ന് ലഭിച്ച ധനസഹായത്തിൽ പ്രധാന ഇടിവ് ഉണ്ടായത്, ഇത് ₹4,713.83 കോടി (65 *ശതമാനം*) കുറഞ്ഞു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾക്ക് കീഴിലുള്ള പോസ്റ്റ് ഡെവല്യൂഷൻ റവന്യു കമ്മി ഗ്രാന്റ് നിർത്തലാക്കിയതാണ് ഇതിന് പ്രധാന കാരണം.

### (i) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റുകൾ

2024-25 കാലയളവിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ₹4,184.79 കോടിയുടെ ഗ്രാന്റിൽ, **പട്ടിക 1.13** ൽ കാണിച്ചിരിക്കുന്ന പദ്ധതികൾക്കാണ് പ്രധാനമായും വിഹിതം നൽകിയത്.

**പട്ടിക 1.13: ഗ്രാന്റ് ലഭിക്കുന്ന പ്രധാന പദ്ധതികൾ**

| പദ്ധതിയുടെ പേര് | 2024-25 തുക (₹കോടിയിൽ) | 2023-24 തുക (₹കോടിയിൽ) | മുൻവർഷത്തെ അപേക്ഷിച്ച് ശതമാനം മാറ്റം |
|---|---|---|---|
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ - പ്രോഗ്രാം ഘടകം - എം.ജി.എൻ.ആർ.ഇ.ജി.എ | 685.77 | 578.94 | 18.45 |
| ആർസിഎച്ചിനും, ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമുള്ള ഫ്ലെക്സിബിൾ പൂൾ, നാഷണൽ ഹെൽത്ത് പ്രോഗ്രാം, അർബൻ ഹെൽത്ത് മിഷൻ | 629.10 | - | # |
| സംയോജിത ശിശു വികസന സേവനങ്ങൾ-അംഗൻവാടി സേവനങ്ങൾ | 435.74 | 312.99 | 39.22 |
| കുടുംബക്ഷേമം - അടിസ്ഥാന സൗകര്യ പരിപാലനം - സംസ്ഥാന/ ജില്ലാ കുടുംബക്ഷേമ ബ്യൂറോയുടെ പരിപാലനം | 382.65 | 13.79 | 2,674.84 |
| കുടുംബ ക്ഷേമം - അടിസ്ഥാന സൗകര്യ പരിപാലനം – ഉപകേന്ദ്രങ്ങൾ | 316.26 | 86.85 | 264.15 |
| ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം- ആജീവിക-എൻ.ആർ.എൽ.എം | 178.72 | 109.66 | 62.97 |
| പ്രധാനമന്ത്രി ഗ്രാം സഡക് യോജന | 122.27 | 54.25 | 125.38 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*
*# ശതമാനം ബാധകമല്ല*

### *(ii)* പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ

പതിനഞ്ചാം ധനകാര്യ കമ്മീഷൻ (15-ാം ധനകാര്യ കമ്മീഷൻ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്കും (എസ്ഡിആർഎഫ്), സംസ്ഥാന ദുരന്ത ലഘൂകരണ നിധിയിലേക്കും (എസ്ഡിഎംഎഫ്), ആരോഗ്യമേഖലയ്ക്കും വേണ്ടി സംസ്ഥാനങ്ങൾക്ക് ഗ്രാന്റ് അനുവദിച്ചു. ഭാരത സർക്കാർ നൽകിയ ഗ്രാന്റുകളുടെ വിശദാംശങ്ങൾ **പട്ടിക 1.14** ൽ നൽകിയിരിക്കുന്നു. 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിൽ ശുപാർശ ചെയ്ത തുകയും യഥാർത്ഥ റിലീസും **അനുബന്ധം 1.4** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.14: ശുപാർശ ചെയ്തതും , യാഥാർഥത്തിൽ നൽകിയതും കൈമാറ്റം ചെയ്തതുമായ ധനസഹായം**

***(₹ കോടിയിൽ)***

| കൈമാറ്റങ്ങൾ | 2024-25 ലേക്കുള്ള പതിനഞ്ചാം കമ്മീഷന്റെ ശുപാർശ | 2024-25 കാലയളവിൽ ഭാരത സർക്കാർ യാഥാർഥത്തിൽ നൽകിയത് | സംസ്ഥാന സർക്കാർ നൽകിയത് (ഭാരത സർക്കാർ നൽകിയ തുകയുടെ ശതമാനം) |
|---|---|---|---|
| **(i) പഞ്ചായത്ത് രാജ് സ്ഥാപനങ്ങ ൾക്കുള്ള ഗ്രാന്റുകൾ** | **1,334.00** | **1,334.00** | **1,712.00^ (100)** |
| (എ) പെർഫോമൻസ്/ ടൈഡ് ഗ്രാന്റുകൾ | 800.40 | 800.40 | 1,178.40^ (100) |
| (ബി) അൺടൈഡ് ഗ്രാന്റുകൾ | 533.60 | 533.60 | 533.60 (100) |
| **(ii) നഗര തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ** | **687.00** | **455.49** | **377.49 (83)** |
| (എ) മില്യൺ പ്ലസ് സിറ്റീസ് ടൈഡ് ഗ്രാന്റ് | 297.00 | 155.40# | 155.40 (100) |

| **കൈമാറ്റങ്ങൾ** | | **2024-25 ലേക്കുള്ള പതിനഞ്ചാം കമ്മീഷന്റെ ശുപാർശ** | **2024-25 കാലയളവിൽ ഭാരത സർക്കാർ യാഥാർഥത്തിൽ നൽകിയത്** | **സംസ്ഥാന സർക്കാർ നൽകിയത് (ഭാരത സർക്കാർ നൽകിയ തുകയുടെ ശതമാനം)** |
|---|---|---|---|---|
| (ബി) നോൺ മില്യൺ പ്ലസ് സിറ്റീസ് (പെർഫോമൻസ്/ ടൈഡ് ഗ്രാന്റ്) | | 234.00 | 133.25 # | 133.25 (100) |
| (സി) നോൺ മില്യൺ പ്ലസ് സിറ്റീസ് (ജനറൽ ബേസിക്/ അൺടൈഡ് ഗ്രാന്റ്) | | 156.00 | 166.84* | 88.84 (53) |
| **(iii) ആരോഗ്യ മേഖലയ്ക്കുള്ള ഗ്രാന്റുകൾ** | | **616.00** | **380.07 @** | **314.08 (82.64)** |
| **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ (i+ii+iii)** | | **2,637.00** | **2,169.56** | **2,403.57 (100)** |
| സംസ്ഥാന ദുരന്ത പ്രതികരണ നിധി (എസ്.ഡി.ആർ.എഫ്) | കേന്ദ്ര വിഹിതം | 291.20 | 291.20 | 291.20 (100) |
| | സംസ്ഥാന വിഹിതം | 96.80 | 96.80 | 96.80 (100) |
| സംസ്ഥാന ദുരന്ത ലഘൂകരണ നിധി (എസ്.ഡി.എം.എഫ്) | കേന്ദ്ര വിഹിതം | 72.80 | 71.10& | 71.10 (100) |
| | സംസ്ഥാന വിഹിതം | 24.20 | 23.60& | 23.60 (100) |
| **എസ്.ഡി.ആർ.എം.എഫിലേക്ക് ആകെ** | | **485.00** | **482.70** | **482.70 (100)** |
| **പോസ്റ്റ് ഡെവല്യൂഷൻ റവന്യു കമ്മി ഗ്രാന്റ്** | | **ശൂന്യം** | **ശൂന്യം** | **ശൂന്യം** |

*ഉറവിടം: 15-ാം ധനകാര്യകമ്മീഷൻ റിപ്പോർട്ടും വകുപ്പുതല വിവരങ്ങളും*

*^₹378 കോടി 2023-24 ലെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ടിരിക്കുന്നു*

*# മുഴുവൻ തുകയും 2023-24 മായി ബന്ധപ്പെട്ടതാണ്*

** ₹ 78 കോടി 2024-25 ആയും ₹ 88.84 കോടി 2023-24 ആയും ബന്ധപ്പെട്ടതാണ്.*

*@ ₹137.16 കോടി 2022-23 ആയും ₹242.91 കോടി 2023-24 ആയും ബന്ധപ്പെട്ടിരിക്കുന്നു.*

*& കേന്ദ്ര വിഹിതമായ ₹34.70 കോടിയും സംസ്ഥാന വിഹിതമായ ₹11.50 കോടിയും 2023-24 ആയി ബന്ധപ്പെട്ടിരിക്കുന്നു.*

2024-25 കാലയളവിൽ നോൺ-മില്യൺ പ്ലസ് സിറ്റിക*ൾക്കും* (₹78 കോടി), ആരോഗ്യമേഖലയ്ക്കും (₹ 65.99 കോടി ) ലഭിച്ച ₹ 143.99 കോടിയുടെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ തന്നാണ്ടിൽ നൽകിയില്ല. 2024-25 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ മാത്രമാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റായ **₹143.99** കോടി[7] കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചതെന്നും അതിനാലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അതേ സാമ്പത്തിക വർഷം ഫണ്ട് കൈമാറാത്തതെന്നും സംസ്ഥാന സർക്കാർ മറുപടി നൽകി (2025 നവംബർ).

[7] 2025 മാർച്ച് 31 ന് ₹ 78 കോടിയും 2025 മാർച്ച് 28 ന് ₹ 54.94 കോടിയും 2025 മാർച്ച് 24 ന് ₹ 11.04 കോടിയും ലഭിച്ചു.

### 1.2.2 മൂലധന വരവുകൾ

ഓഹരി വിറ്റഴിക്കൽ തുടങ്ങിയ പലവിധ മൂലധന വരവുകൾ, വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചു പിടിക്കൽ, ആഭ്യന്തര സ്രോതസ്സുകളിൽ നിന്നുള്ള കടം വരവുകൾ (വിപണി വായ്പകൾ, ധനകാര്യ സ്ഥാപനങ്ങൾ / വാണിജ്യ ബാങ്കുകളിൽ നിന്നുള്ള കടമെടുപ്പുകൾ), ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും എന്നിവ മൂലധന വരവുകളിൽ ഉൾപ്പെടുന്നു.

2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ മൂലധന വരവും അതിന്റെ ഘടകങ്ങളുടെ പ്രവണതകളും **പട്ടിക 1.15** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 1.15: മൂലധന വരവിന്റെ വളർച്ചയുടെയും ഘടനയുടെയും പ്രവണതകൾ**

*(₹ കോടിയിൽ)*

| സംസ്ഥാന വരവുകളുടെ സ്രോതസ്സുകൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| **മൂലധന വരവുകൾ** | **17,853.64** | **21,249.24** | **24,278.53** | **24,004.84** | **25,514.50** | **40,280.76** | **42,597.17** | **38,721.39** | **51,810.65** | **64,479.17** |
| പലവക മൂലധന വരവുകൾ | 28.08 | 30.24 | 29.28 | 46.50 | 27.48 | 34.15 | 60.27 | 49.94 | 47.51 | 31.20 |
| വായ്പകളുടെയും മുൻകൂറുകളുടെയും തിരിച്ചു പിടിക്കൽ | 152.63 | 292.24 | 350.98 | 210.54 | 295.32 | 263.82 | 479.24 | 409.29 | 714.80 | 667.16 |
| **പൊതുകടം വരവുകൾ** | **17,672.93** | **20,926.76** | **23,898.27** | **23,747.8** | **25,191.70** | **39,982.79** | **42,057.66** | **38,262.16** | **51,048.34** | **63,780.81** |
| *ആഭ്യന്തര കടം** | 17,141.58 | 20,074.62 | 23,453.50 | 23,295.63 | 23,041.01 | 32,964.05 | 32,592.64 | 35,737.73 | 50,147.42 | 60,147.39 |
| ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | 531.35 | 852.14 | 444.77 | 452.17 | 2,150.69 | 7,018.74 | 9,465.02 | 2,524.43 | 900.92 | *3,633.42* |
| ***വർഷം തോറും വളർച്ചാ നിരക്ക് (ശതമാനത്തിൽ)*** | | | | | | | | | | |
| ജി.എസ്.ഡി.പി. | 9.64 | 12.97 | 10.51 | 12.36 | 3.13 | (-)5.07 | 19.79 | 12.36 | 9.30 | 9.97 |
| മൂലധന വരവുകൾ | 11.52 | 19.02 | 14.26 | (-) 1.13 | 6.29 | 57.87 | 5.75 | (-) 9.10 | 33.80 | 24.45 |
| പൊതുകടം വരവുകൾ | 11.44 | 18.41 | 14.20 | (-) 0.63 | 6.08 | 58.71 | 5.19 | (-) 9.02 | 33.41 | 24.94 |
| ആഭ്യന്തര കടം | 13.48 | 17.11 | 16.83 | (-) 0.67 | (-) 1.09 | 43.07 | (-) 1.13 | 9.65 | 40.32 | 19.94 |
| ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും | (-) 29.39 | 60.38 | (-) 47.81 | 1.66 | 375.64 | 226.35 | 34.85 | (-) 73.33 | (-) 64.31 | 303.30 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

** വേയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ/ ഓവർഡ്രാഫ്റ്റ്/ സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി എന്നിവയ്ക്ക് കീഴിലെ തനി കണക്കുകൾ ഉൾപ്പെടെ*

ജിഎസ്ഡിപിയുടെ ശതമാനമായി മൂലധന വരവുകൾ **ചാർട്ട് 1.16 ൽ** ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് : 1.16 ജിഎസ്ഡിപിയുടെ ശതമാനം എന്ന നിലയിൽ മൂലധന വരവുകൾ**




ആസ്തികളുടെ മോണിറ്റയ്സേഷൻ നടത്താത്തതിനാൽ , സംസ്ഥാനത്തിന്റെ കടമിതര മൂലധന വരവുകൾ തുച്ഛമാണ്. കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ കടം വരവുകൾ അതിവേഗം വർദ്ധിച്ചു. 2015-16 സാമ്പത്തിക വർഷത്തിലെ 3.14 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2024-25 സാമ്പത്തിക വർഷത്തിലെ കടം വരവുകളും ജിഎസ്ഡിപിയുമായുള്ള അനുപാതം 5.11 ശതമാനമായി ഗണ്യമായി വർദ്ധിച്ചു. ഇത് സംസ്ഥാനം കടമെടുപ്പിനെ കൂടുതലായി ആശ്രയിക്കുന്നു എന്നതിനെ സൂചിപ്പിക്കുന്നു. കടവും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം വർദ്ധിച്ചുവരുന്ന പ്രവണത ആശങ്കാജനകമാണ്, സംസ്ഥാനം ഈ പാത തുടരുകയാണെങ്കിൽ, ഭാവിയിൽ സംസ്ഥാനത്തിന് കൂടുതൽ പലിശ ഭാരത്തിനിടയാക്കും.

### 1.2.3 ധനകാര്യ കമ്മീഷൻ പ്രൊജക്ഷനും യഥാർഥ കണക്കുകളും

2020-21 മുതൽ 2024-25 വരെയുള്ള കാലയളവിൽ 15-ാം ധനകാര്യ കമ്മീഷൻ പ്രോജക്റ്റ് ചെയ്ത റവന്യു, കമ്മികൾ, ജി.എസ്.ഡി.പി എന്നിവയും യഥാർഥ കണക്കുകളും **പട്ടിക 1.16** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.16 : 15-ാം ധനകാര്യ കമ്മീഷൻ പ്രൊജക്ഷനും യഥാർഥ കണക്കുകളും**

**(₹ കോടിയിൽ)**

| | 2020-21 | | 2021-22 | | 2022-23 | | 2023-24 | | 2024-25 | |
|---|---|---|---|---|---|---|---|---|---|---|
| | പ്രൊജക്ഷൻ | യഥാർഥ കണക്ക് | പ്രൊജക്ഷൻ | യഥാർഥ കണക്ക് | പ്രൊജക്ഷൻ | യഥാർഥ കണക്ക് | പ്രൊജക്ഷൻ | യഥാർഥ കണക്ക് | പ്രൊജക്ഷൻ | യഥാർഥ കണക്ക് |
| ജിഎസ്ഡിപി(2011-12 സീരീസ്-നിലവിലെ വിലയിൽ ) | 9,45,755 | 7,71,724 | 9,78,206 | 9,24,465 | 10,95,590 | 10,38,734 | 12,32,539 | 11,35,372 | 13,92,153 | 12,48,533 |
| തനതു റവന്യു വരവുകൾ | 77,151 | 54,988.15 | 67,762 | 68,803.03 | 78,948 | 87,086.11 | 92,523 | 90,674.97 | 1,09,006 | 93,128.81 |
| സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം | 72,665 | 47,660.84 | 64,233 | 58,340.52 | 74,868 | 71,968.16 | 87,780 | 74,329.01 | 1,03,465 | 76,642.19 |
| സംസ്ഥാനത്തിന്റെ തനതു നികുതിയേതര വരുമാനം | 4,486 | 7,327.31 | 3,529 | 10,462.51 | 4,080 | 15,117.95 | 4,743 | 16,345.96 | 5,541 | 16,486.62 |

| | 2020-21 | | 2021-22 | | 2022-23 | | 2023-24 | | 2024-25 | |
|---|---|---|---|---|---|---|---|---|---|---|
| | പ്രൊജക്ഷൻ | യഥാർഥ കണക്ക് | പ്രൊജക്ഷൻ | യഥാർഥ കണക്ക് | പ്രൊജക്ഷൻ | യഥാർഥ കണക്ക് | പ്രൊജക്ഷൻ | യഥാർഥ കണക്ക് | പ്രൊജക്ഷൻ | യഥാർഥ കണക്ക് |
| കേന്ദ്ര നികുതി/ ചുങ്കങ്ങളിലെ സംസ്ഥാനത്തിന്റെ വിഹിതം | 16,616 | 11,560.40 | 12,678 | 17,820.09 | 14,103 | 18,260.68 | 15,869 | 21,742.92 | 18,029 | 24,772.38 |
| റവന്യുകമ്മി(-)/ അധികം(+) ജിഎസ്ഡിപിയുടെ ശതമാനത്തിൽ | - | (-) 3.35# | - | (-)3.20 # | - | (-)0.89 | - | (-)1.60 | (+)0.46 | (-)2.51* |
| ധനക്കമ്മി ജിഎസ്ഡിപിയുടെ ശതമാനത്തിൽ | 3 | 5.31# | 3 | 4.98 # | 3 | 2.46 | 3 | 3.02 | 3 | 3.89* |

** റവന്യൂ കമ്മിയും ധനക്കമ്മിയും ഓഡിറ്റിന് ശേഷമുള്ള കണക്കുകളാണ്.*

*# ജിഎസ്ടി നഷ്ടപരിഹാരത്തിന് പകരമായി ഭാരത സർക്കാരിൽ നിന്നും ലഭിച്ച ബാക്ക് ടു ബാക്ക് വായ്പകൾ ധനസഹായമായി കണക്കാക്കുകയാണെങ്കിൽ 2020-21 ലെയും 2021-22 ലെയും ജിഎസ്ഡിപിയുടെ ശതമാനമെന്ന നിലയിലെ റവന്യൂ കമ്മി യഥാക്രമം 2.60 ശതമാനവും 2.25 ശതമാനവും, ധനകമ്മി യഥാക്രമം 4.56 ശതമാനവും 4,04 ശതമാനവും ആകുമെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി).*

### 1.2.4 ചെലവ്

സർക്കാർ ചെലവുകളെ റവന്യൂ ചെലവ്, മൂലധന ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. റവന്യൂ ചെലവിൽ വകുപ്പുകളിലെ അറ്റകുറ്റപ്പണികൾ, ദൈനംദിന പ്രവർത്തനങ്ങൾ, ഭരണ, സ്ഥാപന ചെലവുകൾ, അതാത് വകുപ്പുകൾക്ക് കീഴിൽ വരുന്ന പദ്ധതികളുടെ ചെലവുകൾ എന്നിവ ഉൾപ്പെടുന്നു. പദ്ധതികളുടെ പ്രാരംഭ നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവുകൾ, ആസ്തികളിൽ നടത്തുന്ന മെച്ചപ്പെടുത്തലുകൾ അല്ലെങ്കിൽ കൂട്ടിച്ചേർക്കലുകൾ തുടങ്ങിയവയുമായി മൂലധനച്ചെലവ് ബന്ധപ്പെട്ടിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്നതും കാലക്രമേണ തിരികെ പിടിക്കാവുന്നതുമായ ഫണ്ടുകൾ ഉൾപ്പെടുന്നതാണ് വായ്പകളും മുൻകൂറുകളും.

ചെലവ്, ജിഎസ്ഡിപിയുടെ ശതമാനം എന്ന നിലയിൽ മൊത്തം ചെലവ്, ചെലവിന്റെ ഘടകങ്ങളുടെ വിഹിതം എന്നിവയുടെ വിശദാംശങ്ങൾ യഥാക്രമം **പട്ടിക 1.17, ചാർട്ട് 1.17, ചാർട്ട് 1.18** എന്നിവയിൽ നൽകിയിരിക്കുന്നു.

**പട്ടിക 1.17 : മൊത്തം ചെലവും അതിന്റെ ഘടനയും**

***(₹ കോടിയിൽ)***

| ഘടകങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| മൊത്തം ചെലവ് (റ്റി ഇ) | 87,031.76 | 1,02,382.55 | 1,10,237.81 | 1,20,069.82 | 1,14,384.94 | 1,38,884.49 | 1,63,225.53 | 1,58,738.42 | 1,59,506.51 | 1,73,807.56 |
| റവന്യൂ ചെലവ് (ആർ ഇ) | 78,689.47 | 91,096.31 | 99,948.35 | 1,10,316.39 | 1,04,719.92 | 1,23,446.33 | 1,46,179.51 | 1,41,950.93 | 1,42,626.34 | 1,55,920.78 |
| മൂലധന ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) (സിഇ) | 8,342.29 | 11,286.24 | 10,289.46 | 9,753.43 | 9,665.02 | 15,438.16 | 17,046.02 | 16,787.49 | 16,880.17 | 17,886.78 |

| ഘടകങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| അതിൽ വായ്പകളും മുൻകൂറു*കളും* | 842.25 | 1,160.29 | 1,540.59 | 2,322.89 | 1,210.22 | 2,548.51 | 2,854.29 | 2,790.93 | 3,295.72 | 2,804.37 |
| ആകസ്മിക നിധിയിലേക്കുള്ള ധനവിനിയോഗം | - | - | - | - | - | - | - | - | - | - |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് വർഷങ്ങളായി വർദ്ധിച്ചു കൊണ്ടിരിക്കുകയും (2019-20, 2022-23 വർഷങ്ങൾ ഒഴികെ) മൊത്തം ചെലവിന്മേൽ ആധിപത്യം പുലർത്തുകയും ചെയ്യുന്നു. അവസാന ദശാബ്ദത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ ചെലവിൽ 98 ശതമാനത്തിലധികം വർധനവുണ്ടായി. 2015-16 മുതൽ 2024-25 വരെയുള്ള 10 വർഷ കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂ ചെലവും മൊത്തം ചെലവും തമ്മിലുള്ള അനുപാതം എല്ലാ സംസ്ഥാനങ്ങളെയും അപേക്ഷിച്ച് (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) തുടർച്ചയായി ഉയർന്ന നിലയിലാണ്. 2024-25 ൽ എല്ലാ സംസ്ഥാനങ്ങളുടെയും മൊത്തം ചെലവിലെ (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) റവന്യൂ ചെലവിന്റെ വിഹിതമായ 83.41 ശതമാനവുമായി തുലനം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ മൊത്തം ചെലവിൽ റവന്യൂ ചെലവിന്റെ വിഹിതം 89.71 ശതമാനമെന്ന ഉയർന്ന നിലയിലാണ്.

മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 2024-25 ൽ ദശാബ്ദത്തിലെ ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തി. എന്നിരുന്നാലും, 2015-16 മുതൽ 2024-25 വരെയുള്ള കഴിഞ്ഞ 10 വർഷ കാലയളവിൽ മൂലധനച്ചെലവും സംസ്ഥാനത്തിന്റെ മൊത്തം ചെലവും തമ്മിലുള്ള അനുപാതം എല്ലാ സംസ്ഥാനങ്ങളെയും അപേക്ഷിച്ച് (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) തുടർച്ചയായി കുറവാണ്. മൊത്തം ചെലവിൽ എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) മൂലധനച്ചെലവിന്റെ വിഹിതമായ 16.59 ശതമാനവുമായി തുലനം ചെയ്യുമ്പോൾ 2024-25 ൽ മൊത്തം ചെലവിലെ സംസ്ഥാനത്തിന്റെ മൂലധനച്ചെലവിന്റെ വിഹിതം താരതമ്യേന കുറഞ്ഞ അളവായ 10.29 ശതമാനം ആയിരുന്നു. കടമെടുപ്പിനുള്ള പരിമിതമായ ഫിസ്കൽ സ്പേസും ഉയർന്ന റവന്യൂ ചെലവും മൂലം കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) എന്ന ഓഫ് ബജറ്റ് സ്ഥാപനം വഴിയും അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി ഗണ്യമായ ചെലവ് സംസ്ഥാനം നടത്തുന്നുണ്ട്. 2024-25 ൽ അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി ₹6,876.01 കോടി[8] കിഫ്ബി ചെലവഴിച്ചു.

[8] കിഫ്ബി നൽകിയ വിവരം (2026 ജനുവരി)




*ഉറവിടം: സാമ്പത്തിക കണക്കുകൾ, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഭാരത സർക്കാർ*




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

**2024-25** സാമ്പത്തിക വർഷത്തിൽ സംസ്ഥാനം നേരിട്ട മൊത്തം ചെലവായ **₹1,73,807.56** കോടിയിൽ, **₹2,765.87** കോടി ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ പോലുള്ള പാസ്-ത്രൂ ഇടപാടുകളുമായി ബന്ധപ്പെട്ടതാണ്.

**മേഖല തിരിച്ചുള്ള മൊത്തം ചെലവ്**

മേഖല തിരിച്ചുള്ള ചെലവിന്റെ ഘടന **പട്ടിക 1.18** ൽ നൽകിയിരിക്കുന്നു, മൊത്തം ചെലവിൽ വിവിധ മേഖലകളുടെ ആപേക്ഷിക വിഹിതം **ചാർട്ട് 1.19** ൽ ചിത്രീകരിച്ചിരിക്കുന്നു.

**പട്ടിക 1.18: മേഖല തിരിച്ചുള്ള മൊത്തം ചെലവ്**

**(₹ കോടിയിൽ)**

| ഘടകങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| പൊതു സേവനങ്ങൾ | 36,341.28 | 41,406.20 | 45,791.78 | 51,025.09 | 55,661.45 | 50,620.56 | 70,380.26 | 70,138.57 | 78,432.42 | 77,517.75 |
| സാമൂഹിക സേവനങ്ങൾ | 28,725.78 | 35,112.50 | 37,458.65 | 40,170.38 | 35,142.66 | 47,243.52 | 54,113.75 | 53,345.02 | 46,963.95 | 56,462.39 |
| സാമ്പത്തിക സേവനങ്ങൾ | 17,855.97 | 19,940.90 | 19,725.45 | 19,616.10 | 17,502.99 | 31,518.02 | 29,051.70 | 25,039.10 | 24,432.04 | 25,156.66 |
| തദ്ദേശ സ്ഥാപ നങ്ങൾക്കുള്ള ഗ്രാന്റുകൾ | 3,903.08 | 5,480.91 | 7,197.23 | 8,898.72 | 6,063.87 | 9,492.45 | 9,660.09 | 9,562.52 | 9,021.07 | 14,010.05 |
| വായ്പകളും മുൻകൂറുകളും | 205.65 | 442.04 | 64.70 | 359.53 | 13.97 | 9.94 | 19.73 | 653.21 | 657.03 | 660.71 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

**ചാർട്ട് 1.19: മൊത്തം ചെലവിൽ വിവിധ മേഖലകളുടെ ആപേക്ഷിക വിഹിതം**




*ഉറവിടം: സാമ്പത്തിക കണക്കുകൾ*

കഴിഞ്ഞ പത്ത് വർഷങ്ങളിൽ (2015-16 മുതൽ 2024-25 വരെ) സംസ്ഥാനത്തിന്റെ മൊത്തം ചെലവിന്റെ ഏറ്റവും വലിയ ഭാഗം പൊതുസേവനങ്ങളിലെ ചെലവും അതിനു പിന്നിൽ സാമൂഹ്യ സേവനങ്ങളിലെ ചെലവുമാണ്. മൊത്തം ചെലവിൽ എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) പൊതു സേവനങ്ങളുടെ വിഹിതം 2024-25 ൽ 29.79 ശതമാനമായിരുന്നപ്പോൾ മൊത്തം ചെലവിൽ സംസ്ഥാനത്തിന്റെ പൊതു സേവനങ്ങളുടെ ചെലവിന്റെ വിഹിതം 2024-25 ൽ 44.60 ശതമാനമായി വളരെ ഉയർന്ന നിലയിലാണ്.

2022-23, 2023-24 വർഷങ്ങളിൽ സാമൂഹിക സേവനങ്ങളിലെ ചെലവ് കുറയുന്ന പ്രവണത കാണിച്ചുവെങ്കിലും, 2024-25ൽ വീണ്ടും വർദ്ധിച്ചു. ഈ വർദ്ധനവ് പ്രധാനമായും ‘സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും’ എന്നതിനു കീഴിലെ ₹7001.35 കോടിയുടെ (87.81 ശതമാനം) വർദ്ധനവ് മൂലമാണ് ഉണ്ടായത്. എന്നിരുന്നാലും, മൊത്തം ചെലവിൽ എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) സാമൂഹിക സേവനങ്ങളുടെ വിഹിതമായ 39 *ശതമാനവുമായി തുലനം ചെയ്യുമ്പോൾ* മൊത്തം ചെലവിൽ സംസ്ഥാനത്തിന്റെ സാമൂഹിക സേവനങ്ങളുടെ വിഹിതം 2024-25 ൽ 32.49 എന്ന കുറഞ്ഞ നിലയിലാണ്.

മൊത്തം ചെലവിൽ സാമ്പത്തിക സേവനങ്ങളുടെ വിഹിതം കഴിഞ്ഞ പത്ത് വർഷത്തിൽ (2020-21 ഒഴികെ) ക്രമാനുഗതമായി കുറഞ്ഞു. ഇത് വികസന പരിപാടികൾക്കുള്ള സാമ്പത്തിക പിന്തുണ കുറഞ്ഞതിനെ സൂചിപ്പിക്കുന്നു. മൊത്തം ചെലവിൽ എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) സാമ്പത്തിക സേവനങ്ങളുടെ വിഹിതമായ 28.68 ശതമാനവുമായി തുലനം ചെയ്യുമ്പോൾ 2024-25 ലെ മൊത്തം ചെലവിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സേവനങ്ങളുടെ വിഹിതം 14.47 ശതമാനമെന്ന കുറഞ്ഞ നിലയിലാണ്.

### *1.2..4.1 റവന്യൂ ചെലവ്*

സേവനങ്ങളുടെ നിലവിലെ സ്ഥിതി നിലനിർത്തുന്നതിനും മുൻകാല ബാധ്യതകൾ അടച്ചുതീർക്കുന്നതിനുമാണ് റവന്യൂ ചെലവ് നേരിടുന്നത്. ആയതിനാൽ, ഇത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെയും സേവന ശൃംഖലയുടെയും അഭിവൃദ്ധിക്ക് കാരണമാകാറില്ല. എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) റവന്യൂ ചെലവ് 2024-25 കാലയളവിൽ മൊത്തം റവന്യൂ വരവിനെ ഏകദേശം 5.36 ശതമാനം അധികരിച്ചു. അതേസമയം സംസ്ഥാനത്തിന്റെ റവന്യൂ ചെലവ് തന്നാണ്ടിൽ റവന്യൂ വരവിനെ 24.88 ശതമാനം അധികരിച്ചു.

റവന്യൂ ചെലവിന്റെ വളർച്ചയും, മൊത്തം ചെലവ്, ജിഎസ്ഡിപി, റവന്യൂ വരവ് എന്നിവയുമായുള്ള അനുപാതവും **പട്ടിക 1.19** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 1.19: റവന്യൂ ചെലവ് - അടിസ്ഥാന സൂചകങ്ങൾ**

***(₹ കോടിയിൽ)***

| വിശദാംശങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| മൊത്തം ചെലവ് (റ്റിഇ) | 87,031.76 | 1,02,382.55 | 1,10,237.81 | 1,20,069.82 | 1,14,384.94 | 1,38,884.49 | 1,63,225.53 | 1,58,738.42 | 1,59,506.51 | 1,73,807.56 |
| റവന്യൂ ചെലവ് (ആർഇ) | 78,689.47 | 91,096.31 | 99,948.35 | 1,10,316.39 | 1,04,719.92 | 1,23,446.33 | 1,46,179.51 | 1,41,950.93 | 1,42,626.34 | 1,55,920.78 |
| റവന്യൂ വരവിന്റെ ശതമാനമായി ആർഇ | 113.99 | 120.48 | 120.39 | 118.81 | 116.07 | 126.46 | 125.33 | 106.95 | 114.57 | 124.88 |
| റ്റിഇയുടെ ശതമാനമായി ആർഇ | 90.41 | 88.98 | 90.67 | 91.88 | 91.55 | 88.88 | 89.56 | 89.42 | 89.42 | 89.71 |
| ആർഇ/ജിഎസ്ഡിപി (ശതമാനം) | 14.00 | 14.35 | 14.25 | 13.99 | 12.88 | 16.00 | 15.81 | 13.67 | 12.56 | 12.49 |
| **വാർഷിക വളർച്ച (ശതമാനത്തിൽ)** | | | | | | | | | | |
| റവന്യൂ ചെലവ് | 9.68 | 15.77 | 9.72 | 10.37 | (-) 5.07 | 17.88 | 18.42 | (-) 2.89 | 0.48 | 9.32 |
| ജിഎസ്ഡിപി വളർച്ച | 9.64 | 12.97 | 10.51 | 12.36 | 3.13 | (-) 5.07 | 19.79 | 12.36 | 9.30 | 9.97 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

## എ. മേഖല തിരിച്ചുള്ള റവന്യു ചെലവ്

റവന്യു ചെലവിന്റെ മേഖല തിരിച്ചുള്ള ഘടന **പട്ടിക 1.20** ൽ നൽകിയിരിക്കുന്നു, റവന്യു ചെലവിലെ വിവിധ മേഖലകളുടെ ആപേക്ഷിക വിഹിതം **ചാർട്ട് 1.20** ൽ ചിത്രീകരിച്ചിരിക്കുന്നു. മേഖല തിരിച്ചുള്ള ചെലവിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.20: മേഖല തിരിച്ചുള്ള റവന്യു ചെലവ്**

**(₹ കോടിയിൽ)**

| വിശദാംശങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| പൊതു സേവനങ്ങൾ | 36,084.68 | 41,195.33 | 45,523.77 | 50,827.13 | 55,504.03 | 50,360.72 | 70,110.00 | 69,831.68 | 78,185.16 | 77,195.59 |
| സാമൂഹിക സേവനങ്ങൾ | 27,603.29 | 33,764.72 | 35,876.27 | 38,210.77 | 34,044.77 | 44,832.44 | 50,695.61 | 50,275.91 | 44,005.28 | 53,310.68 |
| സാമ്പത്തിക സേവനങ്ങൾ | 11,098.42 | 10,655.35 | 11,351.08 | 12,379.77 | 9,107.25 | 18,760.72 | 15,713.81 | 12,280.82 | 11,414.83 | 11,404.46 |
| ധനസഹായവും അംശദാനവും | 3,903.08 | 5,480.91 | 7,197.23 | 8,898.72 | 6,063.87 | 9,492.45 | 9,660.09 | 9,562.52 | 9,021.07 | 14,010.05 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

**ചാർട്ട് 1.20: റവന്യു ചെലവിൽ വിവിധ മേഖലകളുടെ ആപേക്ഷിക വിഹിതം**




*ഉറവിടം: അതത് വർഷങ്ങളിലേക്കുള്ള സാമ്പത്തിക കണക്കുകൾ*

തന്നാണ്ടിലെ റവന്യു ചെലവിലെ പ്രധാന പങ്ക് പൊതു സേവനങ്ങൾക്കും (50 ശതമാനം) സാമൂഹിക സേവനങ്ങൾക്കും (34 ശതമാനവും) ആണ്. സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കുള്ള പെൻഷനിലെ ₹6,736 കോടിയുടെ വർദ്ധനവാണ് ഈ വർഷത്തെ റവന്യു ചെലവ് വർദ്ധിക്കാനുള്ള പ്രധാനപ്പെട്ട കാരണം. ഇതിൽ ₹6,641 കോടിയും സർക്കാർ കമ്പനിയായ 'കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്' വഴിയാണ് നേരിട്ടത്.

2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ, സംസ്ഥാനത്തിന്റെ റവന്യു ചെലവ് തുടർച്ചയായി റവന്യു വരവിനെ അധികരിച്ചു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കത്തെ സൂചിപ്പിക്കുന്നു. റവന്യു ചെലവും മൊത്തം ചെലവും തമ്മിലുള്ള അനുപാതവും വളരെ ഉയർന്ന നിലയിലാണ്.

## ബി. ബാധ്യതപ്പെട്ട ചെലവ്

സംസ്ഥാന സർക്കാരിന്റെ റവന്യു കണക്കുകളിലെ ബാധ്യതപ്പെട്ട ചെലവിൽ പലിശ അടയ്ക്കൽ, ശമ്പളത്തിനും വേതനത്തിനുമുള്ള ചെലവ്, പെൻഷൻ എന്നിവ ഉൾപ്പെടുന്നു. ബാധ്യതപ്പെട്ട ചെലവിന്റെ ഘടകങ്ങൾ **പട്ടിക 1.21** ൽ നൽകിയിരിക്കുന്നു. റവന്യു വരവിന്റെ ശതമാനമായി ബാദ്ധ്യതപ്പെട്ട ചെലവും, മറ്റ് ചെലവുകൾക്കായി ശേഷിക്കുന്ന ഫിസ്കൽ സ്പേസും **ചാർട്ട് 1.21** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.21: ബാദ്ധ്യതപ്പെട്ട ചെലവിന്റെ ഘടകങ്ങൾ**

**(₹ കോടിയിൽ)**

| ബാദ്ധ്യതപ്പെട്ട ചെലവിന്റെ ഘടകങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| ശമ്പളവും വേതനവും | 23,757.02 | 28,373.10 | 32,242.99 | 32,520.66 | 32,942.28 | 28,767.46 | 45,780.08* | 39,389.65 | 40,097.69 | 41,550.15 |
| വളർച്ചാ നിരക്ക് | 9.88 | 19.43 | 13.64 | 0.86 | 1.30 | (-)12.67 | 59.14 | (-)13.96 | 1.80 | 3.62 |
| പെൻഷനുകൾക്കുള്ള ചെലവ് | 13,062.86 | 15,277.03 | 19,938.41 | 19,011.94 | 19,064.29 | 18,942.85 | 26,898.69* | 26,090.04 | 25,644.24 | 27,875.21 |
| വളർച്ചാ നിരക്ക് | 16.09 | 16.95 | 30.51 | (-)4.65 | 0.28 | (-)0.64 | 42.00 | (-)3.01 | (-)1.71 | 8.70 |
| പലിശ അടവ് | 11,110.62 | 12,116.50 | 15,119.93 | 16,747.92 | 19,214.70 | 20,975.36 | 23,302.82 | 25,176.36 | 26,986.22 | 29,138.23 |
| വളർച്ചാ നിരക്ക് | 13.73 | 9.05 | 24.79 | 10.77 | 14.73 | 9.16 | 11.10 | 8.04 | 7.19 | 7.97 |
| **ആകെ** | **47,930.50** | **55,766.64** | **67,301.33** | **68,280.52** | **71,221.27** | **68,685.67** | **95,981.59** | **90,656.05** | **92,728.15** | **98,563.59** |
| റവന്യു ചെലവിന്റെ ശതമാനമെന്ന നിലയിൽ ബാദ്ധ്യതപ്പെട്ട ചെലവ് | 60.91 | 61.22 | 67.34 | 61.90 | 68.01 | 55.64 | 65.66 | 63.86 | 65.01 | 63.21 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

** ശമ്പളവും വേതനവും (59.14 ശതമാനം വർദ്ധിച്ചു), പെൻഷൻ (42 ശതമാനം വർദ്ധിച്ചു) എന്നിവ 2021-22 കാലയളവിൽ ഗണ്യമായ വർദ്ധനവ് കാണിച്ചു, ഇത് പതിനൊന്നാം സംസ്ഥാന ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശകൾ അനുസരിച്ച് ശമ്പളവും അലവൻസും പെൻഷനും (2021 ഏപ്രിൽ മുതൽ നൽകിയത്) പരിഷ്കരിച്ചതിനാലാണ്.*

**ചാർട്ട് 1.21: റവന്യു വരവിന്റെ ശതമാനമായി ബാദ്ധ്യതപ്പെട്ട ചെലവും ശേഷിക്കുന്ന ഫിസ്കൽ സ്പേസും**




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

** റവന്യു വരവിലെ ശമ്പളത്തിന്റെയും, വേതനത്തിന്റെയും വിഹിതത്തിലും (39.25 ശതമാനം), പെൻഷൻ വിഹിതത്തിലും (23.06 ശതമാനം) 2021-22 ൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി. സംസ്ഥാനം അഞ്ച് വർഷത്തിലൊരിക്കൽ സർക്കാർ ജീവനക്കാരുടെ ശമ്പളവും അലവൻസും പരിഷ്കരിക്കുന്നു.*

സംസ്ഥാനത്തിന്റെ ബാദ്ധ്യതപ്പെട്ട ചെലവ് വർഷങ്ങളായി (2020-21, 2022-23 ഒഴികെ) വർദ്ധിച്ചുകൊണ്ടിരിക്കുകയും റവന്യു ചെലവിലെ അതിന്റെ വിഹിതം 60

ശതമാനത്തിന് മുകളിൽ തുടർന്ന് വരികയും ചെയ്യുന്നു (2020-21 ഒഴികെ). കഴിഞ്ഞ പത്തു വർഷത്തിനിടെ സംസ്ഥാനത്തിന്റെ ബാദ്ധ്യതപ്പെട്ട ചെലവ് 105 ശതമാനത്തിലധികം വർദ്ധിച്ചു. റവന്യൂ ചെലവിൽ എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) ബാദ്ധ്യതപ്പെട്ട ചെലവിന്റെ വിഹിതം 2024-25 ൽ 48.41 ശതമാനമായിരുന്നപ്പോൾ അതേ കാലയളവിൽ സംസ്ഥാനത്തിന്റെ റവന്യൂ ചെലവിൽ ബാധ്യതപ്പെട്ട ചെലവിന്റെ വിഹിതം 63.21 ശതമാനമായി വളരെ ഉയർന്ന നിലയിലാണ്.

റവന്യൂ വരുമാനമായി ബാദ്ധ്യതപ്പെട്ട ചെലവിന്റെ ഉയർന്ന ശതമാനം മൂലം, ശേഷിക്കുന്ന ഫിസ്കൽ സ്പേസ് കുറയുന്നതിനാൽ ചെലവ് നിയന്ത്രണം, ജീവനക്കാർക്കുള്ള കോസ്റ്റ് റിയലൈസേഷൻ, കടത്തിന്റെ തിരിച്ചടവ് എന്നിവയിൽ പരിഷ്കാരങ്ങൾ കൊണ്ടുവന്ന് ബാദ്ധ്യതപ്പെട്ട ചെലവുകളുടെ വിശദമായ അവലോകനം സംസ്ഥാന സർക്കാർ നടത്തേണ്ടതുണ്ട്.

## സി. സബ്സിഡികൾ

2020-21, 2021-22 വർഷങ്ങൾ ഒഴികെ 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ സബ്സിഡി ചെലവ് താരതമ്യേന സ്ഥിരത പുലർത്തി. 2024-25 കാലയളവിൽ സബ്സിഡികൾക്കുള്ള ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് ₹132.95 കോടി വർദ്ധിച്ചു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിൽ ₹17.79 കോടിയും, ഗ്രാമവികസന വകുപ്പിൽ ₹71.91 കോടിയും, കൃഷി വകുപ്പിൽ ₹2.14 കോടിയും വർദ്ധിച്ചതാണ് ഇതിനു കാരണം. മേൽപ്പറഞ്ഞ വകുപ്പുകൾക്കുള്ള സബ്സിഡി വർദ്ധിപ്പിച്ചതിന്റെ കാരണം സംസ്ഥാന സർക്കാരിൽ നിന്ന് ലഭ്യമായിട്ടില്ല.

2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ വകുപ്പുകൾ തിരിച്ചുള്ള പ്രധാന സബ്സിഡികൾ **പട്ടിക 1.22** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.22: 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ വകുപ്പ് തിരിച്ചുള്ള സബ്സിഡികൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | വകുപ്പുകൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ഭക്ഷ്യ, സിവിൽ സപ്ലൈസ് | 1,106.35 | 1,492.16 | 1,309.53 | 1,346.69 | 1,175.91 | 5,944.00* | 3,654.07* | 1,375.20 | 1,275.64 | 1,293.43 |
| 2 | ഗ്രാമവികസനം# | 0 | 0 | 0 | 0 | 0 | 175.43 | 184.01 | 185.77 | 183.31 | 255.22 |
| 3 | കൃഷി | 32.13 | 34.85 | 34.42 | 37.70 | 34.58 | 56.78 | 28.76 | 62.63 | 50.10 | 52.24 |
| 4 | സഹകരണം | 62.40 | 54.71 | 53.55 | 74.32 | 21.68 | 75.04 | 35.20 | 21.37 | 36.30 | 45.05 |
| 5 | മറ്റ് വകുപ്പുകൾ[9] | 171.51 | 148.96 | 186.34 | 204.30 | 196.83 | 296.23 | 251.93 | 202.07 | 178.30 | 210.66 |
| മൊത്തം സബ്സിഡി | | 1,372.39 | 1,730.68 | 1,583.84 | 1,663.01 | 1,429.00 | 6,547.48 | 4,153.97 | 1,847.04 | 1,723.65 | 1,856.60 |

*ഉറവിടം: അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ, കേരള സർക്കാർ*

** 2020-21, 2021-22 വർഷങ്ങളിലെ സബ്സിഡിയുടെ വർദ്ധനവിന് കാരണം റേഷൻ സബ്സിഡിക്കും നെല്ല് സംഭരണത്തിനുമായി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന് നൽകിയ സബ്സിഡിയിലെ വർദ്ധനവാണ്.*

*# 2020-21 മുതൽ ലൈഫ് പാർപ്പിട മിഷൻ പദ്ധതി (ഭവന പദ്ധതി) നടപ്പാക്കുന്നതിനായി ഹഡ്കോയിൽ നിന്ന് ലഭിച്ച വായ്പയ്ക്ക് കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന് (കെ.യു.ആർ.ഡി.എഫ്.സി) സംസ്ഥാന സർക്കാർ പലിശ സബ്സിഡി നൽകാൻ തുടങ്ങി.*

[9] നഗരവികസനം, സെക്രട്ടേറിയറ്റ് ജനറൽ സർവീസസ്, പെൻഷനുകളും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും, മറ്റ് ഗതാഗത സേവനങ്ങൾ, പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നോക്ക വിഭാഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും ക്ഷേമം, പുതിയതും പുനസ്ഥാപിക്കാവുന്നതുമായ ഊർജം എന്നിവ മറ്റ് വകുപ്പുകളിൽ ഉൾപ്പെടുന്നു.

**ചാർട്ട് 1.22: സബ്സിഡികളുടെ പ്രവണതകളുടെ വിശകലനം**




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

**2024-25** കാലയളവിൽ, എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) സബ്സിഡി ചെലവ് റവന്യൂ ചെലവിന്റെ **10.08** ശതമാനമായിരുന്നപ്പോൾ, സംസ്ഥാനത്തിന്റെ സബ്സിഡി ചെലവ് റവന്യൂ ചെലവിന്റെ **1.19** ശതമാനം മാത്രമാണ്.

ശമ്പളവും, വേതനവും (**₹41,550.15** കോടി), പലിശ ചെലവ് (**₹29,138.23** കോടി), പെൻഷൻ (**₹27,875.21** കോടി) എന്നീ ബാദ്ധ്യതപ്പെട്ട ചെലവുകളും സബ്സിഡിയും (**₹1,856.60** കോടി) റവന്യൂ ചെലവിന്റെ **64.40** ശതമാനമായിരിക്കുകയും റവന്യൂ വരവുകളുടെ **80** ശതമാനത്തോളം വിനിയോഗിക്കുകയും ചെയ്തു. **2024-25** കാലയളവിൽ ബാദ്ധ്യതപ്പെട്ട ചെലവും സബ്സിഡികളും **₹5968.39** കോടി വർദ്ധിച്ചു. **2024-25** ൽ എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) സബ്സിഡികളും ബാദ്ധ്യതപ്പെട്ട ചെലവുകളും റവന്യൂ ചെലവിന്റെ **58.49** ശതമാനമായിരുന്നപ്പോൾ അതേ കാലയളവിൽ സംസ്ഥാനത്തിന്റെ സബ്സിഡികളും ബാദ്ധ്യതപ്പെട്ട ചെലവുകളും റവന്യൂ ചെലവിന്റെ **64.40** ശതമാനം എന്ന ഉയർന്ന നിലയിലാണ്. കൂടാതെ, റവന്യൂ ചെലവിന് കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് **₹2,720.74** കോടിയുടെ സംസ്ഥാന വിഹിതം നൽകുവാനും സംസ്ഥാന സർക്കാർ ബാധ്യതപ്പെട്ടിരിക്കുന്നു.

## ഡി. തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാർ നൽകുന്ന സാമ്പത്തിക സഹായം

**2020-21** മുതൽ **2024-25** വരെയുള്ള കാലയളവിൽ തദ്ദേശ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ഗ്രാന്റായി നൽകിയ സഹായം **പട്ടിക 1.23** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.23 : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള സാമ്പത്തിക സഹായം**

*(₹ കോടിയിൽ)*

| സ്ഥാപനങ്ങൾ | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|
| **(എ ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** | | | | | |
| മുനിസിപ്പൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും | 3,653.02 | 2,584.33 | 3,676.97 | 2,806.69 | 4,338.11 |
| മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ധനസഹായം | 1,645.37 | 1,140.67 | 1,616.52 | 1,384.56 | 2,350.98 |
| ജില്ലാ പരിഷത്തുകളും മറ്റ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും | 8,692.14 | 7,601.76 | 8,698.74 | 7,313.65 | 11,009.93 |
| പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് മൂലധന ആസ്തി സൃഷ്ടിക്കുന്നതിനുള്ള ധനസഹായം | 4,825.04 | 4,156.06 | 5,245.37 | 4,647.36 | 6,061.91 |
| **ആകെ (എ)** | **12,345.16** | **10,186.09** | **12,375.71** | **10,120.34** | **15,348.04** |
| **(ബി) മറ്റുള്ളവ** | | | | | |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ (എയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ മുതലായവ) | 1,569.61 | 1,713.01 | 1,714.52 | 1,758.30 | 1,769.22 |
| വികസന അതോറിറ്റികൾ | 0 | 0 | 0 | 0 | 0 |
| ആശുപത്രികളും മറ്റ് ചാരിറ്റബിൾ സ്ഥാപനങ്ങളും | 0 | 0 | 0 | 0 | 0 |
| മറ്റ് സ്ഥാപനങ്ങൾ | 4,041.57 | 4,359.45 | 1,753.48 | 1,939.32 | 2,164.47 |
| **ആകെ (ബി)** | **5,611.18** | **6,072.46** | **3,468.00** | **3,697.62** | **3,933.69** |
| **ആകെ (എ+ബി)** | **17,956.34** | **16,258.55** | **15,843.71** | **13,817.96** | **19,281.73** |
| മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള മൊത്തം ധനസഹായം | 7,170.60 | 7,136.33 | 7,024.58 | 6,146.13 | 8,546.97 |
| റവന്യൂ ചെലവ് | **1,23,446.33** | **1,46,179.51** | **1,41,950.93** | **1,42,626.34** | **1,55,920.78** |
| റവന്യൂ ചെലവിന്റെ ശതമാനമായി സഹായം | **14.55** | **11.12** | **11.16** | **9.69** | **12.37** |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

2024-25 കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം ₹5,227.70 കോടി വർദ്ധിച്ച് ₹15,348.04 കോടിയായി. ഇത് റവന്യൂ ചെലവിന്റെ ഏകദേശം പത്ത് ശതമാനമാണ്. തന്നാണ്ടിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം മുൻവർഷത്തെ അപേക്ഷിച്ച് ₹5,463.77 കോടി (39.54 ശതമാനം) വർദ്ധിച്ച് ₹19,281.73 കോടിയായി. ഇത് റവന്യൂ ചെലവിന്റെ ഏകദേശം 12.37 ശതമാനമാണ്. ജില്ലാ പരിഷത്തുകൾ, മറ്റ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ (₹3,696.28 കോടി : 50.54 ശതമാനം), മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ (₹1,531.42 കോടി: 54.56 *ശതമാനം*) എന്നിവയ്ക്ക് നൽകിയ സാമ്പത്തിക സഹായത്തിലെ വർദ്ധനവാണ് ഈ വർദ്ധനയ്ക്ക് പ്രധാന കാരണം. റവന്യൂ ചെലവിന്റെ ശതമാനമെന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള മൊത്തത്തിലുള്ള സാമ്പത്തിക സഹായം മുൻവർഷത്തെ 9.69 ശതമാനത്തിൽ നിന്ന് തന്നാണ്ടിൽ 12.37 ശതമാനമായി ഉയർന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 186-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 205-ാം വകുപ്പും ഇൻഡ്യൻ ഭരണഘടനയുടെ അനുച്ഛേദം 243 (ഐ), (വൈ) എന്നിവയിലെ 1-ാം വകുപ്പും പ്രകാരം കേരള സർക്കാർ സംസ്ഥാന ധനകാര്യ കമ്മീഷനുകളെ രൂപീകരിക്കുന്നു. സംസ്ഥാന ധനകാര്യ കമ്മീഷൻ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുകയും സാമ്പത്തിക മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിനും ചെലവിലെ മിതത്വവും കാര്യക്ഷമതയും കൈവരിക്കുന്നതിനും സാമ്പത്തിക ഉത്തരവാദിത്തം കൈവരിക്കുന്നതിനും ശുപാർശകൾ നൽകുകയും ചെയ്യുന്നു.

**1994** ൽ രൂപീകരിച്ച ആദ്യത്തെ സംസ്ഥാന ധനകാര്യ കമ്മീഷനിൽ നിന്ന് ആരംഭിച്ച്, **2021-22** മുതൽ **2025-26** കാലയളവിലേക്കുള്ള ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ നാലാമത്തെ വർഷമാണ് ഇപ്പോൾ കടന്നുപോയത് **(2024-25).** ആറാമത്തെ ധനകാര്യ കമ്മിഷൻ രണ്ട് റിപ്പോർട്ടുകളിലായാണ് അവരുടെ ശുപാർശകൾ സമർപ്പിച്ചത്.

**2021-22** മുതൽ **2025-26** വരെയുള്ള അവാർഡ് കാലയളവിലേക്കുള്ള ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ സ്ഥിതിവിവരം **പട്ടിക 1.24 ൽ** നൽകിയിരിക്കുന്നു

**പട്ടിക 1.24 : ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ സ്ഥിതി**

| സംസ്ഥാന ധനകാര്യ കമ്മീഷൻ കാലയളവ് | ശുപാർശകളുടെ എണ്ണം | കേരള സർക്കാർ അംഗീകരിച്ചവ | മാറ്റിവച്ചവ | സ്വീകരിക്കാത്തവ |
|---|---|---|---|---|
| 2021-22 മുതൽ 2025-26 വരെ | 136 | 109[10] | 3 | 20 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്രോതസ്സുകളുടെ പ്രധാന വിഹിതം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഗ്രാന്റുകളാണ്. വികസന ഫണ്ടുകൾ, മെയിന്റനൻസ് ഫണ്ടുകൾ, ജനറൽ പർപ്പസ് ഫണ്ടുകൾ എന്നിവ സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ശുപാർശ ചെയ്തു. ആറാം ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിലെ **2021-22** മുതൽ **2024-25** വരെയുള്ള ആദ്യ നാല് വർഷങ്ങളിൽ സംസ്ഥാന സർക്കാർ അംഗീകരിച്ച എസ് എഫ് സി വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ടുകളും **പട്ടിക 1.25** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.25: ആറാം ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിലെ 2021-22 മുതൽ 2024-25 വരെയുള്ള ആദ്യ നാല് വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതും നൽകിയതുമായ ഗ്രാന്റുകളുടെ വിശദാംശങ്ങൾ**

**(₹ കോടിയിൽ)**

| വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ആറാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതും സംസ്ഥാനം അംഗീകരിച്ചതുമായ ഫണ്ടുകൾ | | | സംസ്ഥാന സർക്കാർ യഥാർഥത്തിൽ നൽകിയത് | | | നൽകിയതിലെ കുറവ് (-) / അധികം (+) |
|---|---|---|---|---|---|---|---|
| | ആർഎൽബി | യുഎൽബി | ആകെ | ആർഎൽബി | യുഎൽബി | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 = 7-4 |
| 2021-22 | 7,922.05 | 1,964.19 | 9,886.24 | 8,103.43 | 2,184.48 | 10,287.91 | (+) 401.67 |
| 2022-23 | 8,332.48 | 2,152.85 | 10,485.33 | 8,303.39 | 2,194.45 | 10,497.84 | (+) 12.51 |
| 2023-24 | 9,121.94 | 2,321.41 | 11,443.35 | 9,135.94 | 2,318.94 | 11,454.88 | (+) 11.53 |
| 2024-25 | 9,879.00 | 2,509.18 | 12,388.18 | 9,891.00 | 2,514.18 | 12,405.18 | (+) 17.00 |

*ഉറവിടം: എസ്.എഫ്.സി സെൽ, ധനകാര്യ വകുപ്പ് നൽകിയ വിവരങ്ങൾ*

### *1.2.4.2 മൂലധനച്ചെലവ്*

പ്രധാനമായും റോഡുകൾ, കെട്ടിടങ്ങൾ പോലുള്ള അടിസ്ഥാന സൗകര്യ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ചെലവാണ് മൂലധനച്ചെലവ്. ബജറ്റ് പിന്തുണ, ബജറ്റിന് പുറമെയുള്ള സ്രോതസ്സുകൾ/ ഓഫ് ബജറ്റ് കടമെടുപ്പുകൾ മുതലായവയിൽ നിന്നാണ് മൂലധന ചെലവിനുള്ള പണം കണ്ടെത്തുന്നത്. കമ്പനികളിലും കോർപ്പറേഷനുകളിലും സംസ്ഥാന സർക്കാർ നടത്തുന്ന നിക്ഷേപങ്ങളും ഇതിൽ ഉൾപ്പെടുന്നു.

[10] ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ 109 ശുപാർശകൾ അംഗീകരിച്ചതിൽ 44 ശുപാർശകൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ.

**2015-16** മുതൽ **2024-25** വരെയുള്ള പത്ത് വർഷകാലയളവിലെ വായ്പകളും മുൻകൂറുകളും ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ മൂലധന ചെലവിന്റെ പ്രവണത **ചാർട്ട് 1.23** ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 1.23: സംസ്ഥാനത്തെ മൂലധന ചെലവ്**




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകളും വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റുകളും*

**2015-16** മുതൽ **2024-25** വരെയുള്ള കാലയളവിൽ മൂലധന ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) ഏകദേശം **114** ശതമാനം വളർച്ച രേഖപ്പെടുത്തുകയും **2024-25** ൽ പത്ത് വർഷകാലയളവിലെ ഏറ്റവും ഉയർന്ന നിലയിലെത്തുകയും ചെയ്തു. മൊത്തം ചെലവിൽ മൂലധനച്ചെലവിന്റെ വിഹിതം **2015-16** ലെ **9.59** ശതമാനത്തിൽ നിന്ന് **2023-24**ൽ **10.58** ശതമാനമായി വർദ്ധിച്ചുവെങ്കിലും **2024-25**ൽ **10.29** ശതമാനമായി കുറഞ്ഞു. എന്നിരുന്നാലും, മൂലധനച്ചെലവും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതം **2020-21** മുതൽ **2024-25** വരെയുള്ള കാലയളവിൽ തുടർച്ചയായി കുറഞ്ഞു.

മൂലധന ചെലവിനുള്ള പ്രത്യേക സഹായമായി **2024-25** കാലയളവിൽ **₹2,715.67** കോടി **50** വർഷത്തെ പലിശരഹിത വായ്പയായി ഭാരത സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ചു, ഈ തുക തന്നാണ്ടിലെ മൂലധന ചെലവിന്റെ (വായ്പകളും മുൻകൂറുകളും നൽകിയതുൾപ്പെടെ) **15.18** ശതമാനമായിരുന്നു.

**2024-25** കാലയളവിൽ നേരിട്ട മൂലധന ചെലവിൽ **₹14,539.45** കോടിയുടെ വികസന ചെലവും, **₹2804.37** കോടിയുടെ വായ്പകളും മുൻകൂറുകളും, **₹542.96** കോടിയുടെ നിക്ഷേപവും ഉൾപ്പെടുന്നു. മൂലധന ചെലവിന്റെ പ്രധാന പങ്കും വിനിയോഗിച്ചത് സാമ്പത്തിക സേവനങ്ങൾക്കാണ് (**65** ശതമാനം). സാമ്പത്തിക സേവനങ്ങളിൽ 'പെട്രോൾ, ഡീസൽ സെസ്സിൽ നിന്നും കിഫ്ബിക്കുള്ള വിഹിത'വും 'മോട്ടോർ വാഹന നികുതിയിൽ നിന്നും കിഫ്ബിക്കുള്ള വിഹിത'വും (**₹3,695.18** കോടി), 'റോഡുകളും, പാലങ്ങൾക്കുമുള്ള മൂലധന ചെലവ് (**₹1,859.35** കോടി)', 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-പ്രളയാനന്തര പദ്ധതികൾ' (**₹996.47** കോടി) തുടങ്ങിയവയ്ക്കാണ് തുക പ്രധാനമായും ചിലവഴിച്ചത്. **2024-25** കാലയളവിൽ, എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) മൂലധനച്ചെലവും മൊത്തം ചെലവും തമ്മിലുള്ള അനുപാതം **16.59** ശതമാനമായിരുന്നപ്പോൾ സംസ്ഥാനത്തിന്റെ മൂലധന ചെലവും മൊത്തം ചെലവും തമ്മിലുള്ള അനുപാതം **10.29** ശതമാനം എന്ന താഴ്ന്ന നിലയിലാണ്.

മൂലധനച്ചെലവായ ₹17,886.78 കോടിയ്ക്ക് പുറമെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റ് സ്ഥാപനങ്ങൾക്കും മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ധനസഹായമായി സംസ്ഥാന സർക്കാർ ₹ 8,546.97 കോടി കൈമാറി. മുൻ വർഷത്തെ അപേക്ഷിച്ച് 2024-25 കാലയളവിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിന് നൽകിയ ധനസഹായം വർദ്ധിച്ചു. ഇത് കഴിഞ്ഞ അഞ്ച് വർഷ കാലയളവിലെ ഏറ്റവും ഉയർന്ന നിലയിലാണ്.

മാത്രവുമല്ല, മൊത്തം കടം വരവുകളുമായി തുലനം ചെയ്യുമ്പോൾ മൂലധന ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 5.54 ശതമാനവും, തനി കടം വരവുകളുമായി[11] തുലനം ചെയ്യുമ്പോൾ മൂലധന ചെലവ് 39.59 ശതമാനവുമാണ്. കടമെടുപ്പുകൾ അടിസ്ഥാനസൗകര്യ വികസനത്തിന് വേണ്ടി ആനുപാതികമായി ചെലവഴിക്കപ്പെട്ടില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

## എ. മേഖല തിരിച്ചുള്ള മൂലധന ചെലവ്

മൂലധന ചെലവിന്റെ മേഖല തിരിച്ചുള്ള ഘടന **പട്ടിക 1.26** ൽ നൽകിയിരിക്കുന്നു. മേഖല തിരിച്ചുള്ള ചെലവിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.2**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.26: മേഖല തിരിച്ചുള്ള മൂലധന ചെലവ്**

***(₹ കോടിയിൽ)***

| മേഖല | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| പൊതു സേവനങ്ങൾ | 256.60 | 210.87 | 268.01 | 197.96 | 157.42 | 259.84 | 268.26 | 306.89 | 247.26 | 322.16 |
| സാമൂഹിക സേവനങ്ങൾ | 1,035.03 | 1,292.67 | 1,405.89 | 1,784.29 | 1,090.64 | 2,277.90 | 3,342.63 | 3,030.08 | 2,945.57 | 3,113.78 |
| സാമ്പത്തിക സേവനങ്ങൾ | 6,208.41 | 8,622.41 | 7,074.97 | 5,448.29 | 7,206.74 | 10,351.91 | 10,580.84 | 10,659.59 | 10,391.62 | 11,646.47 |
| വായ്പകളും മുൻകൂറുകളും | 842.25 | 1,160.29 | 1,540.59 | 2,322.89 | 1,210.22 | 2,548.51 | 2,854.29 | 2,790.93 | 3,295.72 | 2,804.37 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

[11] മുൻവർഷങ്ങളിൽ കടമെടുത്ത മുതലിന്റെ തിരിച്ചടവ് കിഴിച്ചിട്ടുള്ള കടം വരവുകളാണ് തനി കടം വരവുകൾ.

**ചാർട്ട് 1.24: മൂലധന ചെലവിൽ വിവിധ മേഖലകളുടെ ആപേക്ഷിക വിഹിതം**




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

**2015-16** മുതൽ **2024-25** വരെയുള്ള പത്ത് വർഷത്തെ കാലയളവിൽ മൂലധന ചെലവിന്റെ സിംഹഭാഗവും വിനിയോഗിച്ചത് സാമ്പത്തിക സേവനങ്ങൾക്കായാണ്. സാമൂഹിക സേവനങ്ങളിലെ ചെലവും പൊതു സേവനങ്ങളിലെ ചെലവും പിന്നിലാണ്.

## ബി. കമ്പനികൾ, കോർപ്പറേഷനുകൾ, മറ്റ് ബോഡികൾ എന്നിവയിലെ നിക്ഷേപങ്ങളുടെ ഗുണനിലവാരം

**2025** മാർച്ച് **31** ന്, സർക്കാർ കമ്പനികൾ (**₹5,849.80** കോടി), സഹകരണ സംഘങ്ങൾ (**₹1,779.96** കോടി), സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ (**₹1,855.77** കോടി), മറ്റ് ജോയിന്റ് സ്റ്റോക്ക് കമ്പനികൾ (**₹2,360.72** കോടി) എന്നിവയിൽ സംസ്ഥാന സർക്കാരിന്റെ നിക്ഷേപം **₹11,846.25** കോടിയാണ്.

കമ്പനികൾ, കോർപ്പറേഷനുകൾ, സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ എന്നിവയിൽ സാമ്പത്തിക വർഷാവസാനത്തിലെ നിക്ഷേപത്തിന്റെ പ്രവണതകളും നിക്ഷേപത്തിൽ നിന്നുള്ള വരുമാനവും **ചാർട്ട് 1.25** ൽ ചിത്രീകരിച്ചിരിക്കുന്നു. സർക്കാർ കടമെടുപ്പുകളുടെ ശരാശരി പലിശ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ നിക്ഷേപത്തിന്മേലുള്ള ആദായത്തിന്റെ നിരക്ക് **ചാർട്ട് 1.26 ൽ** നൽകിയിരിക്കുന്നു.







*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

** നിക്ഷേപത്തിൽ നിന്നുള്ള ആദായ നിരക്ക് = ആദായം/വർഷാവസാന നിക്ഷേപം*

***സർക്കാർ കടമെടുപ്പുകളുടെ ശരാശരി പലിശ നിരക്ക് = പലിശ നൽകൽ/{ബാക്കി നിൽക്കുന്ന ബാധ്യതകളുടെ ഓപ്പണിംഗ് ബാലൻസ് + ബാക്കിനിൽക്കുന്ന ബാധ്യതകളുടെ ക്ലോസിംഗ് ബാലൻസ്}/2}*100*

**2024-25** കാലയളവിൽ, നിക്ഷേപത്തിൽ നിന്നുള്ള വരുമാനം **₹126.35**[12] കോടി (**1.07** ശതമാനം) ആയിരുന്നു (മുൻകാല ചെലവുകളെ അടിസ്ഥാനമാക്കി, നിലവിലെ തനി മൂല്യത്തിന്റെ അടിസ്ഥാനത്തിലല്ല). **2015-16** മുതൽ **2024-25** വരെയുള്ള കാലയളവിൽ **0.46** ശതമാനത്തിനും **2.33** ശതമാനത്തിനും ഇടയിൽ മാത്രമായിരുന്നു ആദായത്തിന്റെ നിരക്ക്. അതേസമയം ഇതേ കാലയളവിൽ സംസ്ഥാന സർക്കാർ കടമെടുപ്പുകൾക്ക് നൽകുന്ന ശരാശരി പലിശ നിരക്ക് **6.88** ശതമാനത്തിനും **7.58** ശതമാനത്തിനും ഇടയിലായിരുന്നു. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ, ഗവൺമെന്റ് വായ്പാ

[12] സർക്കാർ കമ്പനികൾ (₹77.35 കോടി); സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ (₹35.83 കോടി), ജോയിന്റ് സ്റ്റോക്ക് കമ്പനികൾ (₹8.46 കോടി); സഹകരണ ബാങ്കുകളും സൊസൈറ്റികളും (₹4.71 കോടി).

ചെലവിനും പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപത്തിന്മേലുള്ള വരുമാനത്തിനും തമ്മിൽ ₹5,315.13 കോടിയുടെ[13] വ്യത്യാസം ഉണ്ടായിരുന്നു.

2025 മാർച്ച് 31 വരെ, മൂന്ന് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ (₹1,855.77 കോടി), 127 സർക്കാർ കമ്പനികൾ (₹5,849.80 കോടി), 42 ജോയിന്റ് സ്റ്റോക്ക് കമ്പനികൾ (₹2,360.72 കോടി), സഹകരണ ബാങ്കുകൾ, സൊസൈറ്റികൾ (₹1,779.96 കോടി) എന്നിവയിൽ ₹11,846.25 കോടി സംസ്ഥാന സർക്കാർ നിക്ഷേപിച്ചിട്ടുണ്ട്. 2024-25 കാലയളവിൽ ഈ കമ്പനികൾ/ കോർപ്പറേഷനുകൾ/ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം 1.07 *ശതമാനം* (₹126.35 കോടി) ആയിരുന്നു, അതേസമയം സംസ്ഥാന സർക്കാർ ഇതേ കാലയളവിൽ കടമെടുപ്പിന് 6.88 *ശതമാനം* ശരാശരി പലിശ നൽകുകയുണ്ടായി.

സർക്കാർ കടമെടുപ്പുകളുടെ ചെലവിനെക്കാൾ വളരെ കുറഞ്ഞ ആദായം നിരന്തരമായി നിക്ഷേപങ്ങളിൽ നിന്ന് ലഭിക്കുന്നത്, പൊതുപണത്തിന്റെ വിനിയോഗത്തിലെ കാര്യക്ഷമതയില്ലായ്മയെ സൂചിപ്പിക്കുന്നു.

### *സംസ്ഥാന സർക്കാരിന്റെ ലാഭവിഹിത നയം*

ലാഭമുണ്ടാക്കുന്ന സംരംഭങ്ങളിൽ നിന്ന് മിനിമം വരുമാനം നിർബന്ധമാക്കുന്ന ലാഭവിഹിത നയം, സർക്കാരിന്റെ നിക്ഷേപത്തിൽ നിന്നുള്ള വരുമാനം മെച്ചപ്പെടുത്താനും സർക്കാർ കമ്പനികളുടെ സാമ്പത്തിക പ്രകടനം നിരീക്ഷിക്കാനും സംസ്ഥാന സർക്കാരിനെ കൂടുതൽ പ്രാപ്തമാക്കുന്നു. സംസ്ഥാന സർക്കാർ രൂപീകരിച്ച ലാഭവിഹിത നയം അനുസരിച്ച് (2023 ജൂൺ) നികുതിക്ക് ശേഷം ₹50 കോടിയ്ക്ക് മുകളിൽ ലാഭമുള്ള എല്ലാ സർക്കാർ കമ്പനികളും നികുതിക്ക് ശേഷമുള്ള ലാഭത്തിന്റെ കുറഞ്ഞത് 20 *ശതമാനം* ലാഭവിഹിതവും ₹50 കോടിയിൽ താഴെ ലാഭമുള്ള കമ്പനികൾ 15 *ശതമാനം* ലാഭവിഹിതവും സർക്കാരിന് നൽകേണ്ടതാണ്.

### *ലാഭവിഹിതം ലഭിക്കാത്തതിൽ നിന്നുള്ള വരുമാനനഷ്ടം*

സർക്കാർ പൊതുമേഖലാസ്ഥാപനങ്ങൾ (എസ്പിഎസ്ഇ) ഏറ്റവും ഒടുവിൽ സമർപ്പിച്ച കണക്കുകൾ അനുസരിച്ച്[14], 2022-23 ലെ കണക്കുകൾ പ്രകാരം 25 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭം നേടിയപ്പോൾ, 11 പൊതുമേഖലാസ്ഥാപനങ്ങൾ 2023-24 ലെ കണക്കുകൾ പ്രകാരം ലാഭം നേടുകയുണ്ടായി.

എന്നിരുന്നാലും, 2025 മാർച്ച് 31 വരെ ഈ സ്ഥാപനങ്ങളിൽ നിന്ന് സമയബന്ധിതമായും പൂർണ്ണമായും ലാഭവിഹിതം ശേഖരിക്കുന്നത് സംസ്ഥാന സർക്കാർ ഉറപ്പാക്കിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2022-23 വർഷത്തിൽ ലാഭമുണ്ടാക്കിയ 25 പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും അർഹതപ്പെട്ട മൊത്തം ലാഭവിഹിതമായ ₹42.78 കോടിയിൽ, 2025 മാർച്ച് 31 വരെ, ഒരു പൊതുമേഖലാസ്ഥാപനം[15] മാത്രമാണ് ₹0.41 കോടി ലാഭവിഹിതമായി സർക്കാരിന് നൽകിയത് (₹2.04 കോടിയുടെ ലാഭവിഹിതത്തിൽ ₹0.41 കോടി മാത്രമാണ് നൽകിയത്). 25 ലാഭമുണ്ടാക്കിയ പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും ₹42.37 കോടിയുടെ ലാഭവിഹിതം ലഭിക്കുവാൻ ബാക്കിയുണ്ട്. കൂടാതെ, 2023-24 വർഷത്തിൽ, ലാഭമുണ്ടാക്കിയ 11 പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും അർഹതപ്പെട്ട

[13] സർക്കാർ വായ്പകളുടെ ചെലവും നിക്ഷേപത്തിന്റെ വരുമാനവും തമ്മിലുള്ള വ്യത്യാസം = വർഷാവസാനത്തെ നിക്ഷേപം * ശരാശരി പലിശ നിരക്കും നിക്ഷേപത്തിന്റെ വരുമാന നിരക്കും തമ്മിലുള്ള വ്യത്യാസം

[14] സിഎജിയുടെ ഓഡിറ്റ് അധികാരപരിധിയിൽ വരുന്ന 151 കമ്പനികൾ

[15] ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് (₹0.41 കോടി)

ലാഭവിഹിതമായ ₹194.82 കോടിയിൽ, 2024-25 മാർച്ച് 31 വരെ രണ്ട്[16] പൊതുമേഖലാസ്ഥാപനങ്ങൾ മാത്രമാണ് ₹41.18 കോടി ലാഭവിഹിതം നൽകിയത്. 11 പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്ന് ₹153.64 കോടിയുടെ ലാഭവിഹിതം ലഭിക്കുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ **അനുബന്ധം 1.5** ൽ നൽകിയിരിക്കുന്നു.

സംസ്ഥാനത്തെ 151 പൊതുമേഖലാസ്ഥാപനങ്ങളിൽ 16 പൊതുമേഖലാസ്ഥാപനങ്ങൾ പ്രവർത്തനരഹിതമാണ്, ഇവയിലെ ₹145.01 കോടിയുടെ നിക്ഷേപം വീണ്ടെടുത്തിട്ടില്ല.

കൂടുതൽ പ്രൊഫഷണലുകളെ നിയമിച്ചുകൊണ്ട് പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും പൊതുമേഖലാസ്ഥാപനങ്ങളെ കൂടുതൽ ലാഭകരമാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി). 2023-ൽ രൂപീകരിച്ച ലാഭവിഹിത നയത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ ഭാഗത്തുനിന്ന് അലംഭാവം ഉണ്ടായിരുന്നതായി സംസ്ഥാന സർക്കാർ മറുപടി നൽകി. ലാഭത്തിന്റെ അർഹമായ വിഹിതം സർക്കാർ ഈടാക്കുമെന്ന് ഉറപ്പാക്കാൻ ഭാവിയിൽ നടപടികൾ സ്വീകരിക്കുമെന്നും മറുപടി നൽകി.

## സി. സംസ്ഥാന സർക്കാരിന്റെ വായ്പകളും മുൻകൂറുകളും

നിക്ഷേപങ്ങൾക്ക് പുറമേ, സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, അതോറിറ്റികൾ മുതലായവയ്ക്ക് സംസ്ഥാന സർക്കാർ വായ്പാ സഹായം നൽകുകയും അത് സർക്കാർ കണക്കുകളിൽ ആസ്തികളായി കണക്കാക്കുകയും ചെയ്യുന്നു. **പട്ടിക 1.27 ൽ** 2025 മാർച്ച് 31 നുള്ള സർക്കാർ നൽകിയ വായ്പകളുടെയും മുൻകൂറുകളുടെയും സ്ഥിതിയും കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സംസ്ഥാന സർക്കാർ കടമെടുപ്പുകൾക്ക് നൽകിയ പലിശയും, സംസ്ഥാനത്തിന് ലഭിച്ച പലിശയും വിശദീകരിച്ചിരിക്കുന്നു.

**പട്ടിക 1.27: 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ വിതരണം ചെയ്തതും തിരിച്ചു പിടിച്ചതുമായ വായ്പകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വിശദാംശങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| ബാക്കിയുള്ള വായ്പകളുടെ ആരംഭ നീക്കിയിരുപ്പ് | 12320.27 | 13009.89 | 13877.23 | 15163.04 | 16557.18 | 17,472.08 | 19,725.39 | 22,086.89 | 24,357.02 | 26,965.74 |
| ഈ വർഷം കൊടുത്ത മുൻകൂറുകളുടെ തുക | 842.25 | 1160.29 | 1540.59 | 2322.89 | 1210.22 | 2,548.51 | 2,854.29 | 2,790.93 | 3,295.72 | 2,804.37 |
| ഈ വർഷം തിരിച്ചു പിടിച്ച തുക | 152.63 | 292.24 | 350.98 | 210.54 | 295.32 | 263.82 | 479.24 | 409.29 | 714.80 | 667.16 |
| ബാക്കിയുള്ള വായ്പകളുടെ അവസാന നീക്കിയിരുപ്പ് | 13009.89 | 13877.94 | 15066.84 | 17275.39 | 17472.08 | 19,756.77 | 22,100.44 | 24,468.53 | 26,937.94 | 29,102.95 |
| തനി വർദ്ധനവ് | 689.62 | 868.05 | 1189.61 | 2112.35 | 914.90 | 2,284.69 | 2,375.05 | 2,381.64 | 2,580.92 | 2,137.21 |

[16] കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് (₹35.00 കോടി); കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (₹6.18 കോടി)

| വിശദാംശങ്ങൾ | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| ലഭിച്ച പലിശ | 32.31 | 30.53 | 37.53 | 40.81 | 50.59 | 42.83 | 53.36 | 118.98 | 116.70 | 187.90 |
| സർക്കാർ നൽകിയ വായ്പകളുടെയും മുൻകൂറുകളുടെയും പലിശ നിരക്ക് | 0.26 | 0.23 | 0.26 | 0.25 | 0.30 | 0.23 | 0.26 | 0.51 | 0.46 | 0.67 |
| സർക്കാരിന്റെ കടമെടുപ്പുകൾക്ക് കൊടുത്ത ശരാശരി പലിശ നിരക്ക് (ശതമാനം) | 7.35 | 6.92 | 7.48 | 7.34 | 7.58 | 7.39 | 7.22 | 7.06 | 7.00 | 6.88 |
| ലഭിച്ച പലിശ നിരക്കും അടച്ച പലിശയും തമ്മിലുള്ള വ്യത്യാസം (ശതമാനം) | (-)7.09 | (-) 6.69 | (-) 7.22 | (-) 7.09 | (-) 7.28 | (-) 7.16 | (-) 6.96 | (-) 6.55 | (-) 6.54 | (-) 6.21 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

സാമ്പത്തിക കണക്കുകൾ പ്രകാരം, 2025 മാർച്ച് അവസാനത്തിൽ ബാക്കി നിൽക്കുന്ന വായ്പകൾ ₹29,102.95 കോടിയാണ്. കൂടാതെ, 2025 മാർച്ച് അവസാനത്തിൽ, 63 സ്ഥാപനങ്ങൾക്ക് നൽകിയ വായ്പയുടെ തിരിച്ചടവിൽ ₹25,179.66 കോടിയുടെ കുടിശ്ശികയുണ്ട് (മുതൽ: ₹16,699.41 കോടി, പലിശ: ₹8,480.25 കോടി). കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (₹11,678.64 കോടി), കേരള വാട്ടർ അതോറിറ്റി (₹3,929.82 കോടി), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (₹1,837.04 കോടി), കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (₹1,761.54 കോടി), കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് (₹861.51 കോടി), കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ് (₹780.24 കോടി) എന്നീ ആറ് സ്ഥാപനങ്ങളുടെ ബാധ്യതകളാണ് കുടിശ്ശികയുടെ 83 ശതമാനവും.

₹3,993.48 കോടിയുടെ വായ്പ തിരിച്ചടവ് കുടിശ്ശികയുള്ള 28 സ്ഥാപനങ്ങൾക്ക് ₹192.65 കോടിയുടെ വായ്പകൾ തന്നാണ്ടിൽ സംസ്ഥാന സർക്കാർ നൽകി.

## 1.3 പൊതു കണക്ക്

സഞ്ചിതനിധിയുടെ ഭാഗമല്ലാത്ത ചെറുകിട സമ്പാദ്യം, പ്രോവിഡന്റ് ഫണ്ടുകൾ, കരുതൽ നിധികൾ, നിക്ഷേപങ്ങൾ, സസ്പെൻസ്, പണം ഒടുക്കലുകൾ എന്നിവയെ സംബന്ധിച്ച വരവുകളും ചെലവും ഭരണഘടനയുടെ അനുഛേദം 266(2) പ്രകാരം രൂപീകരിച്ച പൊതുകണക്കിൽ സൂക്ഷിക്കുന്നു, ഇവയെ സംബന്ധിക്കുന്ന ഇടപാടുകൾ സംസ്ഥാന നിയമസഭയുടെ വോട്ടിന് വിധേയമല്ല. തൻ വർഷത്തെ ചെലവുകൾക്ക് ശേഷം വരുന്ന തുക സർക്കാരിനു വിവിധ ചെലവുകൾക്ക് ഉപയോഗിക്കാവുന്നതാണ്.

### 1.3.1 പൊതുകണക്കിലെ തനി നീക്കിയിരുപ്പ്

2020-21 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ പൊതു കണക്കിലെ ഘടകങ്ങൾ തിരിച്ചുള്ള തനി നീക്കിയിരുപ്പ് **പട്ടിക 1.28 ൽ** നൽകിയിരിക്കുന്നു. 2015-16 മുതൽ 2024-25 വരെയുള്ള പൊതു കണക്കിലെ തനി നീക്കിയിരുപ്പിന്റെ വിശദാംശങ്ങൾ **അനുബന്ധം 1.6** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.28 : പൊതു കണക്കിലെ ഘടകങ്ങൾ തിരിച്ചുള്ള തനി നീക്കിയിരുപ്പ് തുകകൾ**

***(₹ കോടിയിൽ)***

| മേഖല | ഉപമേഖല | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|
| ചെറുകിട സമ്പാദ്യം, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ | ചെറുകിട സമ്പാദ്യം, പ്രോ വിഡന്റ് ഫണ്ടുകൾ മുതലായവ | (-)97,219.13 | (-) 1,15,666.60 | (-)1,24,190.92 | (-)1,23,944.24 | (-)1,25,297.78 |
| കരുതൽ ഫണ്ടുകൾ | (എ) പലിശയുള്ള കരുതൽ ഫണ്ടുകൾ | (-)719.55 | (-)471.73 | (-)394.65 | (-)770.89 | (-)1,110.43 |
| | (ബി) പലിശ രഹിത കരുതൽ ഫണ്ടുകൾ | (-)366.72 | (-)355.23 | (-)334.81 | (-)338.55 | (-)336.86 |
| നിക്ഷേപങ്ങളും മുൻകൂറുകളും | (എ) പലിശയുള്ള നിക്ഷേപങ്ങൾ | (-)0.34 | (-)0.51 | (-)0.36 | (-)0.30 | (-)1.24 |
| | (ബി) പലിശ രഹിത നിക്ഷേപങ്ങൾ | (-) 4,632.53 | (-) 6,418.82 | (-)7,603.36 | (-) 7,671.87 | (-)9,139.31 |
| | (സി) മുൻകൂറുകൾ | 62.27 | 60.29 | 59.64 | 59.43 | 59.53 |
| സസ്പെൻസും പലവകയും | (എ) സസ്പെൻസ് | 1,057.03 | 242.94 | 370.88 | 240.24 | (-)118.55 |
| | (ബി) മറ്റ് കണക്കുകൾ | 1,226.28 | 4,658.84 | 6,486.12 | 3,660.59 | 1,482.22 |
| | (സി) വിദേശ രാജ്യങ്ങളി ലെ സർക്കാരുകളുമാ യുള്ള അക്കൗണ്ടുകൾ | 0 | 0 | 0 | 0 | - |
| | (ഡി ) പലവക | 0 | 0 | 0 | 0 | - |
| പണം ഒടുക്കലുകൾ | (എ)മണി ഓർഡറുകളും മറ്റ് പണമൊടുക്കലുകളും | 952.43 | 1,412.78 | 1,063.13 | (-)148.25 | (-)74.28 |
| | (ബി) ഗവൺമെന്റുകൾ തമ്മിലുള്ള കണക്കൊപ്പിക്കൽ | 89.76 | 60.54 | 61.98 | 66.33 | 67.21 |
| **ആകെ** | | **(-) 99,550.50** | **(-)1,16,477.50** | **(-) 1,24,482.35** | **(-) 1,28,847.51** | **(-) 1,34,469.49** |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

*കുറിപ്പ്: (+) കണക്കുകൾ ഡെബിറ്റ് ബാലൻസിനെ സൂചിപ്പിക്കുന്നു, (−) കണക്കുകൾ ക്രെഡിറ്റ് ബാലൻസിനെ സൂചിപ്പിക്കുന്നു.*

### 1.3.2 കരുതൽ ഫണ്ടുകൾ

നിർദ്ദിഷ്ടവും നിർവചിക്കപ്പെട്ടതുമായ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാരിന്റെ പൊതുകണക്കിനു കീഴിൽ തുടങ്ങുന്നതാണ് കരുതൽ ഫണ്ടുകൾ. സഞ്ചിതനിധിയിൽ നിന്നോ ബാഹ്യ ഏജൻസികളിൽ നിന്നോ നൽകുന്ന ഗ്രാന്റുകളോ സംഭാവനകളോ കൊണ്ടാണ് ഈ ഫണ്ടുകൾ പ്രവർത്തിക്കുന്നത്. പലിശ ഉള്ള കരുതൽ ഫണ്ടുകളും പലിശരഹിത കരുതൽ ഫണ്ടുകളും ഇതിൽ ഉൾപ്പെടുന്നു.

2025 മാർച്ച് 31 ന് പലിശയുള്ള മൂന്ന് ഫണ്ടുകളും പലിശരഹിതമായ അഞ്ച് കരുതൽ ഫണ്ടുകളും ഉണ്ട്. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച് ഈ കരുതൽ ഫണ്ടുകളിൽ ഉള്ള നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ **പട്ടിക 1.29 ൽ** നൽകിയിരിക്കുന്നു.

**പട്ടിക 1.29: പ്രധാന കരുതൽ ഫണ്ടുകളുടെ വിശദാംശങ്ങൾ**

**(₹ കോടിയിൽ)**

| ക്രമ നമ്പർ | കരുതൽ ഫണ്ടിന്റെ പേര് | പ്രാരംഭ നീക്കിയിരിപ്പ് | വർഷത്തെ വരവുകൾ | പലിശ വരവുകൾ | വർഷത്തിലെ തിരിച്ചടവുകൾ | 2025 മാർച്ച് 31നുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| **എ** | **പലിശയുള്ള കരുതൽ ഫണ്ടുകൾ** | **770.89** | **491.45** | **59.51** | **211.42** | **1,110.43** |
| 1. | എസ്.ഡി.ആർ.എഫ്. | 394.99 | 388.00 | 19.79 | 190.94 | 611.84 |
| 2. | സംസ്ഥാന വനവൽക്കരണ നഷ്ടപരിഹാര നിധി | 56.16 | 8.75 | 9.96 | 7.19 | 67.68 |
| 3. | എസ്.ഡി.എം.എഫ്. | 319.74 | 94.70 | 29.76 | 13.29 | 430.91 |
| **ബി** | **പലിശരഹിത കരുതൽ ഫണ്ടുകൾ** | **3,385.77** | **133.26** | **225.71** | **15.89** | **3,728.85** |
| 1. | ഋണമോചന ഫണ്ട് | 3,031.33 | 120 | 224.77 | - | 3,376.10 |
| 2. | കാർഷിക ആവശ്യങ്ങൾക്കായുള്ള വികസന ഫണ്ട് | 10.37 | 0.25 | - | 0.14 | 10.48 |
| 3 | ഖനി ക്ഷേമനിധി | 1.32 | 0.47 | - | 0.50 | 1.29 |
| 4 | കൺസ്യൂമർ വെൽഫെയർ ഫണ്ട് | 21.66 | | 0.94 | 0.32 | 22.28 |
| 5 | മറ്റ് വികസന ക്ഷേമനിധി | 321.09 | 12.54 | - | 14.93 | 318.70 |
| | **മൊത്തം** | **4,156.66** | **624.71** | **285.22** | **227.31** | **4,839.28** |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

### 1.3.3 ക്യാഷ് ബാലൻസ്

റിസർവ് ബാങ്കുമായുള്ള കരാർ അനുസരിച്ച്, എല്ലാ ദിവസവും സംസ്ഥാന സർക്കാർ ബാങ്കിൽ കുറഞ്ഞത് ₹1.66 കോടിയുടെ ക്യാഷ് ബാലൻസ് നിലനിർത്തേണ്ടതുണ്ട്. ബാലൻസ് ഈ മിനിമത്തിൽ താഴെയാണെങ്കിൽ, വേയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ (ഡബ്ല്യുഎംഎ)/ സ്പെഷ്യൽ വേയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ (എസ്ഡബ്ല്യുഎംഎ)/ സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി (എസ്ഡിഎഫ്)/ ഓവർഡ്രാഫ്റ്റ്സ് (ഒഡി) പോലുള്ള ഉപകരണങ്ങളിലൂടെ ഈ കുറവ് നികത്തുന്നു. ഡബ്ല്യുഎംഎ പരിധി കാലാകാലങ്ങളിൽ ആർബിഐ പരിഷ്കരിക്കാറുണ്ട്.

ഈ വർഷം സംസ്ഥാന സർക്കാർ ₹90,163.50 കോടിയുടെ ഡബ്ല്യുഎംഎ/ എസ്ഡിഎഫ്/ഒഡി എടുക്കുകയും ₹133.43 കോടി പലിശ നൽകുകയും ചെയ്തു. 2015-16 മുതൽ 2024-25 വരെയുള്ള കഴിഞ്ഞ പത്ത് വർഷ കാലയളവിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. ഇത് സംസ്ഥാനം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തെ സൂചിപ്പിക്കുന്നു. 2024-25 കാലയളവിൽ 40 ദിവസങ്ങളിൽ മുൻകൂറുകൾ ഒന്നും തന്നെ എടുക്കാതെ ₹1.66 കോടിയുടെ മിനിമം ക്യാഷ് ബാലൻസ് നിലനിർത്താൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. എന്നിരുന്നാലും, മിനിമം ക്യാഷ് ബാലൻസ് നിലനിർത്താൻ സംസ്ഥാന സർക്കാർ 207 ദിവസം വേയ്സ് ആൻഡ് മീൻസ് മുൻകൂറുകളും (₹53,251.92 കോടി), 34 ദിവസം സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റിയും (₹11,910.01 കോടി), 84 ദിവസം ഓവർ ഡ്രാഫ്റ്റും (₹24,966.71 കോടി) എടുത്തു.

സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി, വേയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ തുടങ്ങിയവയ്ക്ക് കീഴിൽ ലഭിച്ച ₹90,163.50 കോടിയും മുഴുവനായി സംസ്ഥാന സർക്കാർ

തിരിച്ചടച്ചു. 2024-25 വർഷത്തിൽ സംസ്ഥാന സർക്കാർ ₹53,666.00 കോടിയുടെ വിപണി വായ്പകൾ സമാഹരിച്ചു.

നീക്കിവച്ച കരുതൽ ഫണ്ടുകളിൽ നിന്നു ലഭിക്കുന്ന ആദായമുൾപ്പടെയുള്ള അധികം വരുന്ന ക്യാഷ് ബാലൻസ്, കേന്ദ്ര സർക്കാർ സെക്യൂരിറ്റികൾ, ട്രഷറി ബില്ലുകൾ എന്നിവയിൽ സംസ്ഥാന സർക്കാർ ഇൻവെസ്റ്റ് ചെയ്യുന്നു. ഈ ഇൻവെസ്റ്റ്മെന്റുകളിൽ നിന്നുള്ള വരുമാനം '0049-പലിശ വരവുകൾ' എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നു. 2024-25 വർഷത്തിൽ, ഹ്രസ്വകാല ഇൻവെസ്റ്റ്മെന്റുകളിൽ നിന്ന് ₹0.55 കോടിയുടെ പലിശ നേടി. 2025 മാർച്ച് 31 ന് 14 ദിവസത്തെ ട്രഷറി ബില്ലുകളിലുള്ള അന്തിമ നീക്കിയിരിപ്പ് ₹2,075.23 കോടിയാണ്.

2023-24, 2024-25 വർഷങ്ങളിലെ ക്യാഷ് ബാലൻസിന്റെയും ഇൻവെസ്റ്റ്മെന്റിന്റെയും വിശദാംശങ്ങൾ **പട്ടിക 1.30** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.30: ക്യാഷ് ബാലൻസും അവയുടെ ഇൻവെസ്റ്റ്മെന്റും**

***(₹ കോടിയിൽ)***

| | 2024 ഏപ്രിൽ 1 ലെ ഓപ്പണിംഗ് ബാലൻസ് | 2025 മാർച്ച് 31 ലെ ക്ലോസിംഗ് ബാലൻസ് |
|---|---|---|
| **എ. പൊതുവായ ക്യാഷ് ബാലൻസ്** | | |
| റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിലെ നിക്ഷേപങ്ങൾ | 238.68 | (-) 378.42 |
| ക്യാഷ് ബാലൻസ് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ടിലെ നിക്ഷേപങ്ങൾ | 4,051.26 | 2,075.23 |
| ട്രഷറിയിലെ പണവും ലോക്കൽ റെമിറ്റൻസും | 36.68 | 36.68 |
| **ആകെ (എ)** | **4,326.62** | **1,733.49** |
| | | |
| വനം, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ പക്കലുള്ള പണം | (-) 7.63 | (-) 7.63 |
| ആകസ്മിക ചെലവിനായി വകുപ്പുതല ഉദ്യോഗസ്ഥരുടെ കൈവശമുള്ള സ്ഥിരം മുൻകൂറുകൾ | 1.18 | 1.48 |
| പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട ഫണ്ടുകളുടെ നിക്ഷേപം | 3,047.21 | 3,391.99 |
| **ആകെ (ബി)** | **3,040.76** | **3,385.84** |
| **ആകെ (എ + ബി)** | **7,367.38** | **5,119.33** |
| ലഭിച്ച പലിശ | **4.96** | **0.55** |

*ഉറവിടം:അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിലെ ക്യാഷ് ബാലൻസ് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ടിന്റെ വിശദാംശങ്ങൾ **പട്ടിക 1.31** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.31: ക്യാഷ് ബാലൻസ് ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് (മേജർ ഹെഡ്-8673)**

**(₹ കോടിയിൽ)**

| വർഷം | ഓപ്പണിംഗ് ബാലൻസ് | ക്ലോസിംഗ് ബാലൻസ് | വർദ്ധനവ് (+) / കുറവ് (-) | ലഭിച്ച പലിശ |
|---|---|---|---|---|
| 2020-21 | 1.67 | 2,809.86 | 2,808.19 | 4.05 |
| 2021-22 | 2,809.86 | 5,230.30 | 2,420.44 | 14.80 |
| 2022-23 | 5,230.30 | 7,092.74 | 1,862.44 | 15.85 |
| 2023-24 | 7,092.74 | 4,051.26 | (-) 3,041.48 | 4.96 |
| 2024-25 | 4,051.26 | 2,075.23 | (-)1,976.03 | 0.55 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

2025 മാർച്ച് അവസാനത്തിലുള്ള പൊതു ക്യാഷ് ബാലൻസ് ₹1,733.49 കോടിയാണ്.

## 1.4 സാമ്പത്തിക സുസ്ഥിരത

പൊതു സേവനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, കടം തിരിച്ചടവ് തുടങ്ങി നിലവിലുള്ളതും ഭാവിയിലുള്ളതുമായ ബാധ്യതകൾ, അമിതമായി കടത്തെ ആശ്രയിക്കാതെ നിറവേറ്റാൻ കഴിയുമെന്ന് ഉറപ്പാക്കുന്ന രീതിയിൽ വരുമാനവും ചെലവും കൈകാര്യം ചെയ്യാനുള്ള ഒരു സർക്കാരിന്റെ കഴിവിനെയാണ് സാമ്പത്തിക സുസ്ഥിരത എന്നു പറയുന്നത് . ദീർഘകാലാടിസ്ഥാനത്തിൽ വരുമാനവും ചെലവും തമ്മിലുള്ള സന്തുലിതാവസ്ഥ നിലനിർത്തുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ചാർട്ട് **1.27**, ചാർട്ട് **1.28** എന്നിവ യഥാക്രമം **2015-16** മുതൽ **2024-25** വരെയുള്ള കാലയളവിൽ ജിഎസ്ഡിപിയുടെ ശതമാനമായി സംസ്ഥാനത്തിന്റെ വരവുകളും ചെലവുകളും കാണിക്കുന്നു.



**ചാർട്ട് 1.27: സംസ്ഥാനത്തിന്റെ വരവുകൾ**



**ചാർട്ട് 1.28 : സംസ്ഥാനത്തിന്റെ ചെലവുകൾ**

*ടിഇ - മൊത്തം ചെലവ്, ആർഇ - റവന്യൂ ചെലവ്, സിഇ - മൂലധന ചെലവ്*

**2024-25** കാലയളവിൽ, എല്ലാ സംസ്ഥാനങ്ങളുടെയും തനത് വരുമാനം (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) ജിഎസ്ഡിപിയുടെ **7.28** ശതമാനം ആയിരുന്നപ്പോൾ സംസ്ഥാനത്തിന്റെ തനത് വരുമാനം ജി.എസ്.ഡി.പി യുടെ **7.46** ശതമാനം എന്ന

ഉയർന്ന നിലയിലാണ്. **2024-25** കാലയളവിൽ എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) റവന്യു ചെലവ് ജിഎസ്ഡിപിയുടെ **13.16** ശതമാനമായിരുന്നപ്പോൾ, സംസ്ഥാനത്തിന്റെ റവന്യു ചെലവ് ഈ കാലയളവിൽ ജിഎസ്ഡിപിയുടെ **12.49** ശതമാനം എന്ന കുറഞ്ഞ നിലയിലാണ്. **2024-25** കാലയളവിൽ, എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) മൂലധനച്ചെലവ് ജിഎസ്ഡിപിയുടെ **2.62** ശതമാനം ആയിരുന്നപ്പോൾ സംസ്ഥാനത്തിന്റെ മൂലധനച്ചെലവ് ജിഎസ്ഡിപിയുടെ **1.43** ശതമാനം എന്ന വളരെ കുറഞ്ഞ നിലയിലാണ്.

### 1.4.1 പൊതു ബാധ്യതകളുടെ മാനേജ്മെന്റ്

**2015-16** മുതൽ **2024-25** വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ ബാക്കി നിൽക്കുന്ന ബാദ്ധ്യതകളും അവയുടെ ജിഎസ്ഡിപിയിലെ ശതമാനവും **ചാർട്ട് 1.29** ൽ ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 1.29: ബാക്കി നിൽക്കുന്ന പൊതു ബാധ്യതകളും ജിഎസ്ഡിപിയുമായി അതിന്റെ ശതമാനവും**




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

* *ഭാരത സർക്കാരിൽ നിന്നും 2020-21 ലും 2021-22 ലും ജിഎസ്ടി നഷ്ടപരിഹാരത്തിന്റെ കുറവിന് പകരമായി ലഭിച്ച ബാക്ക് ടു ബാക്ക് ലോണുകൾ സംസ്ഥാനത്തിന്റെ വിഭവങ്ങളിൽ നിന്നും തിരിച്ചടയ്ക്കേണ്ടാത്തതിനാൽ ബാക്കി നിൽക്കുന്ന മൊത്തം ബാദ്ധ്യതകളിൽ 2020-21 കാലയളവിലെ ₹5,766 കോടിയും 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിലെ ₹14,505.31 കോടിയും 2024-25 കാലയളവിലെ ₹3,710.14 കോടിയും ഉൾപ്പെടുത്തിയിട്ടില്ല.*

**2024-25** കാലയളവിൽ, എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) ബാക്കി നിൽക്കുന്ന മൊത്തം പൊതു ബാധ്യത ജിഎസ്ഡിപിയുടെ **27.94** ശതമാനമായിരുന്നപ്പോൾ. സംസ്ഥാനത്തിന്റെ മൊത്തം പൊതു ബാധ്യത ജിഎസ്ഡിപിയുടെ **35.71** ശതമാനം എന്ന ഉയർന്ന നിലയിലാണ്. കഴിഞ്ഞ പത്തു വർഷത്തിൽ സംസ്ഥാനത്തിന്റെ ബാക്കി നിൽക്കുന്ന മൊത്തം പൊതു ബാദ്ധ്യത **177.75** ശതമാനം വർദ്ധിച്ചു.

### *1.4.1.1 ബാധ്യതകളുടെ പ്രൊഫൈൽ : ഘടകങ്ങൾ*

സംസ്ഥാന സർക്കാരിന്റെ മൊത്തം ബാധ്യതകളിൽ സാധാരണയായി സംസ്ഥാനത്തിന്റെ ആഭ്യന്തര കടം (വിപണി വായ്പകൾ, റിസർവ് ബാങ്കിൽ നിന്നുള്ള വേയ്സ് ആൻഡ് മീൻസ് മുൻകൂറുകൾ, ദേശീയ ചെറുകിട സേവിംഗ്സ് ഫണ്ടിന് നൽകിയ പ്രത്യേക സെക്യൂരിറ്റികൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ മുതലായവ), ഭാരത സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും, പൊതു കണക്കിലെ ബാദ്ധ്യതകൾ എന്നിവ ഉൾപ്പെടുന്നു. 2020-21 മുതൽ 2024-25 വരെയുള്ള അഞ്ച് വർഷക്കാലയാളവിലുള്ള സംസ്ഥാനത്തിന്റെ ബാധ്യതയുടെ ഘടകം തിരിച്ചുള്ള പ്രവണത **പട്ടിക 1.32** ൽ അവതരിപ്പിച്ചിരിക്കുന്നു. ബാധ്യതാ ഘടകങ്ങളെക്കുറിച്ചുള്ള കഴിഞ്ഞ പത്ത് വർഷത്തെ വിവരങ്ങൾ **അനുബന്ധം 1.7** ൽ വിശദീകരിച്ചിരിക്കുന്നു.

**പട്ടിക 1.32: ബാദ്ധ്യതയുടെ ഘടകങ്ങളുടെ പ്രവണത**

**(₹ കോടിയിൽ)**

| സാമ്പത്തിക ബാധ്യതകളുടെ ഘടകങ്ങൾ | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|
| ബാക്കി നിൽക്കുന്ന മൊത്തം ബാദ്ധ്യതകൾ | 3,02,620.01 | 3,42,887.45 | 3,70,525.07 | 4,00,715.84 | 4,45,901.49#$ |
| പൊതുകടം | 1,99,681.73 | 2,19,974.55 | 2,38,000.97 | 2,67,989.99 | 3,10,015.87 |
| ആഭ്യന്തര കടം | 1,90,474.09 | 2,10,791.59 | 2,27,137.07 | 2,57,157.92 | 2,96,717.59 |
| ഭാരത സർക്കാരിൽ നിന്നുള്ള വായ്പകൾ* | 9,207.64 | 9,182.96 | 10,863.90 | 10,832.07 | 13,298.28 |
| പൊതു കണക്ക് ബാധ്യതകൾ | 1,02,938.28 | 1,22,912.90 | 1,32,524.10 | 1,32,725.85 | 1,35,885.62 |
| ചെറുകിട സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് മുതലായവ | 97,219.13 | 1,15,666.60 | 1,24,190.92 | 1,23,944.24 | 1,25,297.78 |
| പലിശ ഉള്ള കരുതൽ ഫണ്ടുകൾ | 719.55 | 471.73 | 394.65 | 770.89 | 1,110.43 |
| പലിശ രഹിത കരുതൽ ഫണ്ടുകൾ | 366.72 | 355.23 | 334.81 | 338.55 | 336.86 |
| പലിശ വഹിക്കുന്ന നിക്ഷേപങ്ങൾ | 0.34 | 0.52 | 0.36 | 0.30 | 1.24 |
| പലിശ രഹിത നിക്ഷേപങ്ങൾ | 4,632.54 | 6,418.82 | 7,603.36 | 7,671.87 | 9,139.31 |
| ബാക്കി നിൽക്കുന്ന മൊത്തം ബാദ്ധ്യതകളുടെ വളർച്ചാ നിരക്ക് (ശതമാനം) | 14.04 | 13.31 | 8.06 | 8.15 | 11.28 |
| സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജിഎസ്ഡിപി) | 7,71,723.89 | 9,24,465.42 | 10,38,734.06 | 11,35,371.56 | 12,48,533.01 |
| ബാക്കി നിൽക്കുന്ന മൊത്തം ബാദ്ധ്യതകൾ/ജിഎസ്ഡിപി (ശതമാനം) | 39.21 | 37.09 | 35.67 | 35.29 | 35.71 |
| കടമെടുപ്പും മറ്റ് ബാധ്യതകളും | | | | | |
| മൊത്തം വരവുകൾ | 2,40,014.87 | 2,31,582.08 | 2,16,432.89 | 2,61,358.70 | 3,22,577.19 |
| മൊത്തം തിരിച്ചടവുകൾ | 2,02,757.22 | 1,91,314.63 | 1,88,795.28 | 2,31,167.92 | 2,77,391.54 |
| ലഭ്യമായ തനി ഫണ്ടുകൾ | 37,257.65 | 40,267.45 | 27,637.61 | 30,190.78 | 45,185.65 |
| തിരിച്ചടവുകൾ/ വരവുകൾ (ശതമാനം) | 84.48 | 82.61 | 87.23 | 88.45 | 85.99 |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

*# പോസ്റ്റ് ഓഡിറ്റ് കണക്കുകൾ പട്ടിക 1.35 ൽ നൽകിയിരിക്കുന്നു*

** ഭാരത സർക്കാരിൽ നിന്നും ജിഎസ്ടി നഷ്ടപരിഹാരത്തിന്റെ കുറവിന് പകരമായി ലഭിച്ച ബാക്ക് ടു ബാക്ക് ലോണുകൾ സംസ്ഥാനം അതിന്റെ വിഭവങ്ങളിൽ നിന്നും തിരിച്ചടയ്ക്കേണ്ടാത്തതിനാൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളിൽ 2020-21 കാലയളവിലെ ₹5,766 കോടിയും, 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിലെ ₹14,505.31 കോടിയും, 2024-25 കാലയളവിലെ ₹3,710.14 കോടിയും ഉൾപ്പെടുത്തിയിട്ടില്ല.*

*$ ബാക്കി നിൽക്കുന്ന ഓഫ് ബജറ്റ് കടമെടുപ്പുകൾ (₹39,230.33 കോടി) ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല, ഇവ കൂടി ഉൾപ്പെടുത്തിയാൽ ബാധ്യതകൾ ജിഎസ്ഡിപിയുടെ 38.86 ശതമാനം വരും.*

2024-25 അവസാനം ബാക്കി നിൽക്കുന്ന മൊത്തം ബാധ്യതകളുടെ ഘടകങ്ങൾ **ചാർട്ട് 1.30** ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 1.30: 2024-25 അവസാനം ബാക്കി നിൽക്കുന്ന മൊത്തം ബാധ്യതകളുടെ ഘടകങ്ങൾ**




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

2015-16 മുതൽ 2024-25 വരെയുള്ള പത്ത് വർഷ കാലയളവിലെ ആഭ്യന്തര കടത്തിന്റെ വരവിന്റെയും തിരിച്ചടവിന്റെയും വിശദാംശങ്ങൾ **ചാർട്ട് 1.31** ൽ ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 1.31: ആഭ്യന്തര കടത്തിന്റെ വരവും തിരിച്ചടവും**

***(₹ കോടിയിൽ)***




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

കഴിഞ്ഞ പത്തു വർഷ കാലയളവിൽ ബാക്കി നിൽക്കുന്ന ബാദ്ധ്യതകളുടെ പ്രധാന പങ്കും ആഭ്യന്തര കടത്തിനാണ്. 2015-16 ലെ ₹1,02,496.26 കോടിയിൽ നിന്ന് ₹1,94,221.33 കോടി വർദ്ധിച്ച് (189.49 ശതമാനം) ആഭ്യന്തര കടം 2024-25ൽ ₹2,96,717.59 കോടിയായി. 2024-25 കാലയളവിൽ ആഭ്യന്തര കടത്തിന് മേൽ ₹20,260 കോടി പലിശയായി നൽകുകയുണ്ടായി.

#### *1.4.1.2 കടമെടുത്ത ഫണ്ടുകളുടെ വിനിയോഗം*

കടമെടുത്ത തുകകൾ മൂലധന സൃഷ്ടിക്കും അടിസ്ഥാന സൗകര്യ വികസനത്തിനും വേണ്ടിയാണ് ഉപയോഗിക്കേണ്ടത്. നിത്യച്ചെലവിനും വായ്പകളുടെ പലിശ തിരിച്ചടവിനും കടമെടുത്ത തുക ഉപയോഗിക്കുന്നത് ആരോഗ്യകരമായ പ്രവണതയല്ല. **2015-16** മുതൽ **2024-25** വരെയുള്ള കാലയളവിലെ കടമെടുത്ത തുകകളും അതിന്റെ വിനിയോഗത്തിന്റെ പ്രവണതകളും യഥാക്രമം **പട്ടിക 1.33** ലും, **ചാർട്ട് 1.32** ലും ചിത്രീകരിച്ചിരിക്കുന്നു.

**പട്ടിക 1.33: കടമെടുത്ത ഫണ്ടുകളുടെ വിനിയോഗം**

**(₹ കോടിയിൽ)**

| ക്രമ നമ്പർ | വർഷം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|---|
| 1. | മൊത്തം വായ്പകൾ* | 75,062.62 | 89,787.12 | 1,20,227.77 | 1,46,499.36 | 1,83,509.22 | 2,40,014.87 | 2,31,582.08 | 2,16,432.89 | 2,61,358.70 | 3,22,577.19 |
| 2. | മുൻകാല വായ്പ കളുടെ തിരിച്ചടവ് (മുതൽ) | 56,470.83 (75) | 60,557.25 (68) | 95,478.10 (80) | 1,19,403.07 (82) | 1,59,761.36 (87) | 2,02,757.22 (85) | 1,91,314.63 (83) | 1,88,795.28 (87) | 2,31,167.92 (89) | 2,77,391.54 (86) |
| 3. | തനി മൂലധന ചെലവ് (തനി വായ്പ കളും മുൻകൂറുക ളും ഉൾപ്പെടെ) | 8161.58 (11) | 10963.76 (12) | 9909.20 (8) | 9496.39 (6) | 9342.22 (5) | 15140.19 (6) | 16506.51 (7) | 16328.26 (8) | 16117.86 (6) | 17188.42 (5) |
| | *അതിൽ തനി വായ്പകളും മുൻകൂറുകളും* | 689.62 | 868.05 | 1189.61 | 2112.35 | 914.90 | 2284.69 | 2375.05 | 2381.64 | 2580.92 | 2137.21 |
| 4 | ലഭ്യമായ തനി കടത്തിൽ നിന്ന് നേരിട്ട റവന്യൂ ചെലവിന്റെ ഭാഗം | 10,430.21 (14) | 18,266.11 (20) | 14,840.47 (12) | 17,599.90 (12) | 14,405.64 (8) | 22,117.46 (9) | 23,760.94 (10) | 11,309.35 (5) | 14,072.92 (5) | 27,997.23 (9) |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

*ബ്രാക്കറ്റിനുള്ളിലെ സംഖ്യ മൊത്തം കടത്തിന്റെ ശതമാനത്തെ സൂചിപ്പിക്കുന്നു*

* *പൊതു കടവും, പൊതു കണക്കിലെ കടമെടുപ്പും ഉൾപ്പെടെ. ഭാരത സർക്കാരിൽ നിന്നും 2020-21 ലും 2021-22 ലും ജിഎസ്ടി നഷ്ടപരിഹാരത്തിലെ കുറവിന് പകരമായി ബാക്ക് ടു ബാക്ക് ലോണായി യഥാക്രമം ലഭിച്ച ₹5,766.00 കോടിയും, ₹8,739.31 കോടിയും, സംസ്ഥാനം അതിന്റെ വിഭവങ്ങളിൽ നിന്നും തിരിച്ചടയ്ക്കേണ്ടാത്തതിനാൽ, പൊതുകടത്തിന് കീഴിലെ കടമെടുപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല.*

**ചാർട്ട് 1.32: കടമെടുത്ത ഫണ്ടുകളുടെ വിനിയോഗത്തിന്റെ പ്രവണതകൾ**




*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

മുകളിലുള്ള ചാർട്ടിൽ നിന്ന്, കടമെടുത്ത തുകകളുടെ ഭൂരിഭാഗവും കടം തിരിച്ചടവിനും റവന്യൂ ചെലവുകൾക്കുമാണ് സംസ്ഥാനം വിനിയോഗിക്കുന്നതെന്ന് വ്യക്തമാണ്. ഇത് മൂലധനച്ചെലവിനായി കടം വാങ്ങിയ തുക ഉപയോഗിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെ പരിമിതപ്പെടുത്തുകയും ദൈനംദിന ആവശ്യങ്ങൾക്കായി കടത്തെ ആശ്രയിക്കുന്നത് വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ആസ്തി സൃഷ്ടിക്കൽ, റവന്യൂ സമാഹരണം ശക്തിപ്പെടുത്തൽ, ബാദ്ധ്യതപ്പെട്ട ചെലവുകളുടെ നിയന്ത്രണം, എഫ്ആർബിഎം മാനദണ്ഡങ്ങളുടെ കർശനമായ പാലനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന അച്ചടക്കമുള്ള ഒരു വായ്പാ നയം സംസ്ഥാനം സ്വീകരിക്കേണ്ടതുണ്ട്.

### *1.4.1.3 കടത്തിന്റെ പ്രൊഫൈൽ: കാലാവധിയും തിരിച്ചടവും*

കടത്തിന്റെ കാലാവധിയുടെയും തിരിച്ചടവിന്റെയും പ്രൊഫൈൽ കടം തിരിച്ചടയ്ക്കാനുള്ള സർക്കാരിന്റെ പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, സംസ്ഥാനത്തിന്റെ ബാക്കി നിൽക്കുന്ന പൊതുകടം ₹3,10,015.87 കോടിയാണ്[17]. സംസ്ഥാനത്തിന്റെ കടത്തിന്റെ കാലാവധിയുടെ പ്രൊഫൈൽ **ചാർട്ട് 1.33** ൽ ചിത്രീകരിച്ചിരിക്കുന്നു.

[17] 2020-22 കാലയളവിൽ ജിഎസ്ടി നഷ്ടപരിഹാരത്തിലെ കുറവിന് പകരമായി ഭാരത സർക്കാരിൽ നിന്ന് ബാക്ക് ടു ബാക്ക് വായ്പയായി ലഭിച്ച ₹3,710.14 കോടി ഉൾപ്പെടുത്തിയിട്ടില്ല.

**ചാർട്ട് 1.33: പൊതു കടത്തിന്റെ കാലാവധിയുടെ പ്രൊഫൈൽ**




*ഉറവിടം: അതത് വർഷങ്ങളിലെ ധനകാര്യ കണക്കുകൾ*

** 2020-22 കാലയളവിൽ ജിഎസ്ടി നഷ്ടപരിഹാരത്തിന്റെ കുറവിന് പകരമായി ഭാരത സർക്കാരിൽ നിന്ന് ലഭിച്ച ₹3,710.14 കോടിയുടെ ബാക്ക് ടു ബാക്ക് വായ്പ ഉൾപ്പെടുത്തിയിട്ടില്ല.*

ഹ്രസ്വകാലം മുതൽ ഇടത്തരം കാലയളവിനുള്ളിൽ (0-7 വർഷം ) കാലാവധി എത്തുന്ന ബാധ്യതകളുടെ ഉയർന്ന തോത് (മൊത്തം പൊതുകടത്തിന്റെ 40.74 ശതമാനം) കടം തിരിച്ചടവ് കൂടുന്നതിനും റീഫിനാൻസിംഗിനും ലിക്വിഡിറ്റിക്കും ഉള്ള സമ്മർദ്ദം വർദ്ധിക്കുന്നതിനുമിടയാക്കും.

### *1.4.1.4 ധനക്കമ്മി നികത്താനുള്ള ധനസമാഹരണ രീതി*

2015-25 കാലയളവിലെ ധനക്കമ്മി നികത്താനുള്ള ധനസമാഹരണത്തിന്റെ വിശദാംശങ്ങൾ **പട്ടിക 1.34** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.34: ധനക്കമ്മിയുടെ ഘടകങ്ങളും അത് നികത്താനുള്ള ധനസമാഹാരണ രീതിയും**

**(₹ കോടിയിൽ)**

| വിശദാംശങ്ങൾ | | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|---|
| **ധനക്കമ്മി** | | **17,818.39** | **26,448.35** | **26,837.41** | **26,958.31** | **23,837.47** | **40,969.69** | **46,045.78** | **25,554.54** | **34,258.05** | **48,248.14#** |
| 1 | റവന്യൂ കമ്മി | 9,656.81 | 15,484.59 | 16,928.21 | 17,461.92 | 14,495.25 | 25,829.50 | 29,539.27 | 9,226.28 | 18,140.19 | 31,059.72 |
| 2 | തനി മൂലധനച്ചെലവ് | 8,161.58 | 10,963.76 | 9,909.20 | 9,496.39 | 9,342.22 | 15,140.19 | 16,506.51 | 16,328.26 | 16,117.86 | 17188.42 |
| | അതിൽ തനി വായ്പകളും മുൻകൂറുകളും | 689.62 | 868.05 | 1,189.61 | 2,112.35 | 914.90 | 2,284.69 | 2,375.05 | 2,381.64 | 2,580.92 | 2,137.21 |
| ധനക്കമ്മി നികത്താനുള്ള സമാഹാരണ രീതി | | | | | | | | | | | |
| 1 | വിപണി വായ്പകൾ | 12,885.61 | 14,685.97 | 16,203.24 | 13,984.07 | 12,617.00 | 23,066.00 | 18,120.00 | 15,620.00 | 26,638.00 | 37,965.98 |
| 2 | ഭാരത സർക്കാരിൽ | 169.66 | 379.43 | (-)130.15 | (-)240.58 | 1,436.77 | 6,293.45 | 8,714.63 | 1,680.94 | (-)31.83 | 2,466.21 |

| വിശദാംശങ്ങൾ | | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|---|
| | നിന്നുള്ള വായ്പകൾ | | | | | | | | | | |
| 3 | എൻഎസ്എസ്എഫിന് നൽകിയ പ്രത്യേക സെക്യൂരിറ്റികൾ | 730.96 | 971.99 | 1047.73 | 1051.08 | 1787.92 | 2,438.18 | 2,732.83 | 1,033.46 | 3,818.00 | 1,885.44 |
| 4 | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ | (-)188.23 | 114.50 | (-)19.16 | 455.35 | 564.08 | (-)990.11 | (-) 535.33 | (-)307.98 | (-)435.16 | (-)291.75 |
| 5 | ചെറുകിട സമ്പാദ്യം, പിഎഫ് മുതലായവ | 8,332.07 | 12,931.66 | 7,206.83 | 9,619.21 | 8,274.11 | 11,547.96 | 18,447.47 | 8,524.31 | (-)246.68 | 1,353.54 |
| 6 | കരുതൽ ഫണ്ടുകൾ | 64.90 | 162.22 | 308.98 | 1,981.02 | (-)1,350.42 | 344.05 | (-)85.44 | 77.21 | 704.46 | 682.63 |
| 7 | നിക്ഷേപങ്ങളും മുൻകൂറുകളും | (-)3,280.29 | 105.65 | 265.90 | 392.17 | 525.74 | 494.88 | 1,788.44 | 1,185.03 | 68.67 | 1,468.28 |
| 8 | സസ്പെൻസും പലവകയും | 774.29 | (-)2,169.12 | 1,202.56 | (-)762.22 | (-)253.20. | 618.64 | (-)198.23 | (-)92.91 | (-)88.74 | 544.60 |
| 9 | പണം ഒടുക്കലുകൾ | (-)92.19 | (-)313.01 | (-)165.97 | (-)51.52 | 117.54 | 39.41 | (-)431.12 | 348.19 | 1,207.03 | (-)74.84 |
| 10 | ആകസ്മിക നിധി | - | - | - | - | (-)75 | 75.00 | - | - | - | - |
| **11** | **മൊത്തം കമ്മി** | **19396.78** | **26869.29** | **25919.96** | **26428.58** | **23644.54** | **43,927.46** | **48,553.26** | **28,068.26** | **31,633.75** | **46,000.09** |
| 12 | ക്യാഷ് ബാലൻസിലെ വർദ്ധനവ് / കുറവ് | (-)1,578.39 | (-)420.94 | 917.45 | 529.73 | 192.93 | (-)2,957.77 | 2,507.48 | (-)2,513.72 | 2,624.30 | 2,248.05 |
| **13** | **മൊത്തം ധനക്കമ്മി** | **17,818.39** | **26,448.35** | **26,837.41** | **26,958.31** | **23,837.47** | **40,969.69** | **46,045.78** | **25,554.54** | **34,258.05** | **48,248.14** |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

*# പോസ്റ്റ് ഓഡിറ്റ് കണക്കുകൾ **പട്ടിക 1.35** ൽ നൽകിയിരിക്കുന്നു*

### 1.4.2 ഓഡിറ്റ് അനന്തര കമ്മി സൂചകങ്ങൾ

**2024-25** സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ സാമ്പത്തിക കണക്കുകൾ അനുസരിച്ച്, സംസ്ഥാനത്തിന്റെ റവന്യൂ കമ്മി **₹31,059.72** കോടിയും (ജിഎസ്ഡിപിയുടെ **2.49** ശതമാനം), ധനക്കമ്മി **₹48,248.14** കോടിയും (ജിഎസ്ഡിപിയുടെ **3.86** ശതമാനം), പ്രാഥമിക കമ്മി **19,109.91** കോടിയും (ജിഎസ്ഡിപിയുടെ **1.53** ശതമാനം) **2025** മാർച്ച് **31** വരെയുള്ള മൊത്തം ബാധ്യതകൾ **₹4,45,901.49** കോടിയും *(ജി.എസ്.ഡി.പി* യുടെ ***35.71*** ശതമാനം) ആയിരുന്നു. **2024-25** കാലയളവിൽ, മൂലധന ചെലവ് **₹5.85** കോടി കുറഞ്ഞതിനെ റവന്യൂ ചെലവ് കുറച്ചതായി കണക്കുകളിൽ തെറ്റായി വർഗ്ഗീകരിച്ചതായി ഓഡിറ്റ് കണ്ടെത്തി. എസ്ടിഎസ്ബി അക്കൗണ്ടിൽ ഉണ്ടായിരുന്ന **₹262.06** കോടിയുടെ സർക്കാരിതര

ഫണ്ടുകൾ സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചെടുത്തു. (വിശദാംശങ്ങൾ അദ്ധ്യായം III ലെ ഖണ്ഡിക നമ്പർ 3.7 (എ), (ഡി)) എന്നിവയിൽ നൽകിയിരിക്കുന്നു.

റവന്യു കമ്മി ₹267.91 കോടി കുറച്ചുകാണിക്കുന്നതിന് ഇത് കാരണമായി. ധനക്കമ്മി, പ്രാഥമിക കമ്മി, മൊത്തത്തിലുള്ള ബാധ്യതകൾ എന്നിവ ₹262.06 കോടി കുറച്ചു കാണിക്കപ്പെട്ടു. ഓഡിറ്റിന് ശേഷമുള്ള റവന്യു കമ്മി ₹31,327.63 കോടി (ജിഎസ്ഡിപിയുടെ 2.51 ശതമാനം) ആണ്. ഓഡിറ്റിന് ശേഷമുള്ള ധനക്കമ്മി, പ്രാഥമിക കമ്മി എന്നിവ യഥാക്രമം ₹48,510.20 കോടിയും (ജിഎസ്ഡിപിയുടെ 3.89 ശതമാനം), ₹19,371.97 കോടിയുമാണ് (ജിഎസ്ഡിപിയുടെ 1.55 ശതമാനം). ഓഡിറ്റിന് ശേഷമുള്ള മൊത്തം ബാധ്യതകൾ ₹4,46,163.55 കോടിയാണ് (ജിഎസ്ഡിപിയുടെ 35.74 ശതമാനം).

### 1.4.3 സാമ്പത്തിക സന്തുലിതാവസ്ഥ : കമ്മിയുടെയും മൊത്തം കടത്തിന്റെയും ലക്ഷ്യങ്ങളുടെ കൈവരിക്കൽ

15-ാം ധനകാര്യ കമ്മീഷൻ ശുപാർശകൾക്കനുസൃതമായി 2003 ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമത്തിന്റെ തുടർ ഭേദഗതികൾ പ്രകാരം താഴെപ്പറയുന്ന കാര്യങ്ങൾ സംസ്ഥാനം ലക്ഷ്യമിടുന്നു:

- റവന്യു കമ്മി ഇല്ലാതാക്കുകയും 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ യഥാക്രമം 0.5 ശതമാനം, 0.8 ശതമാനം, 1.2 ശതമാനം, 1.7 ശതമാനം, 2.5 ശതമാനം എന്ന നിലയിൽ റവന്യു മിച്ചം ഉണ്ടാക്കുകയും ചെയ്യുക.
- 2021 ഏപ്രിൽ 1 നു തുടങ്ങി 2026 മാർച്ച് 31 ന് അവസാനിക്കുന്ന അഞ്ച് വർഷ കാലയളവിനുള്ളിൽ ധനക്കമ്മി ജിഎസ്ഡിപിയുടെ 3.0 ശതമാനമായി കുറയ്ക്കുക. 2021-2022, 2022-2023, 2023-2024, 2024-2025 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ യഥാക്രമം *4.5* ശതമാനം, 4 ശതമാനം, 3.5 ശതമാനം*,* 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ ധനകമ്മി നിലനിർത്തുകയും 2025-26 ൽ 3 ശതമാനമായി കുറയ്ക്കുകയും ചെയ്യുക.
- 2021-2022, 2022-2023, 2023-2024, 2024-2025, 2025-2026 എന്നീ വർഷങ്ങളിൽ ജിഎസ്ഡിപിയുടെ യഥാക്രമം 34.7 ശതമാനം, 34.5 ശതമാനം, 33.7 ശതമാനം, 32.8 ശതമാനം, 32 ശതമാനം എന്ന നിലയിൽ സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതകൾ കുറയ്ക്കുക.

2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമം പ്രകാരം നിശ്ചയിച്ചിട്ടുള്ള സാമ്പത്തിക ലക്ഷ്യങ്ങളുമായി താരതമ്യപ്പെടുത്തിയിട്ടുള്ള നേട്ടങ്ങൾ **പട്ടിക 1.35** ൽ വിശദീകരിച്ചിരിക്കുന്നു.

**പട്ടിക 1.35: കെഎഫ്ആർ നിയമത്തിലെ വ്യവസ്ഥകളുടെ പാലനം**

**(ശതമാനത്തിൽ)**

| സാമ്പത്തിക സൂചകങ്ങൾ | | കെ.എഫ്.ആറിൽ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ (ടി) ക്കെതിരെയുള്ള കൈവരിക്കൽ (എ) | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25* |
| റവന്യൂ കമ്മി (-) / മിച്ചം (+) | ടി | 0 & | 0 & | റവന്യൂ മിച്ചം @ | റവന്യൂ മിച്ചം @ | റവന്യൂ മിച്ചം @ | റവന്യൂ മിച്ചം @ | റവന്യൂ മിച്ചം 0.5 | റവന്യൂ മിച്ചം 0.8 | റവന്യൂ മിച്ചം 1.2 | 1.7 റവന്യൂ മിച്ചം |
| | എ | (-)1.72 | (-)2.44 | (-)2.41 | (-)2.22 | (-)1.78 | (-)3.35 | (-)3.20 | (-)0.89 | (-)1.60 | (-)2.51 |
| ധനക്കമ്മി (-) / മിച്ചം (+) (ജിഎസ്ഡിപിയുടെ ശതമാനമായി) | ടി | (-)3 | (-)3 | (-)3 | (-)3 | (-)3 | (-)5 | (-)4 | (-)4 | (-)3.5 | (-)3.5 |
| | എ | (-)3.17 | (-)4.17 | (-)3.83 | (-)3.42 | (-)2.93 | (-)5.31 | (-)4.98 | (-)2.46 | (-)3.02 | (-)3.89 |
| മൊത്തം ബാക്കി നിൽക്കുന്ന ബാധ്യതയുടെയും ജിഎസ്ഡിപി യുടെയും അനുപാതം | ടി | 29.80 | 29.80 | 30.40 | 30.01 | 29.67 | 29.67 | 34.70 | 34.50 | 33.70 | 32.80 |
| | എ | 28.57 | 29.89 | 30.58 | 30.65 | 32.64 | 39.21 | 37.09 | 35.67 | 35.29 | 35.74 |
| റവന്യൂ വരവുകളുടെ ശതമാനമായി പലിശ അടയ്ക്കൽ# | ടി | - | - | - | - | - | - | - | - | - | - |
| | എ | 16.09 | 16.02 | 18.21 | 18.04 | 21.30 | 21.49 | 19.98 | 18.97 | 21.68 | 23.34 |

** പോസ്റ്റ് ഓഡിറ്റ് കണക്കുകൾ. ഓഡിറ്റിന് ശേഷമുള്ള കണക്കുകൾ പരിഗണിക്കാതെയിരുന്നാൽ 2024-25 കാലയളവിൽ ജിഎസ്ഡിപിയുടെ ശതമാനമെന്ന നിലയിൽ റവന്യൂ കമ്മി, ധനക്കമ്മി, മൊത്തം ബാധ്യതകൾ എന്നിവ യഥാക്രമം 2.49 ശതമാനം, 3.86 ശതമാനം , 35.71 ശതമാനം എന്നിങ്ങനെയാണ്.*

*@ ജി.എസ്.ഡി.പിയുടെ ശതമാനം എന്ന നിലയിൽ റവന്യൂ മിച്ചത്തിന്റെ പ്രത്യേക ലക്ഷ്യങ്ങൾ പ്രതിപാദിച്ചിട്ടില്ല.*

*# കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമത്തിൽ പ്രത്യേക ലക്ഷ്യം നിശ്ചയിച്ചിട്ടില്ല.*

*& 2015-16 ലും 2016-17 ലും നിയമം ഭേദഗതി ചെയ്യാത്തതിനാൽ 2011 ലെ കെഎഫ്ആർ നിയമത്തിൽ 2015-16 ലെയും 2016-17 ലെയും സാമ്പത്തിക സൂചകങ്ങൾക്ക് ലക്ഷ്യങ്ങൾ ഒന്നും തന്നെ നിശ്ചയിച്ചിട്ടില്ല. ആയതിനാൽ 2011 കെഎഫ്ആർ നിയമത്തിൽ 2014-15 ന് നിശ്ചയിച്ച റവന്യൂ കമ്മിയുടെയും ബാധ്യതകളുടെയും ലക്ഷ്യങ്ങൾ 2015-16 ലെയും 2016-17 ലെയും ലക്ഷ്യങ്ങൾ ആയി കരുതുന്നു. അതുപോലെതന്നെ ധനക്കമ്മിയുടെ 2014-15 ലെ ലക്ഷ്യങ്ങൾ കെഎഫ്ആർ നിയമം, 2011 ൽ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ, നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള 2013-14 വർഷത്തിലെ ധനക്കമ്മിയുടെ ലക്ഷ്യം 2015-16 ലെയും 2016-17 ലെയും ധനക്കമ്മിയുടെ ലക്ഷ്യങ്ങളായി പരിഗണിച്ചു.*

**ചാർട്ട് 1.34: ഓഡിറ്റിന് ശേഷമുള്ള *കമ്മിയുടെ പ്രവണതകളുടെ വിശകലനം***




**2024-25 കാലയളവിൽ പ്രധാനപ്പെട്ട സാമ്പത്തിക സൂചകങ്ങൾക്ക് 15-ാം ധനകാര്യ കമ്മീഷൻ നിശ്ചയിച്ച ലക്ഷ്യങ്ങളും സംസ്ഥാന ബജറ്റിൽ പറഞ്ഞിരുന്ന ലക്ഷ്യങ്ങളും അവയുടെ കൈവരിക്കലും ചാർട്ട് 1.35, ചാർട്ട് 1.36, ചാർട്ട് 1.37 എന്നിവയിൽ നൽകിയിരിക്കുന്നു.**

ചാർട്ട് 1.35
ജി.എസ്.ഡി.പിയുടെ ശതമാനത്തിൽ റവന്യൂ കമ്മി




**ചാർട്ട് 1.36:**
ജി.എസ്.ഡി.പിയുടെ ശതമാനമായി ധനക്കമ്മി




ചാർട്ട് 1.37:
ജി.എസ്.ഡി.പിയുടെ ശതമാനമായി മൊത്തം ബാധ്യത




*ഉറവിടം: സാമ്പത്തിക കണക്കുകളും ബജറ്റ് രേഖകളും*

**2019-20, 2022-23, 2023-24** എന്നിവയിലെ ധനക്കമ്മി ലക്ഷ്യങ്ങളും **2015-16** ലെ മൊത്തം ബാധ്യതയും ജിഎസ്ഡിപിയും തമ്മിലുള്ള അനുപാതവും ഒഴികെ കെഎഫ്ആർ നിയമത്തിലെ ലക്ഷ്യങ്ങളൊന്നും വർഷങ്ങളായി കൈവരിക്കാൻ കഴിഞ്ഞില്ല. തനതു വരുമാനം (നികുതി, നികുതിയേതര വരുമാനം) വർധിപ്പിക്കാനും റവന്യൂ ചെലവ് നിയന്ത്രിക്കാനും സംസ്ഥാനത്തിന് കഴിയാത്തതാണ് കെ.എഫ്.ആർ ലക്ഷ്യങ്ങൾ

കൈവരിക്കാത്തതിന് കാരണം. ജി.എസ്.ഡി.പി വളർച്ചയെ വരുമാനത്തിലെ ആനുപാതിക വളർച്ചയാക്കി മാറ്റാനുള്ള സംസ്ഥാനത്തിന്റെ അപര്യാപ്തതയും വെല്ലുവിളിയായി തുടരുന്നു. **2024-25** ലെ തനതു നികുതി വരുമാനത്തിന്റെയും നികുതിയേതര വരുമാനത്തിന്റെയും കുറഞ്ഞ വളർച്ചാ നിരക്ക് തന്നാണ്ടിൽ കെഎഫ്ആർ ലക്ഷ്യങ്ങളിൽ നിന്നുള്ള വലിയ വ്യതിയാനങ്ങൾക്ക് കാരണമായി.

### 1.4.4 സംസ്ഥാനത്തിന്റെ പ്രധാന ധന സൂചകങ്ങളും എല്ലാ സംസ്ഥാനങ്ങളുടെയും സൂചകങ്ങളും തമ്മിലുള്ള താരതമ്യം

**2015-16** മുതൽ **2024-25** വരെയുള്ള കാലഘട്ടത്തിലെ സംസ്ഥാനത്തിന്റെ പ്രധാന ധനസൂചകങ്ങളായ റവന്യു കമ്മി, ധനക്കമ്മി, കടം എന്നിവയും ജി.എസ്.ഡി.പി.യുമായുള്ള അനുപാതവും എല്ലാ സംസ്ഥാനങ്ങളുടെയും (കേന്ദ്ര ഭരണ പ്രദേശങ്ങൾ ഒഴികെ )മൊത്തത്തിലുള്ള കണക്കുകളും തമ്മിലുള്ള താരതമ്യം **ചാർട്ട് 1.38, 1.39, 1.40** എന്നിവയിൽ നൽകിയിരിക്കുന്നു.

ചാർട്ട് 1.38 : റവന്യൂ കമ്മി ജി. എസ്. ഡി. പി. യുടെ ശതമാനത്തിൽ കേരളത്തിന്റെയും മറ്റ് സംസ്ഥാനങ്ങളുടെയും താരതമ്യം



ചാർട്ട് 1.39 : ധന കമ്മി ജി. എസ്. ഡി. പി. യുടെ ശതമാനത്തിൽ കേരളത്തിന്റെയും മറ്റ് സംസ്ഥാനങ്ങളുടെയും താരതമ്യം




ചാർട്ട് 1.40 : ബാക്കി നിൽക്കുന്ന കടം ജി. എസ്. ഡി. പി. യുടെ ശതമാനത്തിൽ കേരളത്തിന്റെയും മറ്റ് സംസ്ഥാനങ്ങളുടെയും താരതമ്യം




2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ (2022-23 ലെ ധനക്കമ്മി ഒഴികെ), റവന്യൂ കമ്മി, ധനക്കമ്മി, ബാദ്ധ്യതകൾ തുടങ്ങിയ സംസ്ഥാനത്തിന്റെ എല്ലാ പ്രധാന സാമ്പത്തിക സൂചകങ്ങളും മറ്റ് സംസ്ഥാനങ്ങളുടെ സൂചകങ്ങളെക്കാൾ മുകളിലായിരുന്നു . ഇത് സംസ്ഥാനത്തിന്റെ താരതമ്യേന ദുർബലമായ ധനസ്ഥിതിയെ സൂചിപ്പിക്കുന്നു.

### 1.4.5 കടത്തിന്റെ സുസ്ഥിരതയുടെ വിശകലനം

നിലവിലും ഭാവിയിലും കടബാധ്യത തിരിച്ചടയ്ക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെയാണ് കടത്തിന്റെ സുസ്ഥിരത സൂചിപ്പിക്കുന്നത്. 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിലെ കടം സുസ്ഥിരതാ സൂചകങ്ങളുടെ വ്യതിയാനങ്ങളുടെ വിശകലനം **പട്ടിക 1.36** ൽ നൽകിയിരിക്കുന്നു. കഴിഞ്ഞ പത്ത് വർഷകാലയളവിലെ വിശദാംശങ്ങൾ **അനുബന്ധം** 1.8 ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.36: കടത്തിന്റെ സുസ്ഥിരതയുടെ സൂചകങ്ങളിലെ പ്രവണതകൾ**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | കടം സുസ്ഥിരതയുടെ സൂചകങ്ങൾ | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|
| 1 | മൊത്തത്തിലുള്ള ബാധ്യതകൾ/ മൊത്തത്തിലുള്ള കടം* | 3,02,620.01 | 3,42,887.45 | 3,70,525.07 | 4,00,715.84 | 4,46,163.55# |
| 2 | മൊത്തത്തിലുള്ള കടത്തിന്റെ വളർച്ചാ നിരക്ക് (ശതമാനം) | 14.04 | 13.31 | 8.06 | 8.15 | 11.34 |
| 3 | ജി.എസ്.ഡി.പി (നോമിനൽ നിരക്കിൽ) | 7,71,723.89 | 9,24,465.42 | 10,38,734.06 | 11,35,371.56 | 12,48,533.01 |
| 4 | നോമിനൽ ജി.എസ്.ഡി.പി വളർച്ച (ശതമാനം) | -5.07 | 19.79 | 12.36 | 9.30 | 9.97 |
| 5 | മൊത്തത്തിലുള്ള കടം/ ജിഎസ്ഡിപി (ശതമാനം) | 39.21 | 37.09 | 35.67 | 35.29 | 35.74 |
| 6 | തിരിച്ചടവ് (അടച്ച പലിശ ഉൾപ്പെടെ)/ മൊത്തം കടം വരവ് (ശതമാനം) | 93.22 | 92.67 | 98.86 | 98.77 | 95.03 |
| 7 | മൊത്തം കടം വരവുകളുടെ ശതമാനമായി ലഭ്യമായ തനി കടം | 6.78 | 7.33 | 1.14 | 1.23 | 4.97 |
| 8 | മൊത്തം കടത്തിന്റെ പലിശ അടവ് | 20,975.36 | 23,302.82 | 25,176.36 | 26,986.22 | 29,138.23 |
| 9 | മൊത്തത്തിലുള്ള കടത്തിന്റെ മേലുള്ള ഇഫക്റ്റീവ് പലിശ നിരക്ക് [18](ശതമാനം) | 7.51 | 7.36 | 7.23 | 7.19 | 7.09 |
| 10 | പലിശ അടവ് /റവന്യു വരവുകൾ (ശതമാനം) | 21.49 | 19.98 | 18.97 | 21.68 | 23.34 |
| 11 | റവന്യു കമ്മി / മിച്ചം | (-)25,829.50 | (-)29,539.27 | (-)9,226.28 | (-)18,140.19 | (-)31,327.63# |
| 12 | പ്രാഥമിക റവന്യൂ ബാലൻസ് (പിആർബി) | (-)4854.14 | (-)6236.44 | 15950.08 | 8846.03 | (-)2,189.40 |
| 13 | പ്രാഥമിക ബാലൻസ് (പിബി ) | (-)19,994.33 | (-)22,742.96 | (-)378.18 | (-)7,271.83 | (-)19,371.97# |
| 14 | പി.ബി./ജി.എസ്.ഡി.പി (ശതമാനം) | (-)2.59 | (-)2.46 | (-)0.04 | (-)0.64 | (-)1.55 |
| 15 | വായ്പകളും മുൻകൂറുകളും നൽകിയതിൽ ബാക്കി നിൽക്കുന്നത് | 19,725.39 | 22,086.89 | 24,357.02 | 26,965.74 | 29,102.95 |
| 16 | വായ്പകളും മുൻകൂറുകളും നൽകിയതിൽ ബാക്കി നിൽക്കുന്നതിന്റെ ശരാശരി | 18,598.74 | 20,906.14 | 23,221.96 | 25,661.38 | 28,034.35 |
| 17 | വായ്പകളും മുൻകൂറുകളും നൽകിയതിൽ ലഭിച്ച പലിശ വരവുകൾ | 42.83 | 53.36 | 118.98 | 116.70 | 187.90 |
| 18 | നിക്ഷേപങ്ങളിൽ നിന്നുള്ള ആദായം (ആർഓഐ ) [19] | 0.23 | 0.26 | 0.51 | 0.45 | 0.67 |
| 19 | ആർഓഐയും മൊത്തം കടത്തിൻമേലുള്ള ഇഫക്റ്റീവ് പലിശ നിരക്കും തമ്മിലുള്ള വ്യത്യാസം | (-) 7.28 | (-) 7.10 | (-) 6.72 | (-) 6.74 | (-) 6.42 |
| 20 | ലിക്വിഡിറ്റി മാനേജ്മെന്റ് (ആർബിഐയിൽ ലഭ്യമായ ഫിനാൻഷ്യൽ അക്കോമഡേഷൻ ഇൻസ്ട്രമെന്റ്സിന്റെ ഉപയോഗം) (വിവിധ സന്ദർഭങ്ങളിൽ) | 29,222.75 (230) | 22,874.48 (124) | 15,745.01 (55) | 53,306.52 (192) | 90,163.50 (325) |

[18] പലിശ രഹിത റിസർവ് ഫണ്ടുകളും, പലിശ രഹിത നിക്ഷേപങ്ങളും, ,മൂലധനചെലവിനായി സംസ്ഥാനത്തിനുള്ള കേന്ദ്രസഹായമായ 50 വർഷത്തെ പലിശരഹിത വായ്പയും ഒഴിവാക്കിയാണ് മൊത്തം കടത്തിന്റെ ഇഫക്റ്റീവ് പലിശ നിരക്ക് കണക്ക് കൂട്ടിയിരിക്കുന്നത്.
ഇഫക്ടീവ് പലിശനിരക്ക് = പലിശ അടവ്/കടത്തിന്റെ ഓപ്പണിങ് ബാലൻസിന്റെയും ക്ലോസിംഗ് ബാലൻസിന്റെയും ശരാശരി(പലിശ രഹിത ബാദ്ധ്യതകൾ ഒഴികെ )*100

[19] പലിശ വരവുകളുടെ ഇഫക്റ്റീവ് നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ നിക്ഷേപങ്ങളിൽ നിന്നുള്ള ആദായം, ആർഒഐ = പലിശ വരവുകൾ/വായ്പകളും മുൻകൂറുകളും നൽകിയത്തിന്റെ ഓപ്പണിങ് ബാലൻസിന്റെയും ക്ലോസിംഗ് ബാലൻസിന്റെയും ശരാശരി*100

| ക്രമ നമ്പർ | കടം സുസ്ഥിരതയുടെ സൂചകങ്ങൾ | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|
| 21 | കടത്തിന്റെ സ്ഥായിത്വം (ക്വാണ്ടം സ്പ്രെഡ് + പ്രാഥമിക ബാലൻസ്) [20] | (-)57,424.77 | 18,996.16 | 18,108.50 | 967.35 | (-)6,937.60 |
| 22 | ഡൊമാർ ഗ്യാപ്പ് | | | | | |
| എ | ജി.എസ്.ഡി.പി (സ്ഥിരമായ നിരക്കിൽ) | 5,11,702.92 | 5,71,982.96 | 6,04,632.74 | 6,45,310.02 | 6,85,283.16 |
| ബി | യഥാർത്ഥ വളർച്ച (സ്ഥിരമായ നിരക്കിൽ) | (-)8.49 | 11.78 | 5.71 | 6.73 | 6.19 |
| സി | സിപിഐ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം (ശതമാനം) | 5.35 | 4.17 | 5.79 | 4.96 | 5.89 |
| ഡി | ഇഫക്ടീവ് പലിശ നിരക്ക് | 7.51 | 7.36 | 7.23 | 7.19 | 7.09 |
| ഇ | യഥാർത്ഥ ഇഫക്ടീവ് പലിശ നിരക്ക് (ഇഫക്ടീവ് പലിശ നിരക്ക്-പണപ്പെരുപ്പം) | 2.16 | 3.19 | 1.44 | 2.23 | 1.20 |
| എഫ് | ഗ്രോത്ത് ഇന്ററസ്റ്റ് ഡിഫറൻഷ്യൽ (യഥാർത്ഥ വളർച്ച-യഥാർത്ഥ ഇഫക്ടീവ് പലിശ നിരക്ക്) | (-)10.65 | 8.59 | 4.27 | 4.50 | 4.99 |
| ജി | പ്രാഥമിക ബാലൻസ് (പിബി) | (-)19,994.33 | (-)22,742.96 | (-)378.18 | (-)7,271.83 | (-)19,371.97# |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

** ഓഫ്-ബജറ്റ് വായ്പകളുമായി ബന്ധപ്പെട്ട കണക്കുകൾ മൊത്തത്തിലുള്ള ബാധ്യതകളിൽ ഉൾപ്പെടുത്തിയിട്ടില്ല. 2020-21, 2021-22 വർഷങ്ങളിൽ ഭാരത സർക്കാരിൽ നിന്നും ചരക്ക് സേവന നികുതി നഷ്ടപരിഹാരത്തിലെ കുറവിന് പകരമായി ലഭിച്ച ബാക്ക് ടു ബാക്ക് വായ്പകൾ സംസ്ഥാനം അതിന്റെ സ്രോതസ്സുകളിൽ നിന്ന് തിരിച്ചടയ്ക്കേണ്ടാത്തതിനാൽ, 2020-21 കാലയളവിൽ ₹5,766 കോടിയും 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ ₹14,505.31 കോടിയും 2024-25 കാലയളവിൽ ₹3,710.14 കോടിയും മൊത്തം ബാധ്യതകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.*

*# പോസ്റ്റ് ഓഡിറ്റ് കണക്കുകൾ*

**പട്ടിക 1.36**, **അനുബന്ധം 1.8** എന്നിവയിലെ വിശദാംശങ്ങളുടെ വിശകലനത്തിൽ നിന്ന്, താഴെപ്പറയുന്നവ ശ്രദ്ധയിൽപ്പെട്ടു :

**2021-22** മുതൽ **2023-24** വരെയുള്ള കാലയളവിൽ ഒഴികെ മൊത്തത്തിലുള്ള കടത്തിന്റെ വളർച്ചാ നിരക്ക് ജിഎസ്ഡിപിയുടെ വളർച്ചാ നിരക്കിനേക്കാൾ കൂടുതലായിരുന്നു. എന്നിരുന്നാലും, മൊത്തത്തിലുള്ള കടത്തിന്റെ വളർച്ചാ നിരക്ക് **2024-25** ൽ ജിഎസ്ഡിപി വളർച്ചയെ മറികടന്നു. കെ.എഫ്.ആർ നിയമത്തിൽ നിർവചിച്ചിരിക്കുന്ന ജി.എസ്.ഡി.പിയുടെ ശതമാനമായുള്ള കടത്തിന്റെ ലക്ഷ്യം കഴിഞ്ഞ **10** വർഷ കാലയളവിൽ **2015-16** സാമ്പത്തിക വർഷം ഒഴിച്ച് ഒരിക്കൽ പോലും കൈവരിച്ചിട്ടില്ല.

കഴിഞ്ഞ പത്തു വർഷ കാലയളവിൽ, മൊത്തം കടം വരവുകളിൽ തിരിച്ചടവിന്റെ വിഹിതം സ്ഥിരമായി കൂടുതലാണ്. കടങ്ങൾ പ്രധാനമായും മുൻകാല കടം തിരിച്ചടയ്ക്കാനാണ് ഉപയോഗിക്കുന്നതെന്നാണ് ഇത് സൂചിപ്പിക്കുന്നത്. തനി കടത്തിന്റെ കുറഞ്ഞ ലഭ്യത കാലയളവിലുടനീളമുള്ള സാമ്പത്തിക ഞെരുക്കത്തിനെ സൂചിപ്പിക്കുന്നു.

പലിശ അടവും റവന്യൂ വരവുകളും തമ്മിലുള്ള അനുപാതം കഴിഞ്ഞ രണ്ട് വർഷത്തിനിടെ വർദ്ധിച്ചത് ഈ കാലയളവിൽ മറ്റ് ഫലപ്രദമായ ആവശ്യങ്ങൾക്കുള്ള ധനലഭ്യത കുറഞ്ഞതിനെ സൂചിപ്പിക്കുന്നു.

കഴിഞ്ഞ പത്ത് വർഷ കാലയളവിൽ **2018-19** ലും **2021-22** മുതൽ **2023-24** വരെയുള്ള കാലയളവിലും ഒഴികെ, പ്രാഥമിക ബാലൻസുകളുടെയും കടത്തിന്റെ സ്ഥിരതയുടെയും സൂചകം നെഗറ്റീവ് ആയിരുന്നു. **2024-25** ൽ ഇത് വീണ്ടും

[20] ക്വാണ്ടം സ്പ്രെഡ് = പലിശ സ്പ്രെഡ് *കടം(പലിശ രഹിത ബാദ്ധ്യതകൾ ഒഴിച്ച് )

നെഗറ്റീവ് ആയി. ഇത് സംസ്ഥാനം കടത്തിന്റെ സ്ഥിരതയുടെ പാതയിൽ നിന്ന് വ്യതിചലിക്കുന്നതിനെ സൂചിപ്പിക്കുന്നു.

2022-23 ഒഴികെയുള്ള 2019-20 മുതൽ 2024-25 വരെയുള്ള കാലയളവിൽ, ആർബിഐയുടെ ലിക്വിഡിറ്റി സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ ആവൃത്തി വളരെ ഉയർന്നതായിരുന്നു. 2024-25 ലാണ് ഏറ്റവും കൂടുതൽ തവണ ഈ സൗകര്യങ്ങൾ ഉപയോഗിച്ചത്. റിസർവ് ബാങ്കിന്റെ ലിക്വിഡിറ്റി സൗകര്യങ്ങളുടെ പതിവ് ഉപയോഗം ദുർബലമായ ക്യാഷ് മാനേജ്മെന്റിനെ പ്രതിഫലിപ്പിക്കുന്നു.

മൊത്തം പൊതുകടത്തിന്റെ 40.74 ശതമാനം വരുന്ന ₹1,26,304.36 കോടി അടുത്ത ഏഴ് വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കേണ്ടതുണ്ടെന്ന് കടത്തിന്റെ കാലാവധി പ്രൊഫൈൽ വ്യക്തമാക്കുന്നു. ഇത് ഭാവിയിൽ കടം തിരിച്ചടവ് വർദ്ധിക്കുന്നതിനും ലിക്വിഡിറ്റി സമ്മർദ്ദം വർദ്ധിപ്പിക്കുന്നതിനും ഇടയാക്കും.

സാമ്പത്തിക അസന്തുലിതാവസ്ഥ പരിഹരിക്കേണ്ടതിന്റെയും സുസ്ഥിരമായ ഒരു കടമെടുപ്പ് നയം വിഭാവനം ചെയ്യേണ്ടതിന്റെയും ആവശ്യകതയാണ് മുകളിലെ വിശകലനം ചൂണ്ടിക്കാണിക്കുന്നത്.

### 1.4.6 ഗ്യാരണ്ടികളുടെ നില – ആകസ്മിക ബാധ്യതകൾ

കടമെടുത്ത സ്ഥാപനം വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തുന്ന പക്ഷം സഞ്ചിത നിധിയിലുണ്ടാകുന്ന ആകസ്മിക ബാധ്യതകളാണ് ഗ്യാരണ്ടികൾ. സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, ബോർഡുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾക്ക് സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകുന്നു. ഗവൺമെന്റ് ഗ്യാരണ്ടി ആക്ട്, 2003 അനുസരിച്ച്, മുൻ വർഷത്തെ സംസ്ഥാനത്തിന്റെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് അനുസരിച്ചുള്ള മൊത്തം റവന്യൂ വരവിന്റെ 100 ശതമാനമോ അല്ലെങ്കിൽ ജിഎസ്ഡിപിയുടെ 10 ശതമാനമോ, ഇവയിൽ ഏതാണോ കുറവ് അതായിരിക്കും ഏതൊരു വർഷത്തെയും ഏപ്രിൽ ഒന്നാം തീയതിയിലെ മൊത്തം ഗവൺമെന്റ് ഗ്യാരണ്ടികൾ.
കഴിഞ്ഞ അഞ്ച് വർഷത്തെ മൊത്തം ഗ്യാരണ്ടികളുടെ വിശദാംശങ്ങൾ **പട്ടിക 1.37** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.37: സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരണ്ടികൾ**

**(₹ കോടിയിൽ)**

| ഗ്യാരണ്ടികൾ | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|
| ബാക്കി നിൽക്കുന്ന ഗ്യാരണ്ടി തുകയ്ക്ക് ബാധകമായ പരിധി (2021-22 വരെ ജിഎസ്ഡിപിയുടെ 5 ശതമാനവും 2022-23 മുതൽ ജിഎസ്ഡിപിയുടെ 10 ശതമാനവും) | 38,586.20 | 46,223.27 | 1,03,873.40 | 1,13,537.16 | 1,24,853.30 |
| വർഷാരംഭത്തിൽ ബാക്കി നിൽക്കുന്ന ഗ്യാരണ്ടി തുക | 27,757.01 | 36,600.99 | 44,369.85 | 50,374.49 | 62,868.15 |
| വർഷാവസാനത്തിൽ ബാക്കി നിൽക്കുന്ന ഗ്യാരണ്ടികൾ* | 36,600.99 | 44,369.85 | 50,374.49 | 62,868.15 | 74,297.58 |

*ഉറവിടം: അതാത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

** പലിശ ഉൾപ്പെടെ*

2025 മാർച്ച് 31 ന് ബാക്കി നിൽക്കുന്ന ഗ്യാരണ്ടിയായ ₹74,297.58 കോടി സഹകരണ സ്ഥാപനങ്ങൾ (₹6,323.39 കോടി); റോഡും ഗതാഗതവും (₹2,837.58 കോടി); മറ്റ് സ്ഥാപനങ്ങൾ (₹65,136.61 *കോടി*) എന്നിവയുമായി ബന്ധപ്പെട്ടതാണ്.

2020-21 മുതൽ 2024-25 വരെയുള്ള കാലയളവിൽ 2003-ലെ ഗവൺമെന്റ് ഗ്യാരണ്ടി നിയമത്തിൽ നിശ്ചയിച്ചിട്ടുള്ള പരിധിക്കുള്ളിൽ നിന്നാണ് സർക്കാർ ഗ്യാരണ്ടി നൽകിയത്.

തന്നാണ്ടിൽ ബാക്കി നിൽക്കുന്ന ഗ്യാരണ്ടി തുകയായ ₹74,297.58 കോടിയിൽ, തനി മൂല്യം നെഗറ്റീവ് ആയ 16 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ₹6,388.14 കോടി ഗ്യാരണ്ടിയായി സംസ്ഥാന സർക്കാർ 2025 മാർച്ച് 31 വരെ നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരണ്ടികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം വിലയിരുത്താൻ ഓഡിറ്റ് നടത്തിയ പഠനം തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നു.

### *1.4.6.1 സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരണ്ടികളെക്കുറിച്ചുള്ള അവലോകനം*

**ആമുഖം**

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 293 (1) അനുസരിച്ച്, സംസ്ഥാന നിയമസഭ നിശ്ചയിച്ച പരിധിക്കുള്ളിൽ ഒരു സംസ്ഥാന സർക്കാരിന് ഗ്യാരണ്ടി നൽകാൻ കഴിയും. ഗ്യാരണ്ടി കൊടുത്ത സ്ഥാപനം വായ്പ്പയുടെ തിരിച്ചടവിൽ വീഴ്ച വരുത്തുന്ന പക്ഷം ഗ്യാരണ്ടികൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലുണ്ടാകുന്ന ആകസ്മിക ബാധ്യതകളാകും. സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, സഹകരണ സംഘങ്ങൾ മുതലായവ എടുക്കുന്ന വായ്പകളുടെ തിരിച്ചടവിന് സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകുന്നു. ബാക്കി നിൽക്കുന്ന സർക്കാർ ഗ്യാരണ്ടികൾക്ക് പരിധി നിശ്ചയിച്ചുകൊണ്ട് കേരള സർക്കാർ 2003 ലെ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരണ്ടി നിയമം നടപ്പിലാക്കി. കൂടാതെ, ഗ്യാരണ്ടി കമ്മീഷൻ കണക്കാക്കുന്നതിനുള്ള നിരക്കുകൾ, ഗ്യാരണ്ടി നീട്ടുന്നതിനുള്ള വ്യവസ്ഥകൾ, ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഈടാക്കേണ്ട പിഴ പലിശ തുടങ്ങിയവ പ്രതിപാദിക്കുന്ന വിശാലമായ മാർഗ്ഗനിർദ്ദേശങ്ങൾ[21] ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഗ്യാരണ്ടികളുടെ മാനേജ്മെന്റ് സംവിധാനം വിലയിരുത്തുന്നതിനും സർക്കാർ ഗ്യാരണ്ടികൾ കൈകാര്യം ചെയ്യുന്നതിലുള്ള അടിസ്ഥാന പ്രക്രിയകൾ/ നടപടി ക്രമങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനും സംസ്ഥാനം നൽകുന്ന ഗ്യാരണ്ടികളെക്കുറിച്ച് ഓഡിറ്റ് പഠനം നടത്തി. 2024-25 വർഷത്തെ കേരളത്തിന്റെ സാമ്പത്തിക കണക്കുകൾ അനുസരിച്ച്, 2025 മാർച്ച് 31 വരെ 55[22] സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുണ്ട്.

സർക്കാർ ഗ്യാരണ്ടികൾ കൈകാര്യം ചെയ്യുന്നതിനുള്ള ഫയലുകൾ / രജിസ്റ്ററുകൾ / രേഖകൾ എന്നിവ ആവശ്യപ്പെട്ട് ധനവകുപ്പിന് നിരവധി കത്തുകൾ ഓഡിറ്റ് നൽകുകയുണ്ടായി. എന്നാൽ ഓഡിറ്റിന് ആവശ്യപ്പെട്ട രേഖകളോ ഫയലുകളോ ധനവകുപ്പ് സമയബന്ധിതമായി നൽകുകയുണ്ടായില്ല. അതിനാൽ, സർക്കാർ ഗ്യാരണ്ടികളുടെ മാനേജ്മെന്റിനും മേൽനോട്ടത്തിനും ഉള്ള സംവിധാനത്തിനെ കുറിച്ച് ഓഡിറ്റിന് ഉറപ്പ് നൽകാൻ കഴിയില്ല.

2020-21 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാരിൽ നിന്ന് ഗ്യാരണ്ടി പ്രകാരം വായ്പ ലഭിച്ച 20 സ്ഥാപനങ്ങളുടെ[23] രേഖകൾ ഓഡിറ്റ് പരിശോധിച്ചു. ഓഡിറ്റ് പരിശോധനയിൽ ഇനി പറയുന്നവ വെളിപ്പെട്ടു.

[21] ജി.ഒ(എം.എസ്) നമ്പർ.487/04/ധനകാര്യം തീയതി 16.10.2004

[22] ഉറവിടം: സാമ്പത്തിക കണക്കുകൾ 2024-2025, സ്റ്റേറ്റ്മെന്റ് നമ്പർ 20

[23] കൺസ്യൂമർഫെഡ്, ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി, കെൽട്രോൺ, കേരള ഓട്ടോമൊബൈൽ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ബാക്ക്വേർഡ് ക്ലാസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ്, കേരള വാട്ടർ അതോറിറ്റി, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ/, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, , കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, മലപ്പുറം കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, മാർക്കറ്റ്ഫെഡ്, മത്സ്യഫെഡ്, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, സപ്ലൈകോ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്

### എ. വാർഷിക ബജറ്റിലെ ഗ്യാരണ്ടി സ്റ്റേറ്റ്മെന്റിലെ പൊരുത്തക്കേടുകൾ

2005 ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത റൂളിലെ ചട്ടം 7 അനുസരിച്ച് സർക്കാർ നൽകുന്ന ഗ്യാരണ്ടികളുടെ വിശദാംശങ്ങൾ വാർഷിക ബജറ്റിലെ ഫോറം ബി-3 ൽ ഉൾപ്പെടുത്തേണ്ടതാണ്.

2019-20 കാലയളവിൽ, 2019 ഏപ്രിൽ 01 ന് ബാക്കി നിൽക്കുന്ന ഗ്യാരണ്ടികളുടെ ഓപ്പണിംഗ് ബാലൻസ് ₹31,585.89 കോടിയായി കാണിച്ചിരിക്കുന്നു. ഈ വർഷം ആറ് കോടി രൂപയുടെ ഗ്യാരണ്ടി ചേർക്കപ്പെടുകയും ₹81.62 കോടിയുടെ ഗ്യാരണ്ടി നീക്കം ചെയ്യുകയും ഉണ്ടായി. പ്രസ്തുത വർഷത്തെ കൂട്ടിച്ചേർക്കലുകളും നീക്കം ചെയ്യലുകളും കണക്കിലെടുത്ത ശേഷം, 2020 മാർച്ച് 31 ന് ബാക്കി നിൽക്കുന്ന ഗ്യാരണ്ടി ₹31,510.27 കോടിയാണ്. എന്നാൽ, 2020 മാർച്ച് 31 ലെ ഗ്യാരണ്ടികളുടെ ക്ലോസിംഗ് ബാലൻസ് ബജറ്റ് രേഖകളിൽ ₹27,756.39 കോടിയായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2020-21, 2021-22 വർഷങ്ങളിലും സമാനമായ പൊരുത്തക്കേടുകൾ ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ, ഒരു സാമ്പത്തിക വർഷാവസാനം ബാക്കി നിൽക്കുന്ന ഗ്യാരണ്ടികളും അടുത്ത സാമ്പത്തിക വർഷത്തിലെ ഓപ്പണിംഗ് ബാലൻസും തമ്മിലും വലിയ പൊരുത്തക്കേട് ഉണ്ടെന്ന് ബജറ്റ് രേഖകളിലെ ഫോറം ബി -3 യുടെ പരിശോധനയിൽ കണ്ടെത്തി. 2020 മാര്ച്ച് 31 ന് ബാക്കി നിൽക്കുന്ന ഗ്യാരണ്ടി ₹27,756.39 കോടി രൂപയായിരുന്നപ്പോൾ 2020 ഏപ്രിൽ 01നുള്ള ഗ്യാരണ്ടി ₹29,529.72 കോടിയാണ്. മേൽപ്പറഞ്ഞ സാമ്പത്തിക വർഷങ്ങളിൽ (2019-20 മുതൽ 2021-22 വരെ) നിരീക്ഷിച്ച പൊരുത്തക്കേടുകൾ **അനുബന്ധം 1.9 ൽ** വിശദീകരിച്ചിരിക്കുന്നു.

2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ബജറ്റ് രേഖകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഗ്യാരണ്ടി കമ്മീഷൻ വരവുകളും സാമ്പത്തിക കണക്കുകളിലെ തുകകളും തമ്മിൽ ₹10.71 കോടിയുടെ **(അനുബന്ധം 1.10)** വ്യത്യാസമുണ്ട്. ഈ പൊരുത്തക്കേടുകൾ ബജറ്റ് രേഖകളിലെ ഗ്യാരണ്ടികളുമായി ബന്ധപ്പെട്ട വിവരങ്ങളുടെ കൃത്യതയില്ലായ്മയെ സൂചിപ്പിക്കുന്നു.

അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുകയോ വീഴ്ച വരുത്തിയാൽ അടക്കേണ്ട പിഴ പലിശയോ തങ്ങൾ കണക്കാക്കുന്നില്ലെന്നും, അടക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ പൊതുമേഖലാ സ്ഥാപനങ്ങൾ തന്നെയാണ് കണക്കാക്കുന്നത് എന്നും ധനവകുപ്പ് മറുപടി നൽകി (ഒക്ടോബർ 2025). കൂടാതെ, ഗ്യാരണ്ടി കമ്മീഷൻ കണക്കുകൂട്ടുന്നതിനും ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കുന്നത് നിരീക്ഷിക്കുന്നതിനും വേണ്ടി ധനവകുപ്പ് വികസിപ്പിച്ചെടുത്ത ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ 'ജിംസ്' നവീകരിക്കുന്നുണ്ടെന്നും മറുപടി നൽകി. സർക്കാറിന് കിട്ടേണ്ട ഗ്യാരണ്ടി കമ്മീഷനും അതിന്മേലുള്ള പിഴ പലിശയും ധനവകുപ്പ് കണക്കാക്കാതിരുന്നാൽ, വിവിധ സ്ഥാപനങ്ങൾ കുറഞ്ഞ അളവിൽ ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കുന്നതിന് ഇടവരുത്തുമെന്നതിനാൽ ഈ മറുപടി സ്വീകാര്യമല്ല. സംസ്ഥാനം വഹിക്കുന്ന മുഖ്യമായ ആകസ്മിക ബാധ്യതകളും സർക്കാർ ഗ്യാരണ്ടി നൽകിയിട്ടുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുക്കുമ്പോൾ, ഗ്യാരണ്ടി കമ്മീഷൻ കണക്കാക്കുന്നതിന് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ മാത്രം ആശ്രയിക്കുന്നത് കൃത്യത ഉറപ്പാക്കുന്നതിനും സമയബന്ധിതമായ പണമടയ്ക്കൽ ഉറപ്പാക്കുന്നതിനും വെല്ലുവിളികളുയർത്തും. അതുകൊണ്ടുതന്നെ ഗ്യാരണ്ടി കമ്മീഷൻ സമയബന്ധിതമായി നൽകുന്നത് സംബന്ധിച്ച് ധനവകുപ്പ് കർശന നിരീക്ഷണം ഏർപ്പെടുത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

### ബി. ഇൻവോക് ചെയ്ത ഗ്യാരണ്ടികൾ ബജറ്റ് രേഖകളിൽ വെളിപ്പെടുത്താത്തത്

ബജറ്റ് രേഖകൾ അനുസരിച്ച്, 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിൽ ഗ്യാരണ്ടികൾ ഒന്നും തന്നെ ഇൻവോക് ചെയ്തിട്ടില്ല. എന്നിരുന്നാലും, മൂന്ന് സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി പ്രകാരം എടുത്ത വായ്പകൾ തിരിച്ചടയ്ക്കുന്നതിന്

ധനസഹായമായി **₹439.82** കോടി സർക്കാർ അനുവദിച്ചതായി ഓഡിറ്റിൽ കണ്ടെത്തിയത് താഴെ വിശദമാക്കിയിരിക്കുന്നു:

**നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (എൻ.യു.എ.എൽ.എസ്):** അടിസ്ഥാന സൗകര്യ വികസനത്തിനായി **2010** ലും **2012** ലും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് **₹10** കോടി വീതം ഉള്ള രണ്ട് ടേം വായ്പകൾ എൻ.യു.എ.എൽ.എസ് എടുത്തു. എൻ.യു.എ.എൽ.എസ് വായ്പ കൃത്യമായി തിരിച്ചടയ്ക്കാത്തതിനാൽ, കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് എടുത്ത വായ്പയുടെ മുതലിന്റെ ഒറ്റത്തവണ തീർപ്പാക്കലിനായി **2022** ഓഗസ്റ്റിൽ **₹14.39** കോടിയുടെ ധനസഹായം സർക്കാർ അനുവദിച്ചു.

**കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (കെഎഎൽ):** പ്രവർത്തന മൂലധന പിന്തുണയ്ക്കായി എസ്ബിഐയിൽ നിന്ന് **₹4.93** കോടിയുടെ ക്യാഷ് ക്രെഡിറ്റ് വായ്പയും **₹50** ലക്ഷത്തിന്റെ അഡ്ഹോക്ക് അടിസ്ഥാനത്തിലുള്ള അധിക വായ്പയും കെഎഎൽ എടുത്തിരുന്നു. എന്നാൽ, വായ്പ കൃത്യമായി തിരിച്ചടക്കാത്തതിനാൽ **2013** ൽ വായ്പ നിഷ്ക്രിയ ആസ്തിയായി മാറി. എസ്ബിഐയുമായുള്ള വായ്പാ കുടിശ്ശികയുടെ മുതലിന്റെ ഒറ്റത്തവണയിൽ തീർപ്പാക്കലിന് സർക്കാർ **₹1.36** കോടിയുടെയും (മാർച്ച് **2024**) **₹4.07** കോടിയുടെയും (മാർച്ച് **2025**) സാമ്പത്തിക സഹായം കെഎഎല്ലിന് അനുവദിച്ചു.

**കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെഎസ്ആർടിസി):** മുൻ വായ്പകൾ പുനഃക്രമീകരിക്കുന്നതിനായി കെഎസ്ആർടിസി ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്ന് സർക്കാർ ഗ്യാരണ്ടിയിൽ (മാർച്ച് **2018**) **10** വർഷത്തേക്ക് **₹3100** കോടിയുടെ ടേം വായ്പ എടുത്തിരുന്നു. പ്രവർത്തന ചെലവുകൾക്കായി കെഎസ്ആർടിസി എസ്ബിഐയിൽ നിന്ന് **₹50** കോടിയുടെ ഓവർഡ്രാഫ്റ്റ് വായ്പയും എടുത്തിരുന്നു. **2020** മുതൽ **2022** വരെയുള്ള കാലയളവിൽ ഈ വായ്പകളുടെ തിരിച്ചടവിനായി കെഎസ്ആർടിസിക്ക് സർക്കാർ ഏഴ് ഗഡുക്കളായി **₹420** കോടിയുടെ ധനസഹായം നൽകി.

അങ്ങനെ, ഈ മൂന്ന് സ്ഥാപനങ്ങളും സർക്കാർ ഗ്യാരണ്ടിയിൽ എടുത്ത വായ്പകൾ ഫലത്തിൽ സംസ്ഥാന സർക്കാർ തന്നെ തിരിച്ചടച്ചു. ലഭ്യമായ രേഖകൾ അനുസരിച്ച് ഒരു ഗ്യാരണ്ടിയും ഇൻവോക് ചെയ്തിട്ടില്ലെന്ന് ധനകാര്യ വകുപ്പ് മറുപടി നൽകി (ഒക്ടോബർ **2025**).

ബജറ്റ് വിഹിതത്തിൽ നിന്നാണ് വായ്പകൾ തിരിച്ചടയ്ക്കുന്നതിന് സർക്കാർ വായ്പ അനുവദിച്ചതെന്നും അതിനാൽ ഈ നടപടി സർക്കാർ ഗ്യാരണ്ടികളുടെ ഇൻവോകേഷന്റെ പരിധിയിൽ വരുന്നില്ലെന്നും സംസ്ഥാന സർക്കാർ മറുപടി നൽകി (ജനുവരി **2026**).

വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ഗവണ്മെന്റ് ഈ സ്ഥാപനങ്ങൾക്ക് നല്കിയ സാമ്പത്തിക സഹായം ഫലത്തിൽ ഗ്യാരണ്ടി ഇൻവോകേഷൻ തടയുന്നതിന് തന്നെയായിരുന്നു. അതിനാൽ ഗവണ്മെന്റിന്റെ മറുപടി നിലനിൽക്കുന്നതല്ല. ഗ്യാരണ്ടി ഇൻവോക് ചെയ്യാതെ തന്നെ വായ്പ തിരിച്ചടവിന് സാമ്പത്തിക സഹായം അനുവദിച്ചതും ബജറ്റ് രേഖകളിൽ ഈ നടപടി സർക്കാർ ഗ്യാരണ്ടിയുള്ള വായ്പയുടെ തിരിച്ചടവിനാണെന്നു വ്യക്തമായി വെളിപ്പെടുത്താത്തതും ബന്ധപ്പെട്ട നിയമങ്ങൾക്കും ചട്ടങ്ങൾക്കും കീഴിലുള്ള വെളിപ്പെടുത്തൽ വ്യവസ്ഥകളുടെ ഉദ്ദേശ്യത്തെ തന്നെ വിഫലമാക്കുന്നു.

ഈ പശ്ചാത്തലത്തിൽ, **2017** ലെ ജനറൽ ഫിനാൻഷ്യൽ റൂൾസിലെ (ജിഎഫ്ആർ) റൂൾ **283(3)** ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു, ഇത് പ്രകാരം ഗ്യാരണ്ടി ഇൻവോക് ചെയ്യുന്ന സാഹചര്യത്തിൽ, വായ്പ കുടിശ്ശികയ്ക്ക് തുല്യമായ തുക ഗ്യാരണ്ടി നിന്ന സ്ഥാപനത്തിന് വായ്പയായി അനുവദിക്കാമെന്നും അങ്ങനെ സർക്കാരിന്റെ ബാധ്യത നിറവേറ്റാമെന്നും വ്യവസ്ഥ ചെയ്യുന്നു. ഗ്യാരണ്ടി ഇൻവോകേഷൻ എങ്ങനെ കൈകാര്യം ചെയ്യണമെന്ന്

വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ സംസ്ഥാനത്ത് ഇല്ലാത്തതിനാൽ, ജി.എഫ്.ആർ, 2017 ലെ പ്രസക്തമായ വ്യവസ്ഥകളുടെ മാതൃകയിൽ പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്.

### സി. 'ഡീഫോൾട്ട് റിസ്ക്' വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങളുടെ അഭാവം

2003 ലെ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരണ്ടി ആക്റ്റിലെ സെക്ഷൻ 5(1) പ്രകാരം പ്രതിവർഷം ബാക്കി നിൽക്കുന്ന വായ്പാ തുകയുടെ[24] 0.75 ശതമാനമെങ്കിലും സർക്കാർ ഗ്യാരണ്ടി കമ്മീഷനായി ഈടാക്കേണ്ടതാണ്. പദ്ധതിയുടെ 'ഡീഫോൾട്ട് റിസ്ക്' നെ ആശ്രയിച്ച്, വർദ്ധിച്ച നിരക്കിലുള്ള കമ്മീഷൻ സർക്കാർ വ്യക്തമാക്കണമെന്നു നിയമത്തിലെ വകുപ്പ് 5(2) അനുശാസിക്കുന്നു. കടമെടുത്ത തുക, വ്യവസായത്തിന്റെ തരം, സാമ്പത്തിക സാഹചര്യങ്ങൾ എന്നിവയെ ആശ്രയിച്ച് വായ്പയെടുക്കുന്നയാൾ തിരിച്ചടവിൽ വീഴ്ച വരുത്താനുള്ള സാധ്യതയാണ് 'ഡീഫോൾട്ട് റിസ്കി'ലൂടെ വിശദീകരിച്ചിരിക്കുന്നത്.

എന്നാൽ, 'ഡീഫോൾട്ട് റിസ്ക്', വർദ്ധിപ്പിച്ച ഗ്യാരണ്ടി കമ്മീഷൻ നിരക്ക് എന്നിവ വിലയിരുത്തുന്നതിന് ഉതകുന്ന നയമോ, ചട്ടങ്ങളോ, മാർഗ്ഗനിർദ്ദേശങ്ങളോ അടങ്ങിയ നടപടിക്രമങ്ങൾ സംസ്ഥാന സർക്കാർ ഇതുവരെയും നിഷ്കർഷിച്ചിട്ടില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. വർദ്ധിച്ച നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ ഈടക്കാനുള്ള അത്തരം നിർദ്ദേശങ്ങളുടെ അഭാവത്തിൽ, ഓഡിറ്റ് പരിശോധിച്ച എല്ലാ കേസുകളിലും പദ്ധതിയുടെ 'ഡീഫോൾട്ട് റിസ്ക്' പരിഗണിക്കാതെ ബാക്കി നിൽക്കുന്ന വായ്പാ തുകയുടെ 0.75 ശതമാനം എന്ന കുറഞ്ഞ നിരക്കിൽ മാത്രമാണ് ഗ്യാരണ്ടി കമ്മീഷൻ ഈടാക്കുന്നത് എന്ന് ബോധ്യപ്പെട്ടു.

സർക്കാർ ഗ്യാരണ്ടി നൽകിയ ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളും തുടർച്ചയായി നഷ്ടത്തിലാണെന്നും ഗ്യാരണ്ടി കമ്മീഷൻ സമയബന്ധിതമായി അടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിലാണെന്നും അതിനാലാണ് വർദ്ധിപ്പിച്ച ഗ്യാരണ്ടി കമ്മീഷൻ നിരക്ക് ഏർപ്പെടുത്താൻ കഴിയാത്തതെന്നും ധനവകുപ്പ് മറുപടി നൽകി (2025 ഒക്ടോബർ). ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും സാമൂഹിക ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനാണ് പ്രവർത്തിക്കുന്നതെന്നും, മറിച്ച് ലാഭമുണ്ടാക്കാനല്ലെന്നും മറുപടിയിൽ പറയുന്നു. 'ഡീഫോൾട്ട് റിസ്ക്' കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്ന് വർദ്ധിച്ച നിരക്ക് ഈടാക്കാമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നതിനാലും 'ഡീഫോൾട്ട് റിസ്ക്' കണക്കിലെടുക്കാതെ ഗ്യാരണ്ടികൾ നൽകുന്നത് സ്ഥാപനങ്ങളുടെ വായ്പ തിരിച്ചടവ് മുടക്കുന്നത് പോലുള്ള ആകസ്മികതകൾ ലഘൂകരിക്കാനുള്ള സർക്കാരിന്റെ കഴിവിനെ പരിമിതപ്പെടുത്തും എന്ന ഓഡിറ്റ് നിരീക്ഷണം സ്ഥിരീകരിക്കുന്നതിനാലും സർക്കാർ മറുപടി സ്വീകാര്യമല്ല.

### ഡി. ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാത്തത്

ഗ്യാരണ്ടികൾ ഇൻവോക്ക് ചെയ്യുമ്പോൾ ബജറ്റ് അസ്ഥിരപ്പെടാതെ ഗ്യാരണ്ടികളിൽ നിന്ന് ഉണ്ടായേക്കാവുന്ന ആകസ്മികമായ ബാധ്യതകൾ സമയബന്ധിതമായി നിറവേറ്റുന്നത് ഉറപ്പുവരുത്തുവാൻ പൊതു സാമ്പത്തിക മാനേജ്മെന്റിലുള്ള പ്രധാനപ്പെട്ട സംരക്ഷണ മാർഗ്ഗമാണ് ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടുകൾ.

2003 ലെ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരണ്ടി നിയമത്തിലെ വകുപ്പ് 6 പ്രകാരം, വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ ഗ്യാരണ്ടികളിൽ നിന്ന് ഉണ്ടാകുന്ന ബാധ്യതകൾ നിറവേറ്റുന്നതിനായി സർക്കാർ ഒരു ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കേണ്ടതാണ്. വകുപ്പ് 5 പ്രകാരം ഈടാക്കുന്ന ഗ്യാരണ്ടി കമ്മീഷൻ ഉപയോഗിച്ച് ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടിന്റെ കോർപ്പസ് രൂപീകരിക്കുകയും

[24] ഗ്യാരണ്ടി കമ്മീഷൻ ഈടാക്കുന്നതിനും അക്കൌണ്ട് ചെയ്യുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച (2024 ഒക്ടോബർ)മാർഗനിർദേശങ്ങൾ 4(1) പ്രകാരം മുൻവർഷം മാർച്ച് 31-ലെ പലിശ,പിഴപ്പലിശ ഉൾപ്പടെയുള്ള യഥാർഥ കുടിശ്ശികയുടെ 0.75 ശതമാനം ഗ്യാരണ്ടി കമ്മീഷൻ ആയി നൽകേണ്ടതാണ്.

സംസ്ഥാനത്തിന്റെ പൊതു കണക്കിൽ ആ തുക അടയ്ക്കുകയും വേണം. എന്നിരുന്നാലും, **2024-25** വരെ സംസ്ഥാന സർക്കാർ ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിച്ചിരുന്നില്ല. **2024-25** വരെ ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാത്തതിനാൽ, **2003-04** മുതൽ **2024-25** വരെ സമാഹരിച്ച **₹2,695.08** കോടിയുടെ (**2024-25** ൽ സമാഹരിച്ച **₹386.78** കോടി ഉൾപ്പെടെ) ഗ്യാരണ്ടി കമ്മീഷൻ റവന്യു വരവുകളുടെ ശീർഷകമായ '**0075-108** ഗ്യാരണ്ടി ഫീസി'ൽ ക്രെഡിറ്റ് ചെയ്യുകയും സംസ്ഥാനത്തിന്റെ റവന്യു ചെലവിനായി ഉപയോഗിക്കുകയും ചെയ്തു. ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാത്തതും ഗ്യാരണ്ടി കമ്മീഷനായി ശേഖരിച്ച തുക ഫണ്ടിലേക്ക് കൈമാറാത്തതും വായ്പയെടുക്കുന്ന സ്ഥാപനങ്ങൾ വീഴ്ച വരുത്തുമ്പോൾ സംസ്ഥാന സർക്കാരിനുമേൽ സാമ്പത്തിക ഭാരം വർദ്ധിപ്പിക്കും. സംസ്ഥാന ഗവണ്മെന്റ് വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ ഗ്യാരണ്ടികളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് ഫയലുകൾ/ രജിസ്റ്ററുകൾ/ രേഖകൾ എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് നിരവധി കത്തുകൾ ധനവകുപ്പിന് നൽകിയിട്ടുണ്ട്. എന്നാൽ, സമയബന്ധിതമായി ഫയലുകളോ രജിസ്റ്ററുകളോ ധനവകുപ്പ് ഹാജരാക്കിയില്ല. അതിനാൽ, സംസ്ഥാന സർക്കാർ വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ ബാക്കി നിൽക്കുന്ന ഗ്യാരണ്ടികളുടെ കൃത്യത ഉറപ്പിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. തൽഫലമായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് സർക്കാരിന് ലഭിക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ ഫീസിന്റെ കൃത്യത ഉറപ്പാക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട്(ജി.ആർ.എഫ്) സ്ഥാപിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം **2025** ഓഗസ്റ്റ് **06** ന് കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചതായി സർക്കാർ മറുപടി നൽകി (**2026** ജനുവരി). **2025-26** കാലയളവിൽ സർക്കാർ സംഭാവനയായി **₹1,250** കോടി ജിആർഎഫിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കി. വിജ്ഞാപനം അനുസരിച്ച്, ജിആർഎഫ് രൂപീകരിച്ച തീയതി മുതൽ അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാന സർക്കാർ ജിആർഎഫ് കോർപ്പസിലേക്ക് ബാക്കി നിൽക്കുന്ന ഗ്യാരണ്ടിയുടെ അഞ്ച് ശതമാനം സംഭാവന ചെയ്യണമെന്ന് ധനവകുപ്പ് എക്സിറ്റ് കോൺഫറൻസിൽ (**17** ജനുവരി **2026**) പ്രസ്താവിച്ചു.

### ഇ. ഗ്യാരണ്ടി കമ്മീഷനും പലിശയും അടയ്ക്കാത്തത്

**2003** ലെ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരണ്ടി ആക്ടിലെ സെക്ഷൻ **5 (1)** അനുസരിച്ച്, സർക്കാർ ഗ്യാരണ്ടി കമ്മീഷനായി കുറഞ്ഞത് **0.75** ശതമാനം ഈടാക്കേണ്ടതാണ്. അത് ഒരു സാഹചര്യത്തിലും ഒഴിവാക്കാൻ പാടുള്ളതല്ല. കൂടാതെ, ഗ്യാരണ്ടി കമ്മീഷൻ നിർണ്ണയിക്കുന്നതിനും, ചുമത്തുന്നതിനും, പിരിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ **2004** ഒക്ടോബർ **16** ലെ സർക്കാർ ഉത്തരവ് വഴി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ[25] അനുസരിച്ച്, ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ പ്രതിവർഷം @ **12** ശതമാനം നിരക്കിൽ ക്രമ പലിശ ഈടാക്കാവുന്നതാണ്. **20** സ്ഥാപനങ്ങളുടെ രേഖകൾ പരിശോധിച്ചപ്പോൾ, **2025** മാർച്ച് **31** ലെ കണക്ക് പ്രകാരം **14** സ്ഥാപനങ്ങൾ **₹422.68** കോടിയുടെ ഗ്യാരണ്ടി കമ്മീഷൻ കുടിശ്ശിക വരുത്തിയതായി ഓഡിറ്റ് കണ്ടെത്തി. ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന് **₹186.39** കോടി പിഴ പലിശയായി ഈ സ്ഥാപനങ്ങൾ അടക്കേണ്ടതുണ്ട്. വിശദാംശങ്ങൾ **അനുബന്ധം 1.11 ൽ** നൽകിയിരിക്കുന്നു. ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന് ധനവകുപ്പ് പിഴ പലിശ ആവശ്യപ്പെട്ടിരുന്നില്ല.

ഗ്യാരണ്ടി കമ്മീഷൻ കുടിശ്ശിക സമയബന്ധിതമായി അടയ്ക്കാൻ വീഴ്ച വരുത്തിയ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (**2026** ജനുവരി). ഗ്യാരണ്ടി കമ്മീഷന്റെ നിലവിലുള്ള കുടിശ്ശിക തീർക്കാതെ പുതിയതോ

[25] ജി.ഓ.(എം. എസ്)നമ്പർ **487/2004**/ധനകാര്യം തീയതി **16.10.2004**

പുതുക്കിയതോ ആയ ഗ്യാരണ്ടികൾ നൽകില്ലെന്നും സർക്കാർ മറുപടി നൽകി. ഗ്യാരണ്ടി കമ്മീഷൻ കണക്കുകൂട്ടുന്നതും അടയ്ക്കുന്നതും നിരീക്ഷിക്കുന്നതിനായി ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ജിംസ് നവീകരിക്കുകയാണെന്നും മറുപടി നൽകി.

### എഫ്. ഗ്യാരണ്ടി കമ്മീഷൻ വൈകി അടച്ചതിന് പലിശ അടയ്ക്കാത്തത്

2003 ലെ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരണ്ടി ആക്ടിലെ സെക്ഷൻ 5 പ്രകാരം സർക്കാർ ഗ്യാരണ്ടി കമ്മീഷനായി പ്രതിവർഷം കുറഞ്ഞത് 0.75 ശതമാനം ഈടാക്കേണ്ടതുണ്ട്. ഗ്യാരണ്ടി കമ്മീഷന്റെ ലെവി, കണക്കുകൂട്ടൽ രീതി മുതലായവയ്ക്കുള്ള മാർഗ്ഗനിർദ്ദേശമായി 2004 ഒക്ടോബർ 16 ന് സർക്കാർ ഉത്തരവ് ജിഒ (എംഎസ്) നമ്പർ 487/04/ധനകാര്യം പുറപ്പെടുവിച്ചു. ഒരു വർഷത്തിൽ നൽകേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക രണ്ട് തുല്യ ഗഡുക്കളായി അടയ്ക്കണമെന്ന് മാർഗ്ഗനിർദ്ദേശത്തിലെ ഖണ്ഡിക 5 ൽ പറയുന്നു. എല്ലാ വർഷവും ഏപ്രിൽ 1 നും ഒക്ടോബർ 1 നുമാണ് ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കേണ്ടത് . ഈ പേയ്മെന്റുകൾ നടത്തുന്നതിന് 15 ദിവസത്തെ ഗ്രേസ് പിരീഡ് അനുവദിക്കും. ഗ്രേസ് പിരീഡിനുള്ളിൽ പണമടച്ചില്ലെങ്കിൽ, വീഴ്ച വരുത്തിയ പേയ്മെന്റിന് യഥാക്രമം ഏപ്രിൽ 1, ഒക്ടോബർ 1 മുതൽ 12 ശതമാനം ക്രമ പലിശ ഈടാക്കും.

അഞ്ച് സ്ഥാപനങ്ങൾ ഗ്യാരണ്ടി കമ്മീഷൻ നൽകുന്നതിൽ 15 മുതൽ 229 ദിവസം വരെ കാലതാമസം വരുത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു. ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കാൻ കാലതാമസം വരുത്തിയതിന് ഈ സ്ഥാപനങ്ങൾ നൽകേണ്ട പലിശ ₹19.82 ലക്ഷമാണ്. എന്നാൽ, ഈ സ്ഥാപനങ്ങൾ നാളിതുവരെ പലിശ നൽകിയിട്ടില്ല. വിശദാംശങ്ങൾ **അനുബന്ധം 1.12 ൽ** നൽകിയിരിക്കുന്നു.

### ജി. നിയമത്തിലെ അവ്യക്തത

2022 ലെ ഗവൺമെന്റ് ഗ്യാരണ്ടി, ഭേദഗതി നിയമം പ്രകാരം, മുൻ വർഷത്തെ സംസ്ഥാനത്തിന്റെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് അനുസരിച്ചുള്ള മൊത്തം റവന്യൂ വരവിന്റെ 100 ശതമാനമോ അല്ലെങ്കിൽ ജിഎസ്ഡിപിയുടെ 10 ശതമാനമോ, ഇവയിൽ ഏതാണോ കുറവ് അതായിരിക്കും ഏതൊരു വർഷത്തെയും ഏപ്രിൽ ഒന്നാം തീയതിയിലെ മൊത്തം ഗവൺമെന്റ് ഗ്യാരണ്ടികൾ.

ബാക്കി നിൽക്കുന്ന ഗ്യാരണ്ടികൾക്ക് പരമാവധി പരിധി നിർദ്ദേശിക്കുന്നതിനുപകരം, റവന്യൂ വരവിന്റെ 100 ശതമാനമോ ജിഎസ്ഡിപിയുടെ 10 ശതമാനമോ ഏതാണോ കുറവ്, അതായിരിക്കണം മൊത്തം ഗ്യാരണ്ടികൾ എന്ന് നിയമം അനുശാസിക്കുന്നു. അത്തരമൊരു വ്യാഖ്യാനം അമിതമായി ഗ്യാരണ്ടികൾ അനുവദിക്കുന്നതിന് വേണ്ടി നിയമ വ്യവസ്ഥ ദുരുപയോഗം ചെയ്യുന്നതിന് കാരണമായേക്കാം. ഗ്യാരണ്ടി പരിധിയുടെ ഉദ്ദേശ്യം ഗ്യാരണ്ടികൾകക്ക് ഒരു അളവ് നിർബന്ധമാക്കുക എന്നതല്ല, പകരം ഒരു ഉയർന്ന പരിധി നിശ്ചയിക്കുക എന്നതാണ്.

നിയമം ഉചിതമായി ഭേദഗതി ചെയ്യാനുള്ള തീരുമാനം എടുത്തതായി സർക്കാർ മറുപടി നൽകി (2025 ഒക്ടോബർ).

ഗ്യാരണ്ടി കമ്മീഷനുകൾ കണക്കാക്കുന്നത് പരിശോധിക്കാത്തത്, 'ഡീഫോൾട്ട് റിസ്ക്' കണക്കിലെടുക്കാതെയോ ഗ്യാരണ്ടി കമ്മീഷൻ വർദ്ധിപ്പിക്കാതെയോ ഗ്യാരണ്ടികളുടെ ദീർഘിപ്പിക്കൽ, ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാത്തത്, ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കാതിരിക്കൽ, ഗ്യാരണ്ടി കമ്മീഷൻ അടയ്ക്കുന്നതിലെ കാലതമാസത്തിനുള്ള പലിശ അടയ്ക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടി മാനേജ്മെന്റിലെ വ്യവസ്ഥാനുസാരമായ ദൗർബല്യത്തിലേക്ക് വിരൽ ചൂണ്ടുന്നു.

### 1.4.7 സാമ്പത്തിക സ്ഥിരതയിലേക്കുള്ള വഴികൾ

വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെയും ചെലവുകൾ യുക്തിസഹമാക്കുന്നതിലൂടെയും കമ്മി കുറച്ചു കൊണ്ടുവരുവാൻ കഴിയും. നികുതി പാലനം ശക്തിപ്പെടുത്തുക, നികുതി അടിത്തറ വിപുലീകരിക്കുക, യൂസർ ചാർജുകൾ പരിഷ്കരിക്കുക, നിഷ്ക്രിയ സർക്കാർ ആസ്തികൾ മോണിറ്റൈസ് ചെയ്യുക തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ചെലവിന്റെ ഭാഗത്ത് സബ്സിഡികളുടെ മെച്ചപ്പെട്ട ടാർഗെറ്റിംഗ്, ശമ്പളം പെൻഷൻ എന്നിവയുടെ വളർച്ചയുടെ നിയന്ത്രണം, ചെലവുകളുടെ ശരിയായ വർഗീകരണം ഉറപ്പാക്കൽ എന്നീ നടപടികൾ പ്രധാനപ്പെട്ട ഘടകങ്ങളാണ്. ഉൽപാദനക്ഷമമായ മൂലധന നിക്ഷേപത്തിന് മുൻഗണന നൽകുന്നതും, സുതാര്യവും കാര്യക്ഷമവുമായ കടമെടുപ്പിലൂടെ കടത്തിന്റെ നിയന്ത്രണം മെച്ചപ്പെടുത്തുന്നതും ധനപരമായ സമ്മർദ്ദത്തെ ലഘൂകരിക്കും. ഈ നടപടികൾ ഫിസ്കൽ സ്പെയിസ് സംയോജിതമായി സൃഷ്ടിക്കുകയും റവന്യൂ കമ്മി, ധനക്കമ്മി , പ്രാഥമിക കമ്മി എന്നിവ സുസ്ഥിരമായ രീതിയിൽ കുറയ്ക്കുവാൻ സഹായിക്കുകയും ചെയ്യും. ഇവ തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു.

#### *1.4.7.1 സംസ്ഥാനത്തിന്റെ വരുമാനം മെച്ചപ്പെടുത്തൽ*

ഉപയോഗപ്പെടുത്താത്ത വരുമാന സ്രോതസ്സുകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തിയാൽ, ഫിസ്കൽ സ്പെയിസ് ഗണ്യമായി വർദ്ധിക്കുകയും കടത്തെ ആശ്രയിക്കുന്നത് കുറയുകയും ചെയ്യും. സംസ്ഥാന ജിഎസ്ടി, സ്റ്റാമ്പ് ഡ്യൂട്ടി, എക്സൈസ് തുടങ്ങിയ പ്രധാന നികുതി സ്രോതസ്സുകളുടെ നികുതി നിർണയത്തിലെ പോരായ്മകൾ, വില കുറയ്ക്കൽ, പരിമിതമായ എൻഫോഴ്സ്മെൻറ് സംവിധാനങ്ങൾ എന്നിവ വരുമാന വളർച്ചയെ മന്ദഗതിയിലാക്കും. കുറഞ്ഞ യൂസർ ചാർജുകൾ, ചെലവിന്റെ മോശപ്പെട്ട വീണ്ടെടുക്കൽ, പൊതു ആസ്തികളിൽ നിന്നും നിക്ഷേപങ്ങളിൽ നിന്നുമുള്ള കുറഞ്ഞ വരുമാനം, നികുതിയേതര വരുമാനത്തിലെ കുറവ് എന്നിവയും ഫിസ്കൽ സ്പെയിസിനെ തടസ്സപ്പെടുത്തുന്നു. റവന്യൂ കുടിശ്ശികകൾ സമയബന്ധിതമായി പിരിച്ചെടുക്കുന്നത് (നികുതി, നികുതിയേതരം) ഫിസ്കൽ സ്പെയിസ് വർദ്ധിപ്പിക്കുന്നതിലേക്കുള്ള മറ്റൊരു ചുവടുവയ്പ്പാണ്.

#### *എ.* വരുമാന കുടിശ്ശിക

2025 മാർച്ച് 31 ന്, പ്രധാന റവന്യൂ ശീർഷകങ്ങളിലെ വരുമാന കുടിശ്ശിക ₹41,188.44 കോടിയാണ്. ഇതിൽ ₹12,951.77 കോടിയും അഞ്ച് വർഷത്തിലേറെയായി കുടിശ്ശികയിലായിരുന്നു. **പട്ടിക 1.38** ൽ വിശദാംശങ്ങൾ ചിത്രീകരിച്ചിരിക്കുന്നു.

**പട്ടിക 1.38: വരുമാന കുടിശ്ശിക**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | റവന്യൂ ശീർഷകം | 2025 മാർച്ച് 31 ന് കുടിശ്ശികയുള്ള തുക | 2025 മാർച്ച് 31 ന് അഞ്ച് വർഷത്തിലേറെയായി കുടിശ്ശികയുള്ള തുക |
|---|---|---|---|
| 1. | പോലീസ് | 599.78 | 274.84 |
| 2. | വനവൽക്കരണവും വന്യജീവി സംരക്ഷണവും | 457.31 | 272.32 |
| 3. | സ്റ്റേറ്റ് എക്സൈസ് | 307.99 | 307.99 |
| 4. | സ്റ്റാമ്പുകളും രജിസ്ട്രേഷൻ ഫീസും | 718.52 | 459.27 |
| 5. | സ്റ്റേഷനറി | 31.21 | 26.08 |
| 6. | അച്ചടി | 54.19 | 40.39 |

| ക്രമ നമ്പർ | റവന്യൂ ശീർഷകം | 2025 മാർച്ച് 31 ന് കുടിശ്ശികയുള്ള തുക | 2025 മാർച്ച് 31 ന് അഞ്ച് വർഷത്തിലേറെയായി കുടിശ്ശികയുള്ള തുക |
|---|---|---|---|
| 7. | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 134.07 | 16.60 |
| 8. | ഫാക്ടറികളും ബോയിലറുകളും | 1.32 | 0.03 |
| 9. | ഖനനവും ഭൗമശാസ്ത്രവും | 648.41 | 34.40 |
| 10. | ഗ്യാരണ്ടി കമ്മീഷനിലെ കുടിശ്ശികകൾ | 570.94 | 0 |
| 11. | പലിശ വരവുകളുടെ കുടിശ്ശിക | 8,480.25 | 0 |
| 12. | സംസ്ഥാന ചരക്ക് സേവന നികുതി | 18,907.56 | 7,830.53 |
| 13. | തൊഴിലും തൊഴിൽ സൗകര്യങ്ങളും | 1.07 | 0.01 |
| 14. | വാഹനങ്ങളുടെ നികുതി | 2,876.07 | 2,023.22 |
| 15. | ഭൂ നികുതി | 567.82 | 110.36 |
| 16. | വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 6,831.93 | 1,555.73 |
| | **ആകെ** | **41,188.44** | **12,951.77** |

*ഉറവിടം: വിവിധ സംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ*

**2024-25** ലെ സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ (₹**93,128.81** കോടി) **44.23** ശതമാനമാണ് സംസ്ഥാനത്തിന്റെ വരുമാന കുടിശ്ശിക. കൂടാതെ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ₹**16,699.41** കോടിയുടെ വായ്പകളുടെ മുതലും കുടിശ്ശികയായുണ്ട്. ആയതിനാൽ സംസ്ഥാനത്തിന് കിട്ടാനുള്ള മൊത്തം കുടിശ്ശിക ₹**57,887.85** കോടിയാണ്. വർഷങ്ങളായി സംസ്ഥാന സർക്കാർ നേരിടുന്ന തുടർച്ചയായ റവന്യൂകമ്മിയും ധനക്കമ്മിയും കണക്കിലെടുക്കുമ്പോൾ, ഈ റവന്യൂ വായ്പ കുടിശ്ശികകൾ വീണ്ടെടുക്കാൻ സർക്കാർ ശക്തമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

എസ്ജിഎസ്ടി, എക്സൈസ് എന്നിവയ്ക്ക് കീഴിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി **2025** ൽ ഒരു സമഗ്ര ആംനെസ്റ്റി പദ്ധതി അവതരിപ്പിച്ചിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (**2025** ഡിസംബർ).

### ബി. നികുതി നിർണ്ണയങ്ങളുടെ കുടിശ്ശിക

എസ്.ജി.എസ്.ടി വകുപ്പും, ലാൻഡ് റവന്യൂ വകുപ്പും നൽകിയ മറുപടി പ്രകാരം വർഷാരംഭത്തിൽ തീർപ്പാക്കാത്ത കേസുകളുടെ എണ്ണം, വിലയിരുത്തൽ തീർപ്പാക്കേണ്ട കേസുകളുടെ എണ്ണം, വർഷത്തിൽ തീർപ്പാക്കിയ കേസുകളുടെ എണ്ണം, വർഷാവസാനം തീർപ്പാക്കാത്ത കേസുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ **പട്ടിക 1.39** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.39: നികുതി നിർണ്ണയങ്ങളുടെ കുടിശ്ശികകൾ**

| ക്രമ നമ്പർ | റവന്യൂ ശീർഷകം | 2024-25 തുടക്കത്തിൽ തീർപ്പുകൽപ്പിക്കാത്ത കേസുകൾ | 2024-25 കാലയളവിൽ നികുതി നിർണ്ണയത്തിന് നൽകേണ്ട പുതിയ കേസുകൾ | നികുതി നിർണ്ണയത്തിന് ബാക്കിയുള്ള ആകെ കേസുകൾ | 2024-25 കാലയളവിൽ തീർപ്പാക്കപ്പെട്ട കേസുകൾ | വർഷാവസാന ബാലൻസ് | തീർപ്പാക്കലിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| 1. | സംസ്ഥാന ചരക്ക് സേവന നികുതി | 11,924 | 4,661 | 16,585 | 14,185 | 2,400 | 85.53 |
| 2. | വിൽപ്പന നികുതി | 1,378 | 1,517 | 2,895 | 1,322 | 1,573 | 45.66 |
| 3. | കാർഷിക വരുമാനത്തിന്മേലുള്ള നികുതി | 92 | 0 | 92 | 82 | 10 | 89.13 |
| 4. | കെട്ടിട നികുതി | 26,175 | 1,59,766 | 1,85,941 | 1,58,962 | 26,979 | 85.49 |
| | **ആകെ** | **39,569** | **1,65,944** | **2,05,513** | **1,74,551** | **30,962** | **84.93** |

*ഉറവിടം: വകുപ്പുകൾ നൽകിയ വിവരങ്ങൾ*

2024-25 വർഷത്തിന്റെ തുടക്കത്തിൽ തീർപ്പക്കാനുള്ള 39,569 കേസുകളുമായി താരതമ്യം ചെയ്യുമ്പോൾ 2024-25 അവസാനത്തോടെ തീർപ്പാക്കാനുള്ള കേസുകളുടെ എണ്ണം 30,962 ആയിരുന്നു. ഈ വർഷം 1,74,551 കേസുകൾ തീർപ്പാക്കി. നികുതി നിർണ്ണയത്തിലെ കുടിശ്ശിക സംസ്ഥാന സർക്കാർ ഗണ്യമായി കുറച്ചിട്ടുണ്ട് എന്നത് ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും, കെട്ടിട നികുതി നിർണ്ണയത്തിനുള്ള കേസുകളുടെ പുതിയ കൂട്ടിച്ചേർക്കലുകളും മൊത്തം കുടിശ്ശികയുടെ വലിപ്പവും കണക്കിലെടുത്ത് കെട്ടിട നികുതി നിർണ്ണയത്തിനുള്ള സംവിധാനം സംസ്ഥാനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

### സി. റീഫണ്ട് കേസുകൾ, വകുപ്പ് കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകൾ മുതലായവയുടെ വിശദാംശങ്ങൾ

വകുപ്പുകൾ കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകൾ, തീർപ്പാക്കിയ കേസുകൾ, അധിക നികുതി ചുമത്തിയ കേസുകൾ എന്നിവ സംസ്ഥാന സർക്കാരിന്റെ വരുമാന സമാഹാരണ ശ്രമങ്ങളുടെ സൂചകങ്ങളാണ്.

വകുപ്പുകൾ റിപ്പോർട്ട് ചെയ്ത പ്രകാരം, 2024-25 വർഷത്തിൽ എസ്ജിഎസ്ടി വകുപ്പും സ്റ്റാമ്പ്സ് ആൻഡ് രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റും കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകൾ, അന്തിമമാക്കിയ കേസുകൾ, അധിക നികുതി ഡിമാൻഡുകൾ എന്നിവയുടെ വിവരങ്ങൾ **പട്ടിക 1.40** ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.40: കണ്ടെത്തിയ നികുതി വെട്ടിപ്പ് കേസുകൾ**

| ക്രമ നമ്പർ | റവന്യൂ ശീർഷകം | 2024 മാർച്ച് 31 വരെ തീർപ്പാക്കാത്ത കേസുകൾ | 2024-25 കാലയളവിൽ കണ്ടെത്തിയ കേസുകൾ | ആകെ | നികുതി നിർണ്ണയം/ അന്വേഷണം പൂർത്തിയായതും പിഴയോടെയുള്ള അധിക ഡിമാൻഡുകൾ ഉന്നയിച്ചതുമായ കേസുകളുടെ എണ്ണം | | 2025 മാർച്ച് 31 ന് തീർപ്പാക്കാത്ത കേസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | | | കേസുകളുടെ എണ്ണം | ഡിമാൻഡ് തുക(കോടി രൂപയിൽ) | |
| 1. | സംസ്ഥാന ചരക്ക് സേവന നികുതി | 11,997 | 7,527 | 19,524 | 15,534 | 2,827.58 | 3,990 |
| 2. | വിൽപ്പന നികുതി | 919 | 1,231 | 2,150 | 1,185 | 133.93 | 965 |
| 3. | കാർഷിക വരുമാനത്തിന്മേലുള്ള നികുതി | 24 | 2 | 26 | 2 | 0.08 | 24 |
| 4. | സ്റ്റാമ്പുകളും രജിസ്ട്രേഷനും | 1,46,621 | 17,066 | 1,63,687 | 25,719 | 50.01 | 1,37,968 |
| **ആകെ** | | **1,59,561** | **25,826.00** | **1,85,387** | **42,440** | **3,011.60** | **1,42,947.00** |

*ഉറവിടം: ഡിപ്പാർട്ട്മെന്റൽ വിവരങ്ങൾ*

നികുതി വെട്ടിപ്പ് കേസുകളുടെ ഗണ്യമായ എണ്ണവും നികുതി വെട്ടിപ്പ് കേസുകളിൽ ഉൾപ്പെട്ടിരിക്കുന്ന തുകയും കണക്കിലെടുത്ത്, നികുതി നിർണ്ണയങ്ങളും അന്വേഷണങ്ങളും പൂർത്തീകരിക്കുന്നതിനും അതിൽ ഉൾപ്പെട്ടിരിക്കുന്ന കുടിശ്ശിക പിരിച്ചെടുക്കുന്നതിനും സംസ്ഥാനം സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

### *1.4.7.2 ചെലവിന്റെ ഭാഗത്തുള്ള പ്രശ്നങ്ങൾ*

**എ. ബാദ്ധ്യതപ്പെട്ട ചെലവുകളും സബ്സിഡികളും മൂലമുള്ള സാമ്പത്തിക ഞെരുക്കം**

**ചാർട്ട് 1.41, ചാർട്ട് 1.42** എന്നിവ യഥാക്രമം 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ റവന്യൂ വരവിന്റെയും റവന്യൂ ചെലവിന്റെയും ശതമാനമായി ബാദ്ധ്യതപ്പെട്ട ചെലവുകളെയും സബ്സിഡികളെയും ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 1.41 : റവന്യൂ ചെലവിന്റെ ശതമാനമായി ബാദ്ധ്യതപ്പെട്ട ചെലവുകളും സബ്സിഡികളും**




**ചാർട്ട് 1.42 : റവന്യൂ വരവിന്റെ ശതമാനമായി ബാദ്ധ്യതപ്പെട്ട ചെലവുകളും സബ്സിഡികളും**




*ഉറവിടം:: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

2024-25 ൽ ശമ്പളം (₹41,550.15 കോടി), പെൻഷൻ (₹27,875.21 കോടി), പലിശ അടവുകൾ (₹29,138.23 കോടി) എന്നിവ ഉൾപ്പെടുന്ന ₹98,563.59 കോടിയുടെ

ബാദ്ധ്യതപ്പെട്ട ചെലവ് സംസ്ഥാനത്തിന്റെ റവന്യൂ വരവിന്റെ **79** ശതമാനമായിരുന്നു. കൂടാതെ, **₹1,856.60** കോടിയുടെ സബ്സിഡി ചെലവുൾപ്പടെ മൊത്തത്തിലുള്ള ഉറച്ച ചെലവ് **₹1,00,420.19** കോടിയാണ്. ഇത് സംസ്ഥാനത്തിന്റെ റവന്യൂ വരവിന്റെ ഏകദേശം **80** ശതമാനമാണ്.

സബ്സിഡികൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ ബാദ്ധ്യതപ്പെട്ട ചെലവിന്റെ റവന്യൂ വരവുമായുള്ള അനുപാതവും (**70** മുതൽ **86** ശതമാനം വരെ) റവന്യൂ ചെലവുമായുള്ള അനുപാതവും (**61** മുതൽ **69** ശതമാനം വരെ) കഴിഞ്ഞ **10** വർഷമായി എല്ലാ സംസ്ഥാനങ്ങളേക്കാളും (കേന്ദ്രഭരണ പ്രദേശങ്ങൾ ഒഴികെ) സ്ഥിരമായി കൂടുതലായിരുന്നു.

ഉയർന്ന നിലയിലുള്ളതും അയവില്ലാത്തതുമായ ഇത്തരം ചെലവുകൾ സംസ്ഥാനത്തിന്റെ ഫിസ്കൽ സ്പെയിസിനെ ഗണ്യമായി ചുരുക്കുകയും അതുവഴി മൂലധന നിക്ഷേപത്തിനും വികസന മുൻഗണനകൾക്കുമായി വിഭവങ്ങൾ വകയിരുത്തുവാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെ പരിമിതപ്പെടുത്തുകയും ചെയ്യുന്നു. ഈ ഘടനാപരമായ അസന്തുലിതാവസ്ഥ സ്ഥിരമായ റവന്യൂ, പ്രാഥമിക കമ്മിക്ക് കാരണമാകുകയും**,** ദീർഘകാല സാമ്പത്തിക സുസ്ഥിരതയെ ബാധിക്കുകയും, ഉയർന്നുവരുന്ന സാമൂഹിക-സാമ്പത്തിക വെല്ലുവിളികളോട് പ്രതികരിക്കാനുള്ള സർക്കാരിന്റെ ശേഷിയെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

സാമ്പത്തിക വഴക്കം മെച്ചപ്പെടുത്തുന്നതിനും, സുസ്ഥിരമായ സാമ്പത്തിക പാത ഉറപ്പാക്കുന്നതിനും സബ്സിഡികളുടെ യുക്തിവൽക്കരണം, മെച്ചപ്പെട്ട ടാർഗറ്റിംഗ്, ശമ്പള, പെൻഷൻ ബാദ്ധ്യതകളുടെ വിവേകപൂർണമായ മാനേജ്മെന്റ് എന്നിവയിലൂടെ ചെലവ് പരിഷ്കരണ നടപടികളുടെ അടിയന്തിരമായ ആവശ്യകത ഉണ്ട്.

**ബി. പൂർത്തിയാകാത്ത പദ്ധതികളിൽ തടയപ്പെട്ട മൂലധനം**

അപൂർണ്ണമായ നിർമ്മാണ പദ്ധതികളിൽ തടയപ്പെട്ടു കിടക്കുന്ന മൂലധനത്തിന്റെ വിലയിരുത്തൽ മൂലധനച്ചെലവിന്റെ ഗുണനിലവാരത്തെ സൂചിപ്പിക്കുന്നു. പൂർത്തിയാകാത്ത പദ്ധതികൾ/ പ്രവൃത്തികൾ എന്നിവയിൽ മൂലധനം തടയപ്പെട്ട് കിടക്കുന്നത് അത്തരം ചെലവുകളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുകയും പദ്ധതികളുടെ ഉദ്ദേശിച്ച ആനുകൂല്യങ്ങൾ സംസ്ഥാനത്തിന് ദീർഘകാലം ലഭിക്കാതിരിക്കുന്നതിനുമിടയാക്കും. കൂടാതെ, ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അതാത് വർഷങ്ങളിൽ എടുത്ത കടത്തിന്റെ തിരിച്ചടവിന്റെയും പലിശയുടെയും അമിത ബാധ്യതയ്ക്കിടയാക്കുകയും ചെയ്യും. അപൂർണ്ണമായ പദ്ധതികളുടെ വിശദാംശങ്ങൾ **പട്ടിക 1.41** ൽ കാണിച്ചിരിക്കുന്നു (**2024-25** വർഷത്തെ സാമ്പത്തിക കണക്കുകളിലെ അനുബന്ധം-**IX** നായി സംസ്ഥാന സർക്കാർ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ).

**പട്ടിക 1.41: പൂർത്തിയാകാത്ത പദ്ധതികളിൽ തടയപ്പെട്ടു കിടക്കുന്ന മൂലധനം**

***(₹ ലക്ഷത്തിൽ)***

| 2025 മാർച്ച് 31 ലെ പൂർത്തിയാകാത്ത പ്രോജക്ടുകളുടെ കാലാവധി തിരിച്ചുള്ള വിശദാംശങ്ങൾ | | | | 2025 മാർച്ച് 31 ലെ പൂർത്തിയാകാത്ത പ്രോജക്ടുകളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ | | |
|---|---|---|---|---|---|---|
| വർഷം | പൂർത്തിയാകാത്ത പദ്ധതികളുടെ എണ്ണം | എസ്റ്റിമേറ്റ് ചെയ്ത ചെലവ് | നേരിട്ട ചെലവ് | വകുപ്പ് | പൂർത്തിയാകാത്ത പദ്ധതികളുടെ എണ്ണം | എസ്റ്റിമേറ്റ് ചെയ്ത ചെലവ് (നേരിട്ട ചെലവ്) |
| 1991 | 1 | 130 | 155.78 | കനാലുകൾ | 11 | 5,906.69 (3,358.10) |
| 2006 | 1 | 162 | 68.65 | കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ | 8 | 26,916.61 (14,673.08) |
| 2010 | 2 | 615 | 0 | ജലസേചന പദ്ധതികൾ | 16 | 14,683.87 (2,403.42) |
| 2011 | 2 | 2,174 | 0 | കെട്ടിടങ്ങൾ | 52 | 28,053.38 (15,007.88) |
| 2014 | 1 | 25,533.5 | 14,216.19 | പാലങ്ങൾ | 40 | 49,820.18 (24,412.86) |
| 2015 | 3 | 3,684 | 570.15 | റോഡുകൾ | 109 | 78,929.75 (30,768.34) |
| 2016 | 7 | 13,877.78 | 7,497.05 | | | |
| 2017 | 13 | 27,918.6 | 7,174.16 | | | |
| 2018 | 31 | 29,558.93 | 15,279.34 | | | |
| 2019 | 40 | 26,350.4 | 13,279.07 | | | |
| 2020 | 33 | 19,340.76 | 10,544.68 | | | |
| 2021 | 62 | 29,945.3 | 13,760.06 | | | |
| 2022 | 30 | 18,856.59 | 6,306.598 | | | |
| 2023 | 10 | 6,163.62 | 1,771.95 | | | |
| ആകെ | 236 | 2,04,310.48 | 90,623.68 | | 236 | 2,04,310.48 (90,623.68) |

*ഉറവിടം: 2024-25 വർഷത്തെ സാമ്പത്തിക കണക്കുകൾ*

നിലവിലുള്ള 236 പദ്ധതികളുടെ എസ്റ്റിമേറ്റ് ചെയ്ത ചെലവായ ₹2,043.10 കോടി രൂപയിൽ ₹906.24 കോടി 2024-25 വരെ ചെലവഴിച്ചു. പൂർത്തിയാകാത്ത ഈ 236 പദ്ധതികളിൽ ₹906.24 കോടിയുടെ മൂലധനം തടയപ്പെട്ടു കിടക്കുന്നതായി ഇത് സൂചിപ്പിക്കുന്നു.

2024-25 വർഷത്തേക്കുള്ള സാമ്പത്തിക കണക്കുകളിലെ അനുബന്ധം-IX ലെ (സർക്കാരിന്റെ ബാദ്ധ്യതകൾ-അപൂർണ്ണമായ മൂലധന പദ്ധതികളുടെ പട്ടിക) അപൂർണ്ണമായ വിവരങ്ങൾ കാരണം (സംസ്ഥാന സർക്കാർ നൽകിയത്) പദ്ധതികളുടെ 2025 മാർച്ച് 31 വരെയുള്ള ചെലവ്, പണികളുടെ ഭൗതിക പുരോഗതി, പേയ്മെന്റിന്റെ കുടിശ്ശിക (ഭാവി ബാധ്യത), പുതുക്കിയ ചെലവ് എന്നിവ ഓഡിറ്റിന് തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

ഞങ്ങളുടെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ അപൂർണ്ണമായ പദ്ധതികളുടെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്. അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കാതിരിക്കുന്നതു മൂലം മൂന്ന് പാലങ്ങൾ ഉപയോഗശൂന്യമായി കിടക്കുക, റോഡും പാലവും പണിയുന്നതിലെ ഏകോപനത്തിന്റെ അഭാവം, വൈദ്യുതി കണക്ഷൻ കിട്ടാത്തത് മൂലവും, ഫർണിച്ചറുകൾ വാങ്ങാത്തത് മൂലവും, ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങൾ സ്ഥാപിക്കാത്തത് മൂലവും പൂർത്തിയായ കെട്ടിടങ്ങൾ വെറുതെ കിടക്കുക, ഉദ്ദേശിച്ച സൗകര്യങ്ങളുടെ അഭാവം മൂലവും/ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകാത്തത് കാരണവും യൂസർ വകുപ്പുകൾ പൂർത്തീകരിച്ച കെട്ടിടങ്ങൾ

ഏറ്റെടുക്കുന്നതിലെ കാലതാമസം മുതലായ കാരണങ്ങൾ മൂലമാണ് പലപ്പോഴും മൂലധന വികസന പദ്ധതികൾ പൂർത്തിയാകാതെ കിടക്കുന്നത് എന്ന് മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ അടിസ്ഥാനസൗകര്യ ചെലവുകളുടെ ഗുണനിലവാരത്തെ ബാധിക്കുന്നത്തിന് പുറമെ പദ്ധതികളുടെ ആസൂത്രണം, നടപ്പാക്കൽ, നിരീക്ഷണം എന്നിവയിലെ വ്യവസ്ഥാപരമായ പോരായ്മകൾ വെളിവാക്കുകയും ചെയ്യുന്നു.

പാലങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്ന നിരീക്ഷണത്തിന് മാത്രമേ സംസ്ഥാന സർക്കാർ ന്യൂനത പരിഹാര പത്രിക (ആർഎംറ്റി) നൽകിയിട്ടുള്ളൂ. മൂന്ന് പാലങ്ങളിൽ രണ്ടെണ്ണം **6** മുതൽ **8** വർഷം വരെ കാലതാമസത്തിന് ശേഷം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തതായി വ്യക്തമാക്കിയിട്ടുണ്ട്. **2017** ൽ പൂർത്തിയായ ഒരു പാലം ഇതുവരെ പൊതു ഉപയോഗത്തിനായി തുറന്നു കൊടുത്തിട്ടില്ല. മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങളുമായി ബന്ധപ്പെട്ട ആർ.എം.ടികൾ സംസ്ഥാന ഗവണ്മെന്റ് ഇതുവരെ സമർപ്പിച്ചിട്ടില്ല.

**തീർപ്പാക്കാത്ത ബാധ്യതകൾ / ഓഫ് ബജറ്റ് വായ്പകൾ**

തീർപ്പക്കാൻ സാധിക്കാത്തതോ മാറ്റിവച്ചതോ ആയ ബാധ്യതകൾ സമയബന്ധിതമായി വീട്ടിയില്ലെങ്കിൽ, ഭാവിയിലെ വികസന, അടിസ്ഥാന സൗകര്യ ചെലവുകൾക്കുള്ള ഫിസ്കൽ സ്പെയിസിനെ ചുരുക്കും. സുതാര്യതയുടെയും വിശ്വാസ്യതയുടെയും അഭാവം സൃഷ്ടിക്കുന്നതിനു പുറമേ, ഇത് സുസ്ഥിരമായ രീതിയിൽ വിഭവങ്ങൾ സ്വരൂപിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെ ദുർബലപ്പെടുത്തുകയും അതുവഴി മൊത്തത്തിലുള്ള സാമ്പത്തിക ആരോഗ്യത്തെയും ദീർഘകാല സുസ്ഥിരതയെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

സാമ്പത്തിക സുസ്ഥിരതയ്ക്ക് കാര്യമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്ന വീട്ടിയിട്ടില്ലാത്ത നിരവധി ബാദ്ധ്യതകൾ സംസ്ഥാന സർക്കാരിന് മേൽ ഉണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇതിൽ ഇനി പറയുന്നവ ഉൾപ്പെടുന്നു:

- ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടിലേക്ക് (ജിആർഎഫ്) **₹2,695.08** കോടിയുടെ ഗ്യാരണ്ടി കമ്മീഷൻ കൈമാറാത്തത്. (ഖണ്ഡിക **1.4.6.1** ഡി)
- കേരള റോഡ് സേഫ്റ്റി ഫണ്ടിലേക്ക് **₹565.78** കോടിയുടെ കോമ്പൗണ്ടിംഗ് ഫീസ് കൈമാറുന്നതിലെ കുറവ്. (ഖണ്ഡിക **3.2.3**)
- മൊത്തം **₹1.92** കോടിയുടെ തീർപ്പാക്കാത്ത പലിശ ബാധ്യതകൾ. (ഖണ്ഡിക **3.2.1**)
- കടത്തിന്റെ കണക്കിൽപ്പെടുത്തിയിട്ടില്ലാത്ത **₹39,230.33** കോടിയുടെ ഓഫ്-ബജറ്റ് വായ്പകളും മറ്റ് ബാധ്യതകളും[26]. (ഖണ്ഡിക **3.1**)
- ദേശീയ പെൻഷൻ പദ്ധതിയിലേക്ക് (എൻപിഎസ്) സംസ്ഥാന സർക്കാർ **₹1.07** കോടി കൈമാറാത്തത് /കുറഞ്ഞ അളവിൽ കൈമാറിയത്. (ഖണ്ഡിക **3.2.2**)

[26] കിഫ്ബിയുടെ വായ്പകളുടെ **25** ശതമാനം വരുമാനം ഉണ്ടാക്കുന്ന പദ്ധതികൾക്കാണെന്നും, **2025** മാർച്ച് **31** വരെ **₹8,749.49** കോടി വരുമാനം ഉണ്ടാക്കുന്ന പദ്ധതികൾക്കായി വിതരണം ചെയ്തിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ മറുപടി നൽകി(**2026** ജനവരി). വരുമാനം ഉണ്ടാക്കുന്ന പദ്ധതികൾക്കായി വിതരണം ചെയ്ത **₹8,749.49** കോടിയുടെ വായ്പകളുടെ തിരിച്ചടവ് ഭാരം സംസ്ഥാന സർക്കാരിൽ വരാത്തതിനാൽ, ആ തുക സംസ്ഥാനത്തിന്റെ ഓഫ് ബഡ്ജറ്റ് വായ്പകളായി കണക്കാക്കരുതെന്ന് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചു.

- ₹143.99 കോടിയുടെ സംസ്ഥാന, കേന്ദ്ര ധനകാര്യ കമ്മീഷൻ (എസ്. എഫ്. സി / സി. എഫ്. സി ) ഗ്രാന്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്തത്. (ഖണ്ഡിക 1.2.1 സി (ii))
- ₹95.80 കോടിയുടെ റീഫണ്ട് കേസുകളുടെ കുടിശ്ശിക. (ഖണ്ഡിക 3.2.5)
- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടുകൾ എസ്.എൻ.എയിലേക്ക് കൈമാറുന്നതിൽ കാലതാമസം വരുത്തിയതു മൂലമുണ്ടായ ₹7.98 കോടിയുടെ പലിശ ബാദ്ധ്യത അടയക്കാതിരുന്നത്. (ഖണ്ഡിക 2.6.4 സി, 2.7 (ii))

മുകളിൽ പറഞ്ഞിരിക്കുന്ന തീർപ്പാക്കാത്ത ബാധ്യതകളുടെയും ഓഫ് ബജറ്റ് വായ്പയെടുക്കലുകളുടെയും സഞ്ചിത മൂല്യം ₹42,741.95 കോടിയാണ്, ഇത് 2024-25 വർഷത്തെ ജിഎസ്ഡിപിയുടെ 3.42 ശതമാനത്തിനും ധനക്കമ്മിയുടെ 88.59 ശതമാനത്തിനും തുല്യമാണ്.

ഭാവിയിൽ ഉണ്ടായേക്കാവുന്ന സാമ്പത്തിക ഞെരുക്കം ഒഴിവാക്കുന്നതിനു വേണ്ടി ഈ ബാദ്ധ്യതകൾ സുതാര്യമായി വെളിപ്പെടുത്തണമെന്നും സമയബന്ധിതമായി തീർപ്പാക്കാനുള്ള വകയിരുത്തലുകൾ സംസ്ഥാന സർക്കാർ നടത്തണമെന്നും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1.5 നിഗമനങ്ങൾ

2024-25 സാമ്പത്തിക വർഷത്തിൽ, റവന്യൂ ചെലവിന്റെ വളർച്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ റവന്യൂ വരുമാനം തുച്ഛമായ വളർച്ചയാണ് ഉണ്ടാക്കിയത്. 2023-24, 2024-25 വർഷങ്ങളിൽ സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ ഉയർച്ച വളരെ കുറവായിരുന്നു, ഇത് സംസ്ഥാനത്തിന്റെ വരുമാനം സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് അനുസൃതമായി വളരുന്നില്ലെന്ന് സൂചിപ്പിക്കുന്നു. ജി.എസ്.ഡി.പിയിലെ വളർച്ചയെ വരുമാനത്തിലെ ആനുപാതിക വളർച്ചയാക്കി മാറ്റാനുള്ള കഴിവ് സംസ്ഥാന സർക്കാരിന് വെല്ലുവിളിയായി തുടർന്നു. തൽഫലമായി, 2024-25 സാമ്പത്തിക വർഷത്തിൽ കെഎഫ്ആർ നിയമം 2003 ൽ നിർദ്ദേശിച്ചിട്ടുള്ള ലക്ഷ്യങ്ങളൊന്നും കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞില്ല.

കഴിഞ്ഞ 10 വർഷത്തിൽ, 2019-20, 2022-23, 2023-24 ലെ ധനക്കമ്മി ലക്ഷ്യവും 2015-16 ലെ മൊത്തം കടവും ജിഎസ്ഡിപിയുമായുള്ള അനുപാതവും ഒഴികെ, കെഎഫ്ആർ നിയമം 2003 വഴി ഏർപ്പെടുത്തിയ ധനപരമായ പരിധികൾ ഒന്നും തന്നെ പാലിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞില്ല. കെ.എഫ്.ആർ 2003 ലക്ഷ്യങ്ങൾ സ്ഥിരമായി കൈവരിക്കാത്തത്, സംസ്ഥാന സർക്കാരിന്റെ ബജറ്റ് രൂപീകരണം, നടപ്പാക്കൽ, നിരീക്ഷണം തുടങ്ങിയവയുടെ നടപടിക്രമങ്ങളിലെയും രീതികളിലെയും കൃത്യത ഉറപ്പാക്കുന്നതിന് വ്യവസ്ഥാപിതമായ മെച്ചപ്പെടലിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

കടമെടുക്കുന്ന തുക മൂലധന ചെലവിനും റവന്യൂ ചെലവിനും വിനിയോഗിക്കുന്നതിനുള്ള സർക്കാരിന്റെ കുറഞ്ഞു വരുന്ന കഴിവ്, ഗണ്യമായ ഓഫ് ബജറ്റ് കടമെടുപ്പ്, കാര്യമായ ബാധ്യതപ്പെട്ട ചെലവുകൾ, ആകസ്മിക ബാദ്ധ്യതകൾ കൈകാര്യം ചെയ്യുന്നതിലെ വ്യവസ്ഥാപിതമായ ബലഹീനതകൾ എന്നിവ സംസ്ഥാന ഗവർണമെന്റിന് ഗണ്യമായ സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കാൻ സാധ്യതയുണ്ട്. കൂടാതെ, വരുമാനത്തിലെയും വായ്പകൾ തിരിച്ചു പിടിക്കുന്നതിലെയും ഗണ്യമായ കുടിശ്ശിക, അപൂർണ്ണമായ പദ്ധതികളിൽ മൂലധനം തടയപ്പെട്ടു കിടക്കുന്നത് തുടങ്ങിയവ സംസ്ഥാന സർക്കാരിന്റെ വരവുചെലവ് കൈകാര്യം ചെയ്യുന്ന സംവിധാനത്തിൽ വ്യവസ്ഥാപിത പരിഷ്കാരങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

## 1.6 മികച്ച പ്രവർത്തന രീതികൾ

എസ്ജിഎസ്ടി വകുപ്പിലെ നികുതി നിർണ്ണയത്തിലെ കുടിശ്ശിക കുറയ്ക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച ശ്രമങ്ങളെ ഞങ്ങൾ അഭിനന്ദിക്കുന്നു.

## 1.7 ശുപാർശകൾ

1. ***ബാധ്യതപ്പെട്ട ചെലവുകൾ യുക്തിസഹമാക്കുകയും സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനത്തിന്റെ ഉയർച്ച വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് 2003 ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമത്തിൽ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുകയും അതുവഴി ധനസ്ഥിതി ഏകീകരിക്കാനുള്ള പാത സർക്കാർ സ്വീകരിക്കുകയും ചെയ്യണം.***

2. ***'ഡീഫോൾട്ട് റിസ്കും' വർദ്ധിപ്പിച്ച ഗ്യാരണ്ടി കമ്മീഷനും കണക്കാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുക, ഗ്യാരണ്ടി കമ്മീഷൻ സമയബന്ധിതമായി നൽകുന്നത് നിരീക്ഷിക്കുക, ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടിലേക്ക് ഗ്യാരണ്ടി കമ്മീഷൻ നീക്കിവയ്ക്കുക എന്നിവയിലൂടെ ഗ്യാരണ്ടി മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.***

# അദ്ധ്യായം II

# ബജറ്റ് മാനേജ്മെൻറ്

## അധ്യായം – II : ബജറ്റ് മാനേജ്മെന്റ്

**കേരളത്തിന്റെ ബജറ്റ് പ്രക്രിയ അവലോകനം ചെയ്ത് ബജറ്റ് എസ്റ്റിമേറ്റുകളും യഥാർത്ഥ ചെലവുകളും തമ്മിലുള്ള കാര്യമായ അന്തരം, അധിക ചെലവ്, സ്ഥിരമായ മിച്ചം, അവസാന നിമിഷത്തെ ഫണ്ട് സറണ്ടറുകൾ തുടങ്ങിയ പ്രശ്നങ്ങൾ ഈ അധ്യായം അവലോകനം ചെയ്യുന്നു. സാമ്പത്തിക ആസൂത്രണം, നിയന്ത്രണം, അനുവർത്തനം എന്നിവയിലെ ബലഹീനതകൾ ഉയർത്തിക്കാട്ടുകയും അതോടൊപ്പം യാഥാർത്ഥ്യബോധമുള്ള ബജറ്റിംഗിന്റെയും സമയബന്ധിതമായി ഫണ്ട് വിനിയോഗം ചെയ്യേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്യുന്നു. 2022-23 മുതൽ 2024-25 വരെയുള്ള മൂന്ന് വർഷ കാലയളവിൽ, ഗ്രാന്റ് നമ്പർ XXII- നഗര വികസനം, ഗ്രാന്റ് നമ്പർ XXV- പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമം എന്നീ രണ്ട് ഗ്രാന്റുകളിൽ കൈക്കൊണ്ട ബജറ്ററി നടപടിക്രമങ്ങളും ചെലവ് നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നയങ്ങളും അവലോകനം ചെയ്തു .**

### 2.1 ബജറ്റ് പ്രക്രിയ

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 202 അനുസരിച്ച്, എല്ലാ സാമ്പത്തിക വർഷവും, "വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റ് (ബജറ്റ്)" എന്ന് വിളിക്കപ്പെടുന്ന ആ വർഷത്തേക്കുള്ള സംസ്ഥാനത്തിന്റെ എസ്റ്റിമേറ്റ് ചെയ്ത വരവിന്റെയും ചെലവിന്റെയും ഒരു സ്റ്റേറ്റ്മെന്റ് സംസ്ഥാന നിയമസഭയ്ക്ക് മുന്നിൽ സമർപ്പിക്കേണ്ടതാണ്. ചെലവിന്റെ എസ്റ്റിമേറ്റുകൾ 'ചാർജ് ചെയ്തത്, എന്നും 'വോട്ട് ചെയ്തത് ' എന്നും ചെലവ് ഇനങ്ങളെ[27] വെവ്വേറെ കാണിക്കുകയും റവന്യു കണക്കുകളിലെ ചെലവുകളും മറ്റ് ചെലവുകളും വേർതിരിച്ച് കാണിക്കുകയും ചെയ്യുന്നു. സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും ചെലവ് നടത്തുന്നതിന് മുമ്പ് നിയമനിർമ്മാണ സഭയുടെ അംഗീകാരം ആവശ്യമാണ്.

കേരള ബജറ്റ് മാനുവൽ പ്രകാരം വിവിധ വകുപ്പുകളിൽ നിന്ന് എസ്റ്റിമേറ്റ് സ്വീകരിച്ച് വാർഷിക ബജറ്റ് തയ്യാറാക്കാനുള്ള ചുമതല ധനവകുപ്പിനാണ്. വരവിന്റെയും ചെലവിന്റെയും വകുപ്പുതല എസ്റ്റിമേറ്റുകൾ, വകുപ്പ് മേധാവികളുടെ ഉപദേശപ്രകാരം കൺട്രോളിംഗ് ഓഫീസർമാർ തയ്യാറാക്കി നിശ്ചിത തീയതികളിൽ ധനവകുപ്പിന് സമർപ്പിക്കുന്നു. ധനവകുപ്പ് എസ്റ്റിമേറ്റുകൾ ഏകീകരിക്കുകയും 'ഡിമാൻഡ് ഫോർ ഗ്രാന്റ്സ്' എന്ന വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും ചെയ്യുന്നു. സംസ്ഥാന ബജറ്റിൽ പ്രധാനമായും ഇനിപ്പറയുന്ന രേഖകൾ ഉൾപ്പെടുന്നു:

- ✓ വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റ്
- ✓ ഡിമാൻഡ് ഫോർ ഗ്രാന്റ്സ്
- ✓ റവന്യൂ സംബന്ധിച്ച വിശദമായ ബജറ്റ് എസ്റ്റിമേറ്റ്
- ✓ കേരളത്തിന്റെ മിതകാല സാമ്പത്തികനയവും മിതകാല ഫിസ്കൽപ്ലാനും സ്ട്രാറ്റജി സ്റ്റേറ്റ്മെന്റും
- ✓ കടമിനങ്ങളിലുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ്
- ✓ ജെൻഡർ ബജറ്റും കുട്ടികളുടെ ബജറ്റും

---

[27] ചാർജ് ചെയ്ത ചെലവ്: ചില വിഭാഗത്തിലുള്ള ചെലവുകൾ (ഉദാ: ഭരണഘടനാ അധികാരികളുടെ ശമ്പളം, വായ്പ തിരിച്ചടവുകൾ മുതലായവ), സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ ചാർജ് ചെയ്യപ്പെടുന്നു, കൂടാതെ നിയമസഭയുടെ വോട്ടിന് വിധേയമല്ല. വോട്ട് ചെയ്ത ചെലവ്: മറ്റ് എല്ലാ ചെലവുകളും നിയമസഭ വോട്ട് ചെയ്യുന്നു.

- ✓ ബജറ്റ് ഇൻ ബ്രീഫ്
- ✓ മറ്റുള്ളവ

## 2.2 ബജറ്റ് പ്രൊജക്ഷനും യഥാർത്ഥ കണക്കുകളും തമ്മിലുള്ള വ്യത്യാസം

വിഭവങ്ങൾ അനുയോജ്യമായി വിനിയോഗിക്കുന്നതിനും, പദ്ധതികളുടെ നടത്തിപ്പും നിരീക്ഷണ സംവിധാനവും ശക്തിപ്പെടുത്തുന്നതിനും, സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും നികുതി ഭരണം / മറ്റ് വരവുകൾ, പൊതുചെലവ് എന്നിവ കാര്യക്ഷമമായി കൈകാര്യം ചെയ്യേണ്ടതുണ്ട്. തുടർച്ചയായുള്ള മിച്ചവും / അധിക ചെലവും അടിസ്ഥാന ബജറ്റ് പ്രക്രിയകൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

സംസ്ഥാന നിയമസഭയിൽ നിന്ന് ലഭിച്ച മൊത്തം ധനവിനിയോഗം, യഥാർത്ഥ ചെലവ്, മിച്ചം എന്നിവയുടെ വിശദാംശങ്ങൾ **പട്ടിക 2.1** ൽ സംഗ്രഹിച്ചിരിക്കുന്നു.

**പട്ടിക 2.1: 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റ് വകയിരുത്തലുമായി താരതമ്യം ചെയ്യുമ്പോൾ യഥാർത്ഥ ചെലവ്**

*(₹ കോടിയിൽ)*

| | ചെലവിന്റെ സ്വഭാവം | അസൽ ഗ്രാന്റ്/ ധനവിനിയോഗം | സപ്ലിമെന്ററി ഗ്രാന്റ്/ ധനവിനിയോഗം | മൊത്തം ബജറ്റ് | യഥാർത്ഥ ചെലവ് | മിച്ചം (-) /അധിക ചെലവ് (+) | 2024-25 ലെ സറണ്ടർ | |
|---|---|---|---|---|---|---|---|---|
| | | | | | | | തുക | ശതമാനം |
| വോട്ട് ചെയ്തത് | I. റവന്യൂ | 1,38,973.51 | 7,723.77 | 1,46,697.28 | 1,33,888.83 | (-)12,808.45 | 12,846.36 | 100.30 |
| | II. മൂലധനം | 15,621.78 | 5,137.25 | 20,759.03 | 15,049.88 | (-)5,709.15 | 5,323.43 | 93.24 |
| | III. വായ്പകളും മുൻകൂറുകളും | 2,162.90 | 606.59 | 2769.49 | 2791.08 | 21.58 | 300.84 | - |
| **ആകെ** | | **1,56,758.19** | **13,467.61** | **1,70,225.80** | **1,51,729.78** | **(-)18,496.02** | **18,470.63** | **99.86** |
| ചാർജ്ജ് ചെയ്തത് | IV. റവന്യൂ | 29,339.10 | 1,000.69 | 30,339.79 | 29743.06 | (-)596.73 | 596.67 | 99.99 |
| | V. മൂലധനം | 41.44 | 199.55 | 240.99 | 221.82 | (-)19.17 | 19.17 | 99.99 |
| | VI. വായ്പകളും മുൻകൂറുകളും | 0.00 | 14.75 | 14.75 | 13.29 | (-)1.46 | 1.46 | 100.00 |
| | VII. പൊതുകടം തിരിച്ചടവ് | 71,058.30 | 38,187.19 | 1,09,245.49 | 1,11,918.42 | 2,672.93 | 0 | 0 |
| **ആകെ** | | **1,00,438.84** | **39,402.18** | **1,39,841.02** | **1,41,896.58** | **2,055.57** | **617.30** | **30.03** |
| ആകസ്മിക നിധിയിലേക്കുള്ള ധനവിനിയോഗം, ഉണ്ടെങ്കിൽ | | 0 | 0 | 0 | 0 | 0 | 0 | |
| **ആകെ** | | **2,57,197.03** | **52,869.79** | **3,10,066.82** | **2,93,626.37** | **(-)16,440.45** | **19,087.93** | **100.00** |

*ഉറവിടം: ധനവിനിയോഗ കണക്കുകൾ*

*കുറിപ്പ്: ചെലവു കുറയ്ക്കുന്നതിനായി കണക്കുകളിൽ ക്രമീകരിച്ച റവന്യൂ ശീർഷകങ്ങൾക്കു കീഴിലെയും (₹7,711.09 കോടി), മൂലധനശീർഷകങ്ങൾക്കു കീഴിലെയും (₹189.28 കോടി) റിക്കവറികൾ കണക്കിലെടുക്കാതെയുള്ള മൊത്തം തുകകളാണ് മുകളിൽ സൂചിപ്പിച്ച ചെലവുകൾ*

റവന്യൂ വോട്ട് ചെയ്ത വിഭാഗത്തിന് കീഴിൽ സറണ്ടർ ചെയ്ത തുക യഥാർത്ഥ മിച്ചത്തേക്കാൾ ₹37.91 കോടി കൂടുതലാണ് . ബജറ്റ് മിച്ചവും അതിൽ നിന്നുള്ള സറണ്ടറും സൂക്ഷ്മമായി നിരീക്ഷിക്കുന്നതിലെ വ്യവസ്ഥാനുസാരമായ ദൗർബല്യത്തിനെ ഇത് കാണിക്കുന്നു. 2024-25 ലെ ധനവിനിയോഗ കണക്കുകൾ

പ്രകാരം, റവന്യൂ വോട്ട് ചെയ്ത വിഭാഗത്തിന് കീഴിലുള്ള ഏഴ് ഗ്രാന്റുകളിലെ[28] സറണ്ടർ മിച്ചത്തേക്കാൾ ₹72.72 കോടി കൂടുതലാണ് . ബാക്കിയുള്ള 40 ഗ്രാന്റുകളിലുള്ള ₹34.81 കോടിയുടെ സറണ്ടറിലെ കുറവ് മുകളിൽ സൂചിപ്പിച്ച അധിക സറണ്ടറിനെ കുറച്ചിട്ടുണ്ട്. 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിലെ അസൽ ബജറ്റ്, പുതുക്കിയ എസ്റ്റിമേറ്റ്, യഥാർഥ ചെലവ് എന്നിവയുടെ പ്രവണതകൾ **പട്ടിക 2.2** ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.2: 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിലെ അസൽ ബജറ്റ്, പുതുക്കിയ എസ്റ്റിമേറ്റ്, യഥാർത്ഥ ചെലവ്**

**(₹കോടിയിൽ)**

| | 2020-2021 | 2021-2022 | 2022-2023 | 2023-24 | 2024-25 |
|---|---|---|---|---|---|
| അസൽ ബജറ്റ് | 1,70,431.18 | 2,15,813.79 | 2,30,278.70 | 2,27,149.60 | 2,57,197.03 |
| സപ്ലിമെന്ററി ബജറ്റ് | 38,515.61 | 21,202.33 | 17,350.07 | 40,819.70 | 52,869.79 |
| മൊത്തം ബജറ്റ് (ടിബി) | 2,08,946.79 | 2,37,016.12 | 2,47,628.77 | 2,67,969.30 | 3,10,066.82 |
| പുതുക്കിയ എസ്റ്റിമേറ്റ് (ആർഇ) | 1,64,292.70 | 2,08,086.26 | 2,03,612.36 | 2,47,627.56 | 2,89,085.74 |
| യഥാർത്ഥ ചെലവ് (എഇ) | 1,84,877.38 | 2,05,451.40 | 2,02,871.93 | 2,38,434.96 | 2,93,626.37 |
| മിച്ചം | 24,069.41 | 31,564.72 | 44,756.84 | 29,534.34 | 16,440.45 |
| അസൽ വകയിരുത്തലുമായി സപ്ലിമെന്ററി വകയിരുത്തലിന്റെ ശതമാനം | 22.60 | 9.82 | 7.53 | 17.97 | 20.56 |
| മൊത്തം വകയിരുത്തലുമായി മൊത്തം മിച്ചം/അധിക ചെലവിന്റെ ശതമാനം | 11.52 | 13.32 | 18.07 | 11.02 | 5.30 |
| ടി. ബി - ആർ. ഇ | 44,654.09 | 28,929.86 | 44,016.41 | 20,341.74 | 20,981.07 |
| ആർ. ഇ-എ. ഇ | (-)20,584.68 | 2,634.86 | 740.43 | 9,192.60 | (-)4,540.62 |
| (ടിബി-ആർഇ) ടി. ബി യുടെ ശതമാനമായി | 21.37 | 12.21 | 17.78 | 7.59 | 6.77 |
| (ആർ.ഇ - എ. ഇ) ടി. ബി യുടെ ശതമാനമായി | (-)9.85 | 1.11 | 0.30 | 3.43 | (-)1.46 |

*ഉറവിടം: വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റും ധനവിനിയോഗ കണക്കുകളും*

2024-25 കാലയളവിലെ ₹52,869.79 കോടിയുടെ സപ്ലിമെന്ററി വകയിരുത്തൽ അസൽ ബജറ്റ് വകയിരുത്തലിന്റെ 20.56 ശതമാനമാണ്. കഴിഞ്ഞ വർഷം ഇത് 17.97 ശതമാനമായിരുന്നു എന്ന് **പട്ടിക 2.2** കാണിക്കുന്നു.

2020-21 മുതൽ 2024-25 വരെയുള്ള കാലഘട്ടത്തിലെ മൊത്തം ബജറ്റ്, പുതുക്കിയ എസ്റ്റിമേറ്റ്, യഥാർത്ഥ ചെലവ് എന്നിവയുടെ പ്രവണതകൾ **ചാർട്ട് 2.1** ൽ നൽകിയിരിക്കുന്നു.

[28] പോലീസ് (ഗ്രാന്റ് നമ്പർ XII),പെൻഷനുകളും മറ്റു പലവകകളും (ഗ്രാന്റ് നമ്പർ XVI), മൃഗസംരക്ഷണം (ഗ്രാന്റ് നമ്പർ XXXI), തുറമുഖങ്ങൾ (ഗ്രാന്റ് നമ്പർ XL), വിനോദസഞ്ചാരം (ഗ്രാന്റ് നമ്പർ XLII), വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും (ഗ്രാന്റ് നമ്പർ XVIII), തൊഴിലും, തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും (ഗ്രാന്റ് നമ്പർ XXIV)

**ചാർട്ട് 2.1: 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിലെ ബിഇ, ആർഇ , യഥാർഥ ചെലവ് എന്നിവ കാണിക്കുന്ന പ്രവണത**




### 2.2.1 ബജറ്റ് വകയിരുത്തലുകളുടെയും ചെലവുകളുടെയും ഘടകങ്ങൾ/സേവനങ്ങൾ തിരിച്ചുള്ള വിശകലനം

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിന്റെയും ചെലവിന്റെയും ഘടകങ്ങൾ തിരിച്ചുള്ള വിശകലനം **പട്ടിക 2.3** ൽ സംഗ്രഹിച്ചിരിക്കുന്നു. ധനവിനിയോഗ കണക്കുകളിലെ വ്യതിയാനങ്ങൾക്ക് ലഭിച്ച വിശദീകരണങ്ങളുടെ സംഗ്രഹം **ചാർട്ട് 2.2** ൽ ചിത്രീകരിച്ചിരിക്കുന്നു.

**പട്ടിക 2.3: 2024-25 വർഷത്തേക്കുള്ള ഘടകം തിരിച്ചുള്ള ബജറ്റും ചെലവും**

| ഘടകം | ബജറ്റ് (₹ കോടിയിൽ) | ചെലവ് (₹ കോടിയിൽ) | മൊത്തം ബജറ്റിന്റെ ശതമാനം | മൊത്തം ചെലവിന്റെ ശതമാനം | അനുവദിച്ച ബജറ്റിലെ ചെലവിന്റെ ശതമാനം |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6 = 3 / 2 * 100) |
| ബാദ്ധ്യതപ്പെട്ട ചെലവ് | 1,00,763.12 | 98,563.59 | 32.49 | 33.58 | 97.81 |
| സംസ്ഥാന പദ്ധതികൾ | 1,96,202.83 | 1,85,688.95 | 63.27 | 63.22 | 94.64 |
| സിഎസ്എസിനുള്ള കേന്ദ്ര | 7,913.26 | 4,008.58 | 2.55 | 1.36 | 50.65 |
| സി.എസ്.എസിനുള്ള സംസ്ഥാന | 2,970.18 | 3,713.85 | 0.96 | 1.26 | 125.03[29] |
| ഇഎപി - ബാഹ്യ സഹായത്തോടെയുള്ള പദ്ധതികൾ | 2,217.42 | 1651.39 | 0.71 | 0.56 | 74.47 |

[29] 19 പദ്ധതികളിൽ ₹321.33 കോടിയുടെ ബജറ്റിൽ ₹922.18 കോടിയുടെ ചെലവ് നേരിട്ടു . 14 പദ്ധതികളിൽ ₹102.62 കോടിയുടെ ചെലവ് ബജറ്റ് വകയിരുത്തലില്ലാതെയാണ് നേരിട്ടത്.

അംഗീകൃത ബജറ്റിനെതിരായ ചെലവ് കാണിക്കുന്നതിനു പുറമേ, സപ്ലിമെന്ററി ബജറ്റ് ഉൾപ്പെടെയുള്ള ബജറ്റ് വകയിരുത്തലിൽ നിന്ന് ചെലവിൽ ഗണ്യമായി വ്യതിയാനം വരുന്ന സന്ദർഭങ്ങളുടെ വിശദീകരണവും ധനവിനിയോഗ കണക്കുകളിൽ നൽകിയിരിക്കുന്നു. പിഎസി അംഗീകരിക്കുന്ന പരിധിയ്ക്ക് അനുസരിച്ചാണ് ധനവിനിയോഗ കണക്കുകളിൽ വിശദമായ അഭിപ്രായങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള ത്രെഷോൾഡ് ലെവൽ നിശ്ചയിക്കുന്നത്. അഭിപ്രായങ്ങൾക്കുള്ള ഉപശീർഷകങ്ങൾ തിരഞ്ഞെടുക്കുന്നതിനും വിശദമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ അതത് വർഷങ്ങളിലെ ധനവിനിയോഗ കണക്കിന്റെ ആമുഖത്തിൽ നൽകിയിരിക്കുന്നു.

2024-25 ലെ ധനവിനിയോഗക്കണക്കിലെ ഓഡിറ്റിൽ, ഏകദേശം 44 ശതമാനം കേസുകളിലും ബജറ്റ് വകയിരുത്തലുമായി ബന്ധപ്പെട്ട ചെലവിലെ വ്യതിയാനങ്ങൾക്ക് കൺട്രോളിംഗ് ഓഫീസർമാർ വിശദീകരണം/പ്രത്യേക കാരണങ്ങൾ നൽകിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **ചാർട്ട് 2.2** ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 2.2: ധനവിനിയോഗ കണക്കുകളിലെ വ്യതിയാനത്തിനുള്ള വിശദീകരണത്തിന്റെ സംഗ്രഹം**




*ഉറവിടം: ധനവിനിയോഗ കണക്കുകൾ*

ബജറ്റ് വകയിരുത്തലും അതിന്റെ വിനിയോഗവും തമ്മിലുള്ള വ്യത്യാസത്തിനുള്ള വിശദീകരണത്തിന്റെ അഭാവം, സർക്കാരിന്റെ സാമ്പത്തിക ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനുള്ള മാർഗമെന്ന രീതിയിൽ ബജറ്റിൻമേലുള്ള നിയമനിർമ്മാണസഭയുടെ നിയന്ത്രണാധികാരത്തെ പരിമിതപ്പെടുത്തും.

## 2.3 ബജറ്റ് മാർക്ക്സ്മാൻഷിപ്പ്

### എക്സ്പെൻഡിച്ചർ കോമ്പോസിഷൻ ഔട്ട്ടേൺ

നിർവ്വഹണ വേളയിൽ പ്രധാന ബജറ്റ് വിഭാഗങ്ങൾ തമ്മിലുള്ള പുനർവകയിരുത്തലുകൾ ചെലവ് ഘടനയിലെ വ്യത്യാസത്തിന് എത്രത്തോളം കാരണമായെന്ന് എക്സ്പെൻഡിച്ചർ കോമ്പോസിഷൻ ഔട്ട്ടേൺ അളക്കുന്നു.

ഗ്രാന്റുകൾ, അമിത ചെലവ്, മിച്ചം എന്നിവയുടെ വാർഷികാടിസ്ഥാനത്തിലുള്ള വിശകലനം സംസ്ഥാനത്തിന്റെ ബജറ്റ് നിർവ്വഹണത്തിന്റെയും സാമ്പത്തിക മാനേജ്മെന്റിന്റെയും കാര്യക്ഷമതയെക്കുറിച്ച് വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകുന്നു. ഇത് **ചാർട്ട് 2.3 ൽ** ചിത്രീകരിച്ചിരിക്കുന്നു.

**ചാർട്ട് 2.3: വാർഷികാടിസ്ഥാനത്തിലുള്ള ഗ്രാന്റുകൾ, അധിക ചെലവ്, മിച്ചം**




2024-25 സാമ്പത്തിക വർഷത്തെ എക്സ്പെൻഡിച്ചർ കോമ്പോസിഷൻ ഔട്ട്ടേൺ **പട്ടിക 2.4 ൽ** നൽകിയിരിക്കുന്നു. പുതുക്കിയ എസ്റ്റിമേറ്റുകളിൽ നിന്നുള്ള യഥാർത്ഥ ചെലവിന്റെ വ്യതിചലനത്തിന്റെ ശതമാനത്തെ അടിസ്ഥാനമാക്കി ഓരോ വിഭാഗത്തിനും കീഴിലുള്ള ഗ്രാന്റുകൾ ഗ്രൂപ്പുകളായി ഈ പട്ടികയിൽ തിരിച്ചിട്ടുണ്ട്. പട്ടികയുടെ വിശദാംശങ്ങൾ **അനുബന്ധം 2.1 ൽ** ചേർത്തിരിക്കുന്നു.

**പട്ടിക 2.4 2024-25 സാമ്പത്തിക വർഷത്തിലെ എക്സ്പെൻഡിച്ചർ കോമ്പോസിഷൻ ഔട്ട്ടേൺ**

| വിഭാഗം | മൊത്തത്തിലുള്ള വ്യതിചലനം (ശതമാനം) | വ്യതിചലനത്തിന്റെ പരിധി (ശതമാനം) | ഗ്രാന്റുകളുടെ എണ്ണം |
|---|---|---|---|
| റവന്യൂ (വോട്ട് ചെയ്തത് ) | (+)0.82 | 0 മുതൽ ± 25 വരെ | 42 |
| | | ± 25 മുതൽ ± 50 വരെ | 5 |
| | | ± 50 മുതൽ ± 100 വരെ | 5 |
| | | ≥ 100 | 1 |
| മൂലധനം (വോട്ട് ചെയ്തത് ) | (+)8.66 | 0 മുതൽ ± 25 വരെ | 17 |
| | | ± 25 മുതൽ ± 50 വരെ | 10 |
| | | ± 50 മുതൽ ± 100 വരെ | 13 |
| | | ≥ 100 | 4 |
| റവന്യൂ (ചാർജ് ചെയ്തത് ) | (-)1.99 | 0 മുതൽ ± 25 വരെ | 16 |
| | | ± 25 മുതൽ ± 50 വരെ | 1 |
| | | ± 50 മുതൽ ± 100 വരെ | 5 |
| | | ≥ 100 | 2 |
| മൂലധനം (ചാർജ് ചെയ്തത് ) | (+)2.47 | 0 മുതൽ ± 25 വരെ | 9 |
| | | ± 25 മുതൽ ± 50 വരെ | 1 |
| | | ± 50 മുതൽ ± 100 വരെ | 2 |
| | | ≥ 100 | 3 |

*ഉറവിടം: ധനവിനിയോഗ കണക്കുകളും ധനാഭ്യർത്ഥനകളും*

അനേകം വർഷങ്ങളായുള്ള ഗ്രാന്റുകളിലെ ആവർത്തിച്ചുള്ള വ്യതിയാനങ്ങൾ ഓഡിറ്റ് വിശകലനം ചെയ്യുകയും **അനുബന്ധം 2.1 എ** യിൽ വിശദീകരിച്ചിരിക്കുന്നതുപോലെ

നാല് ഗ്രാന്റുകളിൽ[30] ±50 ശതമാനത്തിലധികം തുടർച്ചയായുള്ള വ്യതിയാനങ്ങൾ ഉണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. ആവർത്തിച്ചുള്ള ഈ വ്യതിയാനങ്ങൾ ബജറ്റ് പ്രവചനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

## 2.4 ധനവിനിയോഗ കണക്കുകൾ

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 204 പ്രകാരം പാസാക്കിയ ധനവിനിയോഗ നിയമത്തിന്റെ ഷെഡ്യൂളുകൾ പ്രകാരമുള്ള ഉദ്ദേശ്യങ്ങൾക്കായി വോട്ട് ചെയ്ത ഗ്രാന്റുകളുടെയും ചാർജ്ജ് ചെയ്ത ധനവിനിയോഗങ്ങളുടെയും തുകയുമായി താരതമ്യപ്പെടുത്തിയിട്ടുള്ള ഓരോ സാമ്പത്തിക വർഷത്തിലെയും സർക്കാരിന്റെ ചെലവുകളുടെ കണക്കുകളാണ് ധനവിനിയോഗ കണക്കുകൾ. അസൽ ബജറ്റ് വകയിരുത്തൽ, സപ്ലിമെന്ററി ഗ്രാന്റുകൾ, സറണ്ടറുകൾ, പുനർ ധനവിനിയോഗം എന്നിവയ്ക്കെതിരെ യഥാർത്ഥ ചെലവുകളെ ധനവിനിയോഗ കണക്കുകളിൽ ചിത്രീകരിക്കുന്നു.

വിവിധ ഗ്രാന്റുകൾക്ക് കീഴിൽ യഥാർത്ഥത്തിൽ നടന്ന ചെലവ് ധനവിനിയോഗ നിയമത്തിൻകീഴിൽ നൽകിയ അംഗീകാരത്തിന് അനുസൃതമാണോ എന്നും ഭരണഘടനയുടെ വ്യവസ്ഥകൾ (ആർട്ടിക്കിൾ 202) പ്രകാരം ചാർജ്ജ് ചെയ്യേണ്ട ചെലവുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടോ എന്നും സിഎജിയുടെ ധനവിനിയോഗങ്ങളുടെ ഓഡിറ്റ് പരിശോധിക്കുന്നു. നിയമങ്ങൾ, ചട്ടങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ പ്രകാരമാണോ ചെലവ് നേരിട്ടിട്ടുള്ളത് എന്നും ഓഡിറ്റ് പരിശോധിക്കുന്നു.

## 2.5 ബജറ്റ്, അക്കൗണ്ടിംഗ് പ്രക്രിയ

### 2.5.1 ബജറ്റ് വകയിരുത്തലില്ലാതെയുള്ള ചെലവ്

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 204 ലെ വ്യവസ്ഥകൾ അനുസരിച്ച്, നിയമപ്രകാരം പാസാക്കിയ ധനവിനിയോഗത്തിലൂടെ അല്ലാതെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പണം പിൻവലിക്കാൻ പാടില്ല. കൂടാതെ, ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 205 അനുസരിച്ച്, നടപ്പ് സാമ്പത്തിക വർഷത്തിൽ ഒരു പ്രത്യേക സേവനത്തിനായി നിയമസഭ അധികാരപ്പെടുത്തിയ തുക ആ വർഷത്തെ ആവശ്യങ്ങൾക്ക് അപര്യാപ്തമാണെന്ന് കണ്ടെത്തുകയോ, ആ വർഷത്തെ വാർഷിക സാമ്പത്തിക സ്റ്റേറ്റുമെന്റിൽ വിഭാവനം ചെയ്യാത്ത പുതിയ സേവനങ്ങൾക്ക് അധികം സപ്ലിമെന്ററി ചെലവിന്റെ ആവശ്യം വരികയോ ചെയ്താൽ, ഗവർണർ സംസ്ഥാന നിയമസഭയിൽ അത്തരം സപ്ലിമെന്ററി/അധിക ധനാവശ്യത്തിന് വേണ്ടിയുള്ള ഡിമാൻഡ് അവതരിപ്പിക്കേണ്ടതാണ്.

2022-23 മുതൽ 2024-25 വരെയുള്ള കാലയളവിലെ വിശദമായ ധനവിനിയോഗ കണക്കുകളുടെ പരിശോധനയിൽ, ഗ്രാന്റ് നമ്പർ XXII - നഗരവികസനത്തിന് കീഴിലുള്ള 9 പദ്ധതികളിൽ ബജറ്റ് വകയിരുത്തൽ (അസൽ ബജറ്റും സപ്ലിമെന്ററി ബജറ്റും) ഇല്ലാതെ പുനർ ധനവിനിയോഗത്തിലൂടെയാണ് ചെലവ് നേരിട്ടതെന്ന് വെളിപ്പെട്ടു. വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.5 ൽ** നൽകിയിരിക്കുന്നു :

[30] ഗ്രാന്റ് നമ്പർ XXVII -സഹകരണം, ഗ്രാന്റ് നമ്പർ XLVI-സാമൂഹിക സുരക്ഷയും ക്ഷേമവും, ഗ്രാന്റ് നമ്പർ XXII-നഗര വികസനം (മൂലധനം വോട്ട് ചെയ്തത്), ഗ്രാന്റ് നമ്പർ XLI - ഗതാഗതം(റവന്യൂ ചാർജ്ജ്ചെയ്തത്)

### പട്ടിക 2.5: ബജറ്റ് വകയിരുത്തലില്ലാതെ ചെലവ് നേരിട്ടത്

(₹കോടിയിൽ)

| വർഷം | അക്കൗണ്ട് ശീർഷകം | ബജറ്റ് വകയിരുത്തൽ (അസൽ + സപ്ലിമെന്ററി) | പുനർ ധനവിനിയോഗം പ്ലസ് | പുനർ ധനവിനിയോഗം മൈനസ് | തനി പുനർ ധനവിനിയോഗം | ചെലവ് |
|---|---|---|---|---|---|---|
| 2022-23 | 2217-05-191-48(32) സ്മാർട്ട് സിറ്റി മിഷൻ തിരുവനന്തപുരം (50% സി.എസ്.എസ്) കേന്ദ്ര വിഹിതം | 0 | 106 | 0 | 106 | 106 |
| 2022-23 | 2217-05-191-48(33) സ്മാർട്ട് സിറ്റി മിഷൻ തിരുവനന്തപുരം (50% സി.എസ്.എസ്) സംസ്ഥാന വിഹിതം | 0 | 98 | 0 | 98 | 98 |
| 2022-23 | 2217-05-192 48 (44) അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ - (അമൃത് 2.0) (50% സിഎസ്എസ്)-മുനിസിപ്പാലിറ്റികൾ-എൽഎസ്ജി സ്ഥാപന വിഹിതം സംസ്ഥാന സർക്കാർ മുൻകൂറായി നൽകിയത് | 0 | 27.75 | 0 | 27.75 | 27.75 |
| 2022-23 | 2217-05-191-48 (47) അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ-(അമൃത് 2.0)(33.33% സിഎസ്എസ്)-കോർപ്പറേഷനുകൾ-എൽഎസ്ജി സ്ഥാപന വിഹിതം സംസ്ഥാന സർക്കാർ മുൻകൂറായി നൽകിയത് | 0 | 73.23 | 0 | 73.23 | 73.23 |
| 2023-24 | 4217-60-800-89-02 വിവിധ മേഖലകൾക്ക് കീഴിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ- മുനിസിപ്പാലിറ്റികൾ | 0 | 77.37 | 0 | 77.37 | 77.37 |
| 2023-24 | 4217-60-800-89-01 വിവിധ മേഖലകൾക്ക് കീഴിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ- കോർപ്പറേഷനുകൾ | 0 | 41.68 | 0 | 41.68 | 41.68 |
| 2024-25 | 2217-05-192-48 (23) അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്)(50 ശതമാനം സിഎസ്എസ്) മുനിസിപ്പാലിറ്റികൾ കേന്ദ്ര വിഹിതം | 0 | 31.61 | 0 | 31.61 | 31.61 |
| 2024-25 | 2217-05-191-48 (26) അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ - (അമൃത്) (50% സിഎസ് എസ്) കോർപ്പറേഷനുകളുടെ കേന്ദ്ര വിഹിതം | 0 | 176.89 | 0 | 176.89 | 176.89 |
| 2024-25 | 2217-05-191-48 (27) അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ - (അമൃത് ) (50% സി എസ് എസ് ) കോർപ്പറേഷനുകളുടെ സംസ്ഥാന വിഹിതം | 0 | 105.59 | 0 | 105.59 | 105.59 |

2022-23 വർഷത്തേക്കുള്ള ബജറ്റ് അന്തിമമാക്കിയതിന് ശേഷം മാത്രമാണ് സ്മാർട്ട് സിറ്റിയ്ക്ക് പ്രത്യേക അക്കൗണ്ടിംഗ് ശീർഷകങ്ങൾ അനുവദിച്ചതെന്ന് സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന്റെ സിഇഒ മറുപടി നൽകി(2025 ഒക്ടോബർ ). 2217-05-191-48- (24),(26) സ്മാർട്ട് സിറ്റി മിഷൻ കൊച്ചി എന്ന അക്കൗണ്ടിംഗ് ശീർഷകത്തിൻ കീഴിലെ ബൾക്ക് പ്രൊവിഷനിൽ നിന്ന് പുനർ ധനവിനിയോഗത്തിലൂടെ 2022-23 കാലയളവിലെ പദ്ധതിയുടെ ചെലവ് നേരിട്ടു. ബജറ്റിൽ വിഭാവനം ചെയ്യാത്ത ഒരു

പുതിയ സേവനത്തിന് കീഴിൽ ചെലവ് നേരിടുന്നതിന് ഒരു സപ്ലിമെന്ററി ബജറ്റ് നിയമസഭയിൽ അവതരിപ്പിക്കേണ്ടതിനാൽ മറുപടി സ്വീകാര്യമല്ല.

2023-24 ലെ മൂലധന നിക്ഷേപങ്ങൾക്കായി സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക സഹായം 2024 ഫെബ്രുവരിയിൽ മൂലധനച്ചെലവിനു കീഴിലെ വായ്പയായി കേന്ദ്രസർക്കാർ അനുവദിച്ചത് റിലീസ് ചെയ്ത് നൽകുവാനായി '4217-60-800-89-മൂലധന നിക്ഷേപത്തിനായി സംസ്ഥാനങ്ങൾക്ക് പ്രത്യേക സഹായത്തിനുള്ള പദ്ധതി' എന്ന അക്കൗണ്ട് ശീർഷകത്തിൻ കീഴിൽ ₹119.05 കോടിയുടെ ചെലവ് നേരിട്ടു.

2022-23 ലും 2024-25 ലും ഗ്രാന്റിന് താഴെയുള്ള വിവിധ അക്കൗണ്ട് ശീർഷകങ്ങൾക്കു കീഴിൽ ലഭ്യമായ മിച്ചത്തിന്റെ പുനർ ധനവിനിയോഗത്തിലൂടെ അമൃത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കി. അസൽ ബജറ്റ് വകയിരുത്തലില്ലാതെ പുനർ ധനവിനിയോഗത്തിലൂടെ തുടർച്ചയായി വർഷംതോറും ചെലവുകൾ നേരിട്ടത്തിന്റെ കാരണം നഗരകാര്യ ഡയറക്ടറേറ്റിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല. കേരള ബജറ്റ് മാനുവലിലെ 48-ാം ഖണ്ഡിക പ്രകാരം മുൻ വർഷത്തെ ചെലവ് പരിഗണിച്ചു വേണം നടപ്പു വർഷത്തെ ബജറ്റ് വകയിരുത്തൽ നടത്തേണ്ടത്. എന്നാൽ തുടർച്ചയായി പുനർ വകയിരുത്തലിലൂടെ ചെലവ് നേരിടുന്നത് ഈ ബജറ്റ് ചട്ടം പാലിക്കപ്പെടുന്നില്ല എന്നതിനെ സൂചിപ്പിക്കുന്നു. ബജറ്റ് വകയിരുത്തലില്ലാതെ ചെലവ് നേരിടുന്നത് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് ചെലവ് നേരിടുന്നതിന് നിയമസഭയുടെ അംഗീകാരം നേടണമെന്ന ഭരണഘടനയുടെ അനുഛേദം 204,205 എന്നിവയുടെ ലംഘനമാണ്.

ബജറ്റിൽ വിഭാവനം ചെയ്യാത്ത ഒരു പുതിയ സേവനത്തിന് കീഴിൽ ചെലവ് നേരിടുന്നതിനുവേണ്ടി നിയമസഭയിൽ ഒരു സപ്ലിമെന്ററി ബജറ്റ് സമർപ്പിക്കേണ്ടതുണ്ട് എന്നതും ഇവിടെ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാന്റിൽ മിച്ചം ഉണ്ടെങ്കിൽ പോലും, പുനർ ധനവിനിയോഗത്തിലൂടെ പുതിയ സേവനത്തിന് വേണ്ടി ചെലവ് നേരിടുന്നത് ക്രമരഹിതമാണ്.

## 2.5.2 അധിക ചെലവും അതിന്റെ ക്രമപ്പെടുത്തലും

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 205 അനുസരിച്ച്, ഗ്രാന്റുകൾ/ധനവിനിയോഗം എന്നിവയ്ക്ക് ഉപരിയായുള്ള അധിക ചെലവ് നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്തി ക്രമപ്പെടുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. ഭരണഘടനയുടെ അനുച്ഛേദം പ്രകാരം ചെലവ് ക്രമപ്പെടുത്തുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ലെങ്കിലും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ധനവിനിയോഗ കണക്കുകളുടെ ചർച്ച പൂർത്തിയായതിന് ശേഷമാണ് അധിക ചെലവ് ക്രമപ്പെടുത്തുന്നത്.

### *2.5.2.1 തന്നാണ്ടിലെ അധിക ചെലവ്*

**പട്ടിക 2.6** ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ 2024-25 കാലയളവിൽ രണ്ട് ഗ്രാന്റുകൾക്കും ഒരു ധനവിനിയോഗത്തിനും കീഴിൽ സംസ്ഥാന നിയമസഭ അംഗീകരിച്ചതിനെക്കാൾ ₹2,684.44 കോടിയുടെ അധിക ചെലവുണ്ടായി.

**പട്ടിക 2.6: 2024-25 കാലയളവിലെ ക്രമപ്പെടുത്തൽ ആവശ്യമുള്ള അധിക ചെലവ്**

***(₹ കോടിയിൽ)***

| ഗ്രാന്റ് നമ്പർ/ ധനവിനിയോഗം | ഗ്രാന്റ്/ ധനവിനിയോഗത്തിന്റെ വിശദാംശങ്ങൾ | ക്രമപ്പെടുത്തേണ്ട അധിക ചെലവ് |
|---|---|---|
| 40 | തുറമുഖങ്ങൾ (മൂലധനം വോട്ട് ചെയ്തത്) | 11.51 |
| 46 | സാമൂഹ്യ സുരക്ഷയും ക്ഷേമവും (റവന്യു ചാർജ്ജ് ചെയ്തത്) | 0.0006 |
| | പൊതു കടം തിരിച്ചടവ് (മൂലധനം ചാർജ്ജ് ചെയ്തത്) | 2,672.93 |
| **ആകെ** | | **2,684.44** |

*ഉറവിടം: ധനവിനിയോഗ കണക്കുകൾ*

കോടതി ഉത്തരവ് നടപ്പാക്കിയതിന്റെ ഭാഗമായാണ് ഗ്രാന്റ് നമ്പർ XLVI-ൽ - സാമൂഹ്യ സുരക്ഷയും ക്ഷേമവും (റവന്യു ചാർജ് ചെയ്തത്) അധിക ചെലവ് വന്നതെന്ന് സർക്കാർ (ധനവിനിയോഗ കണക്കിൽ) പ്രസ്താവിച്ചു. 2024-25 ന്റെ അവസാന പാദത്തിൽ ഭാരത സർക്കാരിൽ നിന്ന് വായ്പയെടുക്കാനുള്ള സമ്മതം ലഭിക്കുന്നതിലെ കാലതാമസം മൂലം ഉണ്ടായ ലിക്വിഡിറ്റിയിലെ ഹ്രസ്വകാല പൊരുത്തക്കേടുകൾ മറികടക്കാൻ സംസ്ഥാന സർക്കാരിന് ഓവർഡ്രാഫ്റ്റുകളെ കൂടുതലായി ആശ്രയിക്കേണ്ടി വന്നതുമൂലമാണ് ധനവിനിയോഗം - പൊതു കടം തിരിച്ചടവിൽ അധിക ചെലവ് ഉണ്ടായതെന്നും സർക്കാർ മറുപടി നൽകി.

രണ്ട് ഗ്രാന്റുകളിലും ഒരു ധനവിനിയോഗത്തിലും കൂടി നേരിട്ട ₹2684.44 കോടിയുടെ അധിക ചെലവ് ക്രമപ്പെടുത്തേണ്ടതാണ്.

### *2.5.2.2 മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക ചെലവുകളുടെ ക്രമപ്പെടുത്തൽ*

മുൻ സാമ്പത്തിക വർഷങ്ങളുമായി ബന്ധപ്പെട്ട ഇനിയും ക്രമപ്പെടുത്തിയിട്ടില്ലാത്ത അധിക ചെലവുകൾ ചുവടെയുള്ള **പട്ടിക 2.7** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.7: മുൻ വർഷങ്ങളുമായി ബന്ധപ്പെട്ട ക്രമപ്പെടുത്തൽ ആവശ്യമായ അധിക ചെലവ്**

**(₹ കോടിയിൽ)**

| വർഷം | ക്രമ നമ്പർ | ഗ്രാന്റ്/ നമ്പർ/ ധനവിനി യോഗം | ഗ്രാന്റ്/ ധനവിനിയോഗത്തിന്റെ വിശദാംശങ്ങൾ | ധനവിനിയോഗ കണക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം, ക്രമപ്പെടുത്തൽ ആവശ്യമായ അധിക ചെലവ് |
|---|---|---|---|---|
| 2016-17 | 1 | 03 | നീതിന്യായ നിർവ്വഹണം (റവന്യു വോട്ട് ചെയ്തത്) | 0.67 |
| | 2 | 07 | മുദ്രപത്രങ്ങളും രജിസ്ട്രേഷനും (റവന്യു വോട്ട് ചെയ്തത്) | 2.83 |
| | 3 | 20 | ശുദ്ധജലവിതരണവും ശുചീകരണവും (റവന്യു വോട്ട് ചെയ്തത്) | 42.04 |
| 2017-18 | 4 | 34 | വനം (റവന്യു ചാർജ് ചെയ്തത്) | 0.02 |
| | 5 | 14 | സ്റ്റേഷനറി, അച്ചടി, മറ്റ് ഭരണപരമായ സേവനങ്ങൾ (മൂലധനം വോട്ട് ചെയ്തത്) | 0.09 |
| | 6 | 17 | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം (മൂലധനം വോട്ട് ചെയ്തത്) | 53.27 |
| 2018-19 | 7 | 19 | കുടുംബക്ഷേമം (റവന്യു വോട്ട് ചെയ്തത്) | 39.81 |
| | 8 | 34 | വനം (റവന്യു ചാർജ് ചെയ്തത്) | 0.12 |
| | 9 | 17 | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം (മൂലധനം-ചാർജ്ജ് ചെയ്തത്) | 1.02 |
| 2019-20 | 10 | | കടബാധ്യതകൾ (റവന്യു ചാർജ് ചെയ്തത്) | 219.64 |
| | 11 | 26 | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് - (റവന്യു വോട്ട് ചെയ്തത്) | 109.10 |
| 2020-21 | 12 | 04 | തെരഞ്ഞെടുപ്പ് (റവന്യു വോട്ട് ചെയ്തത്) | 54.74 |
| | 13 | 15 | പൊതുമരാമത്ത് (റവന്യു വോട്ട് ചെയ്തത്) | 268.10 |
| | 14 | 20 | ശുദ്ധജലവിതരണവും ശുചീകരണവും (റവന്യു വോട്ട് ചെയ്തത്)) | 4.47 |
| | 15 | 41 | ഗതാഗതം (റവന്യു വോട്ട് ചെയ്തത്) | 0.74 |
| | 16 | 42 | വിനോദസഞ്ചാരം (റവന്യു വോട്ട് ചെയ്തത്) | 6.18 |
| | 17 | | കടബാധ്യതകൾ (റവന്യു ചാർജ് ചെയ്തത് ) | 797.61 |
| | 18 | 15 | പൊതുമരാമത്ത് (മൂലധനം വോട്ട് ചെയ്തത്) | 141.14 |
| | 19 | 18 | വൈദ്യസഹായരംഗവും പൊതുജനാരോ ഗ്യവും (മൂലധനം വോട്ട് ചെയ്തത്) | 26.59 |

| വർഷം | ക്രമ നമ്പർ | ഗ്രാന്റ് നമ്പർ/ ധനവിനിയോഗം | ഗ്രാന്റ്/ ധനവിനിയോഗത്തിന്റെ വിശദാംശങ്ങൾ | ധനവിനിയോഗ കണക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം, ക്രമപ്പെടുത്തൽ ആവശ്യമായ അധിക ചെലവ് |
|---|---|---|---|---|
| | 20 | 20 | ശുദ്ധജലവിതരണവും ശുചീകരണവും (മൂലധനം വോട്ട് ചെയ്തത്) | 108.41 |
| | 21 | 27 | സഹകരണം (മൂലധനം വോട്ട് ചെയ്തത്) | 19.30 |
| | 22 | 33 | മത്സ്യബന്ധനം (മൂലധനം വോട്ട് ചെയ്തത്) | 23.12 |
| | 23 | 34 | വനം (മൂലധനം വോട്ട് ചെയ്തത്) | 0.40 |
| | 24 | 42 | വിനോദസഞ്ചാരം (മൂലധനം വോട്ട് ചെയ്തത്) | 11.93 |
| | 25 | 18 | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും (മൂലധനം-ചാർജ്ജ് ചെയ്തത് ) | 0.06 |
| 2021-22 | 26 | 07 | മുദ്രപത്രങ്ങളും രജിസ്ട്രേഷനും (റവന്യു വോട്ട് ചെയ്തത്) | 4.10 |
| | 27 | 13 | ജയിലുകൾ (റവന്യു വോട്ട് ചെയ്തത്) | 17.68 |
| | 28 | 16 | പെൻഷനും പലവകയും (റവന്യു വോട്ട് ചെയ്തത്) | 190.28 |
| | 29 | 28 | പലവക സാമ്പത്തിക സേവനങ്ങൾ (റവന്യു വോട്ട് ചെയ്തത്) | 0.83 |
| | 30 | 31 | മൃഗസംരക്ഷണം (റവന്യു വോട്ട് ചെയ്തത്) | 24.34 |
| | 31 | 40 | തുറമുഖങ്ങൾ (റവന്യു വോട്ട് ചെയ്തത് | 0.45 |
| | 32 | 12 | പോലീസ് (മൂലധനം-ചാർജ്ജ് ചെയ്തത്) | 14.81 |
| | 33 | 17 | വിദ്യാഭ്യാസം, കായികംവിനോദം, കല, സംസ്കാരം (മൂലധനം വോട്ട് ചെയ്തത് | 15.78 |
| | 34 | 34 | വനം (മൂലധനം വോട്ട് ചെയ്തത്) | 0.20 |
| 2022-23 | 35 | 04 | തെരഞ്ഞെടുപ്പ് (റവന്യു ചാർജ് ചെയ്തത്) | 2.10 |
| | 36 | 12 | പോലീസ് (മൂലധനം-ചാർജ്ജ് ചെയ്തത്) | 0.08 |
| | 37 | 25 | പട്ടികജാതി, പട്ടികവർഗം, പിന്നോക്ക വിഭാഗം, ന്യൂനപക്ഷ ക്ഷേമം (റവന്യു ചാർജ് ചെയ്തത്) | 0.05 |
| 2023-24 | 38 | 09 | വാഹന നികുതി (റവന്യു വോട്ട് ചെയ്തത്) | 5.49 |
| | 39 | | കടബാധ്യതകൾ (റവന്യു - ചാർജ് ചെയ്തത്) | 60.66 |
| | 40 | 12 | പോലീസ് (മൂലധനം വോട്ട് ചെയ്തത്) | 37.48 |
| | 41 | 15 | പൊതുമരാമത്ത് (റവന്യു ചാർജ് ചെയ്തത്) | 0.04 |
| | 42 | 25 | പട്ടികജാതി, പട്ടികവർഗ, പിന്നോക്ക വിഭാഗം, ന്യൂനപക്ഷ ക്ഷേമം (റവന്യു വോട്ടു ചെയ്തത്) | 6.89 |
| | 43 | 38 | ജലസേചനം (മൂലധനം ചാർജ്ജ് ചെയ്തത്) | 0.34 |
| | 44 | 40 | തുറമുഖങ്ങൾ (മൂലധനം വോട്ട് ചെയ്തത്) | 84.02 |
| | 45 | 41 | ഗതാഗതം (മൂലധനം വോട്ട് ചെയ്തത് ) | 232.74 |
| **ആകെ** | | | | **2,629.79** |

*ഉറവിടം: എജി (ഓഡിറ്റ് I) ന്റെ ഓഫീസ് നൽകിയ വിവരങ്ങൾ*

പിഎസിയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഒബ്ജക്ഷനുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെ കൈപ്പുസ്തകം അനുസരിച്ച്, നിയമസഭയിൽ ധനവിനിയോഗ കണക്കുകൾ സമർപ്പിച്ച് രണ്ട് മാസത്തിനുള്ളിൽ അധിക ചെലവ് ക്രമപ്പെടുത്തുന്നതിനുള്ള പ്രാരംഭ കുറിപ്പുകൾ ധനവകുപ്പ് അക്കൗണ്ടന്റ് ജനറലിന് പരിശോധനയ്ക്കായി അയയ്ക്കണം. എന്നിരുന്നാലും, മുൻ വർഷങ്ങളുമായി ബന്ധപ്പെട്ട ക്രമപ്പെടുത്തൽ പൂർത്തിയാകാത്ത 45 ഗ്രാന്റുകളിൽ, 27 ഗ്രാന്റുകളുടെ പ്രാരംഭ കുറിപ്പുകൾ ഇതുവരെ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ **പട്ടിക 2.8 ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.8: പ്രാരംഭ കുറിപ്പുകൾ ലഭിക്കാത്ത ഗ്രാന്റുകളുടെ എണ്ണം**

| സാമ്പത്തിക വർഷം | പ്രാരംഭ നോട്ടുകൾ ഇതുവരെ ലഭിക്കാത്ത ഗ്രാന്റുകളുടെ എണ്ണം |
|---|---|
| 2017-18 | 2 |
| 2018-19 | 1 |
| 2019-20 | 2 |
| 2020-21 | 8 |
| 2021-22 | 3 |
| 2022-23 | 3 |
| 2023-24 | 8 |
| ***ആകെ*** | **27** |

*ഉറവിടം: എജി (ഓഡിറ്റ് I)ന്റെ ഓഫീസ് നൽകിയ വിവരങ്ങൾ*

സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നുള്ള ചെലവിന്മേലുള്ള നിയമസഭയുടെ മേൽനോട്ടം ശക്തിപ്പെടുത്തുന്നതിന്, ഈ അധിക ചെലവുകൾ എത്രയും വേഗം ക്രമപ്പെടുത്തുകയും ഇത്തരം അധിക ചെലവുകളുടെ ആവർത്തനം തടയുന്നതിനുള്ള നടപടികൾ സംസ്ഥാനം കൈക്കൊള്ളുകയും വേണം.

**2016-17, 2017-18, 2020-21, 2021-22** സാമ്പത്തിക വർഷങ്ങളിലെ വോട്ട് ചെയ്ത ഗ്രാന്റുകൾ/ ചാർജ് ചെയ്ത ധനവിനിയോഗങ്ങൾ എന്നിവയിൽ വന്ന അധിക ചെലവ് ക്രമപ്പെടുത്താൻ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശ ചെയ്യുന്ന അതിന്റെ 84-ാം റിപ്പോർട്ട് സമർപ്പിച്ചതായി (2025 സെപ്റ്റംബർ) സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി). നിയമസഭയുടെ വരാനിരിക്കുന്ന സമ്മേളനത്തിൽ ഡിമാൻഡ് ഫോർ എക്സസ് ഗ്രാന്റ് അവതരിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും വ്യക്തമാക്കി. അധിക ചെലവ്/ മിച്ചം/ അനാവശ്യ പുനർ ധനവിനിയോഗം/ എസ്ഡിജി തുടങ്ങിയവ ഒഴിവാക്കാൻ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐഎഫ്എംഎസ്) സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നതായും സംസ്ഥാന സർക്കാർ മറുപടി നൽകി.

### *2.5.2.3 ചില ഗ്രാന്റുകളിലെ നിരന്തരമായ അധിക ചെലവ്*

**പട്ടിക 2.9** ൽ വിശദീകരിച്ചിരിക്കുന്നതുപോലെ ഏഴ് ഗ്രാന്റുകൾക്ക് കീഴിലുള്ള *13* കേസുകളിൽ, കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഓരോ കേസിലും അഞ്ച് കോടിയിലധികം രൂപയുടെ തുടർച്ചയായ അധിക ചെലവ് ഉണ്ടായതായി ഓഡിറ്റ് പരിശോധനയിൽ തെളിഞ്ഞു. ഒരു കേസിൽ (ക്രമ നമ്പർ 3) 2020-25 കാലയളവിൽ ബജറ്റ് വിഹിതമില്ലാതയാണ് ചെലവ് നേരിട്ടത്.

**പട്ടിക 2.9: 2020-21 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നടന്ന ഉണ്ടായ തുടർച്ചയായ അധിക ചെലവ്**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | ഗ്രാന്റ്/ വിനിയോഗത്തിന്റെ വിവരണം | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|
| 1 | 15-പൊതുമരാമത്ത്-4059-01-051-86-<br>പൊതുമരാമത്ത് (സിവിൽ വർക്ക്സ്) | | | | | |
| | ഗ്രാന്റ് | 28.93 | 27.01 | 23.29 | 22.72 | 23.00 |
| | ചെലവ് | 43.83 | 51.74 | 44.90 | 36.11 | 40.34 |
| | അധികചെലവ് | 14.90 | 24.73 | 21.61 | 13.39 | 17.34 |

| ക്രമ നമ്പർ | ഗ്രാന്റ്/ വിനിയോഗത്തിന്റെ വിവരണം | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|
| 2 | 15-പൊതുമരാമത്ത്-4059-80-001-99- '2059-പൊതുമരാമത്ത്' എന്ന കണക്കിനത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് മാറ്റിയ വിഹിതം | | | | | |
| | ഗ്രാന്റ് | 7.43 | 7.42 | 8.27 | 9.10 | 8.37 |
| | ചെലവ് | 19.88 | 23.29 | 18.78 | 19.26 | 24.88 |
| | അധികചെലവ് | 12.45 | 15.87 | 10.51 | 10.16 | 16.51 |
| 3 | 15-പൊതുമരാമത്ത്-5054-04-337-97-മറ്റ് ജില്ലാ റോഡുകൾ-വികസനവും മെച്ചപ്പെടുത്തലുകളും -16 വൻകിട മരാമത്തു പണികൾ | | | | | |
| | ഗ്രാന്റ് | 0.00 | 0.00 | 0.00 | 0.00 | 0.00 |
| | ചെലവ് | 16.68 | 39.01 | 67.49 | 57.45 | 88.87 |
| | അധികചെലവ് | 16.68 | 39.01 | 67.49 | 57.45 | 88.87 |
| 4 | 15-പൊതുമരാമത്ത്-5054-04-337-99-പ്രധാന ജില്ലാ റോഡുകൾ - വികസനവും മെച്ചപ്പെടുത്തലുകളും | | | | | |
| | ഗ്രാന്റ് | 601.44 | 955.66 | 686.29 | 543.77 | 237.45 |
| | ചെലവ് | 862.51 | 963.36 | 879.47 | 716.72 | 489.80 |
| | അധിക ചെലവ് | 261.08 | 7.69 | 193.18 | 172.95 | 252.35 |
| 5 | 15-പൊതുമരാമത്ത്-5054-80-001-99- '3054-റോഡുകളും പാലങ്ങളും' എന്ന കണക്കിനത്തിൽ നിന്നുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ് വിഹിതം | | | | | |
| | ഗ്രാന്റ് | 98.50 | 102.18 | 117.88 | 159.42 | 101.81 |
| | ചെലവ് | 299.89 | 343.05 | 294.42 | 277.78 | 208.05 |
| | അധികചെലവ് | 201.39 | 240.87 | 176.54 | 118.35 | 106.24 |
| 6 | 15-പൊതുമരാമത്ത്-5054-80-052-99-ടൂളുകളും പ്ലാന്റുകളും 3054 റോഡുകളും പാലങ്ങളും'എന്ന കണക്കിനത്തിൽ നിന്നും യന്ത്ര സാമഗ്രികൾക്കും മറ്റും വേണ്ടി മാറ്റിയ വിഹിതം | | | | | |
| | ഗ്രാന്റ് | 6.89 | 7.15 | 8.25 | 11.16 | 7.13 |
| | ചെലവ് | 20.99 | 24.01 | 20.61 | 19.44 | 14.56 |
| | അധികചെലവ് | 14.10 | 16.86 | 12.36 | 8.28 | 7.43 |
| 7 | 17-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം -4202-01-202-91-അടിസ്ഥാന സൗകര്യങ്ങൾ-ഹയർ സെക്കൻഡറി വിദ്യാഭ്യാസം | | | | | |
| | ഗ്രാന്റ് | 42.37 | 40.89 | 44.96 | 49.32 | 55.71 |
| | ചെലവ് | 48.23 | 56.21 | 55.91 | 63.99 | 68.97 |
| | അധികചെലവ് | 5.86 | 15.32 | 10.95 | 14.67 | 13.26 |
| 8 | 18. വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും -2210-06-800-81-പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന / കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - സംസ്ഥാന പദ്ധതി | | | | | |
| | ഗ്രാന്റ് | 175.00 | 675.61 | 707.00 | 542.50 | 546.54 |
| | ചെലവ് | 271.57 | 910.64 | 807.00 | 692.50 | 846.54 |
| | അധികചെലവ് | 96.57 | 235.03 | 100.00 | 150.00 | 300.00 |

| ക്രമ നമ്പർ | ഗ്രാന്റ്/ വിനിയോഗത്തിന്റെ വിവരണം | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|
| 9 | 28-മറ്റ് സാമ്പത്തിക സേവനങ്ങൾ -5475-00-115-93-റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിലുള്ള പ്രളയാനന്തര പദ്ധതികൾ (കെ.എഫ്.ഡബ്ല്യു എയ്ഡഡ് - ആർ.കെ.ഡി.പി പ്രോജക്ട് വായ്പ ) | | | | | |
| | ഗ്രാന്റ് | 0.00 | 0.00 | 0.00 | 250.00 | 0.00 |
| | ചെലവ് | 100.00 | 125.00 | 280.00 | 406.15 | 246.98 |
| | അധികചെലവ് | 100.00 | 125.00 | 280.00 | 156.15 | 246.98 |
| 10 | 38-ജലസേചനം-4711-01-103-99-സിവിൽ വർക്ക്സ് | | | | | |
| | ഗ്രാന്റ് | 0.00 | 0.00 | 23.63 | 10.90 | 28.41 |
| | ചെലവ് | 10.49 | 36.80 | 41.79 | 20.14 | 37.53 |
| | അധിക ചെലവ് | 10.49 | 36.80 | 18.16 | 9.24 | 9.12 |
| 11 | 40-തുറമുഖങ്ങൾ-5051-01-001-99-വിഴിഞ്ഞം ഡീപ് വാട്ടർ ഇന്റർനാഷണൽ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ വികസനം | | | | | |
| | ഗ്രാന്റ് | 61.44 | 0.01 | 0.01 | 114.04 | 838.09 |
| | ചെലവ് | 68.97 | 12.00 | 13.85 | 259.10 | 898.29 |
| | അധികചെലവ് | 7.53 | 11.99 | 13.84 | 145.06 | 60.20 |
| 12 | കടബാധ്യതകൾ-2049-03-108-99-സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് ഔദ്യോഗിക ബ്രാഞ്ച് | | | | | |
| | ഗ്രാന്റ് | 210.00 | 355.00 | 375.00 | 484.95 | 532.63 |
| | ചെലവ് | 362.08 | 404.12 | 463.86 | 535.34 | 610.32 |
| | അധികചെലവ് | 152.08 | 49.12 | 88.86 | 50.39 | 77.69 |
| 13 | കടബാധ്യതകൾ-2049-04-112-99-സംസ്ഥാന/കേന്ദ്രഭരണ പ്രദേശ (നിയമ സഭയോടുകൂടി) സ്കീമുകൾക്കായുള്ള മറ്റ് വായ്പകളുടെ പലിശ | | | | | |
| | ഗ്രാന്റ് | 0.00 | 0.00 | 0.00 | 43.00 | 65.00 |
| | ചെലവ് | 42.43 | 38.25 | 57.03 | 120.24 | 158.80 |
| | അധികചെലവ് | 42.43 | 38.25 | 57.03 | 77.24 | 93.80 |

ഉറവിടം: ധനവിനിയോഗ കണക്കുകൾ

ധനാഭ്യർത്ഥനകളും സപ്ലിമെന്ററി ധനാഭ്യർത്ഥനകളും തയ്യാറാക്കുന്ന സമയത്ത് ധനകാര്യ വകുപ്പും ഭരണ വകുപ്പും ബജറ്റ് പ്രൊപ്പോസലുകൾക്കു മേൽ സൂക്ഷ്മമായ പരിശോധന നടത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് മുകളിൽ സൂചിപ്പിച്ച അധിക ചെലവുകളുടെ ആവർത്തനം വിരൽ ചൂണ്ടുന്നു. അധിക ചെലവ് ഒഴിവാക്കുന്നതിനായി ഉചിതമായ ആസൂത്രണവും വോട്ട് ചെയ്ത ഗ്രാന്റുകളുമായി ബന്ധപ്പെട്ട ചെലവുകളുടെ ഫലപ്രദമായ നിരീക്ഷണവും ഉറപ്പാക്കുന്നതിന് ഐടി സംവിധാനങ്ങളുടെ ഉപയോഗം ഉൾപ്പെടെയുള്ള നടപടികൾ വകുപ്പിന് കൈക്കൊള്ളാവുന്നതാണ്.

### 2.5.3 അനിവാര്യമല്ലാത്ത സപ്ലിമെന്ററി ഗ്രാന്റുകൾ

അസൽ ബജറ്റ് വകയിരുത്തലിന് ഉപരിയുള്ള ചെലവ് നേരിടുന്നതിനായി സപ്ലിമെന്ററി ഗ്രാന്റോ അധിക ഗ്രാന്റ്/ ധനവിനിയോഗമോ ആവശ്യമാണെന്ന് ഭരണഘടനയുടെ അനുച്ഛേദം 205 നിർദ്ദേശിക്കുന്നു.

2024-25 വർഷത്തിൽ 17 സന്ദർഭങ്ങളിൽ **(അനുബന്ധം 2.2)** ₹870.96 കോടിയുടെ സപ്ലിമെന്ററി വകയിരുത്തൽ നൽകിയെങ്കിലും, ചെലവ് അസൽ വകയിരുത്തലിന്റെ

തലത്തിൽ എത്തിയില്ല എന്ന് നിരീക്ഷിച്ചു. അതുപോലെ, 21 കേസുകളിലായി നൽകിയ ₹4,652.86 കോടിയുടെ സപ്ലിമെന്ററി വകയിരുത്തൽ (ഓരോ കേസിലും ₹മൂന്ന് കോടിയിൽ കൂടുതൽ) പൂർണമായി വിനിയോഗിക്കാത്തതിനാൽ അനിവാര്യമായിരുന്നില്ലെന്ന് തെളിഞ്ഞു **(അനുബന്ധം 2.3).**

### 2.5.4 *ഫണ്ടുകളുടെ വിവേകരഹിതമായ പുനർധനവിനിയോഗം*

ഒരു യൂണിറ്റിൽ നിന്ന് അധിക ഫണ്ടുകൾ ആവശ്യമുള്ള മറ്റൊരു യൂണിറ്റിലേക്ക് ഗ്രാന്റിനുള്ളിൽ ഫണ്ടുകൾ കൈമാറുന്നതാണ് പുനർ ധനവിനിയോഗം. 2024-25 കാലയളവിൽ, 46 ഗ്രാന്റുകൾക്ക് കീഴിൽ ₹19,507.57 കോടിയുടെ പുനർ ധനവിനിയോഗ ഉത്തരവുകൾ പുറപ്പെടുവിച്ചു.

കൂടാതെ, രണ്ട് സ്കീമുകളിൽ **(അനുബന്ധം 2.4 എ),** അധിക ചെലവ് ഉണ്ടായതിനാൽ പുനർ ധനവിനിയോഗ ഉത്തരവുകളിലൂടെ അസൽ വകയിരുത്തൽ ₹ മൂന്നു കോടിയിൽ കൂടുതൽ കുറച്ചത് വിവേകപരമായിരുന്നില്ലെന്ന് തെളിഞ്ഞു. 39 സ്കീമുകളിൽ, **(അനുബന്ധം 2.4 ബി)** ചെലവ് അസൽ/ മൊത്തം ബജറ്റ് വകയിരുത്തലിനെക്കാൾ കുറവോ തുല്യമോ ആയിരുന്നതിനാൽ പുനർ ധനവിനിയോഗത്തിലൂടെ വകയിരുത്തൽ കൂട്ടിയത് അനാവശ്യമായിരുന്നു.

ഗ്രാന്റ് നമ്പർ XXII നഗരവികസനത്തിൽ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള ബ്ലോക്ക് ഗ്രാന്റുകൾ (2217-05-191-48) എന്ന സ്കീമിൽ പുനർ ധനവിനിയോഗത്തിലൂടെ വകയിരുത്തൽ ₹232.65 കോടി വർദ്ധിപ്പിച്ചത് മൂലം ₹73.31 കോടിയുടെ മിച്ചമുണ്ടായതിനാൽ പുനർ ധനവിനിയോഗം അമിതമായിരുന്നു എന്ന് തെളിഞ്ഞു.

### 2.5.5 ചെലവഴിക്കാത്ത വകയിരുത്തലും, സറണ്ടർ ചെയ്ത ധനവിനിയോഗവും, വലിയ മിച്ചവും/ സറണ്ടറുകളും

മുൻകൂട്ടി കാണാവുന്ന ചെലവുകളെ സമുചിതമായ രീതിയിൽ വിനിയോഗം ചെയ്ത് ചെലവിന്റെ ഗുണനിലവാരം നിലനിർത്താനും ബജറ്റ് വിഹിതത്തിന്റെ ഉപയോഗക്കുറവ് കുറച്ചുകൊണ്ടുവരുവാനും ബജറ്റ് നിർദ്ദേശങ്ങളിൽ ശ്രമിക്കണം. അംഗീകൃത ബജറ്റിനുള്ളിൽ പരമാവധി പുനർ വകയിരുത്തൽ നടത്താൻ സമയബന്ധിതമായി സറണ്ടർ ചെയ്യേണ്ടത് ആവശ്യമാണ്.

#### *2.5.5.1 മുഴുവൻ ബജറ്റ് വകയിരുത്തലും വിനിയോഗിക്കാതിരുന്നത്*

2024-25 വർഷത്തിൽ അഞ്ച് ഗ്രാന്റുകളിൽ സറണ്ടറിന് ശേഷമുള്ള മിച്ചം ഓരോ കേസിലും ₹5 കോടിയിൽ അധികമായിരുന്നുവെന്ന് ഗ്രാന്റുകളുടെയും ധനവിനിയോഗങ്ങളുടെയും വിശകലനം വെളിവാക്കുന്നു **(അനുബന്ധം 2.5)**. 2024-25 വർഷത്തിൽ **പട്ടിക 2.10**-ൽ നൽകിയിരിക്കുന്നതുപോലെ ഒരു ഗ്രാന്റിൽ മൊത്തം വകയിരുത്തലായ ₹0.65 കോടിയ്ക്കു എതിരായി ചെലവൊന്നും തന്നെ നേരിട്ടിട്ടില്ല.

**പട്ടിക 2.10: 2024-25 സാമ്പത്തിക വർഷത്തിൽ മുഴുവൻ ഗ്രാന്റും വിനിയോഗിക്കപ്പെടാതെ അവശേഷിച്ചത്**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | ഗ്രാന്റിന്റെ നമ്പറും പേരും | തുക |
|---|---|---|
| 1 | 05- ചരക്ക് സേവന നികുതി, കാർഷിക ആദായനികുതി, വിൽപ്പന നികുതി (റവന്യൂ ചാർജ് ചെയ്തത്) | 0.65 |
| **ആകെ** | | **0.65** |

*ഉറവിടം: ധനവിനിയോഗകണക്കുകൾ*

ഗ്രാന്റ് നമ്പർ XXII- നഗരവികസനത്തിന് കീഴിൽ, **അനുബന്ധം 2.6** ൽ കാണിച്ചിരിക്കുന്നതുപോലെ 2022-23, 2023-24 കാലയളവിൽ നാല് സ്കീമുകളിൽ **(അസൽ ബജറ്റ് വിഹിതം ₹30 കോടിയും അതിൽ കൂടുതലുമുള്ള കേസുകളിൽ)** മുഴുവൻ ബജറ്റ് വിഹിതവും വിനിയോഗിക്കാതെ അവശേഷിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

പദ്ധതികളുമായി ബന്ധപ്പെട്ട ബജറ്റ് വിഹിതം ഒട്ടും തന്നെ വിനിയോഗിക്കാത്തതിന്റെ കാരണം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

#### *2.5.5.2* മിച്ചവും സറണ്ടറും

കൂടാതെ, 20 ഗ്രാന്റുകൾക്ക് കീഴിലുള്ള 24 കേസുകളിൽ, 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ, ഓരോ കേസിലും (**അനുബന്ധം 2.7**) ₹100 കോടിയിലധികം മിച്ചം തുടർച്ചയായി ഉണ്ടായിട്ടുണ്ട്. 13 ഗ്രാന്റുകളിൽ ₹50 കോടിയിലധികവും ബജറ്റ് വകയിരുത്തലിന്റെ 20 ശതമാനത്തിന് മുകളിലും ഉള്ള മിച്ചം ഉണ്ട്. വിശദാംശങ്ങൾ ചുവടെയുള്ള **പട്ടിക 2.11** ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.11: ₹50 കോടിയിലധികവും ബജറ്റ് വകയിരുത്തലിന്റെ 20 ശതമാനത്തിന് മുകളിലും ഉള്ള മിച്ചം**

**(₹ കോടിയിൽ)**

| ക്രമ നമ്പർ | ഗ്രാന്റിന്റെ പേരും നമ്പറും | | മൊത്തം ബജറ്റ് | മൊത്തം ചെലവ് | മിച്ചം | വിനിയോഗത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| 1. | 42 | വിനോദസഞ്ചാരം | 484.2 | 385.65 | 98.55 | 79.65 |
| 2. | 15 | പൊതുമരാമത്ത് | 5,262.93 | 3,955.82 | 1,307.11 | 75.16 |
| 3. | 41 | ഗതാഗതം | 3,628.65 | 2,698.6 | 930.05 | 74.37 |
| 4. | 37 | വ്യവസായങ്ങൾ | 1,987.6 | 1,469.7 | 517.9 | 73.94 |
| 5. | 38 | ജലസേചനം | 932.25 | 658.79 | 273.46 | 70.67 |
| 6. | 22 | നഗരവികസനം | 1,964.38 | 1,382.33 | 582.05 | 70.37 |
| 7. | 27 | സഹകരണം | 550.69 | 382.09 | 168.6 | 69.38 |
| 8. | 29 | കൃഷി | 3,536.38 | 2,427.04 | 1,109.34 | 68.63 |
| 9. | 21 | ഭവന നിർമ്മാണം | 151.94 | 100.54 | 51.4 | 66.17 |
| 10. | 32 | ക്ഷീര വികസനം | 198.84 | 128.76 | 70.08 | 64.76 |
| 11. | 24 | തൊഴിൽ, തൊഴിലാളി ക്ഷേമം, പ്രവാസി ക്ഷേമം | 1,239.76 | 756.28 | 483.48 | 61.00 |
| 12. | 26 | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | 1,617.03 | 687.99 | 929.05 | 42.55 |
| 13. | 36 | ഗ്രാമവികസനം | 6,335.25 | 2,126.9 | 4,208.35 | 33.57 |

*ഉറവിടം: ധനവിനിയോഗകണക്കുകൾ*

2024-25 വർഷത്തെ വിനിയോഗത്തിന്റെ ശതമാനവും അതിന്റെ മിച്ചവും അനുസരിച്ച് തരംതിരിച്ച ഗ്രാന്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 2.8, ചാർട്ട് 2.4** എന്നിവയിൽ കാണിച്ചിരിക്കുന്നു. ഇനിപ്പറയുന്ന രണ്ട് ഗ്രാന്റുകളുടെ വിനിയോഗം 50 ശതമാനത്തിൽ താഴെയാണ്.

ഗ്രാന്റ് നമ്പർ 36, 'ഗ്രാമവികസന'ത്തിൽ വിനിയോഗശതമാനം മൊത്തം ബജറ്റിന്റെ 33.57 ശതമാനം എന്ന താഴ്ന്ന നിലയിലാണ്. ഗ്രാന്റിലെ മൊത്തം മിച്ചമായ ₹4,208.35 കോടി യിൽ ₹3,560.97 കോടിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് (100% സിഎസ്എസ്) (2505-02-101-99) പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. ₹3,381.50 കോടി യുടെ മിച്ചം പ്രധാനമായും പ്രതീക്ഷിച്ച രീതിയിൽ പദ്ധതികൾ നടപ്പിലാക്കാത്തതിനാലും ₹236.37 കോടിയുടെ മിച്ചം കേന്ദ്ര ഡിബിടി എൻആർഇജിഎ സോഫ്റ്റ് പ്ലാറ്റ്ഫോം വഴി

പദ്ധതിക്ക് കീഴിലുള്ള അവിദഗ്ധ വേതനം വിതരണം ചെയ്യാത്തതിനാലും ആണ് ഉണ്ടായതെന്ന് ധനവിനിയോഗ കണക്കുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ (2020-21 മുതൽ 2024-25 വരെ) ഈ പദ്ധതിക്ക് കീഴിൽ എല്ലാ വർഷവും ₹2,700 കോടിയിലധികം തുടർച്ചയായ മിച്ചം ഉണ്ടായിരുന്നത് ദുർബലമായ ബജറ്റ് ആസൂത്രണത്തെയും മോശം ബജറ്റ് പ്രവചനത്തെയും സൂചിപ്പിക്കുന്നു.

ഗ്രാന്റ് നമ്പർ 26, 'പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസ'ത്തിൽ മൊത്തം ബജറ്റിന്റെ 42.55 ശതമാനമായിരുന്നു വിനിയോഗ ശതമാനം. ഈ ഗ്രാന്റിലെ ₹929.05 കോടിയുടെ മിച്ചത്തിൽ, ₹274.70 കോടിയുടെ മിച്ചം മറ്റ് ഇനങ്ങളുമായി ബന്ധപ്പെട്ടതും (2245-02-101-94), ₹171.96 കോടിയുടെ മിച്ചം എസ്ഡിഎംഎഫ്-നോൺ സ്ട്രക്ചറൽ മിറ്റിഗേഷനുമായി ബന്ധപ്പെട്ടതും (2245-07-101-98), ₹191.79 കോടിയുടെ മിച്ചം എസ്ഡിഎംഎഫ്-സ്ട്രക്ചറൽ മിറ്റിഗേഷൻ നടപടികളുമായി (2245-07-101-99) ബന്ധപ്പെട്ടതുമാണ്. ഈ ഗണ്യമായ മിച്ചങ്ങൾ മുൻ പറഞ്ഞ ഖണ്ഡികയിൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച ബജറ്റ് ആസൂത്രണത്തിലെ വ്യവസ്ഥാപരമായ പാളിച്ചകളെ സൂചിപ്പിക്കുന്നു.

**ചാർട്ട് 2.4: ബജറ്റ് വിനിയോഗത്തിന്റെ ശതമാനവും മിച്ചവും അനുസരിച്ചുള്ള ഗ്രാന്റുകളുടെ തരംതിരിവ്**




*ഉറവിടം: ധനവിനിയോഗ കണക്കുകൾ*

10 ഗ്രാന്റുകൾക്ക് കീഴിലുള്ള ₹107.33 കോടിയുടെ മിച്ചം (**അനുബന്ധം 2.9**) സറണ്ടർ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. 2025 മാർച്ച് അവസാന ദിവസം സറണ്ടർ ചെയ്ത മിച്ചങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധം 2.10** ൽ നൽകിയിരിക്കുന്നു. മൊത്തം മിച്ചം, മൊത്തം സറണ്ടർ, 2025 മാർച്ച് അവസാന തീയതിയിലെ സറണ്ടർ, എന്നിവ തമ്മിലുള്ള താരതമ്യം **ചാർട്ട് 2.5** ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 2.5: 2024-25 വർഷത്തേക്കുള്ള മിച്ചവും സറണ്ടറുകളും**

***(₹ കോടിയിൽ)***




*ഉറവിടം: ധനവിനിയോഗ കണക്കുകൾ*

കേരള ബജറ്റ് മാനുവലിലെ ഖണ്ഡിക 91 അനുസരിച്ച്, മറ്റ് യൂണിറ്റുകൾക്ക് കീഴിൽ മുൻകൂട്ടി കാണാവുന്ന അധിക ചെലവുകൾ നേരിടേണ്ടതില്ലെങ്കിൽ, പ്രതീക്ഷിക്കുന്ന എല്ലാ മിച്ചങ്ങളും അവ മുൻകൂട്ടി കാണുന്ന അവസരത്തിൽ തന്നെ, വർഷാവസാനം വരെ കാത്തുനിൽക്കാതെ, കാര്യകാരണസഹിതം ഭരണവകുപ്പ് മുഖേന ധനവകുപ്പിന് സറണ്ടർ ചെയ്യേണ്ടതാണ്. ഫണ്ട് ആവശ്യമുള്ള വകുപ്പുകളിലേക്ക് ഫണ്ടിന്റെ ഒഴുക്ക് ഉറപ്പാക്കുന്നതിനു ഈ നടപടി നിർണായകമാണ്. ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി, സറണ്ടർ ചെയ്ത ₹19,087.92 കോടിയിൽ, ₹19,012.91 കോടിയും (99.60 ശതമാനം) **ചാർട്ട് 2.5** ൽ കാണിച്ചിരിക്കുന്നതുപോലെ 2025 മാർച്ച് 31 നാണ് സറണ്ടർ ചെയ്തത്.

### *2.5.5.3 പദ്ധതികളിലെ ഗണ്യമായ മിച്ചം*

**എ.** 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിലെ ഗ്രാന്റ് നമ്പർ XXII- നഗരവികസനത്തിന് കീഴിലുള്ള ധനവിനിയോഗ കണക്കുകളുടെ സൂക്ഷ്മപരിശോധനയിൽ **പട്ടിക 2.12** ൽ കാണിച്ചിരിക്കുന്നതുപോലെ വിവിധ അക്കൗണ്ട് ശീർഷകങ്ങൾക്കു കീഴിൽ ഗണ്യമായ മിച്ചമുണ്ടെന്ന് കണ്ടെത്തി.

**പട്ടിക 2.12: 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിലെ ഗണ്യമായ മിച്ചം**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | വർഷം | അക്കൗണ്ട് ശീർഷകം / സ്കീം | അസൽ ബജറ്റ് | സപ്ലിമെന്ററി ബജറ്റ് | ചെലവ് | മിച്ചം |
|---|---|---|---|---|---|---|
| 1 | 2022-23 | 2217-05-191-48 വി.പി. സ്മാർട്ട് സിറ്റി മിഷൻ, കൊച്ചി (50% സി.എസ്.എസ്) സംസ്ഥാന വിഹിതം | 292.00 | 0 | 98.00 | 194.00 |
| 2 | 2022-23 | 2217-05-191-48-25 വി.പി. സ്മാർട്ട് സിറ്റി മിഷൻ, കൊച്ചി (50% സി.എസ്.എസ്) കേന്ദ്ര വിഹിതം | 292.00 | 0 | 98.00 | 194.00 |
| 3 | 2022-23 | 4217-60-051-95-വി.പി ടോട്ടൽ ഹൗസിംഗ് സ്കീം - അർബൻ (ലൈഫ് - പാർപ്പിട മിഷൻ) | 192.00 | 0 | 6.91 | 185.09 |
| 4 | 2022-23 | 2217-05-192-48-15 വി.പി പ്രധാന മന്ത്രി ആവാസ് യോജന (പിഎംഎവൈ) (ജനറൽ) (60% സിഎസ്എസ്) മുനിസിപ്പാലിറ്റികൾ കേന്ദ്ര വിഹിതം | 220.90 | 0 | 111.28 | 109.62 |
| 5 | 2023-24 | 4217-60-051-95-വി.പി ടോട്ടൽ ഹൗസിംഗ് സ്കീം - അർബൻ (ലൈഫ് - പാർപ്പിട മിഷൻ) | 192.00 | 0 | 8.70 | 183.30 |

| ക്രമ നമ്പർ | വർഷം | അക്കൗണ്ട് ശീർഷകം / സ്കീം | അസൽ ബജറ്റ് | സപ്ലിമെന്ററി ബജറ്റ് | ചെലവ് | മിച്ചം |
|---|---|---|---|---|---|---|
| 6 | 2023-24 | 2217-05-192-48-15 വി.പി. പ്രധാന മന്ത്രി ആവാസ് യോജന (പി.എം.എ.വൈ) (ജനറൽ) (60% സി.എസ്.എസ്) മുനിസിപ്പാലിറ്റികൾ കേന്ദ്ര വിഹിതം | 220.90 | 0 | 80.98 | 139.92 |
| 7 | 2024-25 | 4217-60-051-95 വി പി ടോട്ടൽ ഹൗസിംഗ് സ്കീം - അർബൻ (ലൈഫ് - പാർപ്പിട മിഷൻ) | 192.00 | 0 | 2.28 | 189.72 |
| 8 | 2024-25 | 2217-05-192-48-15 വി.പി. പ്രധാന മന്ത്രി ആവാസ് യോജന (പി.എം.എ.വൈ) (ജനറൽ) (60% സി.എസ്.എസ്) മുനിസിപ്പാലിറ്റികൾ കേന്ദ്ര വിഹിതം | 282.49 | 0 | 57.13 | 225.36 |

മേൽപ്പറഞ്ഞ പദ്ധതികളിൽ ഗണ്യമായ മിച്ചം വന്നതിന്റെ കാരണം സർക്കാരിനോട് ചോദിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

**ബി.** ഗ്രാന്റ് നമ്പർ XXV പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമത്തിൽ 2022-23ൽ ₹816.54 കോടിയുടെയും 2023-24ൽ ₹378.99 കോടിയുടെയും 2024-25ൽ ₹628.61 കോടിയുടെയും മിച്ചം ഉണ്ടായിരുന്നു. ധനവിനിയോഗ കണക്കുകളുടെ പരിശോധനയിൽ താഴെ പറയുന്ന അക്കൗണ്ട് ശീർഷകങ്ങൾക്കു കീഴിൽ **പട്ടിക 2.13** ൽ നൽകിയിരിക്കുന്നതുപോലെ ഗണ്യമായ മിച്ചം ഉണ്ടായിരുന്നതായി കണ്ടെത്തി.

**പട്ടിക 2.13 : 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ പദ്ധതികളിലുള്ള ഗണ്യമായ മിച്ചം**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | വർഷം | അക്കൗണ്ട് ശീർഷകം/ സ്കീം ഹെഡ് | അസൽ ബജറ്റ് | സപ്ലിമെന്ററി ബജറ്റ് | ചെലവ് | മിച്ചം |
|---|---|---|---|---|---|---|
| **പട്ടികജാതി വികസന ഡയറക്ടറേറ്റ്** | | | | | | |
| 1 | 2022-23 | 2225-01-277-51-01-വി-പി പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (60% സിഎസ്എസ് കേന്ദ്ര വിഹിതം) | 162.00 | 0 | 41.05 | 120.95 |
| 2 | 2024-25 | 2225-01-277-57-വി-പി പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം | 230.00 | 0 | 79.45 | 150.55 |

പദ്ധതികളിലെ വൻ മിച്ചത്തിന്റെ കാരണം സർക്കാരിനോട് ആരാഞ്ഞിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

### *2.5.5.4 സ്കീമുകളിലെ സ്ഥിരമായ മിച്ചം*

**എ.** കേരള ബജറ്റ് മാനുവലിലെ ചട്ടം 48 അനുസരിച്ച്, ഭരണ വകുപ്പ് തയ്യാറാക്കിയ ബജറ്റ് എസ്റ്റിമേറ്റുകൾ മുൻ വർഷത്തെ യഥാർഥ ചെലവുകളുടെ വെളിച്ചത്തിൽ പരിശോധിക്കാൻ ധനവകുപ്പ് ബാധ്യസ്ഥരാണ്. 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിലെ ഗ്രാന്റ് നമ്പർ XXII- നഗരവികസനത്തിന് കീഴിലുള്ള ധനവിനിയോഗ കണക്കുകളുടെ സൂക്ഷ്മ പരിശോധനയിൽ **പട്ടിക 2.14** ൽ കാണിച്ചിരിക്കുന്നതുപോലെ മൂന്ന് അക്കൗണ്ട് ശീർഷകങ്ങൾക്കു കീഴിൽ മൊത്തം ബജറ്റിന്റെ 50 ശതമാനത്തിന് മുകളിൽ സ്ഥിരമായ മിച്ചം ഉണ്ടായിരുന്നുവെന്ന് വ്യക്തമായി.

**പട്ടിക 2.14 : 2022-23 മുതൽ 2024-25 വരെയുള്ള കാലഘട്ടത്തിൽ ഗ്രാന്റ് XXIIലെ സ്കീമുകളിൽ ഉണ്ടായ സ്ഥിരമായ മിച്ചം**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | മിച്ചം | | |
|---|---|---|---|---|
| | | 2022-23 | 2023-24 | 2024-25 |
| | **നഗരകാര്യ ഡയറക്ടറേറ്റ്** | | | |
| 1 | 2217-05-191-35 ഗ്രേറ്റർ കൊച്ചിൻ വികസന അതോറിറ്റി | 2.00 (100) | 3.00 (100) | 2.4 (80) |
| 2 | 2217-80-800-71 ശുചിത്വ കേരളം - നഗരപ്രദേശങ്ങൾക്കായുള്ള ഖരമാലിന്യ സംസ്കരണ പദ്ധതി | 15.53 (73.96) | 15.87 (72.15) | 9.72 (57.17) |
| 3 | 2217-05-191-36 തിരുവനന്തപുരം വികസന അതോറിറ്റി | 4.24 (94.30) | 4.00 (100) | 3.82 (95.53) |

*ഉറവിടം : ധനവിനിയോഗ കണക്കുകൾ*

*ബ്രാക്കറ്റിനുള്ളിലെ കണക്കുകൾ മൊത്തം വകയിരുത്തലുമായി മിച്ചത്തിന്റെ ശതമാനത്തെ സൂചിപ്പിക്കുന്നു (അസൽബജറ്റും സപ്ലിമെന്ററി ബജറ്റും ചേർത്ത്)*

2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ മേൽപ്പറഞ്ഞ പദ്ധതികളിലെ ബജറ്റ് വിഹിതത്തിന്റെ (അസൽ ബജജറ്റും സപ്ലിമെന്ററി ബജജറ്റും ചേർത്ത്) ശതമാനം എന്ന നിലയിൽ മിച്ചം 57.17 ശതമാനം മുതൽ 100 ശതമാനം വരെയായിരുന്നു. കേരള ബജറ്റ് മാനുവലിലെ ചട്ടം 48 പ്രകാരം മുൻവർഷത്തെ ചെലവുകൾ പരിഗണിക്കാതെയാണ് ബജറ്റ് വകയിരുത്തൽ നടത്തിയതെന്ന് സ്ഥിരമായ മിച്ചം സൂചിപ്പിക്കുന്നു. തുടർച്ചയായ മിച്ചത്തിന്റെ കാരണങ്ങൾ സംസ്ഥാന സർക്കാർ വകുപ്പുകൾ നൽകിയിട്ടില്ല.

**ബി.** 2022-23 മുതൽ 2024-25 വരെയുള്ള വർഷങ്ങളിലെ ഗ്രാന്റ് നമ്പർ XXV ന്റെ (പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമം) - ധനവിനിയോഗ കണക്കുകളുടെ സൂക്ഷ്മപരിശോധനയിൽ അഞ്ച് അക്കൗണ്ട് ശീർഷകങ്ങൾക്ക് കീഴിൽ സ്ഥിരമായ മിച്ചം (ഓരോ സാമ്പത്തിക വർഷത്തിലുമുള്ള മൊത്തം ബജറ്റിന്റെ 50 ശതമാനത്തിന് മുകളിൽ) ഉണ്ടായിരുന്നുവെന്ന് കാണിക്കുന്നു. ഇത് മോശം ബജറ്റ് നിരീക്ഷണ സംവിധാനത്തെയോ പദ്ധതിയുടെ പെർഫോമൻസിലെ പോരായ്മയെയോ അല്ലെങ്കിൽ ഇവ രണ്ടിനെയും സൂചിപ്പിക്കുന്നു.

എല്ലാ വർഷവും ബജറ്റ് വകയിരുത്തൽ വിനിയോഗിക്കപ്പെടാതെ തുടരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു, ഇത് അതത് വർഷങ്ങളിൽ പ്രതീക്ഷിച്ച സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കപ്പെടുന്നില്ല എന്ന് സൂചിപ്പിക്കുന്നു. കെ.ബി.എമ്മിന്റെ ചട്ടം 48ൽ അനുശാസിക്കുന്ന പ്രകാരം മുൻ വർഷങ്ങളിലെ ചെലവുകൾ പരിഗണിക്കാതെയാണ് ബജറ്റ് വകയിരുത്തൽ നടത്തിയിരിക്കുന്നത്. ഇത് **പട്ടിക 2.15** ൽ കാണിച്ചിരിക്കുന്നതുപോലെ അക്കൗണ്ട് ശീർഷകങ്ങൾക്കു കീഴിൽ തുടർച്ചയായി മിച്ചം ഉണ്ടാകാൻ കാരണമായി.

**പട്ടിക 2.15: 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിലെ ഗ്രാന്റ് XXV പദ്ധതികളിലെ തുടർച്ചയായ മിച്ചം**

***(₹ കോടിയിൽ)***

| ക്രമ നമ്പർ | അക്കൗണ്ട് ശീർഷകം | മിച്ചം | | |
|---|---|---|---|---|
| | | **2022-23** | **2023-24** | **2024-25** |
| **പട്ടികജാതി വികസന ഡയറക്ടറേറ്റ്** | | | | |
| 1 | 2225-01-800-57 പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതു ശേഖര ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗ് സ്കീം) | 40.68 (90.4) | 24.83 (55.19) | 29.37 (65.27) |
| 2 | 2225-01-102-91 വാത്സല്യനിധി | 15 (100) | 10 (100) | 10 (100) |
| **ഡയറക്ടറേറ്റ് ഓഫ് കിർതാഡ്സ്[31]** | | | | |
| 3 | 2225-02-001-96 ഗവേഷണത്തിനും പരിശീലനത്തിനുമായി കീർത്താഡ്സിനുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് | 4.02 (100) | 4.02 (100) | 3.70 (71.17) |
| **പട്ടികവർഗ വികസന ഡയറക്ടറേറ്റ്** | | | | |
| 4 | 2225-02-102-75 അനുച്ഛേദം 275 (1) പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡിന് കീഴിലുള്ള വികസന പദ്ധതികൾ | 7.25 (100) | 7.68 (100) | 7.17 (93.36) |
| 5 | 2225-02-102-85 പ്രത്യേകം നിർണ്ണയിക്കപ്പെട്ട അധിവാസ സ്ഥലങ്ങളിലെ പട്ടികവർഗക്കാരുടെ സംയോജിത സമഗ്ര വികസനം (എടിഎസ്പി ഫണ്ട് / പ്രത്യേക പാക്കേജ്) | 27.20 (68.01) | 42.73 (85.46) | 33.81 (84.54) |

*ഉറവിടം: ധനവിനിയോഗ കണക്കുകൾ*
*ബ്രാക്കറ്റിലെ കണക്കുകൾ മൊത്തം വകയിരുത്തലുമായി മിച്ചത്തിന്റെ ശതമാനത്തെ സൂചിപ്പിക്കുന്നു*

2022-23 ലെ ക്രമനമ്പർ 4 ൽ പരാമർശിക്കുന്ന ആർട്ടിക്കിൾ 275 (1) [32] പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് നു കീഴിലെ പദ്ധതിയുമായി ബന്ധപ്പെട്ട്, നിർവഹണ ഏജൻസികളെ നിയമിക്കുന്നതിലും ഡിപിആർ തയ്യാറാക്കുന്നതിലും കാലതാമസമുണ്ടായെന്നും അതിന്റെ ഫലമായി ആ വർഷം ഫണ്ട് വിനിയോഗിക്കപ്പെട്ടില്ലെന്നും പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ് മറുപടി നൽകി (2025 ഒക്ടോബർ). 2023-24 ലെ മിച്ചത്തിന്റെ കാരണങ്ങളൊന്നും നൽകിയിട്ടില്ലെങ്കിലും, 2025 ഫെബ്രുവരിയോടെ ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് പൂർത്തിയാകാത്തതിനാൽ, ട്രഷറി നിയന്ത്രണങ്ങൾ കാരണം 2024-25 ൽ പദ്ധതി പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞില്ല എന്നും മറുപടിയിൽ പറയുന്നു.

കൂടാതെ, ക്രമ നമ്പർ 5 ൽ പറഞ്ഞിരിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട്, 2022-23ൽ കേന്ദ്ര സഹായം ലഭിക്കാത്തതും 2024 മാർച്ചിൽ മാത്രം 2023-24 ലെ കേന്ദ്ര സഹായം ലഭിച്ചതും തുടർച്ചയായ മിച്ചങ്ങളുടെ കാരണങ്ങളായി ഡയറക്ടറേറ്റ് ചൂണ്ടിക്കാട്ടി. എന്നിരുന്നാലും, 2024-25 കാലയളവിൽ പദ്ധതിക്ക് കീഴിൽ വന്ന മിച്ചത്തിന്റെ കാരണങ്ങളൊന്നും വ്യക്തമാക്കിയിട്ടില്ല.

2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ തുടർച്ചയായ മിച്ചം വന്നതിന്റെ കാരണങ്ങൾ ഡയറക്ടറേറ്റ് ഓഫ് കിർതാഡ്സും പട്ടികജാതി വികസന ഡയറക്ടറേറ്റും നൽകിയിട്ടില്ല.

[31] പട്ടിക ജാതി പട്ടിക വിഭാഗത്തിന് വേണ്ടിയുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് & ഡെവലപ്മെന്റ് സ്റ്റഡീസ്

[32] ആർട്ടിക്കിൾ 275(1) ഗ്രാന്റുകൾ സംസ്ഥാന പദ്ധതി ഫണ്ടുകൾക്കും ഗോത്ര വികസനത്തിനായുള്ള ശ്രമങ്ങൾക്കും ഒരു അനുബന്ധമാണ് . ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഫണ്ടുകൾ പട്ടിക വർഗങ്ങളുടെ സാമൂഹിക-സാമ്പത്തിക നിലവാരം ഉയർത്തുന്നതിന് ഉപയോഗിക്കേണ്ടതാണ്.

#### 2.5.5.5 'ടോട്ടൽ ഹൗസിംഗ് സ്കീം-അർബൻ (ലൈഫ്-പാർപ്പിട മിഷൻ)' കീഴിലുള്ള ഫണ്ടുകൾ വിനിയോഗിക്കാതിരുന്നത്

സംസ്ഥാനത്തെ ഭവനരഹിതർക്ക് സുരക്ഷിതമായ ഭവനം നിർമ്മിച്ചു നൽകുക എന്ന ലക്ഷ്യത്തോടെയുള്ള 'ടോട്ടൽ ഹൗസിംഗ് സ്കീം-അർബൻ (ലൈഫ്-പാർപ്പിട[33] മിഷൻ)' പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഗ്രാന്റും സംസ്ഥാന സർക്കാരിന്റെ പിന്തുണയും ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. അതിദാരിദ്ര്യ പട്ടികയിൽപ്പെടുന്ന ഭവനരഹിതർക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനും നഗരപ്രദേശങ്ങളിലെ ഫ്ളാറ്റുകൾ/ ഭവന സമുച്ചയങ്ങൾ/ ഭവന ക്ലസ്റ്ററുകൾ എന്നിവയുടെ നിർമ്മാണച്ചെലവ് വഹിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. തദ്ദേശ സ്വയംഭരണ (എഫ്എം) വകുപ്പ് അണ്ടർ സെക്രട്ടറി ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസറായ പദ്ധതി നടപ്പിലാക്കുന്നത് 'ലൈഫ് മിഷൻ ' ആണ്.

2022-23 മുതൽ 2024-25 വരെയുള്ള മൂന്ന് വർഷ കാലയളവിൽ ‘ 4217-60-051-95'- ടോട്ടൽ ഹൗസിംഗ് സ്കീം - അർബൻ (ലൈഫ്-പാർപ്പിട മിഷൻ) പദ്ധതിക്കായി ₹192 കോടിയുടെ സ്ഥിരമായ വാർഷിക ബജറ്റ് വകയിരുത്തൽ ഉണ്ടായിരുന്നിട്ടും, **പട്ടിക 2.16** ൽ വിശദീകരിച്ചിരിക്കുന്നതുപോലെ ചെലവ് ബജറ്റ് വകയിരുത്തലിനെ അപേക്ഷിച്ച് സ്ഥിരമായി കുറവായിരുന്നു.

**പട്ടിക 2.16 : 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ ടോട്ടൽ ഹൗസിംഗ് സ്കീം – അർബൻ (ലൈഫ് - പാർപ്പിട മിഷൻ)' ഉള്ള മിച്ചം**

***(₹ കോടിയിൽ)***

| വർഷം | ബജറ്റ് | ചെലവ് | മിച്ചം |
|---|---|---|---|
| 2022-23 | 192.00 | 6.91 | 185.09 |
| 2023-24 | 192.00 | 8.70 | 183.50 |
| 2024-25 | 192.00 | 2.28 | 189.72 |

2024-25 സാമ്പത്തിക വർഷത്തിലെ വൗച്ചറുകളുടെ സൂക്ഷ്മപരിശോധനയിൽ, 2024 ജൂലൈ 19-ന് '4217-60-051-95' എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്ന് ₹27.00 കോടി പിൻവലിച്ച് ലൈഫ് മിഷന്റെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തെങ്കിലും 2024-25 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ₹24.71 കോടി അക്കൗണ്ട് ശീർഷകം '4217-60-051-95' ലേക്ക് മൈനസ് ചെലവ് ആയി റെസ്യൂം ചെയ്ത് തിരികെ ക്രെഡിറ്റ് ചെയ്തതായും കണ്ടെത്തി.

തുക തുടർച്ചയായി വിനിയോഗിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ സർക്കാരിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്, മറുപടി ലഭിച്ചിട്ടില്ല.

### 2.5.6 ബജറ്റിലെ പ്രധാനപ്പെട്ട നയ പ്രഖ്യാപനങ്ങളും അവയുടെ നടപ്പാക്കൽ ഉറപ്പാക്കുന്നതിനുള്ള യഥാർത്ഥ ധനസഹായവും

നിരവധി പുതിയ പദ്ധതികൾ സർക്കാർ ബജജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പുതിയതും പ്രധാനപ്പെട്ടതുമായ ചില പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 2.11** ൽ ചേർത്തിരിക്കുന്നു.

ഈ കേസുകൾ പരിശോധിച്ചപ്പോൾ 'അരൂർ- ചണ്ഡിരൂർ മത്സ്യബന്ധന വ്യവസായ മേഖലയിൽ ഇ.ടി.പി സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക്' ഫണ്ട് ഒന്നും തന്നെ വകയിരുത്തിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. 'കെ.എസ്.ഐ.എൻ.സിയ്ക്ക് വേണ്ടി ക്രൂയിസ് കപ്പലുകളുടെ നിർണത്തിന്' ₹മൂന്ന് കോടിയും 'ഉന്നതി' പദ്ധതിക്ക് ₹രണ്ട്

[33] (ലൈവ്‌ലി ഹുഡ്, ഇൻക്ലൂഷൻ ആൻഡ് ഫിനാൻഷ്യൽ എംപവർമെന്റ്) മിഷൻ

കോടിയും 'വാൽസല്യനിധി' പദ്ധതിക്ക് ₹10 കോടിയും നീക്കിവച്ചെങ്കിലും ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഒരു തുകയും ചിലവഴിച്ചിട്ടില്ല. 'കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യു ചെയിൻ മോഡേണൈസേഷൻ' പദ്ധതിക്കായി ₹100 കോടി ബജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും സാമ്പത്തിക വർഷത്തിൽ ₹6.15 കോടി മാത്രമാണ് ചെലവഴിച്ചതെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

സർക്കാരിന്റെ മറുപടി ലഭിച്ചിട്ടില്ല.

### 2.5.7 ത്രൈമാസ ചെലവ് പരിധി പാലിക്കാതിരിക്കൽ

സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലെ ചെലവുകളുടെ തിടുക്കം ഒഴിവാക്കണമെന്ന് കേരള ബജറ്റ് മാനുവലിലെ ഖണ്ഡിക 91 (2) ൽ വ്യവസ്ഥ ചെയ്യുന്നു**.** 2024-25 ലെ തനി ചെലവായ ₹2,85,726 കോടിയ്ക്കെതിരെ**,** ചെലവിന്റെ തിടുക്കത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.17** ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.17: 2024-25 കാലയളവിലെ ചെലവിന്റെ തിടുക്കം**

| വിശദാംശം | തുക *(₹ കോടിയിൽ)* | വർഷത്തെ തനി ചെലവിന്റെ ശതമാനമായി |
|---|---|---|
| വർഷത്തിന്റെ അവസാന പാദം (2025 ജനുവരി മുതൽ മാർച്ച് വരെ) | 83,480.81 | 29.22 |
| വർഷത്തിലെ അവസാന മാസം (2025 മാർച്ച്) | 34,005.47 | 11.90 |
| വർഷത്തിലെ അവസാന ആഴ്ച (2025 മാർച്ച് 25-31 വരെ) | 6,312.27 | 2.21 |
| വർഷത്തിലെ അവസാന ദിവസം (2025 മാർച്ച് 31) | 25.71 | 0.009 |

2024-25 സാമ്പത്തിക വർഷത്തിലെ മൊത്തം പ്രതിമാസ വരവുകളുടെയും (റവന്യൂ വരവുകൾ, മൂലധന വരവുകൾ, ക്യാഷ് ബാലൻസ്) ചെലവുകളുടെയും പ്രവണതകൾ **ചാർട്ട് 2.6, ചാർട്ട് 2.7** എന്നിവയിൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 2.6: വരവുകളുടെ പ്രവണത (മാസം തിരിച്ച്)**



ചാർട്ട് 2.7: ചെലവിന്റെ പ്രവണത (മാസം തിരിച്ച്)




കൂടാതെ, 45 സബ് ഹെഡുകളിൽ ₹1,925.94 കോടിയുടെ മുഴുവൻ ചെലവും 2025 മാർച്ച് മാസത്തിലാണ് നേരിട്ടത് **(അനുബന്ധം 2.12).**

ധനപരമായ അസന്തുലിതാവസ്ഥയും താൽക്കാലിക പണപ്രതിസന്ധിയും തടയുമെന്നതിനാൽ ചെലവിന്റെ സ്ഥിരമായ വേഗത നിലനിർത്തേണ്ടത് മികച്ച പൊതു സാമ്പത്തിക മാനേജ്മെന്റിലെ സുപ്രധാനമായ ഘടകമാണ്. അനിവാര്യമായ ചില ഇനങ്ങളെ ഒഴിവാക്കിക്കൊണ്ട്[34], ത്രൈമാസ വരവിന്റെ എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കി ധനവകുപ്പ് ഓരോ ധനവിനിയോഗം/ഗ്രാന്റിന്റെ യൂണിറ്റിനു കീഴിലും ത്രൈമാസ ചെലവിന്റെ പരിധി നിശ്ചയിക്കുന്നു. പ്ലാൻ സ്കീമുകളുമായി ബന്ധപ്പെട്ട്, 2024-25 ന്റെ ആദ്യ പാദത്തിൽ ബജറ്റ് എസ്റ്റിമേറ്റിന്റെ 20 ശതമാനവും രണ്ടാം പാദത്തിൽ 30 ശതമാനവും മൂന്നാം പാദത്തിൽ 40 ശതമാനവും അവസാന പാദത്തിൽ 50 ശതമാനവും ചെലവിന്റെ പരിധിയായി ധനവകുപ്പ് നിശ്ചയിച്ചു. ആദ്യ പാദത്തിൽ എട്ട് ഗ്രാന്റുകളിലും രണ്ടാം പാദത്തിൽ 16 ഗ്രാന്റുകളിലും മൂന്നാം പാദത്തിൽ 19 ഗ്രാന്റുകളിലും നാലാം പാദത്തിൽ 30 ഗ്രാന്റുകളിലും ഈ പരിധി മറികടന്നതായി ഡേറ്റാ വിശകലനം വെളിപ്പെടുത്തി. വിശദാംശങ്ങൾ **അനുബന്ധം 2.13** ൽ കാണിച്ചിരിക്കുന്നു**.** 2024-25 ലെ എല്ലാ മേജർ ഹെഡുകളുടെയും ത്രൈമാസിക ചെലവിന്റെ വിശദാംശങ്ങൾ **അനുബന്ധം 2.14**ൽ കാണിച്ചിരിക്കുന്നു.

തിരഞ്ഞെടുത്ത ഗ്രാന്റുകളുടെ ചെലവിന്റെ പ്രവണതകളുടെ വിശകലനം താഴെ നൽകിയിരിക്കുന്നു.

[34] ശമ്പളം, വേതനം, പെൻഷൻ, പലിശ അടവുകൾ , സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും, വാട്ടർ ചാർജുകൾ, വൈദ്യുതി ചാർജുകൾ, ടെലിഫോൺ ചാർജുകൾ, വാടക നിരക്കും നികുതികളും, വാഹന ഇൻഷുറൻസ്, സി.എസ്. എസ്/ എസ്എൻഎ—സ്പർശ് സ്കീമുകൾ, ഇ. എ. പി. സ്കീമുകൾ തുടങ്ങിയവ

**ചാർട്ട് 2.8: ഗ്രാന്റ് നമ്പർ XXII നഗരവികസനത്തിന്റെ ചെലവിന്റെ പ്രവണത**




**ചാർട്ട് 2.9: ഗ്രാന്റ് നമ്പർ XXV പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നാക്ക ജാതികൾ, മറ്റ് ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമം - ചെലവിന്റെ പ്രവണത**




**ചെലവിന്റെ തിടുക്കം - ഗ്രാന്റ് നമ്പർ XXII- നഗരവികസനം**

ഗ്രാന്റ് നമ്പർ XXII, നഗരവികസനത്തിൽ, 2024-25 ൽ ചെലവഴിച്ച ₹1,318.14 കോടിയിൽ ₹273.68 കോടിയും ( മൊത്തം ചെലവിന്റെ 20.76 ശതമാനം ) ചെലവായത് 2025 മാർച്ച് മാസത്തിൽ ആണ്. ഇത് വർഷത്തിന്റെ അവസാനമുള്ള ചെലവിന്റെ തിടുക്കത്തിനെ സൂചിപ്പിക്കുന്നു.

**ചെലവിന്റെ തിടുക്കം - ഗ്രാന്റ് നമ്പർ XXV- പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമം**

ഗ്രാന്റ് നമ്പർ XXV പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക ജാതികൾ, മറ്റ് ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമത്തിൽ 2025 മാർച്ചിൽ ₹497.78 കോടി (മൊത്തം ചെലവിന്റെ 19.34 ശതമാനം) ചെലവഴിച്ചു.

രക്ഷകർത്താവിന്റെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വാർഷിക വരുമാനം ₹2.50 ലക്ഷം കവിയാതെയുള്ള ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള ന്യൂനപക്ഷ

വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനായി സംസ്ഥാന സർക്കാർ 'മാർഗദീപം' എന്ന പുതിയ പദ്ധതി അവതരിപ്പിച്ചു. സി-ഡിറ്റ് (സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി) വികസിപ്പിച്ചെടുക്കുന്ന പുതിയ പോർട്ടലിലൂടെ ന്യൂനപക്ഷ ക്ഷേമ വകുപ്പാണ് സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. **പട്ടിക 2.18 ൽ** കാണിച്ചിരിക്കുന്നതുപോലെ 2024-25ൽ പദ്ധതി നടപ്പിലാക്കുന്നതിനായി ₹18.25 കോടി ചെലവഴിച്ചു.

**പട്ടിക 2.18 : 2025 മാർച്ചിൽ ചെലവഴിച്ചത്**

**(₹ കോടിയിൽ)**

| ക്രമ നമ്പർ | ബിൽ റഫറൻസ് നമ്പർ | ട്രഷറി ബിൽ തീയതി | തുക |
|---|---|---|---|
| 1 | 24011282000101652218 | 23-03-2025 | 2.25 |
| 2 | 24011282000101660119 | 24-03-2025 | 2.36 |
| 3 | 24011282000101664969 | 24-03-2025 | 2.37 |
| 4 | 24011282000101667891 | 24-03-2025 | 2.05 |
| 5 | 24011282000101671160 | 24-03-2025 | 0.0033 |
| 6 | 24011282000101673874 | 24-03-2025 | 2.37 |
| 7 | 24011282000101676081 | 24-03-2025 | 2.36 |
| 8 | 24011282000101676249 | 24-03-2025 | 2.38 |
| 9 | 24011282000101676749 | 24-03-2025 | 2.11 |
| | | **ആകെ** | **18.2533** |

*ഉറവിടം: ട്രഷറി ഡേറ്റയിൽ നിന്ന് സമാഹരിച്ച വിവരങ്ങൾ*

2024-25 കാലയളവിൽ ₹18.25 കോടിയുടെ മുഴുവൻ ചെലവും 2025 മാർച്ചിലാണ് നടന്നിരിക്കുന്നത്. വർഷാവസാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുണ്ടായ ചെലവിന്റെ തിടുക്കമാണ് ഇത് സൂചിപ്പിക്കുന്നത്.

ഒരു പുതിയ സ്കോളർഷിപ്പ് വെബ് പോർട്ടൽ വികസിപ്പിക്കുന്നതിലും ഹോസ്റ്റുചെയ്യുന്നതിലും ഉണ്ടായ കാലതാമസം സ്കോളർഷിപ്പ് പദ്ധതിയിലേക്കുള്ള അപേക്ഷകൾ സമയബന്ധിതമായി ക്ഷണിക്കുന്നതിനെ തടസ്സപ്പെടുത്തിയെന്നും അതിന്റെ ഫലമായി 2024-25 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ മാത്രമാണ് ബജറ്റ് വിഹിതം ചെലവാക്കിയതെന്ന് ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് മറുപടി നൽകി(2025 ഒക്ടോബർ).

സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിന് ആസൂത്രണവും നടത്തിപ്പും പൊരുത്തപ്പെടുത്തേണ്ടതുണ്ട് എന്നതിനാൽ മറുപടി സ്വീകാര്യമല്ല. പദ്ധതി നടപ്പിലാക്കുന്നതിലെ അനാവശ്യ കാലതാമസം സാമ്പത്തിക വർഷാവസാനത്തിലുള്ള ചെലവുകളുടെ തിടുക്കം കൂട്ടുന്നു. ഇത് സാമ്പത്തിക ഔചിത്യത്തിന്റെ ലംഘനമായും മോശപ്പെട്ട പൊതു സാമ്പത്തിക മാനേജ്മെന്റായും കണക്കാക്കപ്പെടുന്നു.

## 2.6 സംസ്ഥാനത്തെ തെരഞ്ഞെടുത്ത കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്

ബജറ്റിംഗ് പ്രക്രിയ, അവയുടെ അക്കൗണ്ടിംഗ്, പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ്, ഫണ്ട് സമയബന്ധിതമായി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വെല്ലുവിളികൾ, എസ്എൻഎ സ്പർശ് സംവിധാനത്തിലേക്കുള്ള ചുവടുമാറ്റത്തിന്റെ സ്ഥിതി എന്നിവ വിശകലനം ചെയ്യാൻ തിരഞ്ഞെടുത്ത അഞ്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ (സിഎസ്എസ്) അവലോകനം നടത്തുകയുണ്ടായി.

### 2.6.1 സ്റ്റേറ്റ് ലിങ്ക്ഡ് കേന്ദ്രാവിഷ്കൃത പദ്ധതികൾ

വിശദമായ അവലോകനത്തിനായി താഴെപ്പറയുന്ന അഞ്ച് സ്റ്റേറ്റ് ലിങ്ക്ഡ് കേന്ദ്രാവിഷ്കൃത പദ്ധതികൾ തിരഞ്ഞെടുത്തു.

**എ. നാഷണൽ ഹെൽത് മിഷൻ (60 ശതമാനം സി എസ് എസ് )**

ഭാരത സർക്കാർ സ്കീമായ - ആർസിഎച്ചിനും, ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമുള്ള ഫ്ലെക്സിബിൾ പൂൾ, നാഷണൽ ഹെൽത്ത് പ്രോഗ്രാം, അർബൻ ഹെൽത്ത് മിഷന് (കോഡ് 4063) കീഴിൽ വരുന്ന 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവും എന്ന ഫണ്ടിംഗ് മാതൃകയുള്ള ഒരു സ്റ്റേറ്റ് ലിങ്ക്ഡ് സ്കീമാണ് നാഷണൽ ഹെൽത്ത് മിഷൻ (60% സിഎസ്എസ്- കോഡ് 2898). സാർവത്രിക ആരോഗ്യ പരിരക്ഷ കൈവരിക്കുന്നതിനും എല്ലാ പൗരന്മാരുടെയും ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനുമായി ഗ്രാമീണ, നഗര പ്രദേശങ്ങളിൽ നീതിപൂർവ്വകവും ചെലവു ചുരുങ്ങിയതും ഗുണനിലവാരമുള്ളതുമായ ആരോഗ്യ പരിരക്ഷ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**ബി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (മെറ്റീരിയൽ ചെലവ്) (75 ശതമാനം സിഎസ്എസ്)**

സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതിയായ 'മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (മെറ്റീരിയൽ കോസ്റ്റ്- കോഡ് 2876) ഇന്ത്യാ ഗവൺമെന്റ് പദ്ധതിയായ 'ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എംജിഎൻആർഇജിപി)'-കോഡ് 9219 ന്റെ ഭാഗമാണ്. മൂലധന വിഹിതത്തിന് കീഴിലുള്ള മെറ്റീരിയൽ കോസ്റ്റിൽ 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവും എന്ന രീതിയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നു. ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള വികസനത്തിനും പ്രകൃതിദത്തമായ വിഭവങ്ങളുടെ മാനേജ്മെന്റിനും സഹായിക്കുന്ന റോഡുകൾ, കുളങ്ങൾ, കനാലുകൾ എന്നിവ പോലുള്ള ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്നതിൽ എംജിഎൻആർഇജിപി (മെറ്റീരിയൽ കോസ്റ്റ്) ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**സി. അംഗൻവാടി സേവനങ്ങൾ (ജനറൽ) (ഐ.സി.ഡി.എസ്) (60) ശതമാനം സി.എസ്.എസ്.)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ സക്ഷം അംഗൻവാടി, പോഷൻ 2.0 (കോഡ് 3975) പ്രകാരം നടപ്പിലാക്കുന്ന സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതിയായ അംഗൻവാടി സേവനങ്ങൾ (ജനറൽ-കോഡ് കെഎൽ 247) 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവും എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു സംയോജിത പോഷകാഹാര പരിപാടിയാണ് സക്ഷം അംഗൻവാടി, പോഷൻ 2.0. ആരോഗ്യം, ക്ഷേമം, പ്രതിരോധശേഷി എന്നിവ പ്രോത്സാഹിപ്പിക്കുന്ന ഒരു സംയോജിത ആവാസവ്യവസ്ഥയിലൂടെ പോഷകാഹാരത്തിന്റെ ഉള്ളടക്കവും വിതരണവും മെച്ചപ്പെടുത്തുന്നതിൽ ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**ഡി. പ്രധാനമന്ത്രി പോഷൻ ശക്തി നിർമ്മാൺ (60 *ശതമാനം* സി.എസ്.എസ്)**

പ്രധാൻ മന്ത്രി പോഷൻ ശക്തി നിർമാൺ (കോഡ് 9165) (സ്കൂളുകളിലെ മുൻ ദേശീയ ഉച്ചഭക്ഷണ പരിപാടി) പ്രകാരം നടപ്പിലാക്കിയ സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതിയായ പ്രധാൻ മന്ത്രി പോഷൻ ശക്തി നിർമാൺ (കോഡ് 2819) 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവും എന്ന അനുപാതത്തിലാണ് ധനസഹായം നൽകുന്നത് . സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ എട്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന എല്ലാ സ്കൂൾ കുട്ടികൾക്കും പ്രതിദിനം ചൂടുള്ള ഒരു ഉച്ചഭക്ഷണം നൽകുന്നതാണ് പദ്ധതി.

**ഇ. എൻഎഫ്എസ്എ, കേരളത്തിന് കീഴിൽ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനത്തിനുള്ളിലെ ഗതാഗതത്തിനും ന്യായവില ഷോപ്പ് ഡീലർമാരുടെ വിഹിതം നൽകുന്നതിനും ഉള്ള ചെലവ് നേരിടുന്നതിന് സംസ്ഥാനങ്ങൾ/ കേന്ദ്രഭരണ പ്രദേശങ്ങൾക്ക് നൽകുന്ന കേന്ദ്ര സഹായത്തിനുള്ള മാനദണ്ഡങ്ങളുടെ പരിഷ്കരണം (50 ശതമാനം സി.എസ്.എസ്.)**

സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതിയായ എൻഎഫ്എസ്എ, കേരളത്തിന് കീഴിൽ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനത്തിനുള്ളിലെ ഗതാഗതത്തിനും ന്യായവില ഷോപ്പ് ഡീലർമാരുടെ വിഹിതം നൽകുന്നതിനും ഉള്ള ചെലവ് നേരിടുന്നതിന് സംസ്ഥാനങ്ങൾ/ കേന്ദ്രഭരണ പ്രദേശങ്ങൾക്ക് നൽകുന്ന കേന്ദ്രസഹായത്തിനുള്ള മാനദണ്ഡങ്ങളുടെ പരിഷ്കരണം (കോഡ് - കെഎൽ 200), ഭാരത സർക്കാർ പദ്ധതിയായ 'എൻ.എഫ്.എസ്.എ (50% സി.എസ്.എസ്) പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനത്തിനുള്ളിലെ ഗതാഗതത്തിന് സംസ്ഥാന ഏജൻസികൾക്കുള്ള സഹായം'- കോഡ് 4048 ന് കീഴിൽ വരുന്നു. ലോജിസ്റ്റിക്കൽ, പ്രവർത്തന ചെലവുകൾക്ക് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും സാമ്പത്തിക സഹായം നൽകിക്കൊണ്ട് 2013 ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻഎഫ്എസ്എ) പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങൾ കാര്യക്ഷമമായി വിതരണം ചെയ്യുന്നത് ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

## 2.6.2 സിംഗിൾ നോഡൽ ഏജൻസി – കേന്ദ്ര, സംസ്ഥാന വിഹിതങ്ങളുടെ കൈമാറ്റം

ഓരോ കേന്ദ്രാവിഷ്കൃത പദ്ധതിക്കും (സിഎസ്എസ്) സിംഗിൾ നോഡൽ ഏജൻസി (എസ്എൻഎ) വഴി ഫണ്ട് അനുവദിക്കാനും അവയുടെ വിനിയോഗം നിരീക്ഷിക്കാനും കേന്ദ്ര ധനമന്ത്രാലയം അനുശാസിക്കുന്നു (മാർച്ച് 2021). ഓരോ എസ്എൻഎയ്ക്കും അംഗീകൃത ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.

2024-25 വർഷത്തെ തിരഞ്ഞെടുത്ത സി.എസ്.എസ്/എസ്.എൽ.എസ് പദ്ധതികളുമായി ബന്ധപ്പെട്ട അക്കൗണ്ടന്റ് ജനറലിന്റെ (എ&ഇ) വി.എൽ.സി.ഡേറ്റ, പി. എഫ്.എം.എസ് പോർട്ടലിലെ എസ്.എൻ.എ റിപ്പോർട്ടുകൾ, എസ്.എൻ.എ -കളുടെ രേഖകൾ എന്നിവ ഓഡിറ്റ് പരിശോധിച്ചപ്പോൾ താഴെപ്പറയുന്നവ നിരീക്ഷിച്ചു.

**എ. നാഷണൽ ഹെൽത്ത് മിഷൻ (60 *ശതമാനം* സി.എസ്.എസ്.)**

2024-25 കാലയളവിലെ നാഷണൽ ഹെൽത്ത് മിഷനുമായി ബന്ധപ്പെട്ട കേന്ദ്ര, സംസ്ഥാന വിഹിതത്തിന്റെ കൈമാറ്റത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.19** ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.19 : കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ കൈമാറ്റം**

**(₹ കോടിയിൽ)**

| വിശദാംശങ്ങളുടെ ഉറവിടം | ലഭിച്ച കേന്ദ്ര വിഹിതം (ക്യാഷ് + ക്രയവസ്തു ) | കേന്ദ്ര വിഹിതം എസ്എൻഎയ്ക്ക് കൈമാറിയത് | എസ്എൻഎയ്ക്ക് കൈമാറിയ കേന്ദ്ര വിഹിതത്തിലെ കുറവ് | സംസ്ഥാന വിഹിതം എസ്എൻഎയ്ക്ക് കൈമാറിയത് |
|---|---|---|---|---|
| അക്കൗണ്ട് ശീർഷകം | | 2210-06-101-19-(01) | | 2210-06-101-19-(02) |
| വിഎൽസി കണക്കുകൾ | 629.10 | 529.10 | 100 | 424.83 |
| എസ്എൻഎ പിഎഫ്എംഎസ് റിപ്പോർട്ട് | 629.10 | 467.48 | 161.62 | 424.83 |
| വിഎൽസി കണക്കുകളും പിഎഫ് എംഎസ് റിപ്പോർട്ടും തമ്മിലുള്ള വ്യത്യാസം | 0 | 61.62 | - | 0 |

2024-25 കാലയളവിൽ എസ്എൻഎ അക്കൗണ്ടിലേക്ക് കേന്ദ്ര വിഹിതം കൈമാറ്റം ചെയ്തതിലെ കുറവിന് കാരണം സാമ്പത്തിക വർഷാവസാനം, അതായത് 2025 മാർച്ച് 24 ന് ₹100 കോടിയുടെ ഭാരതസർക്കാരിന്റെ ഫണ്ട് ലഭിച്ചതാണ്. 2025 ഏപ്രിൽ 10ന് എസ്എൻഎ അക്കൗണ്ടിലേക്ക് പ്രസ്തുത തുക ക്രെഡിറ്റ് ചെയ്തു.

ഗ്രാന്റ്-ഇൻ-കൈൻഡായി കേന്ദ്ര സർക്കാർ കൈമാറ്റം ചെയ്ത ₹61.62 കോടി, 2210-06-101-19-01 നാഷണൽ ഹെൽത്ത് മിഷൻ (60:40) (കേന്ദ്ര വിഹിതം) എന്ന അക്കൗണ്ടിംഗ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്തും 1601-06-210-75 - ആർസിഎച്ച് നും ആരോഗ്യ സംവിധാനത്തിനുമുള്ള ഫ്ലെക്സിബിൾ പൂൾ സിഎസ്എസ് എന്ന അക്കൗണ്ടിംഗ് ശീർഷകത്തിൽ വരവു വച്ചും ഒരു ട്രാൻസ്ഫർ എൻട്രി വഴി കണക്കുകളിൽ രേഖപ്പെടുത്തിയത് കാരണമാണ് ₹61.62 കോടിയുടെ വ്യത്യാസം ഉണ്ടായത്. എസ്.എൻ.എ-പി.എഫ്.എം.എസ് റിപ്പോർട്ടിൽ ' എസ്.എൻ.എയ്ക്ക് കൈമാറിയ കേന്ദ്ര വിഹിതത്തിൽ' ഭാരതസർക്കാരിൽ നിന്നും ഗ്രാന്റ് -ഇൻ-കൈൻഡ് ആയി ലഭിച്ചതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. 2025 മാർച്ച് 31 ന് എസ്എൻഎ അക്കൗണ്ടിൽ ₹4.62 കോടി ബാക്കിയുണ്ടായിരുന്നു.

ഭാരതസർക്കാർ ക്രയവസ്തുക്കളായി സഹായം നൽകിയതിനാൽ ' എസ് എൻ എയ്ക്കുള്ള കേന്ദ്രവിവിഹിതത്തിന്റെ കൈമാറ്റം' എന്ന എസ് എൻ എ റിപ്പോർട്ടിൽ കേന്ദ്രസർക്കാർ നൽകിയ ഗ്രാന്റ്-ഇൻ-കൈൻഡ് റിലീസുകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി). ഭാരതസർക്കാർ കൈമാറിയ ക്രയവസ്തുക്കളുടെ മൊത്തം മൂല്യം പിഎഫ്എംഎസിലെ എസ്എൻഎ റിപ്പോർട്ട് 01 ൽ കാണിച്ചിട്ടുണ്ട്. എൻ.എച്ച്.എം പദ്ധതി എസ്.എൻ.എ സ്പർശിലേക്ക് മാറ്റിയതായും എസ്.എൻ.എ സമർപ്പിച്ച ചെലവഴിക്കാത്ത തുകയുടെ കണക്ക് ധനവകുപ്പ് അംഗീകരിച്ചതായും അത് ബന്ധപ്പെട്ട മന്ത്രാലയം അംഗീകരിക്കേണ്ടതുണ്ടെന്നും മറുപടി നൽകി.

### ബി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (മെറ്റീരിയൽ കോസ്റ്റ്) (75 ശതമാനം സി.എസ്.എസ്.)

2024-25 കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (മെറ്റീരിയൽ കോസ്റ്റ്) (75 ശതമാനം സിഎസ്എസ്) ബന്ധപ്പെട്ട കേന്ദ്ര, സംസ്ഥാന വിഹിതത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.20** ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.20: കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ കൈമാറ്റം**

**(₹ കോടിയിൽ)**

| വിശദാംശങ്ങളുടെ ഉറവിടം | കേന്ദ്ര വിഹിതം ലഭിച്ചത് | കേന്ദ്ര വിഹിതം എസ്എൻഎയ്ക്ക് കൈമാറിയത് | സംസ്ഥാന വിഹിതം എസ്എൻഎയ്ക്ക് കൈമാറിയത് |
|---|---|---|---|
| അക്കൗണ്ട് ശീർഷകം | | 4515-00-103-97-(01) | 4515-00-103-97-(02) |
| വിഎൽസി കണക്കുകൾ | 460.49 | 460.49 | 153.50 |
| എസ്എൻഎ പിഎഫ്എംഎസ് റിപ്പോർട്ട് | 460.49 | 460.49 | 153.50 |
| വിഎൽസി കണക്കുകളും പിഎഫ്എംഎസ് റിപ്പോർട്ടും തമ്മിലുള്ള വ്യത്യാസം | 0 | 0 | 0 |

കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ എസ്എൻഎയ്ക്ക് കൈമാറുന്നതിൽ ഒരു കുറവും ഉണ്ടായിട്ടില്ല. 2025 മാർച്ച് 31ന് എസ്എൻഎ അക്കൗണ്ടിൽ ₹9.33 കോടി ബാക്കിയുണ്ടായിരുന്നു. 2026 ജനുവരിയിൽ പദ്ധതി എസ്എൻഎ സ്പർശിലേക്ക് ഓൺബോർഡ് ചെയ്തിട്ടുണ്ടെന്നും ചെലവഴിക്കാത്ത തുകയുടെ കണക്കിന്റെ

പരിശോധന ധനവകുപ്പിൽ നടന്നുവരികയാണെന്നും സർക്കാർ മറുപടി നൽകി (2026 ജനുവരി).

### സി. സക്ഷം അംഗൻവാടി, പോഷൻ 2.0 - അംഗൻവാടി സേവനങ്ങൾ (പൊതുവായത്) 60 *ശതമാനം* സിഎസ്എസ്

2024-25 കാലയളവിൽ സക്ഷം അംഗൻവാടി, പോഷൻ 2.0 - അംഗൻവാടി സേവനങ്ങൾ (ജനറൽ) 60 ശതമാനം സിഎസ്എസ് എന്നിവയുമായി ബന്ധപ്പെട്ട കേന്ദ്ര, സംസ്ഥാന വിഹിതത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.21** ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.21: കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ കൈമാറ്റം**

**(₹ കോടിയിൽ)**

| വിശദാംശങ്ങളുടെ ഉറവിടം | കേന്ദ്ര വിഹിതം ലഭിച്ചത് | കേന്ദ്ര വിഹിതം എസ്എൻഎ യ്ക്ക് കൈമാറിയത് | കേന്ദ്ര വിഹിതം കൈമാറ്റം ചെയ്യാത്തതിലെ കുറവ് | സംസ്ഥാന വിഹിതം എസ്എൻഎയ്ക്ക് കൈമാറിയത് | കൈമാറേണ്ട സംസ്ഥാന വിഹിതം | സംസ്ഥാന വിഹിതം കൈമാറ്റം ചെയ്യാത്തതിലെ കുറവ് |
|---|---|---|---|---|---|---|
| വിഎൽസി കണക്കുകൾ | | 186.25[35] | | 101.86[36] | 174.51 | 72.65 |
| എസ്എൻഎ പിഎഫ്എംഎസ് റിപ്പോർട്ട് | 261.77 | 186.25 | 75.52 | 101.86 | | |
| വിഎൽസി കണക്കുകളും പിഎഫ്എംഎസ് റിപ്പോർട്ടും തമ്മിലുള്ള വ്യത്യാസം | | 0 | | 0 | | |

2025 മാർച്ച് 31 നു എസ്എൻഎ അക്കൗണ്ടിൽ ₹9.28 കോടി ബാക്കിയുണ്ടായിരുന്നു. ആനുപാതികമായ സംസ്ഥാന വിഹിതം അനുവദിച്ചതിൽ ₹72.65 കോടിയുടെ കുറവുണ്ടായി.

അംഗൻവാടി സേവന പദ്ധതിക്കായി കേന്ദ്ര സർക്കാർ അനുവദിച്ച ₹261.77 കോടിയിൽ ₹104.93 കോടി അനുവദിച്ചത് മാർച്ച് 2025 ൽ ആണെന്നും 2025-26 ൽ ഈ തുക എസ്എൻഎ അക്കൗണ്ടിൽ നിക്ഷേപിച്ചതായും സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി). കൂടാതെ, 2023-24 ൽ കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ കാലതാമസമുണ്ടായതിനാൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സംസ്ഥാന സർക്കാർ ₹22.31 കോടി മുൻകൂറായി അനുവദിക്കുകയുണ്ടായി. അതിനാൽ, 2024-25 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന വിഹിതത്തിൽ ഈ തുക ക്രമീകരിച്ചിട്ടുണ്ട്. ഇതുമൂലം, 2024-25 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന വിഹിതത്തിൽ ₹22.31 കോടി രൂപയുടെ കുറവുണ്ടായി. 2026 ജനുവരി 07 ന് ഈ പദ്ധതി എസ്എൻഎ സ്പർശിലേക്ക് ഓൺ ബോർഡ് ചെയ്തു. ചെലവഴിക്കാത്ത ബാക്കി തുക തിരികെ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

### ഡി. പ്രധാനമന്ത്രി പോഷൻ ശക്തി നിർമ്മാൺ (60 ശതമാനം സി.എസ്.എസ്.)

2024-25 കാലയളവിലെ പ്രധാനമന്ത്രി പോഷൻ ശക്തി നിർമാൺ 60% സിഎസ്എസുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.22** ൽ നൽകിയിരിക്കുന്നു.

[35] 2235-02-102-18-01 - ₹ 169.63 കോടി ; 2235-02-789-90-01 - ₹ 14.27 കോടി; 2235-02-796-90-01 - ₹ 2.35 കോടി

[36] 2235-02-102-18-02 - ₹ 90.78 കോടി; 2235-02-789-90-02 - ₹ 9.51 കോടി; 2235-02-796-90-02 - ₹ 1.57 കോടി

**പട്ടിക 2.22: കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ കൈമാറ്റം**

**(₹ കോടിയിൽ)**

| വിശദാംശങ്ങളുടെ ഉറവിടം | കേന്ദ്ര വിഹിതം ലഭിച്ചത് | കേന്ദ്ര വിഹിതം കൈമാറിയത് | എസ്.എൻ.എയ്ക്ക് കേന്ദ്രവിഹിതം കൈമാറിയതിലെ കുറവ് | സംസ്ഥാന വിഹിതം കൈമാറിയത് | സംസ്ഥാനത്തിന്റെ റിലീസിലുള്ള കുറവ് |
|---|---|---|---|---|---|
| അക്കൗണ്ട് ശീർഷകം | | 2202-01-112-90-(01) | | 2202-01-112-90- (02) | |
| വി.എൽ.സി. റിപ്പോർട്ട് | 240.67 | 236.03 | 4.64 | 140.56 | 16.79 |
| എസ്എൻഎ പിഎഫ്എംഎസ് റിപ്പോർട്ട് | 240.67 | 239.15 | 1.52 | 140.56 | 18.87 |
| വി.എൽ.സി കണക്കും പി.എഫ്.എം.എസ് റിപ്പോർട്ടും തമ്മിലുള്ള വ്യത്യാസം | | 3.12 | | 0 | |

2024-25 കാലയളവിൽ സംസ്ഥാന വിഹിതം നൽകുന്നതിൽ ₹16.79 കോടിയുടെ കുറവ് ഉണ്ടായി. എസ്എൻഎ പിഎഫ്എംഎസ് റിപ്പോർട്ടുമായി താരതമ്യം ചെയ്യുമ്പോൾ വിഎൽസി ഡേറ്റ പ്രകാരമുള്ള കേന്ദ്ര വിഹിതത്തിൽ ₹3.12 കോടിയുടെ വ്യത്യാസമുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പി.എസ്.ടി.എസ്.ബി അക്കൗണ്ട് നമ്പർ 799012700001649 ൽ നിന്ന് ഫണ്ടുകൾ തിരിച്ചെടുത്തത് എറണാകുളം അഡീഷണൽ സബ്ട്രഷറി തെറ്റായി വർഗീകരിച്ചതാണ് ഈ വ്യതിയാനത്തിനുള്ള കാരണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. മുൻ വർഷം നൽകിയ ഫണ്ടിന്റെ തിരിച്ചുപിടിക്കൽ ശീർഷകം 2201-01-911 എന്ന അക്കൗണ്ടിംഗ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതിനു പകരം ഈ വർഷത്തെ അക്കൗണ്ട് ശീർഷകത്തിൽ മൈനസ് ഡെബിറ്റായി കണക്കാക്കി 2025 മാർച്ച് 31 ന് എസ്എൻഎ അക്കൗണ്ടിൽ ₹97.98 കോടി ബാക്കിയുണ്ടായിരുന്നു.

കേന്ദ്ര വിഹിതത്തിന്റെ നാലാം ഗഡു അനുവദിച്ചത് 2025 മാർച്ച് 30 ന് മാത്രമായതിനാൽ, തുടർന്നുള്ള സാമ്പത്തിക വർഷത്തിലാണ് ആനുപാതികമായ സംസ്ഥാന വിഹിതം എസ്എൻഎയ്ക്ക് അനുവദിച്ചുവെന്നും അതിന്റെ ഫലമായി 2024-25 ലെ സംസ്ഥാന വിഹിതത്തിൽ കുറവുണ്ടായെന്നും സർക്കാർ മറുപടി നൽകി (2026 ജനുവരി).

### ഇ. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനത്തിനുള്ളിലെ ഗതാഗതത്തിനും ന്യായവില ഷോപ്പ് ഡീലർമാരുടെ വിഹിതം നൽകുന്നതിനും സംസ്ഥാന ഏജൻസികൾക്കുള്ള സഹായം (50 ശതമാനം സി.എസ്.എസ്.)

2024-25 കാലയളവിൽ എൻഎഫ്എസ്എ പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനത്തിനുള്ളിലെ നീക്കവും ന്യായവില ഷോപ്പ് ഡീലർമാരുടെ വിഹിതവുമായി (50% സിഎസ്എസ്) ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ കൈമാറ്റത്തിന്റെ വിശദാംശങ്ങൾ **പട്ടിക 2.23** ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.23: കേന്ദ്ര, സംസ്ഥാന വിഹിത കൈമാറ്റം**

(₹ കോടിയിൽ)

| വിശദാംശങ്ങളുടെ ഉറവിടം | കേന്ദ്ര വിഹിതം ലഭിച്ചത് | കൈമാറിയ കേന്ദ്ര വിഹിതം (മൊത്തം) | എസ്.എൻ.ഏയ്ക്ക് കൈമാറിയ സംസ്ഥാന വിഹിതം |
|---|---|---|---|
| ആകെ വി.എൽ.സി | **72.07** | **84.95**[37] | **84.95**[38] |
| എസ്എൻഎ പിഎഫ്എംഎസ് റിപ്പോർട്ട് | 63.60 | 76.49 | 76.49 |
| സ്പർശ് പിഎഫ്എംഎസ് റിപ്പോർട്ട് | 8.47 | 8.47 | 8.47 |
| പി.എഫ്.എം.എസ് റിപ്പോർട്ട് ആകെ | **72.07** | **84.96** | **84.96** |

2025 മാർച്ച് 31 ന് എസ്എൻഎ അക്കൗണ്ടിൽ ₹1.57 കോടി ബാക്കിയുണ്ട്.

2015 ലെ ഭക്ഷ്യസുരക്ഷ (സംസ്ഥാന സർക്കാരുകൾക്കുള്ള സഹായം) ചട്ടങ്ങളിലെ ചട്ടം 10 ലെ ഉപചട്ടം 8, 9 അനുസരിച്ച്, എൻഎഫ്എസ്എ പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ സാമ്പത്തിക വർഷത്തിന്റെയും തുടക്കത്തിൽ പ്രതീക്ഷിക്കുന്ന തുകയുടെ 75 ശതമാനം കേന്ദ്ര വിഹിതമായി അനുവദിച്ചതായി സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി). കേന്ദ്ര വിഹിതം വിനിയോഗിച്ചതിനു ശേഷം, ശേഷിക്കുന്ന മാസങ്ങളിലെ കേന്ദ്ര വിഹിതത്തിലെ ചെലവും സംസ്ഥാന വിഹിതത്തിലെ ചെലവും സംസ്ഥാന സർക്കാർ നേരിടും. ബാക്കിയുള്ള കേന്ദ്ര വിഹിതം അനുവദിക്കുന്നതിനുള്ള സെറ്റിൽമെന്റ് ക്ലെയിം സാമ്പത്തിക വർഷാവസാനം സംസ്ഥാന സർക്കാർ സമർപ്പിക്കും. ഇത് കേന്ദ്ര വിഹിതം ലഭിച്ചതിന്റെയും എസ്എൻഎ അക്കൗണ്ടിലേക്ക് കൈമാറിയതിന്റെയും തുകകൾ തമ്മിലുള്ള വ്യത്യാസത്തിന് കാരണമായി.

എസ്എൻഎ അക്കൗണ്ടിലെ ചെലവഴിക്കാത്ത തുക ഇന്ത്യയുടെ സഞ്ചിത നിധി/ സംസ്ഥാന സഞ്ചിത നിധി എന്നിവയിലേക്ക് തിരികെ നൽകുകയുണ്ടായി.

### 2.6.3 സി.എസ്.എസിന്റെ ബജറ്റ് പ്രക്രിയയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ

ബജറ്റ് പ്രക്രിയയുടെ കാര്യക്ഷമത പരിശോധിക്കാൻ തെരഞ്ഞെടുത്ത കേന്ദ്രാവിഷ്കൃത പദ്ധതികൾ അവലോകനം ചെയ്തു. ഓഡിറ്റിന്റെ കണ്ടെത്തലുകൾ ഇനിപ്പറയുന്നു:

**എ . മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (75 *ശതമാനം* സിഎസ്എസ്) - *ബജറ്റ്* വകയിരുത്തലിൽ ഗണ്യമായ മിച്ചം**

2023-24, 2024-25 കാലയളവിൽ 'മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (മെറ്റീരിയൽ കോസ്റ്റ്)' കേന്ദ്ര / സംസ്ഥാന വിഹിതങ്ങൾക്കായുള്ള ബജറ്റ് വകയിരുത്തലിൽ ഗണ്യമായ മിച്ചമുണ്ട്. വിശദാംശങ്ങൾ **പട്ടിക 2.24**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.24 : ബജറ്റ് വകയിരുത്തലും യഥാർത്ഥ ചെലവും**

(₹ കോടിയിൽ)

| വർഷം | അക്കൗണ്ട് ശീർഷകം | അസൽ ബജറ്റ് | കേന്ദ്ര വിഹിതം കിട്ടിയത് | ചെലവ് | മിച്ചം(-) / അധിക ചെലവ് | മിച്ചത്തിന്റെ ശതമാനം |
|---|---|---|---|---|---|---|
| 2023-24 | 4515-00-103-97-(01)* | 688.05 | 372.17 | 372.17 | (-)315.88 | 45.91 |
| | 4515-00-103-97-(02)# | 229.35 | | 124.06 | (-)105.29 | 45.91 |
| 2024-25 | 4515-00-103-97-(01) | 688.05 | 460.49 | 460.49 | (-)227.56 | 33.07 |
| | 4515-00-103-97-(02) | 229.35 | | 153.5 | (-)75.85 | 33.07 |

- *ഡീറ്റെയ്ൽഡ് ഹെഡ് (01) സിഎസ്എസിന്റെ കേന്ദ്ര വിഹിതത്തെ പ്രതിനിധീകരിക്കുന്നു*

*# ഡീറ്റെയ്ൽഡ് ഹെഡ് (02) സി.എസ്.എസിന്റെ സംസ്ഥാന വിഹിതത്തെ പ്രതിനിധീകരിക്കുന്നു*

[37] 2408-01-101-92 (01) – ₹ 31.08 കോടി and 2408-01-101-91 (01) – ₹ 53.87 കോടി

[38] 2408-01-101-92 (02) – ₹ 31.08 കോടി and 2408-01-101-91 (02) – ₹ 53.87 കോടി

സിഎസ്എസിനായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് അനുവദിച്ച ഫണ്ടും സംസ്ഥാനത്തിന്റെ ബജറ്റ് വകയിരുത്തലും തമ്മിൽ വ്യത്യാസമുണ്ടെന്ന് എസ്എൻഎ റിപ്പോർട്ടുകളുടെ സൂക്ഷ്മപരിശോധനയിൽ വ്യക്തമായി. ഇതിന്റെ ഫലമായി **2023-24, 2024-25** വർഷങ്ങളിൽ കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ ബജറ്റ് വകയിരുത്തലിൽ ഗണ്യമായ തുകകൾ വിനിയോഗിക്കാതെ കിടന്നു.

ബജറ്റ് വകയിരുത്തലിലെയും സിഎസ്എസ് ഫണ്ട് യഥാർത്ഥത്തിൽ ലഭിച്ചതിന്റെയും വ്യത്യാസത്തിന്റെ കാരണം സംസ്ഥാന സർക്കാരിൽ നിന്ന് ചോദിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

### ബി. സക്ഷം അംഗൻവാടി, പോഷൻ 2.0 - അംഗൻവാടി സേവനങ്ങൾ (പൊതുവായത്) 60% സിഎസ്എസ് - കേന്ദ്ര/സംസ്ഥാന വിഹിതവുമായി ബന്ധപ്പെട്ട് ബജറ്റ് വകയിരുത്തലിൽ ഗണ്യമായ മിച്ചം

**പട്ടിക 2.25** ൽ വിവരിച്ചിരിക്കുന്നതുപോലെ 2023-24, 2024-25 വർഷങ്ങളിൽ കേന്ദ്ര, സംസ്ഥാന വിഹിതവുമായി ബന്ധപ്പെട്ട ബജറ്റ് വകയിരുത്തലിൽ ഗണ്യമായ മിച്ചമുണ്ടായതായി സൂക്ഷ്മപരിശോധനയിൽ കണ്ടെത്തി.

**പട്ടിക 2.25: ബജറ്റ് വകയിരുത്തലും കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ യഥാർത്ഥ കൈമാറ്റവും**

*(₹ കോടിയിൽ)*

| വർഷം | അക്കൗണ്ട് ശീർഷകം | മൊത്തം ബജറ്റ് | ചെലവ് | മിച്ചം | മിച്ചത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 2023-24 | 2235-02-102-18-(01)* | 291.48 | 127.97[39] | (-)163.51 | 56.10 |
| | 2235-02-102-18- (02)# | 194.32 | 107.63 | (-)86.69 | 44.61 |
| 2024-25 | 2235-02-102-18-(01)* | 291.48 | 169.63[40] | (-)121.85 | 41.80 |
| | 2235-02-102-18- (02)# | 194.32 | 90.78 | (-)103.54 | 53.29 |

** ഡീട്ടെയ്ൽഡ് ഹെഡ് (01) സിഎസ്എസിന്റെ കേന്ദ്ര വിഹിതത്തെ പ്രതിനിധീകരിക്കുന്നു*
*# ഡീട്ടെയ്ൽഡ് ഹെഡ് (02) സി.എസ്.എസിന്റെ സംസ്ഥാന വിഹിതത്തെ പ്രതിനിധീകരിക്കുന്നു*

ഭാരതസർക്കാരിൽ നിന്ന് സിഎസ്എസിനായി ലഭിച്ച തുകയും സംസ്ഥാന ബജറ്റിലെ വകയിരുത്തലും തമ്മിൽ വ്യത്യാസമുണ്ടെന്ന് എസ്എൻഎ റിപ്പോർട്ടുകളുടെ സൂക്ഷ്മപരിശോധനയിൽ വ്യക്തമായി. ഇതിന്റെ ഫലമായി **2023-24, 2024-25** വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ കേന്ദ്ര-സംസ്ഥാന വിഹിതത്തിനായി നീക്കിവച്ച ബജറ്റ് വകയിരുത്തലിൽ കാര്യമായ ചെലവ് നടക്കാതെയായി.

**2023-24, 2024-25** വർഷങ്ങളിലെ ബജറ്റ് വകയിരുത്തലിലെയും സിഎസ്എസ് ഫണ്ട് യഥാർത്ഥത്തിൽ ലഭിച്ചതിന്റെയും വ്യത്യാസത്തിന്റെ കാരണം സംസ്ഥാന സർക്കാരിൽ നിന്ന് ചോദിച്ചിട്ടുണ്ട്, മറുപടി ലഭിച്ചിട്ടില്ല.

---

[39] 2022-23 വർഷാവസാനത്തിൽ ലഭിച്ച ₹37.61 കോടി ഇതിൽ ഉൾപ്പെടുന്നു, 2023-24 വർഷാവസാനത്തിൽ ലഭിച്ച ₹29.42 കോടി ഇതിൽ ഉൾപ്പെടുന്നില്ല.

[40] 2023-24 വർഷാവസാനം ലഭിച്ച ₹29.42 കോടി ഇതിൽ ഉൾപ്പെടുന്നു, 2024-25 വർഷാവസാനം ലഭിച്ച ₹56.59 കോടി ഇതിൽ ഉൾപ്പെടുന്നില്ല.

**സി. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം (50% സി.എസ്.എസ്) ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനത്തിനുള്ളിലെ നീക്കത്തിനും ന്യായവില ഷോപ്പ് ഡീലർമാരുടെ വിഹിതത്തിനും വേണ്ടി സംസ്ഥാന ഏജൻസികൾക്കുള്ള സഹായം- ബജറ്റ് വകയിരുത്തലില്ലാതെ ചെലവ് നേരിട്ടത്**

2022-23 മുതൽ 2024-25 വരെയുള്ള കാലയളവിലെ വിശദമായ ധനവിനിയോഗ കണക്കുകളുടെയും വി.എൽ.സി ഡേറ്റയുടെയും പരിശോധനയിൽ, **പട്ടിക 2.26**ൽ കാണിച്ചിരിക്കുന്നതുപോലെ സബ് ഹെഡുകൾ/സ്കീമുകൾക്കു കീഴിൽ സാമ്പത്തിക വർഷത്തിൽ അസൽ/സപ്ലിമെന്ററി ബജറ്റ് വകയിരുത്തലില്ലാതെ ചെലവുകൾ നേരിട്ടതായി കണ്ടെത്തി.

**പട്ടിക 2.26 : ബജറ്റ് വകയിരുത്തലില്ലാതെ ചെലവ് നേരിട്ടത്**

(₹കോടിയിൽ)

| ക്രമ നമ്പർ | പദ്ധതികൾ | വർഷം | അസൽ ബജറ്റ് | സപ്ലിമെന്ററി | ചെലവ് |
|---|---|---|---|---|---|
| 1 | 2408-01-101-91-01 എൻ.എഫ്.എസ്.എ പ്രകാരം ന്യായവില ഷോപ്പ് ഡീലർമാരുടെ വിഹിതം നൽകുന്നതിന് സംസ്ഥാന ഏജൻസികൾക്കുള്ള സഹായം (50% സി.എസ്.എസ്)- കേന്ദ്ര വിഹിതം | 2023-24 | 0 | 0 | 48.30 |
| | | 2024-25 | 0 | 0 | 53.87 |
| 2 | 2408-01-101-91-02 – എൻ.എഫ്.എസ്.എ പ്രകാരം ന്യായവില ഷോപ്പ് ഡീലർമാരുടെ വിഹിതം നൽകുന്നതിന് സംസ്ഥാന ഏജൻസികൾക്കുള്ള സഹായം. (50% സി.എസ്.എസ്)- സംസ്ഥാന വിഹിതം | 2023-24 | 0 | 0 | 48.30 |
| | | 2024-25 | 0 | 0 | 53.87 |
| 3 | 2408-01-101-101-92-01 ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിൻ കീഴിൽ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനത്തിനകത്തുള്ള ഗതാഗതത്തിന് സംസ്ഥാന ഏജൻസികൾക്കുള്ള സഹായം- കേന്ദ്ര വിഹിതം | 2022-23 | 0 | 0 | 25.00 |
| | | 2023-24 | 0 | 0 | 36.09 |
| 4 | 2408-01-101-101-92-02 ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിൻ കീഴിൽ ഭക്ഷ്യധാന്യങ്ങളുടെ അന്തർ സംസ്ഥാന ഗതാഗതത്തിന് സംസ്ഥാന ഏജൻസികൾക്കുള്ള സഹായം- സംസ്ഥാന വിഹിതം | 2022-23 | 0 | 0 | 25.00 |
| | | 2023-24 | 0 | 0 | 36.09 |
| | | 2024-25 | 0 | 0 | 31.08 |

പദ്ധതികൾക്കായി ബജറ്റ് വകയിരുത്തൽ ഇല്ലാത്തതിനാൽ പുനർ ധനവിനിയോഗ ഉത്തരവുകളിലൂടെയാണ് പദ്ധതികൾക്കുള്ള ചെലവ് നേരിട്ടത്. 2408-01-101-94-02 (എൻഎഫ്എസ്എയ്ക്ക് കീഴിൽ എഫ്.പി.എസ് ഡീലർമാരുടെ വിഹിതം), 2408-01-101-94-03 (എൻഎഫ്എസ്എയ്ക്ക് കീഴിൽ ഭക്ഷ്യധാന്യങ്ങളുടെ അന്തർ സംസ്ഥാന ഗതാഗതം) എന്നീ നോൺ പ്ലാൻ ശീർഷകങ്ങൾക്ക് കീഴിലാണ് പദ്ധതിക്കായുള്ള തുക തുടക്കത്തിൽ വകയിരുത്തിയിരുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തുടർന്ന്, 2408-01-101-91, 2408-01-101-92 എന്നീ പ്ലാൻ ഹെഡുകളിൽ ആവശ്യമായ തുക 2408-01-101-94 ലെ നോൺ-പ്ലാൻ അക്കൗണ്ട് ശീർഷകത്തിൽ നിന്ന് പുനർ ധനവിനിയോഗം നടത്തി.

2022-23 വരെ, ഭക്ഷ്യധാന്യ വിതരണത്തിനുള്ള റേഷൻ ഡീലറുടെ കമ്മീഷൻ 2408-01-101-94-(02) എന്ന നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും റേഷൻ വിതരണവുമായി ബന്ധപ്പെട്ട ഗതാഗത ചെലവ് 2408-01-101-94-(03) (എൻപി) എന്ന ശീർഷകത്തിൽ നിന്നുമാണ് നേരിട്ടത് എന്ന് എസ്എൻഎ ഫിനാൻസ് ഓഫീസർ പ്രസ്താവിച്ചു(2025 ഒക്ടോബർ). പി.എഫ്.എം.എസ് വഴി എസ്.എൻ.എ പദ്ധതി അവതരിപ്പിച്ചതിന് ശേഷം റേഷൻ ഡീലർമാരുടെ കമ്മീഷൻ വിതരണത്തിനും ഗതാഗത ചെലവുകൾ കൈകാര്യം ചെയ്യുന്നതിനുമായി പുതിയ പ്ലാൻ ഹെഡുകൾ രൂപീകരിച്ചെങ്കിലും, ആവശ്യമായ തുക 2408-01-101-94-(02), 2408-01-101-94-(03) എന്നീ നോൺപ്ലാൻ ശീർഷകങ്ങൾക്ക് കീഴിൽ വകയിരുത്തുന്നത് തുടർന്നു. തൽഫലമായി പ്ലാൻ ഹെഡുകൾക്ക് കീഴിൽ പ്രത്യേകമായി ബജറ്റ് വകയിരുത്തൽ നടത്തിയില്ല.

പദ്ധതി നടപ്പിലാക്കുന്നതിനായി പുതിയ പ്ലാൻ സബ് ഹെഡുകൾ തുറന്നിട്ടും, 2023-24, 2024-25 വർഷങ്ങളിൽ ആവശ്യമായ വകയിരുത്തൽ ഈ ശീർഷകങ്ങൾക്ക് കീഴിൽ നടത്താത്തത് ബജറ്റ് ആസൂത്രണത്തിന്റെ അഭാവത്തെ സൂചിപ്പിക്കുന്നു. അതിനാൽ മറുപടി സ്വീകാര്യമല്ല. ആവർത്തിച്ച് പുനർ ധനവിനിയോഗത്തിലൂടെ ചെലവ് നേരിട്ടത് കേരള ബജറ്റ് മാനുവലിലെ ഖണ്ഡിക 48 പ്രകാരം മുൻവർഷത്തെ ചെലവ് പരിഗണിക്കാതെയാണ് 2024-25 ലെ ബജറ്റ് വകയിരുത്തൽ നടത്തിയതെന്ന് സൂചിപ്പിക്കുന്നു.

### 2.6.4 സിംഗിൾ നോഡൽ ഏജൻസി - സിംഗിൾ നോഡൽ അക്കൗണ്ടുകളിൽ ചെലവഴിക്കാത്ത ബാലൻസ്

ഓരോ കേന്ദ്രാവിഷ്കൃത പദ്ധതിയും (സിഎസ്എസ്) നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരുകൾ ഓരോ സിംഗിൾ നോഡൽ ഏജൻസിയെ (എസ്എൻഎ) നിയോഗിക്കേണ്ടതുണ്ടെന്ന് 2021 മാർച്ച് 23 ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്ര ധനമന്ത്രാലയത്തിന്റെ എക്സ്പെൻഡീച്ചർ വകുപ്പ് വ്യക്തമാക്കി. സർക്കാരിന്റെ പ്രവർത്തനങ്ങൾ നടത്താൻ സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയ ഒരു ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ ഓരോ സിഎസ്എസിനും സംസ്ഥാന തലത്തിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് എസ്.എൻ.എ തുറക്കേണ്ടതുണ്ട്.

എസ്.എൻ.എ.കളുടെ ബാങ്ക് അക്കൗണ്ടുകളിലെ ചെലവഴിക്കാത്ത തുകയും അതിന്മേൽ വന്നുചേർന്ന പലിശയും സംബന്ധിച്ച തിരഞ്ഞെടുത്ത അഞ്ച് സ്കീമുകളുടെ പൊതു സാമ്പത്തിക മാനേജ്മെന്റ് സംവിധാനം (പിഎഫ്എംഎസ്) റിപ്പോർട്ടുകൾ അവലോകനം ചെയ്തപ്പോൾ ഇനിപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തുകയുണ്ടായി.

#### എ. എസ്എൻഎ അക്കൗണ്ടുകളിലെ ചെലവഴിക്കാത്ത തുകയും അതിന്മേലുള്ള പലിശയും

2024-25 കാലയളവിൽ, തിരഞ്ഞെടുത്ത അഞ്ച് പദ്ധതികൾക്കായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതമായ ₹1,594.01 കോടി ഭാരതസർക്കാർ അനുവദിച്ചു. 2024-25 കാലയളവിൽ സംസ്ഥാന സർക്കാർ ₹2,327.09 കോടി (₹1,429.85 കോടി കേന്ദ്ര വിഹിതവും ₹897.24 കോടി സംസ്ഥാന വിഹിതവും) എസ്എൻഎ അക്കൗണ്ടുകളിലേക്ക് കൈമാറി. **അനുബന്ധം 2.15** ൽ വിശദീകരിച്ചിരിക്കുന്നതു പോലെ അഞ്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് 2025 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം ₹122.78 കോടി എസ്എൻഎകളുടെ ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

2022-23 മുതൽ 2024-25 വരെയുള്ള കാലയളവിലെ തിരഞ്ഞെടുത്ത അഞ്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബാങ്ക് അക്കൗണ്ടുകളിലെ ചെലവഴിക്കാത്ത ബാലൻസുകളുടെ പ്രവണത ചുവടെയുള്ള **ചാർട്ട് 2.10** ൽ നൽകിയിരിക്കുന്നു:

**ചാർട്ട് 2.10: ചെലവഴിക്കാത്ത ബാലൻസുകളുടെ പ്രവണതകൾ**

***(₹ കോടിയിൽ)***




'പ്രധാനമന്ത്രി പോഷൻ ശക്തി നിർമാൺ' ഒഴികെയുള്ള പദ്ധതികളിൽ ചെലവഴിക്കാത്ത ബാലൻസ് ക്രമേണ കുറഞ്ഞു വരുന്നു എന്നാണ് തെരഞ്ഞെടുത്ത അഞ്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവഴിക്കാത്ത ബാലൻസിന്റെ പ്രവണത സൂചിപ്പിക്കുന്നത്.

വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്ന് കേന്ദ്ര വിഹിതത്തിന്റെ മൂന്നാം ഗഡു വർഷാവസാനം ലഭിച്ചതിനാലാണ് 2024-25 ൽ ചെലവഴിക്കാത്ത വലിയ തുക ഉണ്ടാകുന്നതിന് ഇടവരുത്തിയതെന്ന് പിഎം പോഷന്റെ എസ്.എൻ.എ.യായ പൊതുവിദ്യാഭ്യാസ ഡയറക്ടർ മറുപടി നൽകി (2025 ഒക്ടോബർ).

**ബി. എസ്എൻഎകളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ വന്നുചേരുന്ന പലിശയുടെ തിരിച്ചടവ്**

ഇന്ത്യാ ഗവൺമെന്റ്, ധനമന്ത്രാലയം, എക്സ്പെൻഡിച്ചർ ഡിപ്പാർട്ട്മെന്റ്, പിഎഫ്എംഎസ് ഡിവിഷൻ 2021 മാർച്ച് 23 ന് പുറപ്പെടുവിച്ച ഒഎം എഫ് നമ്പർ 1 (13) പിഎഫ്എംഎസ്/ എഫ്.സി.ഡി/ 2020 ഉത്തരവും, പിന്നീട് 2021 ജൂൺ 30, 2022 ജൂലൈ 15 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുകളും അനുസരിച്ച്, അനുവദിച്ച ഫണ്ടുകളിൽ നിന്ന് നേടിയ പലിശ നിർബന്ധമായും ജിഎഫ്ആർ 2017 ലെ ചട്ടം 230 (8) അനുസരിച്ച് അനുപാതികമായി ബന്ധപ്പെട്ട സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. പിഎഫ്എംഎസ് റിപ്പോർട്ട് അനുസരിച്ച്, 2024-25 വർഷത്തിൽ, മൊത്തം ₹8.02 കോടിയുടെ പലിശ തുക എസ്എൻഎയുടെ അക്കൗണ്ടുകളിലേക്ക് വന്നു ചേരുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 2.16** ൽ നൽകിയിരിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട 2024-25 സാമ്പത്തിക വർഷം അവസാനം വരെ എസ്എൻഎ അക്കൗണ്ടുകളിൽ വന്നു ചേർന്ന പലിശത്തുക അതാതു സഞ്ചിത നിധികളിലേക്ക് അടച്ചതായി സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി).

**സി. എസ്എൻഎ അക്കൗണ്ടിലേക്ക് ഇന്ത്യാ ഗവൺമെന്റ് ഫണ്ട് കൈമാറുന്നതിലെ കാലതാമസത്തിനുള്ള പിഴ പലിശ**

കേന്ദ്ര വിഹിതം ലഭിച്ച് 30 ദിവസത്തിനുള്ളിൽ സംസ്ഥാന സർക്കാരുകൾ കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും എസ്എൻഎ അക്കൗണ്ടിലേക്ക് കൈമാറണമെന്ന് 2023 ഫെബ്രുവരി 16-ലെ ഭാരതസർക്കാർ, ധനമന്ത്രാലയത്തിന്റെ എക്സ്പെൻഡിച്ചർ വകുപ്പിൽ നിന്നുള്ള കത്ത് എഫ്.നമ്പർ 1(13)/പി.എഫ്.എം.എസ്/2020 നിർദ്ദേശിക്കുന്നു. കേന്ദ്ര വിഹിതം എസ്എൻഎ അക്കൗണ്ടിലേക്ക് കൈമാറുന്നതിൽ നിശ്ചിത 30 ദിവസത്തിനപ്പുറമുള്ള കാലതാമസത്തിന് 2023 ഏപ്രിൽ 01 മുതൽ പ്രതിവർഷം 7 ശതമാനം പിഴ പലിശ ഈടാക്കും.

പിഎഫ്എംഎസ് പോർട്ടൽ അവലോകനം ചെയ്തപ്പോൾ, തിരഞ്ഞെടുത്ത അഞ്ച് സ്കീമുകളിലെ മൂന്ന് സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതികളിൽ (എൻഎച്ച്എം, എംജിഎൻആർഇജിപി, പിഎം പോഷൻ), ഫണ്ട് കൈമാറുന്നതിൽ ഒൻപത് മുതൽ 136 ദിവസം വരെ കാലതാമസമുണ്ടായെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ എസ്എൻഎയ്ക്ക് കേന്ദ്ര വിഹിതം കൈമാറുന്നതിലെ കാലതാമസം **അനുബന്ധം 2.17** ൽ വിശദീകരിച്ചിരിക്കുന്നതുപോലെ സംസ്ഥാനത്തിന് (2025 സെപ്റ്റംബർ) ₹7.27 കോടിയുടെ പലിശ ബാധ്യത വരുത്തിയിട്ടുണ്ട്. ₹7.27 കോടിയുടെ പലിശ ബാധ്യത സംസ്ഥാന സർക്കാർ ഇതുവരെ വീട്ടിയിട്ടില്ല.

പിഎഫ്എംഎസ് റിപ്പോർട്ടിലെ കണക്കുകളുടെ കൃത്യത പരിശോധിക്കാൻ എസ്എൻഎയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി). കുടിശ്ശികയുള്ള പിഴ പലിശ അടയ്ക്കാനുള്ള ക്രമീകരണത്തിനായി അക്കൗണ്ടന്റ് ജനറലിനെ (എ ആൻഡ് ഇ) സമീപിക്കുമെന്നും മറുപടിയിൽ പറയുന്നു.

### 2.6.5 സിംഗിൾ നോഡൽ ഏജൻസി-സ്പർശ്

സിഎസ്എസിനായി സംസ്ഥാന സർക്കാരുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള സിംഗിൾ നോഡൽ ഏജൻസി (എസ്എൻഎ) മാതൃകയ്ക്ക് ബദലായി 2023 ജൂലൈയിൽ ധനമന്ത്രാലയം എസ്എൻഎ-സ്പർശ് (സിംഗിൾ നോഡൽ ഏജൻസി, ഏകീകൃത ത്വരിത കൈമാറ്റങ്ങൾക്കുള്ള ഒരു റിയൽ ടൈം സംവിധാനം) അവതരിപ്പിച്ചു. കാര്യക്ഷമവും സുതാര്യവുമായ ഫണ്ട് വിതരണം സുഗമമാക്കാൻ പൊതു സാമ്പത്തിക മാനേജ്മെന്റ് സംവിധാനം (പിഎഫ്എംഎസ്), സ്റ്റേറ്റ് ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (ഐഎഫ്എംഐഎസ്), റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർബിഐ) ഇ-കുബേർ എന്നിവ സമന്വയിപ്പിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി "ജസ്റ്റ്-ഇൻ ടൈം" ഫണ്ടുകളുടെ ഒഴുക്ക് നേടുവാൻ പിഎഫ്എംഎസ് പ്ലാറ്റ്ഫോമിന് കീഴിൽ വികസിപ്പിച്ചെടുത്തതാണ് ഈ സംവിധാനം.

2024-25 ലെ സാമ്പത്തിക കണക്കുകൾ പ്രകാരം 99 കേന്ദ്രാവിഷ്കൃത പദ്ധതികളാണ് കേരളത്തിൽ നടപ്പാക്കുന്നത്. ഭാരതസർക്കാർ 2024 മെയ് 21 ന് 27 കേന്ദ്രാവിഷ്കൃത പദ്ധതികൾ എസ്എൻഎ-സ്പർശിലേക്ക് ഓൺബോർഡ് ചെയ്യാനും പിന്നീട് 2025 ജൂൺ 10 ന് 37 കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടി എസ്എൻഎ- സ്പർശിലേക്ക് ഓൺബോർഡ് ചെയ്യാനും വിജ്ഞാപനങ്ങൾ ഇറക്കി. സർക്കാർ നൽകിയ മറുപടി പ്രകാരം (ഒക്ടോബർ 2025) 11 പദ്ധതികളും അനുബന്ധ സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതികളും (എസ്എൽഎസ്) എസ്എൻഎ-സ്പർശിലേക്ക് പൂർണമായും ഓൺബോർഡ് ചെയ്തിട്ടുണ്ട്. 42 പദ്ധതികളും അനുബന്ധ എസ്.എൽ.എസുകളും എസ്.എൻ.എ-സ്പർശിലേക്ക് ഇനിയും ഓൺബോർഡ് ചെയ്യാനുണ്ട്. അവശേഷിക്കുന്ന 11

പദ്ധതികളിലെ ചില എസ് എൽ എസ് കൾ ഇതുവരെ പൂർണ്ണമായും സ്പർശിലേക്ക് ഓൺബോർഡ് ചെയ്യാത്തതിനാൽ അവ ഭാഗികമായി മാത്രമേ ഓൺബോർഡ് ചെയ്തിട്ടുള്ളൂ.

ചില എസ്എൽഎസ് കൾക്ക് മാത്രമാണ് മന്ത്രാലയങ്ങളിൽ നിന്ന് അലോക്കേഷൻ ലഭിച്ചിട്ടുള്ളത് എന്നും അലോക്കേഷൻ ലഭിക്കാത്ത എസ്.എൽ.എസ്സുകൾക്ക് ഫണ്ടുകൾ ലഭ്യമല്ലാത്തതിനാൽ ഓൺ ബോർഡ് ചെയ്തിട്ടില്ല എന്നും അതു കാരണം 11 പദ്ധതികളുടെ പൂർണ്ണമായ ഓൺബോർഡിംഗിന് സാധിച്ചിട്ടില്ലെന്നും സംസ്ഥാന സർക്കാർ മറുപടി നൽകി ( 2026 ജനുവരി) .

2026 ജനുവരി വരെ വിജ്ഞാപനം ചെയ്ത 31 കേന്ദ്രാവിഷ്കൃത പദ്ധതികളും അനുബന്ധമായ 95 സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതികളും എസ്എൻഎ സ്പർശിൽ ഓൺബോർഡ് ചെയ്തിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി).

തിരഞ്ഞെടുത്ത അഞ്ച് പദ്ധതികളിൽ, നാലെണ്ണം[41] എസ്എൻഎ-സ്പർശ് പ്ലാറ്റ്ഫോമിലേക്ക് ഓൺ ബോർഡ് ചെയ്യുവാനായി ധനമന്ത്രാലയം[42] വിജ്ഞാപനം ചെയ്തിട്ടുണ്ട്. നാലെണ്ണത്തിൽ, എൻഎഫ്എസ്എ പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ അന്തർസംസ്ഥാന ഗതാഗതത്തിനായി സംസ്ഥാന ഏജൻസികൾക്കുള്ള സഹായം (50ശതമാനം സിഎസ്എസ്) - എസ്എൽഎസ് കോഡ് കെഎൽ 200 എന്ന എസ് എൽ എസ് മാത്രമാണ് എസ്എൻഎ സ്പർശ് മോഡലിലേക്ക് (മാർച്ച് 2025) ഓൺ ബോർഡ് ചെയ്തിട്ടുള്ളത്. അഞ്ച് പദ്ധതികളിൽ മൂന്നെണ്ണം[43] എസ്എൻഎ സ്പർശിലേക്ക് ഓൺബോർഡ് ചെയ്തിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി). മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിലുള്ള രണ്ട് എസ്.എൽ.എസുകളും ഓൺബോർഡ് ചെയ്തിട്ടുണ്ട്. 'പ്രധാനമന്ത്രി പോഷൻ ശക്തി നിർമാൺ' എസ്എൻഎ സംവിധാനത്തിൽ തുടരാൻ ബന്ധപ്പെട്ട മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു.

### എ. എസ്എൻഎയിൽ നിന്ന് എസ്എൻഎ സ്പർശിലേക്കുള്ള മാറ്റം

ഒരു സംസ്ഥാനത്തിന് വേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള (സിഎസ്എസ്) ഫണ്ടുകൾ കൈകാര്യം ചെയ്യുന്ന ഒരു നിയുക്ത ഏജൻസിയാണ് സിംഗിൾ നോഡൽ ഏജൻസി (എസ്എൻഎ). പിഎഫ്എംഎസ്, സംസ്ഥാന ഐഎഫ്എംഐഎസ്, ആർബിഐ യുടെ ഇ-കുബേർ പ്ലാറ്റ്ഫോം എന്നിവയുടെ സംയോജിത ചട്ടക്കൂടിലൂടെ കേന്ദ്ര-സംസ്ഥാന സഞ്ചിത നിധികളിൽ നിന്നുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടിന്റെ ഒഴുക്കിന്റെ ക്യാഷ് മാനേജ്മെന്റ് പദ്ധതിയാണ് എസ്എൻഎ-സ്പർശ്. "ജസ്റ്റ്-ഇൻ-ടൈം" ഫണ്ട് നൽകൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിനും കേന്ദ്ര വിഹിതത്തിന്റെ ലഭ്യത നിരീക്ഷിക്കാൻ സ്റ്റേക്ക് ഹോൾഡർമാരെ (കേന്ദ്രമന്ത്രാലയങ്ങൾ/ വകുപ്പുകൾ, സംസ്ഥാന സർക്കാർ) അനുവദിക്കുന്നതിനുമുള്ള ഒരു ഉദ്യമമാണ് എസ്എൻഎ സ്പർശ്. ഭാരതസർക്കാരിന്റെ ധനകാര്യമന്ത്രാലയം, എക്സ്പെൻഡിച്ചർ വകുപ്പ്, പിഎഫ്എംഎസ് ഡിവിഷൻ 2023 ജൂലൈ 13-ന് പുറപ്പെടുവിച്ച ഒഎം എഫ് നമ്പർ 1 (27)/പിഎഫ്എംഎസ്/2020 പ്രകാരം, എസ്എൻഎ-സ്പർശ് പ്ലാറ്റ്ഫോമിലേക്ക് ഒരു പദ്ധതി ഓൺബോർഡ് ചെയ്യുമ്പോൾ, പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ എസ്എൻഎ അക്കൗണ്ടുകളും, എസ്എൻഎ ക്ലോസ് ചെയ്യുകയും എസ്എൻഎ അക്കൗണ്ടുകളിൽ

---

[41] എൻ.എഫ്.എസ്.എക്കു കീഴിൽ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനത്തിന് അകത്തുള്ള ഗതാഗതത്തിന് സംസ്ഥാന ഏജൻസികൾക്ക് സഹായം(50% സിഎസ്എസ്), മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (മെറ്റീരിയൽ ചെലവ്) (75% സി.എസ്.എസ് ), നാഷണൽ ഹെൽത്ത് മിഷൻ (60% സി.എസ്.എസ്), പ്രധാനമന്ത്രി പോഷൻ ശക്തി നിർമ്മാൺ" (60% സി.എസ്.എസ്) എന്നിവ

[42] 2024 മെയ് 21 ലെ എഫ്.നമ്പർ 1(27)/പി.എഫ്.എം.എസ് /2020 വഴിയും 2024 ഡിസംബർ 17 ലെ എഫ്.നമ്പർ 1(27)/ പി.എഫ്.എം.എസ്/2020 വഴിയും വിജ്ഞാപനം ചെയ്തു.

[43] നാഷണൽ ഹെൽത്ത് മിഷൻ, ഐസിഡിഎസ്-അങ്കണവാടി സേവനങ്ങൾ, എൻഎഫ്എസ്എ ക്കു കീഴിൽ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാനത്തിനകത്തുള്ള ഗതാഗതത്തിന് സംസ്ഥാന ഏജൻസികൾക്കുള്ള സഹായം എന്നിവ

കിടക്കുന്ന ചെലവഴിക്കാത്ത ബാക്കി തുകയുടെ കേന്ദ്ര വിഹിതവും / സംസ്ഥാന വിഹിതവും അതത് സഞ്ചിത നിധികളിലേക്ക് തിരികെ നൽകുകയും വേണം. കൂടാതെ, സംസ്ഥാന ട്രഷറിയിൽ കിടക്കുന്ന പദ്ധതിക്ക് കീഴിലുള്ള കേന്ദ്ര വിഹിതവും പങ്കുവയ്ക്കലിന്റെ മാതൃകയ്ക്ക് അനുസൃതമായി ഇന്ത്യയുടെ സഞ്ചിത നിധിയിലേക്ക് തിരികെ നൽകേണ്ടതാണ്.

'എൻഎഫ്എസ്എയ്ക്ക് കീഴിൽ ഭക്ഷ്യധാന്യങ്ങളുടെ അന്തർ-സംസ്ഥാന ഗതാഗതത്തിനായി സംസ്ഥാന ഏജൻസികൾക്കുള്ള സഹായം (**50%** സിഎസ്എസ്)' എന്ന കേന്ദ്രാവിഷ്കൃതപദ്ധതി **2025** മാർച്ചിൽ എസ്എൻഎ-സ്പർശ് സംവിധാനത്തിലേക്ക് ഓൺബോർഡ് ചെയ്യപ്പെടുകയും, **2025** മാർച്ച് **19** ന് എസ്എൻഎ-സ്പർശ് വഴിയുള്ള ആദ്യ പേയ്മെന്റ് നടത്തുകയും ചെയ്തു. ചെലവഴിക്കാത്ത ബാക്കി തുകയും /പലിശയും **2025** സെപ്റ്റംബർ അവസാനത്തോടെ മാത്രമാണ് ബന്ധപ്പെട്ട സഞ്ചിത നിധികളിലേക്ക് തിരികെ നൽകിയത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ചെലവഴിക്കാതെ അവശേഷിക്കുന്ന ബാലൻസ് തിരിച്ചടയ്ക്കുവാനായി ബാലൻസിലെ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും കണക്കാക്കിയത് ധനകാര്യവകുപ്പ് പരിശോധിക്കേണ്ടതും ബന്ധപ്പെട്ട വകുപ്പ് അംഗീകരിക്കേണ്ടതുമുണ്ട്. ഇവ ഏറെ സമയമെടുക്കുന്ന കാര്യങ്ങളാണെന്നും സംസ്ഥാന സർക്കാർ മറുപടി നൽകി(**2026** ജനവരി). എൻഎച്ച്എം, ഐസിഡിഎസ് അങ്കണവാടി സേവനങ്ങൾ എന്നിവ എസ്എൻഎ സ്പർശ് പദ്ധതിയിൽ യഥാക്രമം **2025** നവംബറിലും **2026** ജനുവരിയിലും പൂർണ്ണമായും ഓൺബോർഡ് ചെയ്തുവെന്നും മറുപടി നൽകിയിട്ടുണ്ട്. 'പ്രധാൻ മന്ത്രി പോഷൻ ശക്തി നിർമാൺ (**60%** സിഎസ്എസ്)' പദ്ധതി എസ്എൻഎ സംവിധാനത്തിൽ തുടരാമെന്ന് ബന്ധപ്പെട്ട മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കി.

### ബി. ഐടിയിലെ മൂലധന നിക്ഷേപത്തിന് ഭാരതസർക്കാരിന്റെ ഇൻസെന്റീവ് സ്കീം

**2025** ജനുവരി **31** നകം "എസ്എൻഎ-സ്പർശ്" മോഡലിൽ കുറഞ്ഞത് അഞ്ച് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഓൺബോർഡ് ചെയ്യുന്ന പക്ഷം സംസ്ഥാനങ്ങൾക്ക് **₹250** കോടിയുടെ ഇൻസെന്റീവ് തുകയ്ക്ക് അർഹതയുണ്ടെന്ന് 'മൂലധന നിക്ഷേപങ്ങൾക്കായി സംസ്ഥാനങ്ങൾക്ക് പ്രത്യേക സഹായം നൽകുന്നതിനുള്ള പദ്ധതി (എസ്എഎസ്സിഐ) **2024-25**' ന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ പതിനൊന്നാം ഭാഗം അനുശാസിക്കുന്നു. **2023-24** സാമ്പത്തിക വർഷത്തിൽ എസ്എൻഎ സ്പർശ് മാതൃകയിൽ കുറച്ച് കേന്ദ്രാവിഷ്കൃത പദ്ധതികൾ ഓൺബോർഡ് ചെയ്ത സംസ്ഥാനങ്ങൾക്കും ഇൻസെന്റീവ് ആനുകൂല്യത്തിന് അർഹതയുണ്ട്. ഓരോ പദ്ധതിയിലും കുറഞ്ഞത് ഒരു ഫയൽ എങ്കിലും സംസ്ഥാനത്തെ ഐഎഫ്എംഎസിൽ നിന്നും പിഎഫ്എംഎസിലേക്ക് വിജയകരമായി കൈമാറുക, ബന്ധപ്പെട്ട മന്ത്രാലയം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് കേന്ദ്ര വിഹിതം നൽകുക, വെണ്ടർമാർക്ക് / ഗുണഭോക്താക്കൾക്കുള്ള പെയ്മെന്റ് ആർബിഐ (കേന്ദ്ര-സംസ്ഥാന വിഹിതം) വിതരണം ചെയ്യുക എന്നിവ പൂർത്തിയാക്കിയാൽ ഒരു സ്കീം ഓൺബോർഡ് ചെയ്തതായി മാർഗനിർദ്ദേശങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. അർഹതപ്പെട്ട ഇൻസെന്റീവ് തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്ന മൂലധന പദ്ധതികളുടെ പട്ടിക സംസ്ഥാന സർക്കാർ നൽകേണ്ടതുണ്ട്.

**₹300.00** കോടി രൂപയുടെ അർഹതപ്പെട്ട ഇൻസെന്റീവ് തുക ലഭിക്കുന്നതിന് ആറ് കേന്ദ്രാവിഷ്കൃത പദ്ധതികൾ വിജയകരമായി എസ്.എൻ.എ-സ്പർശിൽ ഓൺബോർഡ് ചെയ്തതായി സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടെങ്കിലും (ജൂൺ **2025**) ഇന്ത്യാ ഗവണ്മെന്റിൽ നിന്ന് ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ലെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (**2026** ജനുവരി).

## 2.7 തെരഞ്ഞെടുത്ത ഗ്രാന്റുകളുടെ വിശദമായ അവലോകനത്തിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് കാര്യങ്ങൾ

**എ. സിംഗിൾ നോഡൽ ഏജൻസി**

**(i) എസ്എൻഎ-സ്പർശിലേക്കുള്ള മാറ്റം**

2024 ജൂൺ 01 മുതൽ 27 കേന്ദ്രാവിഷ്കൃത പദ്ധതികളെ എസ്എൻഎ-സ്പർശ് പ്ലാറ്റ്ഫോമിൽ ഓൺബോർഡ് ചെയ്യുവാൻ ഭാരത സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു (മെയ് 2024). എസ്.എൻ.എ-സ്പർശിലേക്ക് ഓൺബോർഡ് ചെയ്യുന്നതിനായി വിജ്ഞാപനം ചെയ്ത 27 പദ്ധതികളിൽ, അമൃത് (അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ), സ്വച്ഛ് ഭാരത് മിഷൻ (എസ്.ബി.എം.) അർബൻ, പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) എന്നീ മൂന്ന് പദ്ധതികൾ ഗ്രാന്റ് XXII നഗരവികസനത്തിന് കീഴിൽ വരുന്നു. സംസ്ഥാന സർക്കാർ നൽകിയ മറുപടി അനുസരിച്ച് (ഒക്ടോബർ 2025), അമൃത് സ്കീമിന് കീഴിലുള്ള അഞ്ച് സ്റ്റേറ്റ് ലിങ്ക്ഡ് സ്കീമുകളിൽ (എസ്എൽഎസ്), നാല് എസ്എൽഎസ് 2025 മാർച്ചിൽ ഓൺബോർഡ് ചെയ്തിട്ടുണ്ട്, ഒരു എസ്എൽഎസ് ഇതുവരെ ഓൺബോർഡ് ചെയ്തിട്ടില്ല. എസ്ബിഎം-അർബൻ സ്കീമിന് കീഴിലുള്ള അഞ്ച് എസ്എൽഎസിൽ, രണ്ട് എസ്എൽഎസുകൾ 2025 ജൂലൈയിലും രണ്ട് എസ്എൽഎസുകൾ 2025 സെപ്റ്റംബറിലും ഓൺബോർഡ് ചെയ്തു. ഒരു എസ്എൽഎസ് ഇതുവരെ ഓൺബോർഡ് ചെയ്തിട്ടില്ല. പിഎംഎവൈക്ക് കീഴിലുള്ള രണ്ട് എസ്എൽഎസ്-ൽ, ഒരു എസ്എൽഎസ് 2025 ഓഗസ്റ്റിൽ ഓൺബോർഡ് ചെയ്യപ്പെട്ടു. മറ്റൊരു എസ്എൽഎസ് (കെഎൽ 375) ബന്ധപ്പെട്ട മന്ത്രാലയത്തിൽ നിന്ന് വിഹിതം ലഭിക്കാത്തതുകൊണ്ട് ഓൺബോർഡ് ചെയ്തിട്ടില്ല.

കൂടാതെ, 2025 നവംബർ 01 മുതൽ 37 കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടി എസ്.എൻ.എ-സ്പർശിലേക്ക് ഓൺ ബോർഡ് ചെയ്യുവാൻ 2025 ജൂണിൽ ഭാരത സർക്കാർ വിജ്ഞാപനം ചെയ്തു. വിജ്ഞാപനം ചെയ്ത 37 പദ്ധതികളിൽ, ഒബിസി, ഇബിസി, ഡിഎൻടി എന്നിവർക്കുള്ള വൈബ്രന്റ് ഇന്ത്യയ്ക്കായുള്ള പിഎം യംഗ് അച്ചീവേഴ്സ് സ്കോളർഷിപ്പ് അവാർഡ് സ്കീം (പിഎം യാസവി), പിഎം വൻബന്ധു കല്യാൺ യോജന എന്നീ രണ്ട് സ്കീമുകൾ ഗ്രാന്റ് നമ്പർ XXV ൽ പെടുന്നു. 2025 ഡിസംബറിൽ 'പ്രധാനമന്ത്രി വൻബന്ധു കല്യാൺ യോജന'യ്ക്ക് കീഴിലുള്ള ഒരു സിഎസ്എസ് ഓൺബോർഡ് ചെയ്തതായി സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി). മറ്റ് പദ്ധതികളൊന്നും എസ്.എൻ.എ-സ്പർശ് പ്ലാറ്റ്ഫോമിൽ ഓൺ ബോർഡ് ചെയ്തിട്ടില്ല. ഓൺ ബോർഡിങ് പ്രക്രിയ നടന്നുവരികയാണെന്നും ആർ.ബി.ഐ അക്കൗണ്ടുകൾ തുറക്കുകയും പി.എഫ്.എം.എസിലേക്ക് മാപ്പ് ചെയ്തിട്ടുണ്ടെന്നും മദർ സാൻഗ്ഷനുകൾ ലഭിച്ചിട്ടുണ്ടെന്നും സർക്കാർ വ്യക്തമാക്കി.

**(ii) സി.എസ്.എസ്. ഫണ്ട് കൈമാറ്റത്തിലെ കാലതാമസം കാരണമുള്ള പിഴ പലിശ അടയ്ക്കാത്തത്**

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് (സി.എസ്.എസ്) ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമമനുസരിച്ച്[44] കേന്ദ്ര വിഹിതം ലഭിച്ച് 30 ദിവസത്തിനുള്ളിൽ സംസ്ഥാന സർക്കാർ കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും എസ്.എൻ.എ അക്കൗണ്ടിലേക്ക് കൈമാറേണ്ടതാണ്.

കൂടാതെ, എസ്എൻഎ അക്കൗണ്ടിലേക്ക് 30 ദിവസത്തിനപ്പുറം കേന്ദ്ര വിഹിതം കൈമാറുന്നതിലെ കാലതാമസത്തിന് 2023 ഏപ്രിൽ 01 മുതൽ പ്രതിവർഷം 7 ശതമാനം

[44] 2021 മാർച്ച് 23-ലെ ലെറ്റർ നമ്പർ 1913)/പി എഫ് എം.എസ് / എഫ്.സി.ഡി /2020, 2023 ഫെബ്രുവരി 16-ലെ ലെറ്റർ നമ്പർ എഫ് നമ്പർ 1(13) പി. എഫ്. എം.എസ് /2020 എന്നിവയിലെ ഖണ്ഡിക 16

പിഴ പലിശ ഈടാക്കാവുന്നതാണ്. പിഴ പലിശ സംസ്ഥാന സർക്കാർ ഇന്ത്യയുടെ സഞ്ചിത നിധിയിൽ നിക്ഷേപിക്കും.

ഗ്രാന്റ് നമ്പർ XXII- നഗരവികസനത്തിലെ എസ്.എൻ.എ റിപ്പോർട്ടുകളുടെ സൂക്ഷ്മപരിശോധനയിൽ സി.എസ്.എസിന്റെ കേന്ദ്ര വിഹിതം എസ്.എൻ.എ അക്കൗണ്ടിലേക്ക് കൈമാറുന്നതിന് മൂന്ന് മുതൽ 54 ദിവസം വരെ കാലതാമസമുണ്ടായതായി കണ്ടെത്തി. കേന്ദ്ര വിഹിതം കൈമാറുന്നതിൽ വരുത്തിയ കാലതാമസത്തിന് ഇന്ത്യയുടെ സഞ്ചിത നിധിയിലേക്ക് സംസ്ഥാനം പിഴ പലിശ ഒന്നും തന്നെ നൽകിയിട്ടില്ല. **പട്ടിക 2.27** ൽ നൽകിയിരിക്കുന്നതുപോലെ പ്രതിവർഷം ഏഴ് ശതമാനം നിരക്കിൽ കണക്കാക്കിയാൽ കേന്ദ്ര വിഹിതം കൈമാറുന്നതിലെ കാലതാമസത്തിനുള്ള പലിശ ബാധ്യത ₹0.36 കോടിയാണ്:

**പട്ടിക 2.27: സിഎസ്എസ് ഫണ്ടുകളുടെ കൈമാറ്റത്തിലെ കാലതാമസവും 2024-25 വർഷത്തേക്കുള്ള മൊത്തം പലിശ ബാധ്യതയും**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | കേന്ദ്രാവിഷ്കൃത പദ്ധതി | സംസ്ഥാന ട്രഷറി എസ്എൻഎയ്ക്ക് കൈമാറിയ കേന്ദ്ര വിഹിത തുക | കേന്ദ്ര വിഹിതം സംസ്ഥാന ട്രഷറിയിലേയ്ക്ക് കൈമാറിയ തീയതി | സംസ്ഥാന ട്രഷറി എസ്എൻഎ യ്ക്ക് കൈമാറ്റം ചെയ്ത തീയതി | റിലീസിലെ കാലതാമസം (ദിവസങ്ങളിൽ) | പലിശ തുക |
|---|---|---|---|---|---|---|
| 1 | നഗര പുനരുജ്ജീവനം മിഷൻ - 500 നഗരങ്ങൾ | 22.16 | 2024 മാർച്ച് 29 | 2024 ജൂൺ 20 | 54 | 0.23 |
| 2 | 100 നഗരങ്ങളുടെ വികസന ദൗത്യം | 28.75 | 2024 മാർച്ച് 29 | 2025 ഏപ്രിൽ 23 | 3 | 0.02 |
| | | 49.00 | 2024 ജൂൺ 25 | 2024 ജൂലൈ 31 | 7 | 0.07 |
| | | 24.38 | 2024 ജൂൺ 25 | 2024 ഓഗസ്റ്റ് 1 | 8 | 0.04 |
| ആകെ | | | | | | 0.36 |

*ഉറവിടം : പി.എഫ്.എം.എസിൽ നിന്നും ലഭ്യമായ എസ് എൻ എ -15 റിപ്പോർട്ട്*

സിഎസ്എസിന്റെ കേന്ദ്ര വിഹിതം എസ്എൻഎ അക്കൗണ്ടിലേക്ക് മാറ്റുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ ധനവകുപ്പിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

ഗ്രാന്റ് നമ്പർ XXV-പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ എന്നിവരുടെ ക്ഷേമവുമായി ബന്ധപ്പെട്ട എസ്എൻഎ റിപ്പോർട്ടുകളുടെ സൂക്ഷ്മപരിശോധനയിൽ **പട്ടിക 2.28**-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ വിവിധ സിഎസ്എസിന്റെ കേന്ദ്ര വിഹിതം എസ്എൻഎ അക്കൗണ്ടിലേക്ക് കൈമാറുന്നതിൽ 53 മുതൽ 212 ദിവസം വരെ കാലതാമസമുണ്ടായതായി കണ്ടെത്തി. കേന്ദ്ര വിഹിതം കൈമാറുന്നതിലെ കാലതാമസത്തിന് സംസ്ഥാനം ഇന്ത്യയുടെ സഞ്ചിത നിധിയിലേക്ക് പിഴ പലിശ ഒന്നും തന്നെ നല്കിയിട്ടില്ല. **പട്ടിക 2.28** ൽ കാണിച്ചിരിക്കുന്നതുപോലെ പ്രതിവർഷം ഏഴ് ശതമാനം നിരക്കിൽ കണക്കാക്കിയാൽ പലിശ ബാധ്യത ₹0.35 കോടിയാണ്.

**പട്ടിക 2.28 : 2024-25 വർഷത്തേക്കുള്ള സിഎസ്എസ് ഫണ്ടുകളുടെ കൈമാറ്റത്തിലെ കാലതാമസവും മൊത്തം പലിശ ബാധ്യതയും**

**(₹കോടിയിൽ)**

| ക്രമ നമ്പർ | കേന്ദ്രാവിഷ്കൃത പദ്ധതി | സംസ്ഥാന ട്രഷറി എസ്എൻഎയ്ക്ക് കൈമാറിയ കേന്ദ്ര വിഹിതം | കേന്ദ്ര വിഹിതം സംസ്ഥാന ട്രഷറിയിലേക്ക് കൈമാറിയ തീയതി | സംസ്ഥാന ട്രഷറി എസ്എൻഎയ്ക്ക് കൈമാറ്റം ചെയ്ത തീയതി | റിലീസിലെ കാലതാമസം (ദിവസങ്ങളിൽ) | പലിശ തുക |
|---|---|---|---|---|---|---|
| **പട്ടികജാതി വികസന ഡയറക്ടറേറ്റ്** | | | | | | |
| 1 | പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് - പട്ടികജാതി | 0.96 | 09-02-2024 | 29-10-2024 | 212 | 0.04 |
| **പട്ടികവർഗ വികസന ഡയറക്ടറേറ്റ്** | | | | | | |
| 2 | പ്രീ-മെട്രിക് സ്കോളർഷിപ്പ് - എസ്ടി | 1.50 | 28-02-2024 | 25-10-2024 | 208 | 0.06 |
| **പിന്നാക്ക വിഭാഗ വികസന ഡയറക്ടറേറ്റ്** | | | | | | |
| 3 | ഒബിസി, ഇബിസി, ഡിഎൻടി വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് – പിഎം യശസ്വി | 8.80 | 31-03-2024 | 21-06-2024 | 53 | 0.09 |
| | | 7.58 | 25-10-2024 | 10-03-2025 | 107 | 0.16 |
| **ആകെ** | | | | | | **0.35** |

*ഉറവിടം : പി.എഫ്.എം.എസി - ൽ നിന്നും ലഭ്യമായ എസ് എൻ എ-15 റിപ്പോർട്ട്*

രണ്ട് ഗ്രാന്റുകൾക്ക് കീഴിലുള്ള ബാധ്യതയായ ₹ 0.71 കോടിയുടെ മൊത്തം പിഴ പലിശ സംസ്ഥാനം ഇതുവരെ ഇന്ത്യയുടെ സഞ്ചിത നിധിയിലേക്ക് നൽകിയിട്ടില്ല. പിഎഫ്എംഎസ് റിപ്പോർട്ടിലെ കണക്കുകളുടെ കൃത്യത പരിശോധിക്കാൻ എസ്എൻഎയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി). പിഴ പലിശ അടയ്ക്കാനുള്ള ക്രമീകരണത്തിനായി കേരള അക്കൗണ്ടന്റ് ജനറലിനെ (എ ആൻഡ് ഇ) സമീപിക്കുമെന്നും മറുപടി നൽകി.

സി.എസ്.എസിന്റെ കേന്ദ്ര വിഹിതം എസ്.എൻ.എ അക്കൗണ്ടിലേക്ക് കൈമാറുന്നതിലെ കാലതാമസത്തിന്റെ കാരണം ധനവകുപ്പിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്, മറുപടി ലഭിച്ചിട്ടില്ല.

**(iii) 2025 മാർച്ച് 31 നുള്ള എസ്എൻഎ അക്കൗണ്ടിൽ ചെലവഴിക്കാത്ത ബാലൻസും 2024-25 വർഷത്തിൽ നേടിയ പലിശയും**

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമമനുസരിച്ച്[45], അനുവദിച്ച ഫണ്ടുകളിൽ നിന്ന് ലഭിക്കുന്ന പലിശ ആനുപാതികമായി ബന്ധപ്പെട്ട സഞ്ചിത നിധികളിലേക്ക് നിർബന്ധമായും അടയ്ക്കുന്നുണ്ടെന്ന് സിംഗിൾ നോഡൽ ഏജൻസി ഉറപ്പുവരുത്തേണ്ടതുണ്ട്.

സിഎസ്എസുകളുമായി ബന്ധപ്പെട്ട എസ്എൽഎസ് ന്റെ എസ്എൻഎ അക്കൗണ്ടിലെ ബാലൻസിന് ലഭിക്കുന്ന പലിശ അതാത് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന അനുപാതത്തിൽ ഇന്ത്യയുടെ സഞ്ചിത നിധിയിലേക്കും സംസ്ഥാന ട്രഷറിയിലേക്കും കൈമാറേണ്ടതാണ്.

[45] 2021 മാർച്ച് 23-ലെ ലെറ്റർ നമ്പർ 1(13)/പി.എഫ്.എം.എസ് /എഫ്.സി.ഡി /2020-ന്റെ ഖണ്ഡിക 16

ഗ്രാന്റ് നമ്പർ XXII-നഗരവികസനവുമായി ബന്ധപ്പെട്ട് പി.എഫ്.എം.എസിൽ നിന്ന് ലഭിച്ച എസ്.എൻ.എ റിപ്പോർട്ടുകൾ[46] അനുസരിച്ച്, സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതികളിലെ എസ്.എൻ.എ അക്കൗണ്ടുകളിൽ 2024-25ൽ ലഭിച്ച മൊത്തം പലിശ, **പട്ടിക 2.29ൽ** വിശദീകരിച്ചിരിക്കുന്നതുപോലെ, സംസ്ഥാനത്തിന്റെയും ഇന്ത്യയുടെയും സഞ്ചിത നിധികളിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല.

**പട്ടിക 2.29: 2024-25 വർഷത്തിൽ നേടിയ പലിശയും 2025 മാർച്ച് 31 ലെ ബാലൻസും**

(₹ *കോടിയിൽ*)

| ക്രമ നമ്പർ | സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതിയുടെ കോഡ് | സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതിയുടെ പേര് | 2024-25 കാലയളവിൽ നേടിയ മൊത്തം പലിശ | 2025 മാർച്ച് 31 നു എസ്എൻഎ അക്കൗണ്ടുകളിലെ മൊത്തം ബാലൻസ് |
|---|---|---|---|---|
| 1 | കെഎൽ 312 | അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ അമൃത് 2.0 - മുനിസിപ്പാലിറ്റി (50 ശതമാനം) | 0.71 | 4.17 |
| 2 | കെഎൽ 264 | ലോക്കൽ ഏരിയ പ്ലാൻ/ ടൗൺ പ്ലാനിംഗ് സ്കീം | 0.01 | 0.25 |
| 3 | കെഎൽ 352 | അമൃത് 2.0 പൈലറ്റ് പ്രോജക്റ്റ് ദേശീയ അർബൻ ഡിജിറ്റൽ മിഷൻ | 0.01 | 0.07 |
| 4 | കെഎൽ 368 | അമൃത് 2.0 പ്രകാരം 50000 - 99999 വരെ ജനസംഖ്യയുള്ള പട്ടണങ്ങളുടെ ജിഐഎസ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള ഉപപദ്ധതി | 0.10 | 7.23 |
| 5 | കെഎൽ 294 | സ്മാർട്ട് സിറ്റി മിഷൻ, കൊച്ചി | 1.54 | 39.33 |
| 6 | കെഎൽ 298 | സ്മാർട്ട് സിറ്റി മിഷൻ, തിരുവനന്തപുരം | 2.70 | 71.98 |
| **ആകെ** | | | **5.07** | **123.03** |

*ഉറവിടം: പിഎഫ്എംഎസിൽ നിന്ന് ലഭിച്ച എസ്എൻഎ റിപ്പോർട്ട് നമ്പർ 04,[47] എസ്എൻഎ റിപ്പോർട്ട് നമ്പർ 01[48]*

എസ്എൻഎ അക്കൗണ്ടുകളിലെ ചെലവഴിക്കാത്ത ബാലൻസിന്റെ കാരണം നഗരകാര്യ ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കാനുണ്ട്.

2024-25 അവസാനത്തിൽ ഗ്രാന്റ് നമ്പർ XXV-പട്ടിക ജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക സമുദായങ്ങൾ എന്നിവരുടെ ക്ഷേമവുമായി ബന്ധപ്പെട്ട എസ്.എൻ.എ അക്കൗണ്ടുകളിൽ വരവു വച്ച പലിശയുടെയും ബാക്കി നിൽക്കുന്ന മൊത്തം ബാലൻസിന്റെയും വിശദാംശങ്ങൾ **പട്ടിക 2.30** ൽ നൽകിയിരിക്കുന്നു:

[46] എസ് എൻ എ – റിപ്പോർട്ട് 04-പലിശ വരുമാനം, എസ് എൻ എ – റിപ്പോർട്ട് 01-റിലീസിന്റെയും ചെലവിന്റെയും ബാക്കി നിൽക്കുന്ന ബാലൻസിന്റെയും സമഗ്ര റിപ്പോർട്ട്

[47] പലിശ വരുമാനത്തിന്റെ റിപ്പോർട്ട്

[48] റിലീസിന്റെയും ചെലവുകളുടെയും ബാക്കി നിൽക്കുന്ന ബാലൻസിന്റെയും സമഗ്രമായ റിപ്പോർട്ട്

**പട്ടിക 2.30: 2024-25 വർഷത്തിൽ നേടിയ പലിശയും 2025 മാർച്ച് 31 നുള്ള ബാക്കി നിൽക്കുന്ന പലിശയുടെ ബാലൻസും**

(₹ കോടിയിൽ)

| ക്രമ നമ്പർ | സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതി കോഡ് | സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതിയുടെ പേര് | 2024-25 ൽ വരവു വച്ച മൊത്തം പലിശ | 2025 മാർച്ച് 31 ലെ മൊത്തം ബാലൻസ് |
|---|---|---|---|---|
| **പട്ടികജാതി വികസന ഡയറക്ടറേറ്റ്** | | | | |
| 1 | കെഎൽ319 | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്- പട്ടികജാതി | 0.39 | 1.77 |
| 2 | കെഎൽ 290 | സ്പെഷ്യൽ കോമ്പോണന്റ് പ്ലാനിനുള്ള പ്രത്യേക കേന്ദ്ര സഹായം (എസ്.സി.എ.ടി.എസ്.സി.പി) (ലിങ്ക്ഡ് സിഎസ്എസ് - പ്രധാനമന്ത്രി അനുസുചിത് ജാതി അഭ്യുദയ് യോജന (പിഎം അജയ്)) | 0.06 | 2.97 |
| **പട്ടികവർഗ വികസന ഡയറക്ടറേറ്റ്** | | | | |
| 1 | 2921 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 0.85 | 3.08 |
| 2 | 2948 | പട്ടികവർഗ വിദ്യാർത്ഥികൾക്ക് (ഒൻപത്, പത്ത് ക്ലാസുകൾ) പ്രീ-മെട്രിക് സ്കോളർഷിപ്പ് | 0.04 | 1.80 |
| **പിന്നോക്ക വിഭാഗ വികസന ഡയറക്ടറേറ്റ്** | | | | |
| 1 | 2924 | ഒബിസികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് | 1.04 | 29.96 |
| 2 | 2919 | ഒബിസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 1.17 | 42.89 |
| **ആകെ** | | | **3.55** | **82.47** |

സാമ്പത്തിക വർഷാവസാനം എസ്എൻഎകളിൽ ബാലൻസ് വരാനുള്ള കാരണങ്ങളും സർക്കാരിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്, മറുപടി ലഭിച്ചിട്ടില്ല.

## 2.8 നിഗമനങ്ങൾ

45 ഗ്രാന്റുകളുമായി ബന്ധപ്പെട്ട് 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ നേരിട്ട ₹2,629.79 കോടിയുടെ അധിക ചെലവ് സംസ്ഥാന നിയമസഭ ക്രമപ്പെടുത്താനുണ്ട്. കൂടാതെ, 2024-25 സാമ്പത്തിക വർഷത്തിലും മൂന്ന് ഗ്രാന്റുകളിലായി സംസ്ഥാന സർക്കാർ ₹2,684.44 കോടിയുടെ അധിക ചെലവ് നേരിട്ടു. കൂടാതെ, നിയമസാധുതയില്ലാതെ പുനർ ധനവിനിയോഗത്തിലൂടെ ചെലവുകൾ നടത്തുന്ന രീതിയും സാമ്പത്തിക വർഷത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർച്ചയായ അധിക ചെലവുകൾ , പുനർ ധനവിനിയോഗത്തിലൂടെ ക്രമരഹിതമായി ചെലവുകൾ നടത്തുക, അധിക ചെലവ് ക്രമപ്പെടുത്തുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കുന്നതിലെ കാലതാമസം എന്നിവ നിയമസഭയോടുള്ള സാമ്പത്തിക ഉത്തരവാദിത്തം ഉറപ്പാക്കുന്ന സംവിധാനത്തിലെ പോരായ്മയുടെ സൂചനയാണ്.

നിർദ്ദിഷ്ട ഗ്രാന്റുകളുടെയും തിരഞ്ഞെടുത്ത സ്റ്റേറ്റ് ലിങ്ക്ഡ് സിഎസ്എസ് പദ്ധതികളുടെയും ഓഡിറ്റിൽ വർഷങ്ങളായി സ്ഥിരമായ മിച്ചമുണ്ടെന്ന് വെളിപ്പെട്ടു. ചെലവ് വഹിക്കുന്നതിലെ വ്യവസ്ഥാപരമായ ദൗർബല്യങ്ങൾ തിരിച്ചറിയുന്നതിനും ഇത്തരം പദ്ധതികളുടെ ബജറ്റ് ആവശ്യകതകളുടെ പ്രവചനത്തിലെ പിഴവുകൾ കുറയ്ക്കുന്നതിനും സർക്കാർ വിശദമായ അവലോകനം നടത്തേണ്ടത് ആവശ്യമാണ്.

**2026** ജനുവരി **06** വരെ, **31** കേന്ദ്രാവിഷ്കൃത പദ്ധതികളും അനുബന്ധമായ **95** സ്റ്റേറ്റ് ലിങ്കിഡ് പദ്ധതികളും എസ്എൻഎ സ്പർശിൽ ഓൺബോർഡ് ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് ശക്തിപ്പെടുത്തുന്നതിന് വേണ്ടി, എസ്എൻഎ അക്കൗണ്ടുകളിലെ ചെലവഴിക്കാത്ത ബാലൻസിൽ നിന്ന് നേടിയ പലിശ കൈമാറാത്തത്, സിഎസ്എസ് വിഹിതം എസ്എൻഎ അക്കൗണ്ടുകളിലേക്ക് കൈമാറുന്നതിലെ കാലതാമസം തുടങ്ങിയ മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ അടിയന്തിര ശ്രദ്ധയും നടപടിയും ആവശ്യമാണ്.

## 2.9 മികച്ച പ്രവർത്തന രീതികൾ

**2026** ജനുവരി വരെ **31** കേന്ദ്രാവിഷ്കൃത പദ്ധതികളും അനുബന്ധ **95** സ്റ്റേറ്റ് ലിങ്ക്ഡ് പദ്ധതികളും എസ്എൻഎ സ്പർശിലേക്ക് ഓൺബോർഡ് ചെയ്യുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച ശ്രമങ്ങളെ ഞങ്ങൾ അഭിനന്ദിക്കുന്നു.

## 2.10 ശുപാർശകൾ

1. ***ഇന്ത്യൻ ഭരണഘടനയുടെ 205-ാം അനുച്ഛേദത്തിന് വിരുദ്ധമായി 2016-17 സാമ്പത്തിക വർഷം മുതലുണ്ടായ അധിക ചെലവ് ക്രമപ്പെടുത്താൻ സംസ്ഥാന സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണം.***

2. ***ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 205 ലംഘിച്ച് വിവിധ ഗ്രാന്റുകളുടെ കീഴിൽ അധിക ചെലവ് നേരിടുന്നത് തടയാൻ സംസ്ഥാന സർക്കാർ വ്യവസ്ഥാപിതമായ പരിശോധനകൾ നടപ്പിലാക്കണം.***

3. ***സമയബന്ധിതവും കാര്യക്ഷമവുമായ ഫണ്ട് ഫ്ലോ മാനേജ്മെന്റ് ഉറപ്പാക്കുന്നതിനും എസ്എൻഎ അക്കൗണ്ടുകൾക്ക് കീഴിലുള്ള ഫണ്ട് റിലീസും മാനേജ്മെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവശേഷിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും എസ്എൻഎ-സ്പർശ് പ്ലാറ്റ്ഫോമിലേക്ക് ഓൺബോർഡ് ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ വേഗത്തിലാക്കണം.***

4. ***സ്ഥിരമായ മിച്ചം ഒഴിവാക്കുന്നതിനും അതുവഴി കാര്യക്ഷമമായ ബജറ്റ് മാനേജ്മെന്റ് സുഗമമാക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബജറ്റ് ആവശ്യകതകൾ സൂക്ഷ്മമായും യാഥാർഥ്യബോധത്തോടെയും തയ്യാറാക്കാൻ ഭരണ വകുപ്പുകളെ ബോധവല്ക്കരിക്കണം.***

# അദ്ധ്യായം III

# സാമ്പത്തിക റിപ്പോർട്ടിംഗ് രീതികൾ

## അദ്ധ്യായം :-III സാമ്പത്തിക റിപ്പോർട്ടിംഗ് രീതികൾ

**ഈ അധ്യായം സംസ്ഥാന സർക്കാരിന്റെ വിവിധ അധികാരികൾ സമർപ്പിച്ച സംസ്ഥാന സർക്കാർ അക്കൗണ്ടുകളുടെ ഗുണനിലവാരത്തെയും നിർദ്ദിഷ്ട ധനകാര്യ നിയമങ്ങൾ, നടപടിക്രമങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയുടെ പാലനത്തിന്റെ സ്ഥിതിയെയും കുറിച്ചുള്ള ഒരു വിശാലമായ കാഴ്ചപ്പാട് നൽകുന്നു.**

ധനകാര്യ നിയമങ്ങൾ, നടപടിക്രമങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയുടെ പാലനവും, അത്തരം പാലനത്തിന്റെ സ്ഥിതിയുടെ റിപ്പോർട്ടിംഗിന്റെ പൂർണ്ണത, സമയനിഷ്ഠ, ഗുണനിലവാരം എന്നിവയും സാമ്പത്തിക റിപ്പോർട്ടുകളിൽ അവതരിപ്പിക്കുന്ന വിവരങ്ങളുടെ പ്രസക്തിയും വിശ്വാസ്യതയും വർധിപ്പിക്കുന്നു.

## അക്കൗണ്ടുകളുടെ പൂർണ്ണതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

### 3.1 സംസ്ഥാന ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ/ അതോറിറ്റികൾ വഴിയുള്ള ഓഫ് ബഡ്ജറ്റ് കടമെടുപ്പുകൾ

ഭാരത സർക്കാരിൽ നിന്ന് വായ്പകളോ ഗ്യാരണ്ടികളോ കുടിശ്ശിക ഉള്ള സംസ്ഥാന സർക്കാരുകളുടെ കടമെടുപ്പിന് ഭാരത സർക്കാരിന്റെ അനുമതി വേണമെന്ന് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 293(3) അനുശാസിക്കുന്നു. കൂടാതെ, 2023-24 മുതൽ 2025-26 വരെയുള്ള കാലയളവിലേക്കുള്ള സംസ്ഥാന സർക്കാരുകൾക്കുള്ള സാധാരണ നെറ്റ് ബോറോയിംഗ് സീലിംഗ് (എൻബിസി) ജിഎസ്ഡിപിയുടെ മൂന്ന് ശതമാനമായി നിശ്ചയിക്കാമെന്ന് XV ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്നു.

2022 ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത (ഭേദഗതി) നിയമം അനുസരിച്ച്, സംസ്ഥാനം 2024-25 ആകുമ്പോഴേക്കും ധനക്കമ്മി ജി.എസ്.ഡി.പിയുടെ 3.5 ശതമാനത്തിൽ കൂടാത്ത നിലയിൽ നിലനിർത്തുകയും സംസ്ഥാനത്തിന്റെ കടബാധ്യതകൾ ജി.എസ്.ഡി.പിയുടെ 32.80 ശതമാനമായി കുറയ്ക്കുകയും വേണം. ബജറ്റ് പരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള ഗ്യാരണ്ടികൾ വഴി സൃഷ്ടിക്കപ്പെട്ട ആകസ്മിക ബാധ്യതകളും, ഓഫ് ബഡ്ജറ്റ് കടമെടുപ്പുകളും വെളിപ്പെടുത്തുന്നതിലൂടെ, പൊതു താൽപ്പര്യാർത്ഥം സർക്കാരിന്റെ ധനകാര്യ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പാക്കാൻ ഉചിതമായ നടപടികൾ സംസ്ഥാന സർക്കാർ ബജറ്റ് അവതരണ സമയത്ത് സ്വീകരിക്കണമെന്ന് 2003 ലെ കേരള സാമ്പത്തിക ഉത്തരവാദിത്ത നിയമം നിർദ്ദേശിക്കുന്നു. കൂടാതെ, വാർഷിക ബജറ്റിനൊപ്പം നിയമസഭയ്ക്ക് മുന്നിൽ വയ്ക്കുന്ന മീഡിയം ടേം ഫിസ്കൽ പോളിസി സ്റ്റേറ്റ്മെന്റിൽ സാമ്പത്തിക സൂചകങ്ങൾക്കായുള്ള മൂന്ന് വർഷത്തെ റോളിംഗ് ലക്ഷ്യങ്ങൾ അടങ്ങിയിരിക്കണമെന്നും നിയമത്തിൽ വിഭാവനം ചെയ്തിരിക്കുന്നു.

വിവിധ സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ (എസ്പിഎസ്‌യു)/ കോർപ്പറേഷനുകൾ/ മറ്റ് സ്ഥാപനങ്ങൾ എന്നിവയിലൂടെ ബജറ്റിന് പുറത്തുള്ള വായ്പകൾ ലഭ്യമാക്കുന്നതിലൂടെ മുകളിൽ പറഞ്ഞിരിക്കുന്ന വായ്പാ പരിധി മറികടക്കുന്നതും, അത്തരം വായ്പകളുടെ തിരിച്ചടവിന് സംസ്ഥാനം ഗണ്യമായ ഉത്തരവാദിത്തം വഹിക്കുന്നുണ്ടെങ്കിലും ഇത്തരം കടമെടുപ്പുകൾ വെളിപ്പെടുത്താതിരിക്കുന്നതും സാമ്പത്തിക ആരോഗ്യത്തിനും സർക്കാരിന്റെ ധനകാര്യത്തിലെ സുതാര്യതയ്ക്കും ഉയർന്ന അപകടസാധ്യതയ്ക്കിടയാക്കുന്നു. സംസ്ഥാന സർക്കാരുകളുടെ ഒരു സാമ്പത്തിക വർഷത്തേക്കുള്ള വായ്പാ പരിധി ഓഫ്-ബജറ്റ് വായ്പകളുടെ വ്യാപ്തി അനുസരിച്ച് ഭാരത സർക്കാർ ഇപ്പോൾ ക്രമീകരിക്കുന്നുണ്ട്.

എംടിഎഫ്പി പ്രകാരം കടം ജിഎസ്ഡിപിയുടെ 34.15 ശതമാനവും 2003 ലെ കെഎഫ്ആർ നിയമം പ്രകാരം കടം ജിഎസ്ഡിപിയുടെ 32.80 ശതമാനവും ആക്കാനാണ് 2024-25 ൽ ലക്ഷ്യമിട്ടിരുന്നത്. കൂടാതെ, 2024-25 കാലയളവിൽ സംസ്ഥാനത്തിന് ₹37,512 കോടിയുടെ (ജിഎസ്ഡിപിയുടെ 3.00 ശതമാനം) കടമെടുപ്പ് പരിധി ഭാരത സർക്കാർ നിശ്ചയിച്ചിരുന്നു.

കേരള സർക്കാർ ബജറ്റിൽ ഓഫ്-ബജറ്റ് കടമെടുപ്പുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നില്ല. എന്നിരുന്നാലും, ഓപ്പൺ മാർക്കറ്റ് വായ്പകൾ സമാഹരിക്കുന്നതിന് ഭാരത സർക്കാരിന്റെ അനുമതി തേടുന്നതിനായി, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡും (കിഫ്ബി) കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡും (കെഎസ്എസ്പിഎൽ) നടത്തുന്ന കടമെടുപ്പുകളുടെ വിശദാംശങ്ങൾ ഭാരത സർക്കാരിനു സംസ്ഥാന സർക്കാർ നൽകുന്നു. സംസ്ഥാന ബജറ്റിന് പുറത്തുള്ള ഈ കടമെടുപ്പുകളുടെ തിരിച്ചടവ് (മുതൽ/ പലിശ അല്ലെങ്കിൽ രണ്ടും) സംസ്ഥാന ബജറ്റിൽ നിന്നും/അല്ലെങ്കിൽ നികുതി/സെസ് അല്ലെങ്കിൽ സംസ്ഥാനത്തിന്റെ മറ്റേതെങ്കിലും വരവുകൾ വഴിയും നടത്തുന്നുവെന്നും സൂചിപ്പിക്കുന്നു.

ഈ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, 2025 മാർച്ച് 31 ന് ബാക്കി നിൽക്കുന്ന ഓഫ്-ബജറ്റ് കടമെടുപ്പ് തുക ₹39,230.33 കോടി ആണ്. ഇതിൽ 2024-25 കാലയളവിൽ കടമെടുത്ത ₹13,653.01 കോടിയും ഉൾപ്പെടുന്നു. 2025 മാർച്ച് 31 ലെ ഓഫ്-ബജറ്റ് കടമെടുപ്പുകളുടെ വിശദാംശങ്ങൾ **പട്ടിക 3.1** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1 : 2025 മാർച്ച് 31 വരെയുള്ള ഓഫ് ബജറ്റ് വായ്പകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| സർക്കാരിനുവേണ്ടി കടമെടുത്ത സ്ഥാപനങ്ങൾ | അനുവദിച്ച വായ്പ | ലഭിച്ച/ വിതരണം ചെയ്ത വായ്പ | തിരിച്ചടച്ച തുക | വായ്പയുടെ ഉദ്ദേശ്യം | 2025 മാർച്ച് 31 വരെ ബാക്കി നിൽക്കുന്ന വായ്പ |
|---|---|---|---|---|---|
| കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് | 35,344.35 | 32,472.31 | 6,582.54 | അടിസ്ഥാന സൗകര്യങ്ങളുടെ ഫണ്ടിംഗിനായി | 25,889.77 |
| കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് | 43,383.02 | 43,383.02 | 30,042.46 | സാമൂഹിക സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും നൽകുന്നതിന് വേണ്ടി | 13,340.56 |
| **ആകെ** | **78,727.37** | **75,855.33** | **36,625.00** | | **39,230.33** |

*ഉറവിടം: ബന്ധപ്പെട്ട സ്ഥാപനങ്ങൾ നൽകിയ വിവരങ്ങൾ*

ജി.എസ്.ഡി.പിയുടെ ശതമാനമായി ബാക്കി നിൽക്കുന്ന ഓഫ് ബജറ്റ് കടമെടുപ്പുകൾ **ചാർട്ട് 3.1 ൽ** കാണിച്ചിരിക്കുന്നു.

**ചാർട്ട് 3.1: 2025 മാർച്ച് 31 ലെ കണക്കനുസരിച്ച് ജിഎസ്ഡിപിയുടെ ശതമാനമായി ബാക്കി നിൽക്കുന്ന ഓഫ്-ബജറ്റ് വായ്പകൾ**




*ഉറവിടം: ബന്ധപ്പെട്ട സ്ഥാപനങ്ങൾ നൽകിയ വിവരങ്ങൾ*

2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, ₹75,855.33 കോടിയുടെ ഓഫ് ബജറ്റ് വായ്പകളിൽ, ₹36,625.00 കോടിയുടെ വായ്പകൾ കിഫ്ബിയും കെഎസ്എസ്പിഎൽ ലും സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ തിരിച്ചടച്ചിട്ടുണ്ട്. 2024-25 കാലയളവിലെ ഓഫ് ബജറ്റ് വായ്പകളുടെ തിരിച്ചടവായ ₹7,364.82 കോടിയും ഇതിൽ ഉൾപ്പെടുന്നു. കിഫ്ബിയുടെയും കെഎസ്എസ്പിഎല്ലിന്റെയും വായ്പകൾ ലഭ്യമായ സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കിയുള്ള തിരിച്ചടവിന്റെ വിശദാംശങ്ങൾ **അനുബന്ധം 3.1** ൽ നൽകിയിരിക്കുന്നു.

2021-22 മുതൽ 2024-25 വരെയുള്ള കാലയളവിലെ ഓഫ് ബജറ്റ് വായ്പകളുടെ സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 3.2** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.2: 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിലെ ഓഫ് ബജറ്റ് വായ്പകളുടെ സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ**

**(₹ കോടിയിൽ)**

| സ്ഥാപനത്തിന്റെ പേര് | ഓപ്പണിംഗ് ബാലൻസ് | വർഷത്തിലെ ഓഫ് ബജറ്റ് കടമെടുപ്പുകൾ | തിരിച്ചടവ് വർഷത്തിൽ | | ക്ലോസിംഗ് ബാലൻസ് |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് | | | | | |
| 2021-22 | 5,610.82 | 7,762.78 | 307.42 | 739.66 | 13,066.18 |
| 2022-23 | 13,066.18 | 5,109.24 | 432.74 | 1254.56 | 17,742.68 |
| 2023-24 | 17,742.68 | 5,803.86 | 3,505.02 | 1,639.64 | 20,041.52 |
| 2024-25 | 20,041.52 | 8,089.92 | 2,241.67 | 1,823.47 | 25,889.77 |
| കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് | | | | | |
| 2021-22 | 10,848.61 | 6,550.00 | 6,192.12 | 743.94 | 11,206.49 |
| 2022-23 | 11,206.49 | 2,949.67 | 2,422.87 | 833.17 | 11,733.29 |
| 2023-24 | 11,733.29 | 4,828.60 | 3,661.27 | 970.18 | 12,900.62 |
| 2024-25 | 12,900.62 | 5,563.09 | 5,123.15 | 1,162.90 | 13,340.56 |

*ഉറവിടം : കിഫ്ബിയും കെഎസ്എസ്പിഎൽ ലും നൽകിയ വിവരങ്ങൾ*

2024-25 കാലയളവിൽ സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്ക് നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ **പട്ടിക 3.3** ൽ വിശദീകരിച്ചിരിക്കുന്നു.

**പട്ടിക 3.3: 2024-25 കാലയളവിൽ സംസ്ഥാന സർക്കാർ നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | തുക |
|---|---|---|
| 1 | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) | 3,695.18 |
| 2 | കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് (കെഎസ്എസ്പിഎൽ) | 12,741.00 |
| **ആകെ** | | **16,436.18** |

*ഉറവിടം: ബന്ധപ്പെട്ട സ്ഥാപനങ്ങൾ നൽകിയ വിവരങ്ങൾ*

ഭരണഘടനയുടെ ആർട്ടിക്കിൾ 282 പ്രകാരം സംസ്ഥാനത്തിന് നൽകിയിട്ടുള്ള അധികാരങ്ങളുടെ അടിസ്ഥാനത്തിൽ, ആർട്ടിക്കിൾ 202, 203 എന്നിവ പ്രകാരം അംഗീകരിച്ച സംസ്ഥാന ബജറ്റിലെ വിഹിതം വഴിയാണ് സംസ്ഥാനം കിഫ്ബിക്ക് ഗ്രാന്റുകൾ നൽകുന്നതിനാൽ കിഫ്ബിയുടെ കടമെടുപ്പുകൾ ഓഫ് ബഡ്ജറ്ററി അല്ലായെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (ഡിസംബർ 2025). സംസ്ഥാന ബജറ്റിലൂടെ സർക്കാർ പ്രതിവർഷം നൽകുന്നതിലും അധികമായി പണം കടം വീട്ടുന്നതിന് ആവശ്യമില്ലെന്നും അതിനാൽ കിഫ്ബി വഴി നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ പദ്ധതികൾ പൂർണ്ണമായും വാർഷിക ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്താവിച്ചു. കിഫ്ബിയുടെ വായ്പകൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നുവെന്നും അതിനായി കിഫ്ബി സർക്കാരിന് വാർഷിക ഗ്യാരണ്ടി കമ്മീഷൻ നൽകുന്നുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കി. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ഗ്യാരണ്ടികൾ ആകസ്മിക ബാധ്യതകൾ മാത്രമാണെന്നും, കടം വാങ്ങുന്ന സ്ഥാപനം മുതലോ പലിശയോ നൽകുന്നതിൽ വീഴ്ച വരുത്തിയാൽ മാത്രമേ ഇത്തരം കടങ്ങൾ വീട്ടാനുള്ള ബാധ്യത സംസ്ഥാനത്തിന്റെ സഞ്ചിത നിധിക്ക് മേൽ വരികയുള്ളൂ എന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (ഫെബ്രുവരി 2026). അതിനാൽ, സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരണ്ടികൾ ആകസ്മിക ബാധ്യതകൾ മാത്രമാണ് എന്നും സംസ്ഥാനത്തിന്റെ യഥാർത്ഥ കടം അല്ല എന്നും മറുപടിയിൽ പറയുന്നു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള വിഷയം ആയതിനാൽ, സർക്കാർ ഗ്യാരണ്ടി ഉള്ള സംസ്ഥാന സ്ഥാപനങ്ങളുടെ വായ്പകൾ സംസ്ഥാന സർക്കാർ കടമായി കണക്കാക്കുന്ന ഓഡിറ്റ് നിഗമനം തൽക്കാലം ഉൾപ്പെടുത്തരുത് എന്നും മറുപടിയിൽ വ്യക്തമാക്കി.

എക്സിറ്റ് കോൺഫറൻസിൽ, കിഫ്ബിയുടെ വായ്പകളുടെ 25 ശതമാനം, വരുമാനം ഉണ്ടാക്കുന്ന പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനു വേണ്ടിയാണ് വിനിയോഗിക്കുന്നതെന്നും ഈ ഇടപാടുകളിൽ നിന്ന് കിഫ്ബി പലിശ നേടുന്നുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി (എസിഎസ്) മറുപടി നൽകി. ഇത്തരത്തിലുള്ള വരുമാനം ഉണ്ടാക്കുന്ന പദ്ധതികൾ വഴി ലഭിക്കുന്ന വരുമാനത്തിന്റെ പരിധി വരെ തിരിച്ചടവിന്റെ ഭാരം സംസ്ഥാന സർക്കാരിൽ വരില്ലെന്നും അതിനാൽ തന്നാണ്ടിലെ സംസ്ഥാനത്തിന്റെ ഓഫ്-ബജറ്റ് വായ്പകൾ കണക്കാക്കുന്നതിന് കിഫ്ബിയുടെ വായ്പകളിൽ അതേ അളവിൽ കുറവ് വരുത്തണമെന്നും എസിഎസ് നിർദ്ദേശിച്ചു. 2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, വരുമാനം ഉണ്ടാക്കുന്ന പദ്ധതികൾക്കായി കിഫ്ബി ₹8,749.49 കോടി വിതരണം ചെയ്തതായും അതിലൂടെ ₹1,552.29 കോടി തിരിച്ചടവ് ലഭിച്ചതായും കിഫ്ബി മറുപടി നൽകി (ജനുവരി 2026). കിഫ്ബി നൽകിയിട്ടുള്ള വരുമാനം ഉണ്ടാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.2** ൽ നൽകിയിരിക്കുന്നു.

ബജറ്റ് വിഹിതത്തിലൂടെ സംസ്ഥാന സർക്കാർ കിഫ്ബിക്ക് സാമ്പത്തിക സഹായം നൽകുന്നത് ഓഡിറ്റ് നിഷേധിക്കുന്നില്ല. കടം വീട്ടുന്നതിനുള്ള മതിയായ വരുമാന അടിത്തറ കിഫ്ബിയ്ക്ക് ഇല്ലാത്തതിനാൽ കിഫ്ബി സമാഹരിക്കുന്ന കടം ബജറ്റ് വിഹിതത്തിൽ നിന്നാണ് തിരിച്ചടയ്ക്കുന്നതെന്ന് സംസ്ഥാന സർക്കാരിന്റെ മറുപടിയിൽ നിന്ന് തന്നെ വളരെ വ്യക്തമാണ്. കിഫ്ബിയുടെ കടം സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നുള്ള വിഭവങ്ങൾ ഉപയോഗിച്ചാണ് തിരിച്ചടയ്ക്കുന്നതും അതിനാൽ അടിസ്ഥാനപരമായി സംസ്ഥാനത്തിന്റെ കടത്തെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ **266** പ്രകാരം, സംസ്ഥാനത്തിന്റെ എല്ലാ കടങ്ങളും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയുടെ ഭാഗമായിരിക്കേണ്ടതും, ആർട്ടിക്കിൾ **202** പ്രകാരം സംസ്ഥാനത്തിന്റെ വരവുകളുടെ എസ്റ്റിമേറ്റുകൾ (കടം വരവുകൾ ഉൾപ്പെടെ) വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റിൽ/ ബജറ്റിൽ വെളിപ്പെടുത്തേണ്ടതുമുണ്ട്. കിഫ്ബിയും കെഎസ്എസ്പിഎൽ ലും എടുക്കുന്ന വായ്പകൾ, സാങ്കേതികമായി ഈ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, അടിസ്ഥാനപരമായി ഈ കടങ്ങൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും സംസ്ഥാനം തിരിച്ചടയ്ക്കുന്നു. **2024-25** സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക വായ്പ പരിധി സംബന്ധിച്ച **2024** മാർച്ച് **30** ലെ ഭാരത സർക്കാരിന്റെ കത്തിലെ **8-ാം** ഖണ്ഡിക പ്രകാരം, സംസ്ഥാന ബഡ്ജറ്റിലൂടെയോ നികുതി/ സെസ്സ്/ മറ്റു സംസ്ഥാന വരവുകൾ എന്നിവയുടെ കൈമാറ്റത്തിലൂടെയോ അല്ലെങ്കിൽ ഇവ രണ്ടയിലൂടെയുമോ മുതൽ/പലിശ അല്ലെങ്കിൽ ഇവ രണ്ടിന്റേയും തിരിച്ചടവ് നടത്തുന്ന സംസ്ഥാന പൊതുമേഖലാ കമ്പനികൾ, സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ, മറ്റ് തത്തുല്യ ഇൻസ്ട്രമെന്റ്സ് എന്നിവയുടെ വായ്പകളെ ഓഫ്-ബഡ്ജറ്റ് കടമെടുപ്പുകളായി കണക്കാക്കുന്നു. കിഫ്ബി, കെഎസ്എസ്പിഎൽ എന്നിവയുടെ വായ്പകൾ ഓഫ്-ബജറ്റ് കടമെടുക്കലിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നു. അതിനാൽ കിഫ്ബിയുടെ കടമെടുക്കൽ ഓഫ്-ബജറ്റ് കടമെടുക്കലല്ല എന്ന സംസ്ഥാന സർക്കാരിന്റെ വാദം യുക്തിസഹമല്ല. കൂടാതെ, കിഫ്ബിയുടെ വായ്പകൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നുവെന്ന വാദം, വായ്പകളുടെയും സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുടെയും 'ഓഫ്-ബജറ്റ്' സ്വഭാവത്തെ ഇല്ലാതാക്കുന്നില്ല.

കിഫ്ബി, കെ.എസ്.എസ്.പി.എൽ എന്നീ സ്ഥാപനങ്ങളുടെ വായ്പകൾ സംസ്ഥാനത്തിന്റെ കടം അല്ലെന്നും, മറിച്ച് ആകസ്മിക ബാധ്യതകൾ മാത്രമാണെന്നും ഉള്ള സംസ്ഥാന സർക്കാരിന്റെ വാദം സ്വീകാര്യമല്ല. കാരണം കടം വീട്ടുന്നതിന് കിഫ്ബിയ്ക്കും, കെ.എസ്.എസ്.പി.എൽ നും മതിയായ വരുമാന അടിത്തറയില്ലാത്തതിനാൽ സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചാണ് ഈ സ്ഥാപനങ്ങൾ ഇത്തരം ബാധ്യതകൾ തിരിച്ചടയ്ക്കുന്നത്. ഓഡിറ്റ് നിരീക്ഷണം ഓഫ്-ബജറ്റ് കടമെടുപ്പുകളുടെ സ്വഭാവത്തെയും അവ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ വരുത്തുന്ന സ്വാധീനത്തെയും കുറിച്ചായതിനാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ ഈ സ്ഥാപനങ്ങളുടെ സർക്കാർ ഗ്യാരന്റിയിന്മേലുള്ള കടമെടുപ്പുകളെ സംസ്ഥാനത്തിന്റെ കടമായി കണക്കാക്കുന്ന ഓഡിറ്റ് നിഗമനം തൽക്കാലം ഉൾപ്പെടുത്തരുത് എന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശവും സ്വീകാര്യമല്ല.

കിഫ്ബിയുടെ വായ്പകളുടെ **25** ശതമാനം വരുമാനം ഉണ്ടാക്കുന്ന പദ്ധതികൾക്ക് ധനസഹായം നൽകുന്നതിനാണ് ഉപയോഗിക്കുന്നതെന്നും അതിന്റെ തിരിച്ചടവ് ഭാരം സംസ്ഥാന സർക്കാർ വഹിക്കേണ്ടതില്ലെന്നുമുള്ള സംസ്ഥാന സർക്കാരിന്റെ അവകാശവാദം ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും, മറുപടി വൈകി ലഭിച്ചതിനാൽ കിഫ്ബി നൽകിയ കണക്കുകളുടെ കൃത്യത ഞങ്ങൾക്ക് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. തുടർന്നുള്ള ഓഡിറ്റുകളിൽ കണക്കുകളുടെ കൃത്യത പരിശോധിക്കുന്നതാണ്.

### 3.1.1 കടമെടുപ്പിന്റെ വിശദാംശങ്ങൾ ഭാരത സർക്കാരിന് വെളിപ്പെടുത്തിയതിലെ വ്യത്യാസം

സംസ്ഥാന ബഡ്ജറ്റിലൂടെയോ നികുതി/ സെസ്/ മറ്റ് സംസ്ഥാന വരവുകൾ എന്നിവയുടെ കൈമാറ്റത്തിലൂടെയോ അല്ലെങ്കിൽ ഇവ രണ്ടിലൂടെയും, മുതൽ/ പലിശ അല്ലെങ്കിൽ ഇവ രണ്ടിന്റേയും തിരിച്ചടവ് നടത്തുന്നതും സംസ്ഥാന പൊതുമേഖലാ കമ്പനികൾ, സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ, മറ്റു സമാനമായ ഇൻസ്ട്രമെന്റ്സ് എന്നിവ മുൻ രണ്ട് വർഷങ്ങളിൽ എടുത്തതും തന്നാണ്ടിൽ എടുക്കാൻ ഉദ്ദേശിക്കുന്നതുമായ ഓഫ്-ബഡ്ജറ്റ് വായ്പകളുടെ വിശദാംശങ്ങൾ ഭാരത സർക്കാരിന് സംസ്ഥാന സർക്കാർ നൽകുന്നു. വർഷത്തേക്കുള്ള സംസ്ഥാനത്തിന്റെ ഗ്രോസ് ബോറോയിംഗ് സീലിംഗ് നിശ്ചയിക്കുന്നതിനുള്ള അനുമതി തേടുന്നതിനായി ഈ വിശദാംശങ്ങൾ ഭാരത സർക്കാരിന് നൽകുന്നു. ഈ വായ്പകൾ സംസ്ഥാന സർക്കാരിന്റെ ഓപ്പൺ മാർക്കറ്റ് കടമെടുപ്പ് കണക്കാക്കുന്നതിനു വേണ്ടി ക്രമീകരിക്കുന്നു.

2024-25 വർഷത്തേക്കുള്ള മാർക്കറ്റ് വായ്പകൾ സമാഹരിക്കുന്നതിന് ഭാരത സർക്കാരിന്റെ അനുമതി നേടിയ അവസരത്തിൽ, 2024-25 ലെ കിഫ്ബിയുടെയും കെഎസ്എസ്പിഎൽന്റെയും വായ്പാ ആവശ്യകതകൾ, ബോറോയിംഗ് സ്റ്റേറ്റ്മെന്റിന്റെ അനുബന്ധം VI-ൽ ഭാരത സർക്കാരിന് സംസ്ഥാന സർക്കാർ അയച്ചു കൊടുത്തു (2024 മെയ്). വിശദാംശങ്ങൾ **പട്ടിക 3.4**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.4 : 2024-25 കാലയളവിൽ സംസ്ഥാന സർക്കാർ നൽകിയ കിഫ്ബിയുടെയും കെഎസ്എസ്പിഎൽന്റെയും കടമെടുപ്പിന്റെ വിശദാംശങ്ങൾ**

(₹ കോടിയിൽ)

| സ്ഥാപനങ്ങളുടെ പേര് | സംസ്ഥാന സർക്കാർ ഭാരത സർക്കാരിന് റിപ്പോർട്ട് ചെയ്ത 2024-25 ലെ എസ്റ്റിമേറ്റു ചെയ്ത കടമെടുപ്പുകൾ | സ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്ത 2024-25 ലെ യഥാർത്ഥ കടമെടുപ്പുകൾ |
|---|---:|---:|
| കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് | 0 | 8,089.92 |
| കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് | 2,500 | 5,563.09 |
| **ആകെ** | **2,500** | **13,653.01** |

അതിനാൽ, 2024-25 സാമ്പത്തിക വർഷത്തിൽ എടുക്കാൻ ഉദ്ദേശിക്കുന്ന ഓഫ്-ബജറ്റ് വായ്പകളായി സംസ്ഥാന സർക്കാർ ₹2,500 കോടി മാത്രമേ 2024-25 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ അറിയിച്ചിട്ടുള്ളൂ. എന്നിരുന്നാലും, 2025-26 കാലയളവിലെ മാർക്കറ്റ് വായ്പകൾക്കുള്ള അനുമതി ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ ഭാരത സർക്കാരിന് സമർപ്പിച്ച രേഖകളുടെയും ഓഡിറ്റിന് നൽകിയ വിവരങ്ങളുടെയും സൂക്ഷ്മപരിശോധനയിൽ, 2024-25 കാലയളവിൽ കിഫ്ബിയും കെഎസ്എസ്പിഎൽ ലും നടത്തിയ യഥാർത്ഥ കടമെടുപ്പിൽ വ്യത്യാസമുണ്ടെന്ന് കണ്ടെത്തി, വിവരങ്ങൾ **പട്ടിക 3.5** ൽ നൽകിയിരിക്കുന്നു:

**പട്ടിക 3.5: 2025-26 കാലയളവിൽ സംസ്ഥാന സർക്കാർ നൽകിയ കിഫ്ബിയുടെയും കെഎസ്എസ്പിഎൽന്റെയും കടമെടുപ്പിന്റെ വിശദാംശങ്ങൾ**

**(₹ കോടിയിൽ)**

| സ്ഥാപനങ്ങളുടെ പേര് | സ്ഥാപനങ്ങൾ റിപ്പോർട്ട് ചെയ്ത 2024-25 കാലയളവിലെ കടമെടുപ്പുകൾ | 2024-25 വർഷത്തേക്ക് സംസ്ഥാന സർക്കാർ ഭാരത സർക്കാരിന് റിപ്പോർട്ട് ചെയ്ത കടമെടുപ്പുകൾ | വ്യതിയാനം |
|---|---|---|---|
| കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് | 8,089.92 | 0 | 8,089.92 |
| കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് | 5,563.09 | 983.09 | 4,580.00 |
| **ആകെ** | **13,653.01** | **983.09** | **12,669.92** |

2024-25 കാലയളവിൽ കിഫ്ബി ₹8,089.92 കോടി വായ്പയെടുത്തിട്ടുണ്ടെങ്കിലും, സംസ്ഥാന സർക്കാർ സമർപ്പിച്ച വായ്പാ വിശദാംശങ്ങളിൽ 2024-25 കാലയളവിൽ കിഫ്ബി കടമെടുപ്പുകൾ ഒന്നും തന്നെ നടത്തിയിട്ടില്ലെന്ന് സൂചിപ്പിച്ചു. അതുപോലെ, ₹5,563.09 കോടിയുടെ യഥാർത്ഥ കടമെടുപ്പുകൾക്കെതിരെ, കെഎസ്എസ്പിഎല്ലിന്റെ കടമെടുപ്പുകൾ ₹983.09 കോടിയാണെന്ന് കാണിച്ചിരിക്കുന്നു. ആയതിനാൽ, ഭാരത സർക്കാരിന് നൽകിയ ബോറോയിംഗ് സ്റ്റേറ്റ്മെന്റിലെ അനുബന്ധം VI-ൽ ഓഫ്-ബഡ്ജറ്റ് വായ്പകളുടെ തുകയിൽ ₹12,669.92 കോടിയുടെ വ്യത്യാസമുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

പ്രത്യേക നിയമനിർമ്മാണത്തിന് കീഴിൽ സ്ഥാപിതമായ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി കോർപ്പറേറ്റ് ആണ് കിഫ്ബി എന്നതിനാൽ, കിഫ്ബിയുടെ കടമെടുക്കലുകൾ സംസ്ഥാനത്തിന്റെ കടമെടുക്കലുകളല്ലെന്നും മറിച്ച് കിഫ്ബിയുടെ സ്വതന്ത്ര വായ്പകളാണെന്നും സംസ്ഥാന സർക്കാർ മറുപടി നൽകി (2025 ഡിസംബർ).

സംസ്ഥാന പൊതുമേഖലാ കമ്പനികൾ/ കോർപ്പറേഷനുകൾ/ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ/ മറ്റു സമാനമായ ഇൻസ്ട്രമെന്റ്സ് എന്നിവ എടുക്കുന്നതും സംസ്ഥാന ബജറ്റിലൂടെയോ നികുതി/ സെസ്/ മറ്റ് സംസ്ഥാന വരവുകൾ എന്നിവയുടെ കൈമാറ്റത്തിലൂടെയോ അല്ലെങ്കിൽ ഇവ രണ്ടിലൂടെയും, മുതൽ/ പലിശ അല്ലെങ്കിൽ ഇവ രണ്ടിന്റേയും തിരിച്ചടവ് നടത്തുന്നതുമായ കടമെടുപ്പുകളുടെ വിശദ വിവരങ്ങൾ, വിപണി വായ്പകൾ എടുക്കുന്നതിനുള്ള അനുമതിയ്ക്കു വേണ്ടി ഭാരത സർക്കാരിന് അനുബന്ധം VI - ൽ, സംസ്ഥാന സർക്കാർ നൽകണമെന്നുള്ളതിനാൽ മറുപടി സ്വീകാര്യമല്ല.

2024-25 കാലയളവിൽ കെ.എസ്.എസ്.പി.എൽ. നേടിയ ₹4,580.00 കോടിയുടെ വായ്പകൾ പുതുക്കിയത് 2024-25 ലെ പുതിയ വായ്പകളായി സംസ്ഥാന സർക്കാർ കണക്കാക്കാത്തതു കൊണ്ടാണ് ഭാരത സർക്കാരിന് സമർപ്പിച്ച വായ്പയുടെ വിശദാംശങ്ങളിൽ വ്യത്യാസം ഉണ്ടായതെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (ജനുവരി 2026).

വിപണി വായ്പകളുടെ അനുമതി ലഭിക്കുന്നതിനുവേണ്ടി വായ്പകളുടെ പുതുക്കലും, തിരിച്ചടയ്ക്കലും ഉൾപ്പെടെയുള്ള കടമെടുപ്പുകളുടെ വിശദാംശങ്ങൾ സംസ്ഥാന സർക്കാർ ഭാരത സർക്കാരിന് പൂർണ്ണമായും വെളിപ്പെടുത്തണമെന്നാണ് ഓഡിറ്റിന്റെ അഭിപ്രായം. വായ്പകളുടെ തിരിച്ചടവ്/പുതുക്കൽ എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനായി ബോറോയിംഗ് സ്റ്റേറ്റ്മെന്റിലെ അനുബന്ധം VI-ന്റെ ഫോർമാറ്റ് ഭേദഗതി ചെയ്യുന്ന കാര്യം ഭാരത സർക്കാരുമായി സംസ്ഥാന സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്.

## 3.2 സർക്കാരിന്റെ നിറവേറ്റാത്ത ബാധ്യതകൾ

നിയുക്ത സ്ഥാപനങ്ങൾക്ക് ശേഖരിച്ച സെസ് കൈമാറ്റം ചെയ്യാതിരിക്കുക, നാഷണൽ പെൻഷൻ സിസ്റ്റത്തിലെ (എൻപിഎസ്) പണം ഒടുക്കുന്നതിലെ കുറവ് മുതലായവ പോലുള്ള നിറവേറ്റാത്ത ബാധ്യതകൾക്ക് ദീർഘകാലാടിസ്ഥാനത്തിലുള്ള സാമ്പത്തികവും, ഭരണപരവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാം. അടച്ചു തീർക്കാത്ത ഇത്തരം ബാധ്യതകൾ കാലക്രമേണ കുമിഞ്ഞു കൂടുകയും സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതിയെ വളച്ചൊടിക്കുന്ന മറഞ്ഞുകിടക്കുന്ന ബാധ്യതകൾ സൃഷ്ടിക്കുകയും ചെയ്യും. കൂടാതെ, സെസ് കൈമാറ്റത്തിലെ കാലതാമസം, അത്തരം ലെവികൾ ചുമത്തിയതിന്റെ ഉദ്ദേശ്യത്തെ പരാജയപ്പെടുത്തുന്നു. അതുപോലെ, എൻപിഎസിലേക്കുള്ള കൈമാറ്റങ്ങളിലെ കുറവ് നിയമപരമായ ഉത്തരവാദിത്തങ്ങളുടെ ലംഘനവും ജീവനക്കാരുടെ സാമ്പത്തിക സുരക്ഷയെ അപകടപ്പെടുത്തുകയും ചെയ്യും. കാലക്രമേണ, അത്തരം രീതികൾ വിശ്വാസത്തെ ഇല്ലാതാക്കുകയും നിയമപരമായ ബാധ്യതകൾക്ക് കാരണമാവുകയും ഭാവിയിലെ ചെലവ് ബാധ്യതകൾ വർദ്ധിപ്പിക്കുകയും, അതുവഴി ഫിസ്കൽ സ്പെയിസ് പരിമിതപ്പെടുകയും സാമ്പത്തിക സുസ്ഥിരതയെ ദുർബലപ്പെടുത്തുകയും ചെയ്യും. തുടർന്നുള്ള ഖണ്ഡികകളിൽ അത്തരം വിഷയങ്ങൾ ചർച്ചചെയ്യുന്നു.

### 3.2.1 പലിശ ബാധ്യത നിറവേറ്റാത്തത്

പലിശ നൽകുന്ന നിക്ഷേപങ്ങൾ/ കരുതൽ ഫണ്ടുകൾ എന്നിവയിലെ തുകകൾക്ക് പലിശ നൽകാൻ സർക്കാരിന് ബാധ്യതയുണ്ട്.

**പട്ടിക 3.6**-ൽ കാണിച്ചിരിക്കുന്നതുപോലെ, 2024 ഏപ്രിൽ 1 ന് പലിശ ഉള്ള നിക്ഷേപങ്ങൾ/ കരുതൽ ഫണ്ടുകൾക്ക് കീഴിൽ ബാക്കി നിൽക്കുന്ന ₹56.16 കോടിക്ക് ₹1.92 കോടി പലിശയായി നൽകേണ്ടതുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 3.6: പലിശ ഉള്ള നിക്ഷേപങ്ങൾ/ കരുതൽ ഫണ്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട നിറവേറ്റാത്ത പലിശ ബാധ്യതയുടെ വിശദാംശങ്ങൾ**

(₹ കോടിയിൽ)

| ക്രമ നമ്പർ | പലിശ നൽകുന്ന നിക്ഷേപത്തിന്റെ പേര് | 2024 ഏപ്രിൽ ഒന്നിലെ ഓപ്പണിംഗ് ബാലൻസ് | പലിശ കണക്കാക്കുന്നതിനുള്ള അടിസ്ഥാനം | പലിശ നൽകാത്തത് |
|---|---|---|---|---|
| 1 | സംസ്ഥാന വനവൽക്കരണ നഷ്ടപരിഹാര നിധി | 56.16 | പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച സർക്കുലറുകൾ പ്രകാരം. (പ്രതിമാസ പ്രോഗ്രസീവ് ബാലൻസ് രീതി അനുസരിച്ച് കണക്കാക്കിയത്, 2023-24-ൽ 3.35 ശതമാനം) | 1.92 |
| **ആകെ** | | **56.16** | | **1.92** |

*ഉറവിടം: സാമ്പത്തിക കണക്കുകൾ 2024-25*

2024-25 കാലയളവിൽ സംസ്ഥാന വനവൽക്കരണ നഷ്ടപരിഹാര നിധിയിലെ ബാലൻസിന് ₹1.92 കോടിയുടെ പലിശ ബാധ്യത നൽകുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടു.

ഇനിയുള്ള എസ്ഡിജിയിൽ ഉൾപ്പെടുത്തി പലിശ തുക ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (ജനുവരി 2026).

### 3.2.2 നാഷണൽ പെൻഷൻ സിസ്റ്റത്തിലെ കൈമാറ്റത്തിലെ കുറവ്

2013 ഏപ്രിൽ 1-നോ അതിനുശേഷമോ നിയമിതരായ ജീവനക്കാർക്കായി, സംസ്ഥാന സർക്കാർ നാഷണൽ പെൻഷൻ സിസ്റ്റത്തിന് (എൻപിഎസ്) കീഴിൽ ഡിഫൈൻഡ് കോൺട്രിബ്യൂഷൻ പെൻഷൻ സ്കീം (ഡിസിപിഎസ്) നടപ്പിലാക്കി. ജീവനക്കാരുടെ 10 ശതമാനം വിഹിതവും തൊഴിലുടമയുടെ 10 ശതമാനം വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2024-25-ൽ, ₹1,131.10 കോടി ജീവനക്കാരന്റെ വിഹിതമായും ₹1,133.24 കോടി തൊഴിലുടമയുടെ വിഹിതമായും ബുക്ക് ചെയ്യപ്പെട്ടു, എന്നാൽ ₹2,264.34 കോടിയുടെ പൊതുകണക്കിലെ ബാലൻസിന് എതിരെ ₹2,263.41 കോടി എൻഎസ്ഡിഎൽ/ട്രസ്റ്റി ബാങ്കിലേക്ക് കൈമാറി. ₹0.93 കോടി കൈമാറ്റം ചെയ്യപ്പെടാതെ അവശേഷിച്ചു.

2013-25 കാലയളവിൽ, ഡിസിപിഎസ് വഴി ലഭിച്ച ആകെ ₹10,903.71 കോടിയിൽ (ജീവനക്കാർ: ₹5,449.08 കോടി, 2013 ലെ ഓപ്പണിംഗ് ബാലൻസ് ₹0.11 കോടി, തൊഴിലുടമ: ₹5,454.60 കോടി), ₹10,902.74 കോടി എൻഎസ്ഡിഎൽ/ ട്രസ്റ്റി ബാങ്കിലേക്ക് മാറ്റി, അതിന്റെ ഫലമായി ₹1.07 കോടിയുടെ സഞ്ചിത ഷോർട്ട് ട്രാൻസ്ഫർ ഉണ്ടായി. ജീവനക്കാരുടെ വിഹിതത്തിൽ നിന്നുള്ള വരവുകൾ, സർക്കാരിന്റെ സംഭാവന, അതിൽ നിന്നുള്ള പലിശ, പെൻഷൻ ഫണ്ടിലെ നിക്ഷേപം എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം 3.3** ൽ നൽകിയിരിക്കുന്നു.

### 3.2.3 കേരള റോഡ് സുരക്ഷാ നിധിയിലേക്ക് സെസ് കൈമാറാതിരുന്നത്

കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റ്, 2007 ലെ കേരള റോഡ് സുരക്ഷാ നിധിയെ സംബന്ധിച്ച സെക്ഷൻ 11(3) പ്രകാരം, സർക്കാർ മുൻവർഷത്തിൽ പിരിച്ച കോമ്പൗണ്ടിംഗ് ഫീസിന്റെ 50 ശതമാനത്തിന് തുല്യമായ തുക ഓരോ വർഷവും കേരള റോഡ് സുരക്ഷാ നിധിയിലേക്ക് നൽകണം. 2023-24 വർഷത്തിൽ പിരിച്ച ₹170.06 കോടിയിൽ നിന്ന് ₹85.03 കോടി കേരള റോഡ് സുരക്ഷാ നിധിയിലേക്ക് 2024-25ൽ സംസ്ഥാന സർക്കാർ കൈമാറേണ്ടതായിരുന്നു. എന്നാൽ, 2024-25 ൽ ₹85.03 കോടിയുടെ സെസ് തുക സർക്കാർ കേരള റോഡ് സുരക്ഷാ നിധിയിലേക്ക് കൈമാറിയിട്ടില്ല. 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ കേരള റോഡ് സുരക്ഷാ നിധിയിലേക്കുള്ള കൈമാറ്റത്തിലെ മൊത്തം കുറവ് ₹565.78 കോടിയാണ്.

### 3.2.4 സംസ്ഥാന മിനറൽ എക്സ്പ്ലോറേഷൻ ട്രസ്റ്റ്/സംസ്ഥാന മിനറൽ ഡെവലപ്മെന്റ് ഫണ്ട്

1957 ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിലെ സെക്ഷൻ 15 സബ്സെക്ഷൻ (എ) ക്ലോസ് (ജി)യിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ, നാഷണൽ മിനറൽ എക്സ്പ്ലോറേഷൻ ട്രസ്റ്റിന്റെ (എൻഎംഇടി) മാതൃകയിൽ സ്റ്റേറ്റ് മിനറൽ എക്സ്പ്ലോറേഷൻ ട്രസ്റ്റ് (എസ്എംഇടി)/സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് ഫണ്ട് (എസ്എംഡിഎഫ്) രൂപീകരിക്കുവാൻ എല്ലാ സംസ്ഥാന സർക്കാരുകളോടും മൈനിംഗ് മന്ത്രാലയം, ഭാരത സർക്കാർ, 19 നവംബർ 2024-ലെ കത്ത് മുഖേന നിർദേശിച്ചു.

കേരള സ്റ്റേറ്റ് മിനറൽ എക്സ്പ്ലോറേഷൻ ട്രസ്റ്റ് റൂൾസ്, 2025 രൂപീകരിച്ചിട്ടുണ്ടെന്നും(31 ഒക്ടോബർ 2025), റൂൾസിലെ ഖണ്ഡിക 7 അനുസരിച്ച് കേരള സ്റ്റേറ്റ് മിനറൽ എക്സ്പ്ലോറേഷൻ ട്രസ്റ്റ് ഫണ്ട് സംസ്ഥാന സർക്കാർ രൂപീകരിക്കുമെന്നും വ്യവസായ വകുപ്പ് (നവംബർ 2025) അറിയിച്ചു.

2025 ലെ കേരള സ്റ്റേറ്റ് മിനറൽ എക്സ്പ്ലോറേഷൻ ട്രസ്റ്റ് റൂൾസ്, വകുപ്പ് 8(3) പ്രകാരം, കേരള മൈനർ മിനറൽ കൺസഷൻ റൂൾസ്, 2015 ലെ ഷെഡ്യൂൾ-I അനുസരിച്ച് അടയ്ക്കുന്ന റോയൽറ്റിയുടെ രണ്ട് ശതമാനം മൈനർ മിനറലുകളുടെ ഖനന ലീസ് ഉടമകൾ ട്രസ്റ്റ് ഫണ്ടിലേക്ക് സംഭാവന നൽകേണ്ടതാണ്.

### 3.2.5 റീഫണ്ട് കേസുകളിലെ കുടിശ്ശിക ഫണ്ട്

റീഫണ്ട് കേസുകൾ തീർപ്പാക്കുന്നതിലെ വേഗത ബന്ധപ്പെട്ട വകുപ്പിന്റെ പ്രവർത്തനക്ഷമതയുടെ ഒരു പ്രധാന സൂചികയാണ്.

2024-25 വർഷത്തിലെ റീഫണ്ട് കേസുകളുടെ വിശദാംശങ്ങൾ എസ് ജി എസ് റ്റി, എക്സൈസ് വകുപ്പുകൾ റിപ്പോർട്ട് ചെയ്തത് **പട്ടിക 3.7**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.7: റീഫണ്ട് കേസുകളുടെ വിശദാംശങ്ങൾ**

**(₹ കോടിയിൽ )**

| ക്രമ നമ്പർ | വിശദാംശങ്ങൾ | എക്സൈസ് | | വിൽപ്പന നികുതി | | വാറ്റ് | | എ.ഐ.ടി | | ജി.എസ്.ടി | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കേസുകളുടെ എണ്ണം | തുക | കേസുകളുടെ എണ്ണം | തുക | കേസുകളുടെ എണ്ണം | തുക | കേസുകളുടെ എണ്ണം | തുക | കേസുകളുടെ എണ്ണം | തുക | കേസുകളുടെ എണ്ണം | തുക |
| 1. | വർഷാരംഭത്തിൽ തീർപ്പാക്കാത്ത ക്ലെയിമുകൾ | 32 | 2.00 | 3 | 9.96 | 116 | 40.66 | 3 | 1.49 | 642 | 292.79 | 796 | 346.90 |
| 2. | വർഷത്തിൽ ലഭിച്ച ക്ലെയിമുകൾ | 11 | 0.42 | 5 | 1.29 | 284 | 89.01 | 8 | 3.58 | 2951 | 634.34 | 3259 | 728.64 |
| 3. | വർഷത്തിൽ നൽകിയ റീഫണ്ടുകൾ | 20 | 1.84 | 2 | 0.95 | 252 | 75.35 | 8 | 3.58 | 3026 | 732.98 | 3308 | 814.70 |
| 4. | വർഷത്തിൽ നിരസിച്ച റീഫണ്ടുകൾ | 0 | 0 | 0 | 0.00 | 28 | 10.09 | 0 | 0.00 | 480 | 154.95 | 508 | 165.04 |
| 5. | വർഷാവസാനം കുടിശ്ശികയുള്ള തുക | 23 | 0.58 | 6 | 10.30 | 120 | 44.23 | 3 | 1.49 | 87 | 39.20 | 239 | 95.80 |

*ഉറവിടം: വകുപ്പുതല വിവരങ്ങൾ*

2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, തീർപ്പാക്കാത്ത റീഫണ്ട് കേസുകൾ കാരണം ബാക്കി നിൽക്കുന്ന ബാധ്യതകൾ ₹95.80 കോടിയാണ്.

## 3.3 വർഗ്ഗീകരണത്തിലെ പിശക്

എസ് ബി ഐ യുടെ തിരുവനന്തപുരം ട്രഷറി ബ്രാഞ്ചിലെ കേരള സർക്കാരിന്റെ കറന്റ് അക്കൗണ്ട് നമ്പർ 67146398542 ലേക്ക് റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് വായ്പയായി ₹7.80 കോടി നബാർഡ് 2024 ഡിസംബറിൽ ക്രെഡിറ്റ് ചെയ്തു. അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) പൂരിപ്പിച്ച ചലാൻ എസ്ബിഐ മാനേജർക്ക് നൽകുകയും, 6003-00-105-97-നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ നിന്നുള്ള വായ്പകൾ എന്ന അക്കൗണ്ടിംഗ് ശീർഷകത്തിലേക് ₹ 7.80 കോടി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനും അഭ്യർത്ഥിച്ചു. എന്നാൽ തുക 6003-00-105-97 എന്ന ഹെഡിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് പകരം 8011-00-105-89 ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് സ്കീം എന്ന ഹെഡിലേക്ക് ക്രെഡിറ്റ് ചെയ്യുകയുണ്ടായി. വായ്പയുടെ തെറ്റായ വർഗ്ഗീകരണം കാരണം 2024-25 വർഷത്തിൽ 6003-00-105-97 എന്ന

ഹെഡ് ഓഫ് അക്കൗണ്ടിൽ കടമെടുത്ത ഫണ്ടുകൾ ₹7.80 കോടി കുറച്ചുകാണിക്കുന്നതിനും പൊതു കണക്കു വരവുകൾ കൂടുതലായി കാണിക്കുന്നതിനും ഇടയാക്കി.

എജി(എ&ഇ)ക്ക് 2025-26 വർഷത്തെ കണക്കുകളിൽ ആൾട്ടറേഷൻ മെമ്മോറാണ്ടം സമർപ്പിച്ചുകൊണ്ട് തെറ്റായ വർഗ്ഗീകരണം തിരുത്താൻ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി (ഡിസംബർ 2025).

## സുതാര്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

### 3.4 വിനിയോഗ സാക്ഷ്യപത്രം (യുസി) സമർപ്പിക്കുന്നതിലെ കാലതാമസം

1963 ലെ കേരള ഫിനാൻഷ്യൽ കോഡ്, അദ്ധ്യായം VIII അനുഛേദം 210(1) (ഭേദഗതി) പ്രകാരം, ഗ്രാന്റ് സ്വീകർത്താവിന് ലഭിച്ച ധനസഹായത്തിനെ സംബന്ധിച്ച്, ഗ്രാന്റ് ലഭിച്ച തീയതി മുതൽ രണ്ട് വർഷത്തിനകമോ (വിനിയോഗ കാലയളവിന്റെ ഏറ്റവും കൂടിയ സമയപരിധി ഒരു വർഷമാണ്. ഗ്രാന്റിന്റെ വിനിയോഗത്തിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള സമയപരിധി അവസാനിച്ചതിന് ശേഷം, ഒപ്പ് വയ്ക്കുന്നതോ മേലൊപ്പ് വയ്ക്കുന്നതോ ആയ അധികാരികൾക്ക് ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കുന്നതിന് ഒമ്പത് മാസവും, വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് വേണ്ടി ഓഡിറ്റ് ചെയ്ത കണക്കുകൾ ലഭിച്ച തീയതി മുതൽ മൂന്ന് മാസവും) അല്ലെങ്കിൽ അതേ വിഷയത്തിൽ കൂടുതൽ ഗ്രാന്റിന് വേണ്ടി അപേക്ഷിക്കുന്നതിന് മുമ്പോ, ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത്, അതിനകം വിനിയോഗ സാക്ഷ്യപത്രങ്ങൾ(യൂസികൾ) ധനസഹായം അനുവദിച്ച അധികാരിക്ക് നല്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാതിരിക്കുന്നിടത്തോളം, സാമ്പത്തിക കണക്കുകളിൽ കാണിച്ചിരിക്കുന്ന തുകകൾ ഗുണഭോക്താക്കളിലേക്ക് എത്താതിരിക്കുന്നതിനുള്ള സാധ്യതയുണ്ട്.

2024-25 വർഷത്തിൽ, 2023 മാർച്ച് 31 വരെ ഡ്രോ ചെയ്ത ₹1,189.13 കോടിയുടെ ഗ്രാന്റ്-ഇൻ-എയ്ഡ് ബില്ലുകളുടെ യുസികൾ സമർപ്പിക്കേണ്ടതായിരുന്നു. അതിനുപുറമെ, വർഷത്തിന്റെ തുടക്കത്തിൽ ₹1.88 കോടിയുടെ യുസികൾ കുടിശ്ശികയിലുമായിരുന്നു. വർഷത്തിൽ, കുടിശികയായ ₹1,179.31 കോടിയുടെ യുസികൾ തീർപ്പാക്കിയിട്ടുണ്ട്. **പട്ടിക 3.8**-ൽ നൽകിയിരിക്കുന്നതുപോലെ 2025 മാർച്ച് 31-ന് ₹11.70 കോടിയുടെ യുസികൾ കുടിശ്ശികയിലാണ്.

**പട്ടിക 3.8: വിനിയോഗ സാക്ഷ്യപത്രങ്ങളുടെ കാലം തിരിച്ചുള്ള കുടിശ്ശിക**

**(₹ കോടിയിൽ )**

| യുസി നൽകേണ്ട വർഷം[49] | കുടിശ്ശികയായ യുസി-കളുടെ എണ്ണം | തുക |
|---|---|---|
| 2022-23 (2021 മാർച്ച് 31 വരെ അനുവദിച്ച ഗ്രാന്റുകൾ) | 3 | 0.29 |
| 2023-24 (2022 മാർച്ച് 31 വരെ അനുവദിച്ച ഗ്രാന്റുകൾ) | 4 | 1.60 |
| 2023-24 (2023 മാർച്ച് 31 വരെ അനുവദിച്ച ഗ്രാന്റുകൾ) | 16 | 9.81 |
| **ആകെ** | **23** | **11.70** |

*ഉറവിടം: 2024-25 ലെ സാമ്പത്തിക കണക്കുകളും അക്കൗണ്ടന്റ് ജനറൽ (എ & ഇ) ഓഫീസ് നൽകിയ വിവരങ്ങളും*

[49] മുകളിൽ സൂചിപ്പിച്ച വർഷം കുടിശ്ശികയായ വർഷമാണ്. അതായത് യഥാർത്ഥ പിൻവലിക്കൽ കഴിഞ്ഞ് 24 മാസങ്ങൾക്ക് ശേഷം

**ചാർട്ട് 3.2: 2025 മാർച്ച് 31 വരെയുള്ള അഞ്ച് പ്രധാന വകുപ്പുകളിലെ കുടിശ്ശികയായി യുസികൾ**




*ഉറവിടം: അക്കൗണ്ടന്റ് ജനറൽ (എ&ഇ) ഓഫീസ്, കേരളം*

യുസികൾ സമർപ്പിക്കാതിരിക്കുന്നത് ദുരുപയോഗത്തിനുള്ള സാധ്യതയ്ക്കിടവരുത്തുമെന്നതിനാൽ, സംസ്ഥാന സർക്കാർ ഇക്കാര്യം സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതും യുസികൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട വ്യക്തികൾക്ക് ഉത്തരവാദിത്തം ചുമത്തേണ്ടതുമാണ്.

ഗ്രാന്റ്-ഇൻ-എയ്ഡുമായി ബന്ധപ്പെട്ട യുസികൾ അക്കൗണ്ടന്റ് ജനറലിന് നേരിട്ട് നൽകുന്നതിന് ഭരണ വകുപ്പുകൾക്കും ചീഫ് കൺട്രോളിംഗ് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (ജനുവരി 2026). സംസ്ഥാന സർക്കാർ നൽകുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് നിരീക്ഷിക്കുന്നതിനുള്ള പുതിയ മൊഡ്യൂൾ അന്തിമ ഘട്ടത്തിലാണെന്നും പ്രസ്താവിച്ചു.

## 3.5 ക്രമീകരിക്കാത്ത താൽക്കാലിക മുൻകൂറുകൾ

അബ്സ്ട്രാക്റ്റ് കണ്ടിൻജന്റ് (എസി) ബില്ലുകൾ എടുക്കുകയും തുടർന്ന് വിശദമായ കണ്ടിൻജന്റ് (ഡിസി) ബില്ലുകൾ അക്കൗണ്ടന്റ് ജനറലിന്റെ (എ & ഇ) ഓഫീസിൽ സമർപ്പിക്കുകയും ചെയ്യുന്ന സംവിധാനം കേരള സർക്കാർ നിർത്തലാക്കി. പകരം, കേരള ഫിനാൻഷ്യൽ കോഡ് (കെഎഫ്സി) വാല്യം-I ലെ ആർട്ടിക്കിൾ 99 പ്രകാരം അന്തിമ ബിൽ അവതരിപ്പിക്കുന്നതിന് മൂന്ന് മാസത്തെ സമയപരിധി നിശ്ചയിച്ചുകൊണ്ട് ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർക്ക് (ഡിഡിഒ) പ്രത്യേക ആവശ്യങ്ങൾക്കായി താൽക്കാലിക മുൻകൂറുകൾ (ടിഎ) എടുക്കുവാൻ അധികാരം നൽകിയിട്ടുണ്ട്.

2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, ₹163.33 കോടിയുടെ 4,737 താൽക്കാലിക മുൻകൂർ ബില്ലുകൾ കുടിശ്ശികയിലാണ്. അതിൽ **പട്ടിക 3.9** ൽ കാണിച്ചിരിക്കുന്നതുപോലെ 1,865 താൽക്കാലിക ബില്ലുകളിലായി 2024-25 വർഷത്തിൽ പിൻവലിച്ച ₹42.44 കോടിയും ഉൾപ്പെടുന്നു.

**പട്ടിക 3.9 : 2025 മാർച്ച് 31 വരെ തീർപ്പാക്കാത്ത താൽക്കാലിക മുൻകൂർ ബില്ലുകളുടെ വിശദാംശങ്ങൾ**

| വർഷം | തീർപ്പാക്കാത്ത താൽക്കാലിക അഡ്വാൻസ് ബില്ലുകളുടെ എണ്ണം | തുക (₹ കോടിയിൽ) |
|---|---|---|
| 2023-24 വരെ | 2,872 | 120.89 |
| 2024-25 | 1,865 | 42.44 |
| **ആകെ** | **4,737** | **163.33** |

*ഉറവിടം: സാമ്പത്തിക കണക്കുകൾ 2024-25 ഉം അക്കൗണ്ടന്റ് ജനറൽ (എ & ഇ) യുടെ ഓഫീസ് നൽകിയ വിവരങ്ങളും*

ദീർഘകാലമായി മുൻകൂറുകൾ ക്രമീകരിക്കാതിരിക്കുന്നത് ദുരുപയോഗത്തിന് ഇടയാക്കുമെന്നതിനാൽ താൽക്കാലിക മുൻകൂറുകൾക്കെതിരെ വിശദമായ വൗച്ചറുകൾ സമർപ്പിക്കുന്നത് ഉറപ്പാക്കുന്നതിന് ഡിഡിഒമാരുടെ സൂക്ഷ്മ നിരീക്ഷണം ആവശ്യമാണ്.

## 3.6 ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് ക്രമരഹിതമായി ഫണ്ടുകളുടെ തിരിച്ചെടുക്കൽ

സംസ്ഥാനത്ത് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി സഞ്ചിതനിധിയിൽ നിന്ന് ഫണ്ടുകൾ മാറ്റുന്നതിനായി, കേരള ട്രഷറി കോഡിലെ റൂൾ 37 പ്രകാരം രൂപീകരിച്ച, സംസ്ഥാന ട്രഷറികളിൽ പരിപാലിക്കുന്ന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ സംസ്ഥാന സർക്കാർ ഉപയോഗിക്കുന്നു.

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും നിയമപരമായ കോർപ്പറേഷനുകൾക്കും ഉള്ള ഗ്രാന്റ്സ്-ഇൻ-എയ്ഡ്, വായ്പകൾ,നിക്ഷേപങ്ങൾ തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി സഞ്ചിതനിധിയിൽ നിന്നും നൽകുന്ന ഫണ്ടുകളിലെ ചെലവാകാതെ ശേഷിക്കുന്ന ബാലൻസുകൾ താത്കാലികമായി സൂക്ഷിക്കുന്നതിനായി നിർദ്ദിഷ്ട കാലയളവിലേക്ക് സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് (എസ്.റ്റി.എസ്.ബി) വരവു വയ്ക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ/മറ്റു സ്ഥാപനങ്ങൾ, വെൽഫെയർ ഫണ്ട് ബോർഡുകൾ എന്നിവർക്കും അവരുടെ സ്വന്തം ഫണ്ടുകൾ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാൻ സർക്കാർ അനുമതി നൽകുന്നു.കേരള ട്രഷറി കോഡിലെ അനുബന്ധം 3ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരമാണ് സംസ്ഥാന ട്രഷറിയിലെ റ്റി എസ് ബി അക്കൗണ്ടുകൾ നിയന്ത്രിക്കപ്പെടുന്നത്.

റ്റി എസ് ബി അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യുന്ന തുകകൾ '8031-00-102-99 – സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റുകൾ','8031-00-102-98 –ഫിക്സ്ഡ് ആൻഡ് ടൈം ഡെപ്പോസിറ്റുകൾ' എന്നീ അക്കൗണ്ട് ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെടുന്നു. 2025 മാർച്ച് 31ന് 'സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റുകൾക്കു' കീഴിൽ ₹10,551.83 കോടിയും 'ഫിക്സ്ഡ് ആൻഡ് ടൈം ഡെപ്പോസിറ്റുകൾക്ക്' കീഴിൽ ₹68,847.98 കോടിയും ഉണ്ട്.

2025 മാർച്ച് 26 തീയതിയിലുള്ള സർക്കാർ ഉത്തരവിലൂടെ[50], സർക്കാർ വകുപ്പുകൾ, സംസ്ഥാന ഉടമസ്ഥതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ എസ്.ടി. എസ്.ബി അക്കൗണ്ടുകളിൽ കിടക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് തിരിച്ചെടുക്കാൻ സംസ്ഥാന സർക്കാർ ഉത്തരവിട്ടു. അതനുസരിച്ച്, സർക്കാർ വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിവിധ എസ്.ടി.എസ്.ബി

[50] ധനകാര്യം (സ്ട്രീം ലൈനിംഗ്) വകുപ്പിന്റെ ജി. ഒ (പി) നമ്പർ. 35/2025/ഫിൻ തീയതി 26 മാർച്ച് 2025

അക്കൗണ്ടുകളിൽ ഉണ്ടായിരുന്ന ₹7,171.55 കോടി ജില്ലാ ട്രഷറി ഓഫീസർമാർ മുഖേന സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് തിരിച്ചെടുത്തു.

തിരിച്ചെടുത്ത ₹7,171.55 കോടിയിൽ, ₹6,112.43 കോടിയും ' 2075-00-911-94 അധികമായി നല്കിയ തുകയുടെ കിഴിവ് -നിർജീവമായ ട്രഷറി അക്കൗണ്ടുകളിൽ നിന്നും എടുത്ത തുകയുടെ റീഫണ്ട്' എന്ന പൊതുവായ അക്കൗണ്ട് ഹെഡിലേക്കാണ് തിരിച്ചെടുത്തത്.

ലിസ്റ്റ് ഓഫ് മേജർ ആൻഡ് മൈനർ ഹെഡ്സ് ഓഫ് അക്കൗണ്ട്സിലെ പൊതുനിർദേശങ്ങളുടെ ഖണ്ടിക 3.10 പ്രകാരം, മുൻവർഷങ്ങളെ സംബന്ധിക്കുന്ന റവന്യൂ ചെലവിലെ ഓവർ പെയ്മെന്റുകളുടെ റിക്കവറി,ചെലവ് ആദ്യമായി നേരിട്ട അതാത് മേജർ ഹെഡിന് താഴെയുള്ള പ്രത്യേക മൈനർ ഹെഡിന് (കിഴിവ് അധികം തുക നൽകിയതിന്റെ റിക്കവറി) കീഴിൽ രേഖപ്പെടുത്തേണ്ടതാണ്. അതേ സാമ്പത്തിക വർഷത്തിലെ ഓവർ പെയ്മെന്റുകളുടെ റിക്കവറി, ബന്ധപ്പെട്ട ചെലവിന്റെ അക്കൗണ്ട് ഹെഡിന് കീഴിൽ ചെലവ് കുറക്കുന്നതായി രേഖപ്പെടുത്തണം.

പൊതുനിർദ്ദേശങ്ങളുടെ ഖണ്ടിക 4.3 പ്രകാരം, മൂലധന ചെലവിന്റെ കാര്യത്തിൽ,തുടക്കത്തിൽ മൂലധന ചെലവ് നടത്തിയ വിവിധ മൂലധന മേജർ/സബ് മേജർ ഹെഡുകൾക്ക് കീഴിൽ,പ്രത്യേക സബ് ഹെഡുകൾ (ഡിഡക്റ്റ് റെസിപ്റ്റ്സ് ആൻഡ് റിക്കവറീസ് ഓൺ ക്യാപിറ്റൽ അക്കൗണ്ട്) തുറക്കേണ്ടതാണ്.

വിവിധ റവന്യൂ, മൂലധന അക്കൗണ്ട് ഹെഡുകളിൽ ആദ്യം ഡെബിറ്റ് ചെയ്ത തുകകൾ ' 2075-00-911' എന്ന പൊതുവായ അക്കൗണ്ട് ഹെഡിലേക്ക് ക്രെഡിറ്റ് ബാക്ക് ചെയ്യുന്നത്, കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ് പ്രസിദ്ധീകരിച്ച ലിസ്റ്റ് ഓഫ് മേജർ ആൻഡ് മൈനർ ഹെഡ്സിലെ (എൽ.എം.എം.എച്ച്) ഖണ്ടിക 3.10, 4.3 എന്നിവയിലെ പൊതു നിർദ്ദേശങ്ങളുടെ ലംഘനമാണ്. ഇത് സർക്കാരിന്റെ സാമ്പത്തിക നിലയെ സംബന്ധിക്കുന്ന പ്രധാന സൂചികകളെ വികലമാക്കുകയും ചെയ്യും.

സാമ്പത്തികവർഷാവസാനത്തിൽ നടത്തുന്ന തിരിച്ചെടുക്കൽ പദ്ധതിയിൽ, നിലവിലെ അക്കൗണ്ടിംഗ് പ്രക്രിയയിലെ ഉറവിടം തിരിച്ചുള്ള വിവരങ്ങളുടെ അഭാവം മൂലം, ശേഷിക്കുന്ന ബാലൻസ് തുകയുടെ പ്രോഗ്രാം തിരിച്ചുള്ള സ്പ്ലിറ്റ് അപ്പും ഓരോ വ്യക്തിഗത പ്രോജക്റ്റ് ചെലവിനും ലഭ്യമായ തുകയും കണ്ടു പിടിക്കുവാൻ ട്രഷറിയ്ക്കു കഴിയുന്നില്ലെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (ജനുവരി 2026). ഇത്തരത്തിൽ ഫണ്ടുകൾ കണ്ടുപിടിയ്ക്കുവാൻ കഴിയാത്തത്, ഓരോ പ്രോഗ്രാമിന്റെ കീഴിലും ലഭ്യമായ ബാലൻസുകളുടെ കൃത്യമായ തിരിച്ചെടുക്കൽ ഉറപ്പാക്കുന്നതിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

തുകകൾ ആദ്യം ഡെബിറ്റ് ചെയ്ത യഥാർത്ഥ അക്കൗണ്ട് ഹെഡുകളിൽ നിന്നും തിരിച്ചെടുക്കാതെ പൊതുവായ അക്കൗണ്ട് ഹെഡിലേക്ക് എസ്റ്റിഎസ്ബി അക്കൗണ്ടിലെ ഫണ്ടുകൾ തിരിച്ചെടുക്കുന്നത് ലിസ്റ്റ് ഓഫ് മേജർ ആൻഡ് മൈനർ ഹെഡിൽ പ്രതിപാദിച്ചിരിക്കുന്ന അക്കൗണ്ടിംഗ് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ മറുപടി അംഗീകരിക്കാനാകില്ല. ഇത് ബന്ധപ്പെട്ട സർവീസ് ഹെഡുകൾക്കെതിരായ ചെലവ് കൂട്ടികാണിക്കുന്നതിനും അക്കൗണ്ട് ഹെഡ് 2075 ലെ ചെലവ് കുറച്ച് കാണിക്കുന്നതിനും ഇടയാക്കും.

ഫണ്ടുകൾ തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### എ . സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ പൊതുസംഭാവനകൾ ക്രമരഹിതമായി തിരിച്ചെടുത്തത്

2024-25 വർഷത്തിൽ, അഞ്ച് എസ്റ്റിഎസ്ബി അക്കൗണ്ടുകളിൽ കിടന്നിരുന്ന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി (സിഎംഡിആർഎഫ്) ബന്ധപ്പെട്ട ₹262.06 കോടിയുടെ പൊതുസംഭാവനകൾ '2075-00-911-94 – അധികമായി നൽകിയ തുകയുടെ കിഴിവ് -നിർജീവമായ ട്രഷറി അക്കൗണ്ടുകളിൽ നിന്നും എടുത്ത തുകയുടെ റീഫണ്ട്' എന്ന അക്കൗണ്ട് ഹെഡിൻ കീഴിൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചെടുത്തു. കാൻസർ ബാധിതരായ കുട്ടികൾ, 2018ലെ പ്രളയം, വയനാട് ഉരുൾപൊട്ടൽ തുടങ്ങിയ ആവശ്യങ്ങൾക്ക് ധനസഹായം നൽകുന്നതിന് പൊതുജനങ്ങളിൽ നിന്നും സർക്കാർ ജീവനക്കാരിൽ നിന്നും ലഭിച്ച സംഭാവനകൾ തുടങ്ങിയ സർക്കാരിതര ഫണ്ടുകളാണ് ഈ അക്കൗണ്ടുകളിൽ ഉണ്ടായിരുന്നത്. എസ്റ്റിഎസ്ബി അക്കൗണ്ടുകളിൽ കിടന്നിരുന്ന ഇത്തരത്തിലുള്ള സർക്കാരിതര ഫണ്ടുകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചെടുത്തത് ക്രമരഹിതമാണ്. ഇത് ഈ വർഷത്തെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയും ധനക്കമ്മിയും ₹262.06 കോടി കുറച്ചു കാണിക്കുന്നതിനിടയാക്കി. ഭാവിയിൽ ഇത്തരം അക്കൗണ്ടിംഗ് പിശകുകൾ ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്.

എസ്.ടി.എസ്.ബി അക്കൗണ്ടുകളിൽ സാമ്പത്തിക വർഷാവസാനം വിനിയോഗിക്കാതെ കിടക്കുന്ന തുകകൾ പൊതു കണക്കിന്റെ വലിപ്പം കുറയ്ക്കാൻ വേണ്ടി എല്ലാ വർഷവും തിരിച്ചെടുക്കാറുണ്ടെന്ന് സർക്കാർ മറുപടി നൽകി (2026 ജനവരി). തിരിച്ചെടുത്ത സിഎംഡിആർഎഫ് ഫണ്ടുകൾ അതാത് എസ്.ടി.എസ്.ബി അക്കൗണ്ടുകളിൽ അടുത്ത സാമ്പത്തിക വർഷത്തിന്റെ പ്രഥമ വാരത്തിൽ തന്നെ റീ അലോക്കേറ്റ് ചെയ്തു കൊടുത്തു.

സിഎംഡിആർഎഫ് ഫണ്ടുകൾ സഞ്ചിത നിധിയിലേക്ക് തിരിച്ചെടുക്കുന്ന സന്ദർഭം ഭാവിയിൽ ഉണ്ടാകില്ലെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) എക്സിറ്റ് കോൺഫെറൻസിൽ പ്രസ്താവിച്ചു.

തിരിച്ചെടുത്ത ഫണ്ടുകൾ അടുത്ത സാമ്പത്തിക വർഷത്തിന്റെ പ്രഥമ വാരത്തിൽ തന്നെ റീ അലോക്കേറ്റ് ചെയ്തത് ഞങ്ങൾ ശ്രദ്ധിച്ചെങ്കിലും, പൊതുജനങ്ങളിൽ നിന്നും സർക്കാർ ജീവനക്കാരിൽ നിന്നും സംഭാവനയായി ലഭിച്ച സർക്കാരിതര ഫണ്ടുകൾ, പൊതു കണക്കിലെ ബാധ്യതകൾ കുറയ്ക്കാനും ധന/റവന്യൂ കമ്മികൾ കുറയ്ക്കാനും സഞ്ചിത നിധിയിലേക്ക് തിരിച്ചെടുക്കുന്നത് ക്രമരഹിതവും അക്കൗണ്ടിംഗ് തത്വങ്ങളുടെ ലംഘനവും ആണ്.

### ബി . കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയ ₹494.29 കോടിയുടെ ക്രമരഹിതമായ തിരിച്ചെടുക്കൽ

ധനകാര്യ മന്ത്രാലയത്തിലെ ചെലവ് വകുപ്പ് ഓരോ സാമ്പത്തിക വർഷത്തിനുമുള്ള സംസ്ഥാനങ്ങളുടെ നെറ്റ് ബോറോയിംഗ് സീലിംഗ് (എൻബിസി) സംസ്ഥാനങ്ങളുടെ പ്രതീക്ഷിത ജിഎസ്ഡിപിയുടെ അടിസ്ഥാനത്തിലും ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പരിഗണിച്ചും നിശ്ചയിക്കുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച്, 2024-25 സാമ്പത്തിക വർഷത്തിലെ സംസ്ഥാനങ്ങളുടെ സാധാരണ എൻബിസി പ്രതീക്ഷിത ജിഎസ്ഡിപിയുടെ മൂന്ന് ശതമാനമായി നിശ്ചയിക്കാൻ തീരുമാനിച്ചു. ഇതോടൊപ്പം, വൈദ്യുതി ഉപഭോഗത്തിൽ സ്ഥിരമായ

വർധന പ്രോത്സാഹിപ്പിക്കുന്നതിനായി, ജിഎസ്ഡിപിയുടെ മൂന്ന് ശതമാനം എന്ന മുൻ പരാമർശിച്ച പരിധിക്കുപരിയായി **0.50** ശതമാനം അധിക വായ്പ പരിധിയും സംസ്ഥാനങ്ങൾക്ക് അനുവദിച്ചു. ഇതുസംബന്ധിച്ച് ഭാരത സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദേശങ്ങൾ പ്രകാരം, **2024-25** കാലയളവിലെ ജിഎസ്ഡിപിയുടെ **0.50** ശതമാനമെന്ന അധിക കടമെടുപ്പിന് അർഹത നേടുന്നതിന് വേണ്ടി, മറ്റ് നിബന്ധനകൾക്കൊപ്പം എല്ലാ പൊതുമേഖലാ ഡിസ്കോമുകളുടെയും **2023-24** വർഷത്തിലെ നഷ്ടത്തിന്റെ **90** ശതമാനം സംസ്ഥാനം ഏറ്റെടുക്കേണ്ടതുണ്ട്.

അതനുസരിച്ച്, **2024-25**ൽ ജിഎസ്ഡിപിയുടെ **0.50** ശതമാനം അധിക വായ്പ നേടുന്നതിനായി, സംസ്ഥാന സർക്കാർ **01** ഡിസംബർ **2024**-ലെ സർക്കാർ ഉത്തരവിലൂടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബിഎൽ) നേരിട്ട മൊത്തം നഷ്ടത്തിന്റെ **90** ശതമാനമായ **₹494.29** കോടി ഏറ്റെടുക്കാൻ അനുമതി നൽകുകയും പ്രസ്തുത തുക **2024** ഡിസംബർ **26**ന് കെഎസ്ഇബിഎൽ ന്റെ എസ്റ്റിഎസ്ബി അക്കൗണ്ടിലേക്ക് വരവു വയ്ക്കുകയും ചെയ്തു. തുടർന്ന്, **2025** മാർച്ച് **24**ന് ഭാരത സർക്കാർ, ഓപ്പൺ മാർക്കറ്റ് കടമെടുപ്പുവഴി **2024-25** വർഷത്തിൽ **₹6,149** കോടിയുടെ അധിക വായ്പ എടുക്കാൻ സംസ്ഥാന സർക്കാരിന് അനുമതി നൽകി.

എന്നാൽ തുടർന്ന്, **2025** മാർച്ച് **26**ന് കെഎസ്ഇബിഎൽ ന്റെ എസ്റ്റിഎസ്ബി അക്കൗണ്ടിൽ കിടന്നിരുന്ന **₹494.29** കോടി **'2075-00-911-94'** എന്ന പൊതുവായ അക്കൗണ്ട് ഹെഡിലൂടെ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് സർക്കാർ തിരിച്ചെടുത്തു. തിരിച്ചെടുത്ത **₹494.29** കോടി ഇതുവരെ കെഎസ്ഇബിഎൽ ന് മടക്കിനൽകിയിട്ടില്ലെന്ന് കെഎസ്ഇബിഎൽ മറുപടി നൽകി (**2025** സെപ്റ്റംബർ).

**2024-25** വർഷത്തിൽ **₹6,149** കോടിയുടെ അധിക വായ്പ നേടിയ ശേഷം, അധിക വായ്പയുടെ അർഹത നേടുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നതിനായി കെഎസ്ഇബിഎൽ നേരിട്ട നഷ്ടത്തിന്റെ **90** ശതമാനം ഏറ്റെടുക്കുന്നതിന് കെഎസ്ഇബിഎൽ ന് നൽകിയ **₹494.29** കോടി തിരിച്ചെടുത്തത് സാമ്പത്തിക ഔചിത്യത്തിന്റെ ഗുരുതരമായ ലംഘനവും ആയതിനാൽ അത്യന്തം ക്രമരഹിതവുമാണ്.

തിരിച്ചെടുത്ത **₹ 494.29** കോടി, കെ.എസ്.ഇ.ബി.എൽ പിരിച്ച് കൈവശം വച്ചിരിക്കുന്ന വൈദ്യുതി തീരുവയ്ക്കെതിരെ നെറ്റ് ഓഫ് ചെയ്യുവാൻ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു (**02** നവംബർ **2025**).
തിരിച്ചെടുത്ത തുക കെഎസ്ഇബിഎൽ കൈവശം വച്ചിട്ടുള്ള വൈദ്യുതി തീരുവയ്ക്കെതിരെ **2025** നവംബറിൽ ക്രമീകരിച്ചിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (**2026** ജനുവരി).

### സി . നഗര തദ്ദേശ സ്ഥാപനങ്ങളുടെ കുടിശ്ശിക തീർക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയ ₹719.15 കോടിയുടെ തിരിച്ചെടുക്കൽ

ഭാരത സർക്കാർ പുറപ്പെടുവിച്ച (**2024** ജനുവരിയിലും **2024** ഏപ്രിലും) യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം, **15**-ാം ധനകാര്യ കമ്മീഷന്റെ യുഎൽബി/ ആർഎൽബി ഗ്രാന്റുകൾ ലഭിക്കുവാനായി മുൻ ധനകാര്യ കമ്മീഷന്റെ (**14**-ാം ധനകാര്യ കമ്മീഷൻ) ഗ്രാന്റുകളിലെ ചെലവാക്കാത്ത ബാക്കി തുകയെപ്പറ്റി ഒരു സാക്ഷ്യപത്രം സംസ്ഥാനം സമർപ്പിക്കുകയും, ചെലവഴിക്കാത്ത ബാക്കി തുക പരിഗണനയിലുള്ള ഗഡുവിന്റെ **10** ശതമാനത്തെ കവിയാതിരിക്കുകയും വേണം. മുകളിലെ നിബന്ധന പാലിക്കുന്നതിനായി, സംസ്ഥാന സർക്കാർ **14**-ാം ധനകാര്യ കമ്മീഷന്റെ യുഎൽബി ഗ്രാന്റുകളിൽ ചെലവാക്കാതെ ശേഷിച്ച **₹719.15** കോടി, നഗര സ്വയംഭരണ സ്ഥാപനങ്ങൾ (യുഎൽബി) കേരള വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള പൊതുടാപ്പുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി **'3604-00-200-90'** എന്ന

അക്കൗണ്ട് ഹെഡിൽ ഡെബിറ്റ് ചെയ്തു വാട്ടർ അതോറിറ്റിയ്ക്ക് അനുവദിച്ചു (മാർച്ച് 2025). പ്രസ്തുത തുക 2025 മാർച്ച് 27-ന് വാട്ടർ അതോറിറ്റിയുടെ എസ്റ്റിഎസ്ബി അക്കൗണ്ടിൽ വരവു വച്ചു.

വാട്ടർ അതോറിറ്റിയ്ക്ക് മാറ്റിയ മുഴുവൻ തുകയും തുടർന്ന് 2025 മാർച്ച് 29-ന് തിരിച്ചെടുത്ത് '2075-00-911-94 – അധികമായി നൽകിയ തുകയുടെ കിഴിവ് - നിർജീവമായ ട്രഷറി അക്കൗണ്ടുകളിൽ നിന്നും എടുത്ത തുകയുടെ റീഫണ്ട്' എന്ന അക്കൗണ്ട് ഹെഡിൽ ക്രെഡിറ്റ് ബാക്ക് ചെയുകയും മൈനസ് ചെലവായി രേഖപ്പെടുത്തുകയും ചെയ്തു. യുഎൽബികൾക്കുള്ള 15-ാം ധനകാര്യ കമ്മീഷന്റെ അൺടൈഡ് ഗ്രാന്റിന്റെ ആദ്യ ഗഡുവായി ₹78 കോടി ഭാരത സർക്കാർ 2025 മാർച്ച് 31-ന് നൽകുകയുണ്ടായി.

ഫണ്ടുകൾ തിരിച്ചെടുത്തത് '3604-00-200-90' എന്ന അക്കൗണ്ട് ഹെഡിൽ ₹719.15 കോടിയുടെ ചെലവ് അധികമായി കാണിക്കുന്നതിനും '2075-00-911-94' എന്ന അക്കൗണ്ട് ഹെഡിൽ അത്രയും തുക കുറച്ച് കാണിക്കുന്നതിനും ഇടയാക്കി.

കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിഎസ്ബി അക്കൗണ്ട് നമ്പർ 701011400000090 പ്രവർത്തനരഹിതമായതിനാലും തുക വിനിയോഗിക്കാതെ കിടന്നതിനാലും ആണ് തുക തിരിച്ചെടുത്തതെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (ജനവരി 2025). കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിഎസ്ബി അക്കൗണ്ട് നമ്പർ 701011400000181ൽ 2025 മാർച്ച് 27ന് വരവു വച്ച ₹719.15 കോടിയുടെ ഫണ്ട് തിരിച്ചെടുത്തതിനെക്കുറിച്ചാണ് ഓഡിറ്റ് പരാമർശം എന്നതിനാൽ മറുപടി സ്വീകാര്യമല്ല.

### ഡി . മൂലധന അക്കൗണ്ട് ഹെഡിൽ ആദ്യം ഡെബിറ്റ് ചെയ്ത ഫണ്ടുകൾ റവന്യു അക്കൗണ്ട് ഹെഡി ലേക്ക് തിരിച്ചെടുത്തത്

'4215-01-800-93' നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി (എൽ.എ.സി. എ.ഡി.എസ്) പ്രകാരമുള്ള പദ്ധതികൾ എന്ന മൂലധന ഹെഡ് ഓഫ് അക്കൗണ്ടിൽ നൽകിയിരുന്ന കേരള ജല അതോറിറ്റിയുടെ എസ്.ടി.എസ്.ബി അക്കൗണ്ടിലുള്ള ₹5.85 കോടിയുടെ ഫണ്ട്, 2075-00-911-94-'അധികമായി നൽകിയ തുകയുടെ കിഴിവ് - നിർജീവമായ ട്രഷറി അക്കൗണ്ടുകളിൽ നിന്നും എടുത്ത തുകയുടെ റീഫണ്ട്' എന്ന പൊതു ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചെടുത്തതായി ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. '4215-01-800-93' എന്ന മൂലധന ഹെഡ് ഓഫ് അക്കൗണ്ടിൽ മൂലധന ചെലവ് ₹5.85 കോടി അധികമായി കാണിക്കുന്നതിന് ഇത് കാരണമായി. റവന്യു ചെലവും റവന്യു കമ്മിയും ₹5.85 കോടി കുറച്ചു കാണിക്കുകയും ചെയ്തു.

### ഇ. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ എസ്.ടി.എസ്.ബി അക്കൗണ്ടിൽ കിടന്ന ₹551.94 കോടി തിരിച്ചെടുത്തത്

'2408-01-101-96-00-33- കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരണം' (₹352.50 കോടി), '2408-01-102-99-00-33 – വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിനുള്ള ഗ്രാന്റ്' (₹100 കോടി), '2408-01-101-92-03 – എൻഎഫ്എസ്എ പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ അന്തർസംസ്ഥാന നീക്കത്തിന് സംസ്ഥാന ഏജൻസികൾക്കുള്ള സഹായം (50% സിഎസ്എസ്)- അധിക സംസ്ഥാന സഹായം' (₹99.44 കോടി) എന്നീ അക്കൗണ്ട് ഹെഡുകൾ ഡെബിറ്റ് ചെയ്തു 2024-25 കാലയളവിൽ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ എസ്റ്റിഎസ്ബി അക്കൗണ്ടിലേക്ക് സംസ്ഥാന സർക്കാർ ₹551.94 കോടി രൂപ നൽകി(മാർച്ച് 2025).

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എസ്.ടി.എസ്.ബി അക്കൗണ്ടിലുള്ള ₹551.94 കോടിയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിലേക്ക് '2075-00-911-94' എന്ന ഹെഡിന്

കീഴിൽ സംസ്ഥാന സർക്കാർ തിരിച്ചെടുത്തു (2025 മാർച്ച് 30). ഇത് '2408-01-101-92-03' എന്ന അക്കൗണ്ട് ഹെഡിലെ ചെലവ് ₹99.44 കോടി കൂടുതലായി കാണിക്കുന്നതിനും സബ്സിഡികൾക്കുള്ള ചെലവ് ₹452.50[51] കോടി കൂടുതലായി കാണിക്കുന്നതിനും ഇടയായി. തൽഫലമായി, '2075-00-911-94' എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ ചെലവ് ₹551.94 കോടി കുറച്ചു കാണിക്കപ്പെട്ടു.

**എഫ്. ചെലവ് പ്രാരംഭത്തിൽ നേരിട്ട അക്കൗണ്ട് ഹെഡിൽ തിരിച്ചെടുത്ത ഫണ്ടുകൾ തെറ്റായി വർഗീകരിച്ചത്**

ഗ്രാന്റ് നമ്പർ XXV- പട്ടികജാതി, പട്ടികവർഗ, മറ്റ് പിന്നാക്ക വിഭാഗ, ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമത്തിന് കീഴിൽ,2021-22 ലെ അതിദാരിദ്ര്യ സർവേ പ്രകാരം കണ്ടെത്തിയ ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിനുള്ള വിഹിതം ലൈഫ് മിഷൻ പദ്ധതി നൽകുന്നു. ഭൂമിയില്ലാത്ത ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ അല്ലെങ്കിൽ ഭവന ക്ലസ്റ്ററുകൾ നിർമ്മിക്കുന്നതിനും ഫണ്ട് നൽകുന്നു.

പദ്ധതി നടപ്പിലാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, ലൈഫ് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പിഎസ്ടിഎസ്ബി അക്കൗണ്ടിലേക്ക് 4225-01-283-84(പി) –'ലൈഫ് മിഷൻ പദ്ധതി അനുസരിച്ച് ഭവനരഹിതരായ പട്ടിക ജാതിക്കാർക്കുള്ള ഭവന പദ്ധതി' എന്ന ഹെഡ് ഓഫ് അക്കൗണ്ട് ഡെബിറ്റ് ചെയ്തുകൊണ്ട് മൂന്ന് ഗഡുക്കളായി ₹120[52] കോടി നൽകുകയുണ്ടായി. എന്നിരുന്നാലും, 2024-25 കാലയളവിൽ പദ്ധതിക്കായി ഒരു ചെലവും നടത്തിയില്ല. 2025 മാർച്ചിൽ സംസ്ഥാന സർക്കാർ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് വിനിയോഗിക്കാതെ കിടന്ന മുഴുവൻ തുകയും തിരിച്ചെടുത്തു.

എസ്ടിഎസ്ബി അക്കൗണ്ടിലേക്ക് റിലീസ് ചെയ്ത മുഴുവൻ തുകയായ ₹120 കോടിയും തിരിച്ചെടുത്തെങ്കിലും, '4225-01-283-84' എന്ന അക്കൗണ്ട് ഹെഡിൽ ₹60 കോടി മാത്രമേ മൈനസ് എക്സ്പെൻഡിച്ചർ ആയി രേഖപ്പെടുത്തിയിട്ടുള്ളൂ. അതിന്റെ ഫലമായി '4225-01-283-84' എന്ന അക്കൗണ്ട് ഹെഡിലെ അന്തിമ ചെലവ് ₹60 കോടിയായി. '4225-01-283-84' എന്ന അക്കൗണ്ട് ഹെഡിൽ തിരിച്ചെടുത്ത ഫണ്ടുകളുടെ തെറ്റായ ബുക്കിംഗ് 2024-25 കാലയളവിൽ മൂലധന ചെലവ് ₹60 കോടി കൂടുതലായി കാണിക്കുന്നതിന് കാരണമായി.

## 3.7 മൈനർ ഹെഡ്-800 ന്റെ പ്രവർത്തനം

അക്കൗണ്ടുകളിൽ ഉചിതമായ മൈനർ ഹെഡുകൾ നിലവിലില്ലാതിരിക്കുന്ന സാഹചര്യത്തിലാണ് മറ്റുവരവുകളും, മറ്റുചെലവുകളുമായി ബന്ധപ്പെട്ട മൈനർ ഹെഡ് 800 ഉപയോഗിക്കുന്നത്. കണക്കുകളുടെ സുതാര്യത നഷ്ടപ്പെടുമെന്നതിനാൽ മൈനർ ഹെഡ്-800 ന്റെ പതിവായുള്ള ഉപയോഗം നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഓമ്നിബസ് മൈനർ ഹെഡ് 800നു കീഴിലെ ഗണ്യമായ തുകകളുടെ വർഗ്ഗീകരണം സാമ്പത്തിക റിപ്പോർട്ടിംഗിലെ സുതാര്യതയെ ബാധിക്കുകയും വകയിരുത്തൽപരമായ മുൻഗണനകളുടെയും ചെലവിന്റെ ഗുണനിലവാരത്തിന്റെയും ഉചിതമായ വിശകലനത്തെ വികലമാക്കുകയും ചെയ്യും.

2024-25-ൽ മൊത്തം റവന്യൂ ചെലവിന്റെയും മൂലധന ചെലവിന്റെയും (₹1,71,003.19 കോടി)[53] 4.19 ശതമാനം വരുന്ന ₹7,164.24 കോടിയുടെ ചെലവുകൾ 68 മേജർ ഹെഡുകളുമായി ബന്ധപ്പെട്ട '800-മറ്റു ചെലവുകൾ' എന്ന മൈനർ ഹെഡിൽ വർഗീകരിച്ചിരിക്കുന്നു. ഇതിൽ 2 മേജർ ഹെഡുകളിൽ ഉൾപ്പെട്ട ₹7.48 ലക്ഷം

---

[51] 2408-01-101-96-00-33 നു കീഴിൽ ₹352.50 കോടിയും, 2408-01-102-99-33 നു കീഴിൽ ₹100.00 കോടിയും

[52] 2024 മെയ് മാസത്തിൽ ₹60 കോടി, 2024 ഒക്ടോബറിൽ ₹30 കോടി, 2024 നവംബറിൽ ₹30 കോടി.

[53] വായ്പകളും മുൻകൂറുകളും, പൊതുകടം തിരിച്ചടവും ഈ തുകയിൽ ഉൾപ്പെടുന്നില്ല.

ഉചിതമായ മൈനർ ഹെഡുകൾ ഉണ്ടായിരുന്നിട്ടും 800-മറ്റു ചെലവുകൾ എന്ന മൈനർ ഹെഡിൽ വർഗീകരിച്ചു എന്നത് **പട്ടിക 3.10** ൽ വിശദമാക്കിയിരിക്കുന്നു.

**പട്ടിക 3.10: 2024-25 കാലയളവിൽ മൈനർ ഹെഡ് 800-മറ്റ് ചെലവുകളിൽ തെറ്റായി വർഗീകരിച്ച ചെലവുകൾ**

**(₹ ലക്ഷത്തിൽ)**

| തെറ്റായി വർഗീകരിച്ച അക്കൗണ്ട് ഹെഡിന്റെ വിശദാംശങ്ങൾ | തുക | ചെലവിന്റെ സ്വഭാവം | ശരിയായ വർഗ്ഗീകരണം |
|---|---|---|---|
| 5452-01-800-98 – ടൂറിസ്റ്റ് താമസ സൗകര്യം (ഗസറ്റ് ഹൗസ്) | 5.66 | മൂലധനം | 5452-01-102 ടൂറിസ്റ്റ് താമസ സൗകര്യം |
| 2211-00-800-95 - കുടുംബാസൂത്രണ ശസ്ത്രക്രിയയിൽ പരാജയം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം | 1.82 | റവന്യൂ | 2211-00-105 നഷ്ടപരിഹാരം |
| **ആകെ** | **7.48** | | |

*ഉറവിടം: എജി (എ & ഇ)യുടെ വിഎൽസി ഡേറ്റയും സാമ്പത്തിക കണക്കുകളും*

അതുപോലെ, 2024-25 കാലയളവിൽ മൊത്തം റവന്യൂ വരവുകളുടെ (₹1,24,861.06 കോടി) 0.99 ശതമാനം വരുന്ന ₹1,237.24 കോടിയുടെ വരവുകൾ 46 മേജർ ഹെഡുകളുമായി ബന്ധപ്പെട്ട 800- മറ്റു വരവുകൾ എന്ന മൈനർ ഹെഡിൽ വർഗീകരിച്ചിരിക്കുന്നു.

2024-25 വർഷത്തിൽ 2217 എന്ന മേജർ ഹെഡിന് താഴെ,800-'മറ്റ് ചെലവുകൾ എന്ന മൈനർ ഹെഡിൽ ₹289.26 കോടിയുടെ ചെലവ് നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടു. ഇത് മേജർ ഹെഡ് 2217 ലെ മൊത്തം ചെലവിന്റെ 23 ശതമാനമായിരുന്നു. മൈനർ ഹെഡ് 800 നു കീഴിൽ ചെലവാക്കിയ ₹289.26 കോടിയിൽ, ₹160.88 കോടിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ചെലവായിരുന്നു. 2010-11 ലെ ബജറ്റ് പ്രസംഗത്തിലാണ് ഈ പദ്ധതി ആദ്യമായി അവതരിപ്പിച്ചത്. നഗര സമൂഹത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന ഈ പദ്ധതി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ ഈ പദ്ധതിക്ക് കീഴിൽ നേരിട്ട ചെലവ് **പട്ടിക 3.11** ൽ നൽകിയിരിക്കുന്നു:

**പട്ടിക 3.11: 2022-23 മുതൽ 2024-25 വരെയുള്ള കാലയളവിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം നേരിട്ട ചെലവ്**

**(₹ കോടിയിൽ )**

| ക്രമ നമ്പർ | വർഷം | വർഗീകരണം | അസൽ ബജറ്റ് | സപ്ലിമെന്ററി ബജറ്റ് | ചെലവ് |
|---|---|---|---|---|---|
| 1 | 2022-23 | 2217-80-800-76 | 125.00 | 0 | 87.56 |
| 2 | 2023-24 | 2217-80-800-76 | 150.00 | 0 | 91.08 |
| 3 | 2024-25 | 2217-80-800-76 | 165.00 | 0 | 160.88 |

സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കി ഒരു ദശാബ്ദത്തിലേറെയായിട്ടും, ചെലവിന്റെ യഥാർത്ഥ സ്വഭാവം പ്രതിഫലിപ്പിക്കുന്നതിൽ വ്യക്തതയോ സുതാര്യതയോ ഇല്ലാത്ത മൈനർ ഹെഡ് 800 ന് കീഴിലാണ് ചെലവ് തുടർച്ചയായി ബുക്ക് ചെയ്യുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

എൽഎംഎംഎച്ച് പ്രകാരം, '3475- മറ്റ് പൊതു സാമ്പത്തിക സർവീസുകൾ എന്ന മേജർ ഹെഡിന് കീഴിൽ '108- അർബൻ ഓറിയന്റഡ് എംപ്ലോയ്മെന്റ് പ്രോഗ്രാം എന്ന ഒരു

പ്രത്യേക മൈനർ ഹെഡ് ഉണ്ട്. നഗര തൊഴിൽ പരിപാടികൾ അക്കൗണ്ട് ചെയ്യുന്നതിനായി ഇതിനു കീഴിലായി ഒരു സബ്-ഹെഡ് തുറക്കാവുന്നതാണ്.

സംസ്ഥാനത്തിന്റെ നഗര തൊഴിലുറപ്പ് പദ്ധതി അക്കൗണ്ട് ചെയ്യുന്നതിനായി '**3475-00-108**- അർബൻ ഓറിയന്റഡ് എംപ്ലോയ്മെന്റ് പ്രോഗ്രാം' എന്ന അക്കൗണ്ട് ഹെഡിന് കീഴിൽ അനുയോജ്യമായ ഒരു സബ്-ഹെഡ് തുറക്കുന്നതിനുള്ള സാധ്യത സംസ്ഥാന സർക്കാരിന് പരിശോധിക്കാവുന്നതാണ്.

## അളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

### 3.8 പ്രധാന സസ്പെൻസ് ഡിഡിആർ ഹെഡുകളിൽ ബാക്കി നിൽക്കുന്ന തുക

സസ്പെൻസ്, റെമിറ്റൻസ് ഹെഡുകൾക്ക് കീഴിലുള്ള നെറ്റ് ബാലൻസുകളെ സാമ്പത്തിക കണക്കുകൾ പ്രതിഫലിപ്പിക്കുന്നു.വിവിധ ഹെഡുകൾക്ക് കീഴിൽ ബാക്കി നിൽക്കുന്ന ഡെബിറ്റ് തുകകളും ക്രെഡിറ്റ് തുകകളും പ്രത്യേകം സംഗ്രഹിച്ചാണ് ഈ ഹെഡുകളിൽ ബാക്കി നിൽക്കുന്ന തുകകൾ കണക്കാക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഗണ്യമായ ബാലൻസുള്ള സസ്പെൻസ് ഇനങ്ങൾ **പട്ടിക 3.12** ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.12: സസ്പെൻസ്, റെമിറ്റൻസ് ഹെഡുകൾക്ക് കീഴിലുള്ള ബാലൻസുകൾ**

(₹ കോടിയിൽ )

| ഹെഡ് ഓഫ് അക്കൗണ്ട് | | 2022-23 | | 2023-24 | | 2024-25 | |
|---|---|---|---|---|---|---|---|
| | | ഡെബിറ്റ് | ക്രെഡിറ്റ് | ഡെബിറ്റ് | ക്രെഡിറ്റ് | ഡെബിറ്റ് | ക്രെഡിറ്റ് |
| **8658** | **സസ്പെൻസ് അക്കൗണ്ട്** | | | | | | |
| 101 | പേ ആൻഡ് അക്കൗണ്ട്സ് ഓഫീസ്-സസ്പെൻസ് | 440.63 | 0.20 | 407.06 | 0.53 | 226.25 | 0.61 |
| | **തനി ഡെബിറ്റ്/ ക്രെഡിറ്റ്** | ഡെബിറ്റ് 440.43 | | ഡെബിറ്റ് 406.53 | | ഡെബിറ്റ് 225.64 | |
| 102 | സസ്പെൻസ് കണക്കുകൾ (സിവിൽ) | 25.04 | 11.22 | 21.69 | 189.08 | 3.96 | 166.19 |
| | **തനി ഡെബിറ്റ്/ ക്രെഡിറ്റ്** | ക്രെഡിറ്റ് (-) 7.20 | | ക്രെഡിറ്റ് 167.39 | | ക്രെഡിറ്റ് 162.23 | |
| 109 | റിസർവ് ബാങ്ക് സസ്പെൻസ് - (ആസ്ഥാനം) | 2.50 | - | 6.10 | - | 4.11 | - |
| | **തനി ഡെബിറ്റ്/ ക്രെഡിറ്റ്** | ഡെബിറ്റ് 2.50 | | ഡെബിറ്റ് 6.10 | | ഡെബിറ്റ് 4.11 | |
| 110 | റിസർവ് ബാങ്ക് സസ്പെൻസ് - (സെൻട്രൽ അക്കൗണ്ട്സ് ഓഫീസ്) | 93.55 | - | 263.74 | - | 287.57 | - |
| | **തനി ഡെബിറ്റ്/ ക്രെഡിറ്റ്** | ഡെബിറ്റ് 93.55 | | ഡെബിറ്റ് 263.74 | | ഡെബിറ്റ് 287.57 | |
| 112 | ടാക്സ് ഡിഡക്റ്റഡ് അറ്റ് സോഴ്സ് (ടിഡിഎസ്) സസ്പെൻസ് | - | 176.29 | - | 268.79 | - | 473.38 |
| | **തനി ഡെബിറ്റ്/ ക്രെഡിറ്റ്** | ക്രെഡിറ്റ് 176.29 | | ക്രെഡിറ്റ് 268.79 | | ക്രെഡിറ്റ് 473.38 | |
| 123 | എഐഎസ് ഓഫീസേഴ്സ് ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം | - | 0.25 | - | 0.23 | - | 0.26 |
| | **തനി ഡെബിറ്റ്/ ക്രെഡിറ്റ്** | ക്രെഡിറ്റ് 0.25 | | ക്രെഡിറ്റ് 0.23 | | ക്രെഡിറ്റ് 0.26 | |
| 8782 | **ഒരേ അക്കൗണ്ട്സ് ഓഫീസർക്ക് കണക്കുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥൻമാർ തമ്മിലുള്ള പണം ഒടുക്കലും കണക്കൊപ്പിക്കലുകളും** | | | | | | |
| 102 | പൊതുമരാമത്ത് പണം ഒടുക്കലുകൾ | 484.12 | - | (-) 1,400.21 | - | (-) 3,705.61 | - |
| | **തനി ഡെബിറ്റ്/ ക്രെഡിറ്റ്** | ഡെബിറ്റ് 484.12 | | ഡെബിറ്റ് (-) | | ഡെബിറ്റ് (-) | |

| ഹെഡ് ഓഫ് അക്കൗണ്ട് | | 2022-23 | | 2023-24 | | 2024-25 | |
|---|---|---|---|---|---|---|---|
| | | ഡെബിറ്റ് | ക്രെഡിറ്റ് | ഡെബിറ്റ് | ക്രെഡിറ്റ് | ഡെബിറ്റ് | ക്രെഡിറ്റ് |
| | | | | 1,400.21 | | 3,705.61 | |
| 103 | വനം വകുപ്പ് പണം ഒടുക്കലുകൾ | - | - | - | - | - | - |
| | **തനി ഡെബിറ്റ്/ ക്രെഡിറ്റ്** | | | | | | |
| 8793 | **സംസ്ഥാനങ്ങൾ തമ്മിലുള്ള സസ്പെൻസ് കണക്ക്** | 61.98 | - | 66.33 | - | 67.21 | - |
| | **തനി ഡെബിറ്റ്/ ക്രെഡിറ്റ്** | **ഡെബിറ്റ് 61.98** | | **ഡെബിറ്റ് 66.33** | | **ഡെബിറ്റ്** 67.21 | |

*ഉറവിടം: അതത് വർഷങ്ങളിലെ സാമ്പത്തിക കണക്കുകൾ*

2024-25 കാലയളവിൽ പൊതുമരാമത്ത് പണം ഒടുക്കലുകൾ ഗണ്യമായി വർദ്ധിച്ചു. 2024-25 കാലയളവിൽ ബാലൻസിൽ വൻ വർധനവുണ്ടായതിന്റെ കാരണങ്ങൾ തേടിയിട്ടുണ്ട്, മറുപടി ലഭിച്ചിട്ടില്ല. ഈ ഹെഡുകളിലെ ബാലൻസുകൾ തീർപ്പാകാതെ കിടക്കുന്നത് സംസ്ഥാന സർക്കാരിന്റെ വരവ്/ചെലവ് കണക്കുകളുടെയും വിവിധ അക്കൗണ്ട് ശീർഷകങ്ങളിലെ ബാലൻസുകളുടെയും (വർഷം തോറും എടുത്തെഴുന്നത്) കൃത്യതയെ ബാധിക്കും. വകുപ്പുകൾ തമ്മിലുള്ള പൊരുത്തപ്പെടുത്തലിലൂടെ ബാലൻസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

## 3.9 വകുപ്പുതല കണക്കുകളുടെ പൊരുത്തപ്പെടുത്തൽ

വരവ്/ചെലവിന്റെ ഫലപ്രദമായ ബഡ്ജറ്ററി നിയന്ത്രണം നടപ്പിലാക്കുന്നതിനും കണക്കുകളിലെ കൃത്യത ഉറപ്പാക്കുന്നതിനും, ചീഫ് കൺട്രോളിംഗ് ഓഫീസർമാരും (സിസിഒ)/കൺട്രോളിംഗ് ഓഫീസർമാരും (സിഒ) എല്ലാ മാസവും അവരുടെ കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവുകളും ചെലവുകളും അക്കൗണ്ടന്റ് ജനറലിന്റെ (എ&ഇ) സംഖ്യകളുമായി പൊരുത്തപ്പെടുത്തണമെന്ന് സംസ്ഥാന സാമ്പത്തിക നിയമങ്ങളിൽ വ്യവസ്ഥ ചെയ്യുന്നു.

കൺട്രോളിംഗ് ഓഫീസർമാരുടെ കണക്കുകളുടെ പൊരുത്തപ്പെടുത്തലിന്റെ സ്ഥിതി **പട്ടിക 3.13** ലും **ചാർട്ട് 3.3** ലും നൽകിയിരിക്കുന്നു.

**പട്ടിക 3.13: കൺട്രോളിംഗ് ഓഫീസർമാർ വരവുകളും ചെലവുകളും പൊരുത്തപ്പെടുത്തിയതിന്റെ സ്ഥിതി**

| വർഷം | കൺട്രോളിംഗ് ഓഫീസർമാരുടെ എണ്ണം | വരവുകളും/ചെലവുകളും പൊരുത്തപ്പെടുത്തിയ നിയന്ത്രണ ഉദ്യോഗസ്ഥരുടെ എണ്ണം | | |
|---|---|---|---|---|
| | | പൂർണ്ണമായും പൊരുത്തപ്പെടുത്തി | ഭാഗികമായി പൊരുത്തപ്പെടുത്തി | പൊരുത്തപ്പെടുത്തിയിട്ടില്ല |
| **വരവുകൾ** | | | | |
| **2022-23** | 67 | 65 | 1 | 1 |
| **2023-24** | 63 | 61 | 1 | 1 |
| **2024-25** | 88 | 29 | 17 | 42 |
| **ചെലവുകൾ** | | | | |
| **2022-23** | 199 | 196 | 2 | 1 |
| **2023-24** | 201 | 184 | 12 | 5 |
| **2024-25** | 203 | 115 | 74 | 14 |

*ഉറവിടം: അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ) യുടെ ഓഫീസ് നൽകിയ വിവരങ്ങൾ*

**ചാർട്ട് 3.3: 2022-25 കാലയളവിൽ വരവുകളുടെയും ചെലവുകളുടെയും പൊരുത്തപ്പെടുത്തലിന്റെ സ്ഥിതി**

**(₹ കോടിയിൽ)**




*ഉറവിടം: അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ) യുടെ ഓഫീസ് നൽകിയ വിവരങ്ങൾ*

വകുപ്പുതല രേഖകളിലെയും എജിയുടെ കണക്കുകളിലെയും വരവുകളുടെയും ചെലവുകളുടെയും കണക്കുകൾ ഒത്തു പോകുന്നുവെന്നും, കൃത്യമാണെന്നും ഉറപ്പാക്കുന്നതിനുവേണ്ടി ശക്തമായ മേൽനോട്ടം, ഉത്തരവാദിത്ത നടപടികൾ, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയിലൂടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3.10 ക്യാഷ് ബാലൻസുകളുടെ പൊരുത്തപ്പെടുത്തൽ

അക്കൗണ്ടന്റ് ജനറൽ (എ & ഇ)യുടെ കണക്കുകൾ പ്രകാരം, **2025** മാർച്ച് **31** ന് സംസ്ഥാന സർക്കാരിന്റെ ക്യാഷ് ബാലൻസ് **₹378.42** കോടി (ക്രെഡിറ്റ്) ആയിരുന്നപ്പോൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്ത ബാലൻസ് **₹1.69** കോടി (ക്രെഡിറ്റ്) ആയിരുന്നു. ആയതിനാൽ, പൊരുത്തപ്പെടുത്തുവാനുള്ള വ്യത്യാസം **₹380.11** കോടി (ഡെബിറ്റ്) ആണ്. ഈ വ്യത്യാസത്തിന്റെ പൊരുത്തപ്പെടുത്തൽ നടന്നുകൊണ്ടിരിക്കുന്നു.

## 3.11 ഡിവിഷണൽ ഉദ്യോഗസ്ഥരുടെ പക്കലുള്ള ചെലവഴിക്കാത്ത തുക

കോഡൽ വ്യവസ്ഥകൾ പ്രകാരം, പൊതുമരാമത്ത് ഡിവിഷനുകൾക്ക് സർക്കാരിതര ഏജൻസികളിൽ നിന്ന് ഡെപ്പോസിറ്റ് വർക്കുകളിലേക്ക് ലഭിക്കുന്ന ഫണ്ടുകൾ, മേജർ ഹെഡായ '**8443** - സിവിൽ ഡെപ്പോസിറ്റുകൾ' എന്നതിന് താഴെ '**108** - പൊതുമരാമത്ത് നിക്ഷേപങ്ങൾ' എന്ന മൈനർ ഹെഡിൽ ക്രെഡിറ്റ് ചെയ്യേണ്ടതുണ്ട്. ബന്ധപ്പെട്ട ഡെപ്പോസിറ്റ് വർക്കുകളുടെ ചെലവും അതേ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് വഹിക്കുന്നത്. പ്രതിമാസ ഡിവിഷണൽ അക്കൗണ്ടുകളിൽ, അത്തരം നിക്ഷേപങ്ങളുടെ തിരിച്ചടയ്ക്കാത്ത തുക, സംസ്ഥാനത്തിന്റെ പൊതു കണക്കുകളുടെ കീഴിൽ മേജർ ഹെഡ് '**8671** - ഡിപ്പാർട്ട്മെന്റൽ ബാലൻസുകൾ, **101** - സിവിൽ' എന്ന അക്കൗണ്ട് ഹെഡിൽ പൊതുമരാമത്ത് ഡിവിഷൻ വർഗീകരിക്കുകയും ഇത് സർക്കാർ കണക്കുകളുടെ ഭാഗമാക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, ഡെപ്പോസിറ്റ് വർക്കുകളിലേക്ക്

ലഭിക്കുന്ന ഫണ്ടുകൾ, സർക്കാർ അക്കൗണ്ടുകളിലേക്ക് അടയ്ക്കുന്നതിന് പകരം ഡിവിഷണൽ ഓഫീസർമാരുടെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു. അതിനാൽ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുമായുള്ള സംസ്ഥാനത്തിന്റെ ക്യാഷ് ബാലൻസിന്റെ ഭാഗമാകുന്നില്ല.

പൊതുമരാമത്ത്-റോഡുകൾ ജലസേചനം തുടങ്ങിയ വകുപ്പുകളുടെ ബാങ്ക് അക്കൗണ്ടുകളിൽ ₹20.04 കോടി കിടക്കുന്നു. ഡിവിഷണൽ ഓഫീസർമാരുടെ ബാങ്ക് അക്കൗണ്ടുകളിലെ തുകകളുടെ വിശദാംശങ്ങൾ **പട്ടിക 3.14 ൽ** നൽകിയിരിക്കുന്നു.

**പട്ടിക 3.14: ഡിവിഷണൽ ഓഫീസർമാരുടെ പക്കൽ ചെലവഴിക്കാതെ കിടക്കുന്ന തുകയുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | വകുപ്പിന്റെ പേര് | ബാങ്ക് അക്കൗണ്ടുകൾ പ്രവർത്തിപ്പിക്കുന്ന ഡിവിഷണൽ ഓഫീസർമാരുടെ എണ്ണം | ബാങ്ക് അക്കൗണ്ടുകളിൽ കിടക്കുന്ന തുക *(₹ കോടിയിൽ)* |
|---|---|---|---|
| 1. | ജലസേചനം | 2 | 0.42 |
| 2. | പൊതുമരാമത്ത് - റോഡുകൾ | 15 | 19.62 |
| **ആകെ** | | **17** | **20.04** |

*ഉറവിടം: ബന്ധപ്പെട്ട വകുപ്പുകൾ നൽകിയ വിവരങ്ങൾ*

ഈ ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കുന്നത് സംസ്ഥാന സർക്കാരിന്റെ ദൈനംദിന ക്യാഷ് ബാലൻസിനെ ബാധിക്കുമായിരുന്നു. ബാങ്ക് അക്കൗണ്ടുകളിലുള്ള ഫണ്ടുകൾ നിർദ്ദിഷ്ട അക്കൗണ്ട് ഹെഡുകളിൽ ട്രഷറി അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

### 3.12 അക്കൗണ്ടിംഗ് മാനദണ്ഡങ്ങളുടെ പാലനം

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 150 പ്രകാരം, ഇന്ത്യൻ രാഷ്ട്രപതിക്ക്, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) ഉപദേശപ്രകാരം, കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും അക്കൗണ്ടുകളുടെ രൂപം നിർദ്ദേശിക്കാവുന്നതാണ്. സിഎജിയുടെ ഉപദേശപ്രകാരം, ഇന്ത്യൻ രാഷ്ട്രപതി ഇതുവരെ നാല് ഇന്ത്യൻ ഗവൺമെന്റ് അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ (ഐജിഎഎസ്) വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2024-25 കാലയളവിൽ സംസ്ഥാന സർക്കാർ ഈ അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ പാലിച്ചത് **പട്ടിക 3.15 ൽ** വിശദമാക്കിയിട്ടുണ്ട്.

**പട്ടിക 3.15: അക്കൗണ്ടിംഗ് മാനദണ്ഡങ്ങളുടെ പാലനം**

| ക്രമ നമ്പർ | അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ | ഐ.ജി.എ.എസിന്റെ സാരാംശം | സംസ്ഥാന സർക്കാരിന്റെ പാലനം | നിരീക്ഷിക്കപ്പെട്ട പോരായ്മകൾ |
|---|---|---|---|---|
| 1. | ഐജിഎഎസ് -1: | സർക്കാർ നൽകുന്ന ഗ്യാര ണ്ടികൾ - വെളിപ്പെടുത്തൽ ആവശ്യകതകൾ | പാലിച്ചു (സാമ്പത്തിക കണക്കുകളുടെ പത്രികകൾ 9, 20) | പോരായ്മക ളൊന്നും കണ്ടില്ല. |
| 2. | ഐജിഎഎസ്-2: | ഗ്രാന്റ്-ഇൻ-എയ്ഡിന്റെ അക്കൗണ്ടിംഗും വർഗ്ഗീകരണവും | പാലിച്ചു (സാമ്പത്തിക കണക്കുകളുടെ പത്രിക 10) | |

| ക്രമ നമ്പർ | അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ | ഐ.ജി.എ.എസിന്റെ സാരാംശം | സംസ്ഥാന സർക്കാരിന്റെ പാലനം | നിരീക്ഷിക്കപ്പെട്ട പോരായ്മകൾ |
|---|---|---|---|---|
| 3. | ഐ.ജി.എ.എസ്-3: | സർക്കാർ നൽകിയ വായ്പകളും മുൻകൂറുകളും | പാലിച്ചു (സാമ്പത്തിക കണക്കുകളുടെ പത്രിക 7, 18) | |
| 4 | ഐജിഎഎസ്-4: | പൂർവകാലത്തെ സംബന്ധിക്കുന്ന ക്രമീകരണങ്ങൾ | പാലിച്ചു (സാമ്പത്തിക കണക്കുകളുടെ പത്രിക 13) | |

*ഉറവിടം: സാമ്പത്തിക കണക്കുകൾ*

## 3.13 സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളുടെ സമർപ്പണം

**പട്ടിക 3.16**-ൽ വിശദമാക്കിയിരിക്കുന്നതുപോലെ, 2025 മാർച്ച് 31-ന്, 16 സ്വയംഭരണ സ്ഥാപനങ്ങളുടെ 45 കണക്കുകൾ കുടിശ്ശികയിലാണ്.

**പട്ടിക 3.16 : 2025 മാർച്ച് 31 നുള്ള സ്വയം ഭരണ സ്ഥാപനങ്ങളുടെ കണക്കുകളുടെ കുടിശ്ശിക**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/ അതോറിറ്റിയുടെ പേര് | കണക്കുകൾ കുടിശ്ശികയായ വർഷം | കുടിശ്ശികയായ കണക്കുകളുടെ എണ്ണം |
|---|---|---|---|
| 1. | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് | 2023-24 | 1 |
| 2. | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 2023-24 | 1 |
| 3. | കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി, എറണാകുളം | 2023-24 | 1 |
| 4. | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, തിരുവനന്തപുരം | 2023-24 | 1 |
| 5 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, കോട്ടയം | 2023-24 | 1 |
| 6 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, ആലപ്പുഴ | 2023-24 | 1 |
| 7 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, കാസർഗോഡ് | 2023-24 | 1 |
| 8 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, എറണാകുളം | 2016-17 | 8 |
| 9 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, കൊല്ലം | 2020-21 | 4 |
| 10 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, കോഴിക്കോട് | 2021-22 | 3 |
| 11 | ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, കണ്ണൂർ | 2019-20 | 5 |
| 12 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2023-24 | 1 |
| 13 | കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ | 2014-15 | 10 |
| 14 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ കമ്മീഷൻ | 2023-24 | 1 |
| 15 | കേരള വാട്ടർ അതോറിറ്റി | 2021-22 | 3 |
| 16 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2021-22 | 3 |
| **ആകെ** | | | **45** |

*ഉറവിടം: വിവിധ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ*

മുകളിൽ പറഞ്ഞ 16[54] സ്ഥാപനങ്ങളിൽ, രണ്ട് സ്ഥാപനങ്ങൾക്ക് ₹140.05 കോടി വായ്പയും 15 സ്ഥാപനങ്ങൾക്ക് ₹1,533.02 കോടി ഗ്രാന്റുകളും നൽകിയിട്ടുണ്ട്. കണക്കുകൾ സമർപ്പിക്കുന്നതിലെ കാലതാമസം സുതാര്യത കുറയ്ക്കുകയും സാമ്പത്തിക മേൽനോട്ടത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. കാലികമായ

[54] കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന് ₹140.00 കോടിയും, ജില്ലാ ലീഗൽ സർവീസ് അതോറിറ്റി കണ്ണൂരിന് ₹0.05 കോടിയും

സാമ്പത്തിക റിപ്പോർട്ടിംഗ് ഉറപ്പാക്കാൻ, ഭരണ വകുപ്പുകൾ കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കുന്നത് പതിവായി നിരീക്ഷിക്കുകയും, ഈ സ്ഥാപനങ്ങൾക്കുള്ളിലെ ശേഷി പരിമിതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അവ പരിഹരിക്കുകയും വേണ്ടതാണ്. സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ സമർപ്പിക്കുന്നതിലെ കുടിശ്ശിക **2024** മാർച്ച് **31** ലെ **61** ൽ (**25** സ്വയംഭരണ സ്ഥാപനങ്ങൾ) നിന്ന് **2025** മാർച്ച് **31** ന് **45** (**16** സ്വയംഭരണ സ്ഥാപനങ്ങൾ) ആയി സംസ്ഥാന സർക്കാർ കുറച്ചത് ശ്രദ്ധേയമാണ്.

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ കമ്മീഷന്റെ **2023-24** ലെ കണക്കുകൾ എജിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (ഡിസംബർ **2025**). **2023-24** ലെ കണക്കുകൾ **2025** ജൂലൈയിൽ സമർപ്പിക്കുകയുണ്ടായി.

## 3.14 മറ്റ് പ്രശ്നങ്ങൾ

### 3.14.1 സംസ്ഥാന ഡിസ്കോമുകളുടെ പ്രകടനം

വൈദ്യുതി[55] ഉത്പാദനം, പ്രസരണം, വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തുന്ന കേരളത്തിലെ പ്രധാന സർക്കാർ ഉടമസ്ഥതയിലുള്ള പവർ യൂട്ടിലിറ്റിയാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബിഎൽ).

#### എ. ഉദയ് പദ്ധതിയുടെ നടത്തിപ്പ്

സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള ഡിസ്കോമുകളുടെ ആരോഗ്യം മെച്ചപ്പെടുത്തുക, താങ്ങാനാവുന്നതും ലഭ്യമാവുന്നതുമായ **24x7** വൈദ്യുതി എല്ലാവർക്കും നൽകുക എന്നീ ലക്ഷ്യങ്ങളോടെ, ഭാരത സർക്കാർ വൈദ്യുതി മന്ത്രാലയം **2015** നവംബറിൽ 'ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജന' (ഉദയ്) ആരംഭിച്ചു. മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഇനിപ്പറയുന്ന പരിഷ്കാരങ്ങൾ ഈ പദ്ധതി വിഭാവനം ചെയ്തു.

1. ഡിസ്കോമുകളുടെ സാമ്പത്തികമായ മാറ്റം
2. ഡിസ്കോമിന്റെ പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുക

പ്രവർത്തന മാനദണ്ഡങ്ങൾ കൈവരിക്കുന്നതിനായി ഭാരത സർക്കാരും കെഎസ്ഇബിഎല്ലും കേരള സർക്കാരും തമ്മിൽ ഒരു ത്രികക്ഷി ധാരണാപത്രം (എംഒയു) ഒപ്പുവച്ചു (മാർച്ച് **2017**). ഉദയ് പദ്ധതിയുടെ കീഴിലുള്ള സാമ്പത്തിക തിരിച്ചുവരവിന്റെ ഭാഗം ധാരണാപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും, കെഎസ്ഇബിഎൽ അതിന്റെ സാമ്പത്തിക പ്രകടനം മെച്ചപ്പെടുത്തുകയും **2017-18, 2018-19** വർഷങ്ങളിൽ ലാഭം റിപ്പോർട്ട് ചെയ്യുകയും ചെയ്യുമെന്ന് ധാരണാപത്രം വിഭാവനം ചെയ്തു. ധാരണാപത്രം അനുസരിച്ച്, പദ്ധതിയുടെ നടത്തിപ്പിനായി അഗ്രഗേറ്റ് ടെക്നിക്കൽ ആൻഡ് കൊമേഴ്സ്യൽ (എടി & സി) നഷ്ടം കുറയ്ക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു കൊണ്ട് ലക്ഷ്യമിട്ട വിവിധ പ്രവർത്തനങ്ങൾക്കായി ഒരു വിശദമായ ആക്ഷൻ പ്ലാൻ കെഎസ്ഇബിഎൽ തയ്യാറാക്കേണ്ടതുമുണ്ട്.

**2015-16** മുതൽ **2020-21** വരെയുള്ള കാലയളവിലെ 'ഉജ്വൽ ഡിസ്കോം അഷ്വറൻസ് യോജനയ്ക്ക് മുമ്പും ശേഷവുമുള്ള കെഎസ്ഇബിഎല്ലിന്റെ പെർഫോമൻസ്' എന്ന വിഷയത്തിൽ ഈ ഓഫീസ് ഒരു പെർഫോമൻസ് ഓഡിറ്റ് നടത്തി. **2022** ലെ റിപ്പോർട്ട്

[55] കിനെസ്കോ പവർ ആൻഡ് യൂട്ടിലിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ് പരിമിതമായ നോട്ടിഫൈ ചെയ്ത മേഖലകളിൽ, കേരളത്തിൽ പ്രധാനമായും കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കുകൾ (ഇൻഫോപാർക്ക്, കിൻഫ്ര (കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷൻ) പ്രവർത്തിക്കുന്ന ഒരു വൈദ്യുതിവിതരണ ലൈസൻസിയാണ്. ഈ വിശകലനത്തിൽ ഈ സ്ഥാപനത്തെ ഉൾപ്പെടുത്തിയിട്ടില്ല.

നമ്പർ 5 ലെ പ്രധാന ഓഡിറ്റ് കണ്ടെത്തലുകളും പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി ധാരണാപത്രത്തിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങളുടെ ഏറ്റവും പുതിയ സ്ഥിതിയും **അനുബന്ധം 3.4** ൽ സംഗ്രഹിച്ചിരിക്കുന്നു.

**ബി. കെഎസ്ഇബിഎല്ലിന്റെ ലാഭം/ നഷ്ടം**

ഉദയ്ക്ക് മുമ്പുള്ള (**2015-16** മുതൽ **2016-17** വരെ) കാലയളവിലും, ഉദയ് (**2017-18** മുതൽ **2018-19** വരെ)കാലയളവിലും, ഉദയ്ക്ക് ശേഷമുള്ള (**2019-20** മുതൽ) കാലയളവിലും കെ.എസ്.ഇ.ബി.എൽ നേടിയ നഷ്ടം/ലാഭം എന്നിവയുടെ വാർഷിക വിശദാംശങ്ങൾ താഴെയുള്ള **പട്ടിക 3.17** ൽ നൽകിയിരിക്കുന്നു:

**പട്ടിക 3.17 : 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ കെഎസ്ഇബിഎല്ലിന്റെ ലാഭം/(നഷ്ടം)**

**(₹ കോടിയിൽ)**

| വർഷം | നഷ്ടം/ (ലാഭം) |
|---|---|
| **ഉദയ്ക്ക് മുൻപുള്ള കാലയളവ്** | |
| 2015-16 | (696.97) |
| 2016-17 | (1494.63) |
| **ഉദയ് കാലയളവ്** | |
| 2017-18 | (784.09) |
| 2018-19 | (290.00) |
| **ഉദയ്ക്ക് ശേഷമുള്ള കാലയളവ്** | |
| 2019-20 | (269.55) |
| 2020-21 | (475.08) |
| 2021-22 | 97.66 |
| 2022-23 | (994.64) |
| 2023-24 | (1397.87)* |
| 2024-25 | 571.22# |

**കേരള സർക്കാർ ഏറ്റെടുത്ത നഷ്ടം ക്രമീകരിച്ചതിനുശേഷം - ₹ 767.72 കോടി*

*#കേരള സർക്കാർ ഏറ്റെടുത്ത നഷ്ടം ക്രമീകരിച്ചതിനുശേഷം - ₹ 494.29 കോടി*

സംസ്ഥാനം ഉദയ് പദ്ധതിയിൽ കടബാധ്യതകളുടെ ഏറ്റെടുക്കൽ തിരഞ്ഞെടുക്കാതിരുന്നുവെങ്കിലും, പെൻഷൻ ബാധ്യതകളുടെ പുനഃസംഘടന വ്യവസ്ഥിതിയെ ശക്തിപ്പെടുത്തുന്നതിനുള്ള മൂലധന നിക്ഷേപം തുടങ്ങിയ സമാന്തര നടപടികൾ സ്വീകരിച്ചു. പെൻഷൻ ബാധ്യതകൾ നിറവേറ്റുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുകയും ട്രസ്റ്റിന്റെ ധനസഹായത്തിനായി കെഎസ്ഇബിഎൽ **₹11,895** കോടിയുടെ ബോണ്ടുകൾ പുറപ്പെടുവിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരും ബോണ്ടുകളുടെ ഫണ്ടിംഗിന് ഭാഗികമായി പങ്കുവഹിച്ചു (**₹5,861** കോടി). സിസ്റ്റം വ്യവസ്ഥിതി ശക്തിപ്പെടുത്തൽ പദ്ധതിയിലെ മൂലധന നിക്ഷേപത്തിന്റെ ഭാഗമായി വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ഹൈ-ടെൻഷൻ ലൈനുകൾ നവീകരിക്കുകയും ചെയ്തു.

ഉദയ് പദ്ധതിയുടെ പെർഫോമൻസ് ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ കാരണങ്ങൾ ഇപ്പോഴും കെഎസ്ഇബിഎൽ ന്റെ നഷ്ടങ്ങൾക്ക് പ്രധാന കാരണങ്ങളായി തുടരുന്നു. **2015-16** മുതൽ **2024-25** വരെയുള്ള കാലയളവിൽ വൈദ്യുതി വാങ്ങുന്നതിന്റെ ചെലവ് **101.2** ശതമാനവും ജീവനക്കാരുടെ ചെലവ് **39.71** ശതമാനവും ധനകാര്യ ചെലവ് **116.83** ശതമാനവും വർധിച്ചു. അതേ കാലയളവിൽ മൊത്തം കടം **369.91** ശതമാനം വർധിച്ച് **2024-25**ൽ **₹13,884.73** കോടിയായി. ജീവനക്കാരുടെ മാസ്റ്റർ ട്രസ്റ്റിന് ധനസഹായം നൽകാൻ ബോണ്ടുകൾ പുറപ്പെടുവിച്ചതിനാലാണ് കടം പ്രധാനമായും വർദ്ധിച്ചത്. കെഎസ്ഇബിഎൽ **2020-21** മുതൽ **2021-22** വരെ കടബാധ്യതകൾ വീട്ടുന്നതിനായി

₹1,500 കോടിയുടെ ഹ്രസ്വകാല വായ്പകളും എടുത്തിരുന്നു. കടം വീട്ടാനെടുത്ത വായ്പകളിൽ ₹258.77 കോടി ഇനിയും തിരിച്ചടയ്ക്കുവാനുണ്ട്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ വൈദ്യുതി മേഖലയിലെ പ്രകടനവുമായി ബന്ധപ്പെടുത്തി സംസ്ഥാനങ്ങൾക്ക് ജിഎസ്ഡിപി യുടെ 0.50 ശതമാനം പെർഫോമാൻസ് അടിസ്ഥാനമാക്കിയ അധിക ബോറോയിംഗ് സ്പേസിന് ശുപാർശ ചെയ്തിട്ടുണ്ട്. ഈ അധിക ബോറോയിംഗ് സ്പേസ് നേടുന്നതിനായി, കെഎസ്ഇബിഎൽ ന്റെ 2022-23 വർഷത്തെ നഷ്ടത്തിന്റെ 75 ശതമാനവും (₹767.71 കോടി) 2023-24 വർഷത്തെ നഷ്ടത്തിന്റെ 90 ശതമാനവും (₹494.29 കോടി) സംസ്ഥാന സർക്കാർ ഏറ്റെടുത്തു. എന്നാൽ കെഎസ്ഇബിഎല്ലിന് നൽകിയ ₹494.29 കോടി പിന്നീട് (26 മാർച്ച് 2025) സംസ്ഥാന സർക്കാർ സഞ്ചിത നിധിയിലേക്ക് തിരിച്ചെടുത്തു. ഇത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ ഉദ്ദേശ്യത്തെ നിരാകരിക്കുന്നതും ധനകാര്യ ഔചിത്യത്തിന്റെ ഗുരുതരമായ ലംഘനവുമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണം ഖണ്ഡിക 3.7 ബി യിൽ വിശദീകരിച്ചിരിക്കുന്നു.

തിരിച്ചെടുത്ത ₹494.29 കോടി കെഎസ്ഇബിഎൽ പിരിച്ച് വൈദ്യുതി തീരുവയ്ക്കെതിരെ നവംബർ 2025ൽ നെറ്റ് ഓഫ് ചെയ്തതായി സംസ്ഥാന സർക്കാർ മറുപടി നൽകി (ജനുവരി 2026).

### സി . കെഎസ്ഇബിഎല്ലിന് നൽകാനുള്ള താരിഫ് സബ്സിഡികളും വകുപ്പുതല വൈദ്യുതി ഡിമാൻഡ് കുടിശ്ശികയും

കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട്, 1963 പ്രകാരം, ശേഖരിക്കുന്ന വൈദ്യുതി തീരുവ സർക്കാർ അക്കൗണ്ടിലേക്ക് അടയ്ക്കേണ്ട ബാധ്യത ലൈസൻസികൾക്കുണ്ട്. എന്നിരുന്നാലും 2002-03 മുതൽ വൈദ്യുതി തീരുവ സർക്കാർ അക്കൗണ്ടിലേക്ക് കെഎസ്ഇബിഎൽ അടയ്ക്കുന്നില്ല. ഫണ്ടുചെയ്യാത്ത പെൻഷൻ ബാധ്യതകളിലെ സംസ്ഥാന വിഹിതം അടയ്ക്കുന്നതിനുള്ള പ്രത്യേകവും സമയബന്ധിതവുമായ ഒരു സംവിധാനമായി പിരിച്ച വൈദ്യുതി തീരുവ കൈവശം വയ്ക്കുവാൻ കെഎസ്ഇബിഎൽ ന് സർക്കാർ അനുമതി നൽകി (2013). കൂടാതെ, സബ്സിഡികളും സർക്കാർ വകുപ്പുകൾ കെഎസ്ഇബിഎൽ -ന് നൽകാനുള്ള വൈദ്യുതി ഡിമാൻഡ് കുടിശ്ശികകളും കെഎസ്ഇബിഎൽ പിരിച്ച വൈദ്യുതി തീരുവയ്ക്കെതിരെ നെറ്റ് ഓഫ് ചെയ്യുകയും ചെയ്തു.

2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ, സർക്കാർ കെഎസ്ഇബിഎൽ-ന് നൽകാനുള്ള താരിഫ് സബ്സിഡി ക്രമീകരിക്കുന്നതിനായി ₹4,433.80 കോടി പിരിച്ച വൈദ്യുതി തീരുവയ്ക്കെതിരെ നെറ്റ് ഓഫ് ചെയ്തു. അതുപോലെ, കെഎസ്ഇബിഎൽ പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേക്കുള്ള സർക്കാരിന്റെ സംഭാവനയായ ₹5,861 കോടിയും, വകുപ്പുതല കുടിശ്ശികകളായ ₹2,019.66 കോടിയും കെഎസ്ഇബിഎൽ പിരിച്ച് കൈവശം വച്ചിരുന്ന വൈദ്യുതി തീരുവയ്ക്കെതിരെ നെറ്റ് ഓഫ് ചെയ്തു.

ബജറ്റിൽ ആവശ്യമായ വകയിരുത്തൽ നടത്താതെ കെഎസ്ഇബിഎൽ-ന് നൽകാനുള്ള സബ്സിഡികളും വകുപ്പുതല കുടിശ്ശികകളും നെറ്റ് ഓഫ് ചെയ്യുന്നത്, സർക്കാർ അക്കൗണ്ടുകളിൽ ഈ ഇടപാടുകളുടെ യഥാർത്ഥ ചിത്രം പ്രതിഫലിക്കാതിരിക്കുന്നതിനിടയാക്കും. ഇത് സുതാര്യതയുടെ തത്ത്വത്തിൽ വിട്ടുവീഴ്ചകൾക്കിടവരുത്തുന്നു.

കെഎസ്ഇബിഎൽ പിരിച്ച് കൈവശം വച്ചിരിക്കുന്ന വൈദ്യതി തീരുവയ്ക്കെതിരെ 2025 സെപ്റ്റംബർ 30 വരെയുള്ള സർക്കാർ വകുപ്പുകളുടെ വൈദ്യുതി ചാർജിലെ കുടിശ്ശികകളും മറ്റു കുടിശ്ശികകളും തൽക്കാലികമായി നെറ്റ് ഓഫ് ചെയ്യുവാനുള്ള വിവിധ ഉത്തരവുകൾ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, ഭരണ വകുപ്പ് (വൈദ്യുതി) പ്രൊഫോർമ അഡ്ജസ്റ്റ്മെന്റിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുകയോ

അന്തിമ ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ലെന്ന് സംസ്ഥാന സർക്കാർ മറുപടി നൽകി (2026 ജനുവരി).

## 3.15 ധനദുർവിനിയോഗങ്ങൾ, നഷ്ടങ്ങൾ, മോഷണങ്ങൾ മുതലായവ

കേരള ഫിനാൻഷ്യൽ കോഡിന്റെ ആർട്ടിക്കിൾ 297 പ്രകാരം, പൊതു പണം, സ്റ്റാമ്പുകൾ, സ്റ്റോറുകൾ അല്ലെങ്കിൽ മറ്റ് സ്വത്തുക്കൾ എന്നിവയുടെ അപഹരണം, നഷ്ടം എന്നിവ സംബന്ധിച്ച കേസുകൾ കേരളത്തിലെ അക്കൗണ്ടന്റ് ജനറലിനും വകുപ്പ് മേധാവികൾക്കും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2025 മാർച്ച് 31 ന്, ₹2,748.11 ലക്ഷം ഉൾപ്പെടുന്ന 71 ധനദുർവിനിയോഗം, നഷ്ടങ്ങൾ, മോഷണം തുടങ്ങിയ കേസുകൾ തീർപ്പാക്കാതെ കിടക്കുന്നു. തീർപ്പാകാത്ത കേസുകളുടെ വകുപ്പ് തിരിച്ചുള്ള വിശകലനം **പട്ടിക 3.18** ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.18 : ധനദുർവിനിയോഗം, നഷ്ടം, മോഷണം ഉൾപ്പെട്ട തീർപ്പാകാത്ത കേസുകളുടെ വിശദാംശങ്ങൾ**

**(₹ ലക്ഷത്തിൽ)**

| വകുപ്പ്/ കോർപ്പറേഷന്റെ പേര് | ദുരുപയോഗം / നഷ്ടം / മോഷണം എന്നിവയുടെ കേസുകൾ | | ദുരുപയോഗം, നഷ്ടം, മോഷണം ഉൾപ്പെട്ട കേസുകൾ അന്തിമമായി തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നതിനുള്ള കാരണങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | വകുപ്പുതല, ക്രിമിനൽ അന്വേഷണം നടത്തേണ്ടവ | | വകുപ്പുതല നടപടി ആരംഭിച്ചെങ്കിലും അന്തിമമായിട്ടില്ല | | ക്രിമിനൽ നടപടികൾ അന്തിമമാക്കിയെങ്കിലും തുക വീണ്ടെടുത്തിട്ടില്ല | | കോടതിയിൽ തീർപ്പു കൽപ്പിക്കാത്തത് | |
| | കേസുകളുടെ എണ്ണം | തുക | കേസുകളുടെ എണ്ണം | തുക | കേസുകളുടെ എണ്ണം | തുക | കേസുകളുടെ എണ്ണം | തുക | കേസുകളുടെ എണ്ണം | തുക |
| കൃഷി | 9 | 45.85 | 1 | 1.28 | 0 | 0 | 6 | 34.58 | 2 | 9.99 |
| സഹകരണം | 1 | 293.47 | 0 | 0 | 0 | 0 | 1 | 293.47 | 0 | 0 |
| ക്ഷീരവികസനം | 1 | 1.20 | 0 | 0 | 0 | 0 | 1 | 1.20 | 0 | 0 |
| ആർക്കൈവ്സ് | 1 | 2.20 | 0 | 0 | 0 | 0 | 1 | 2.20 | 0 | 0 |
| ധനകാര്യം-ട്രഷറി | 11 | 408.16 | 0 | 0 | 1 | 200.00 | 5 | 71.80 | 5 | 136.36 |
| മൽസ്യ ബന്ധനം | 1 | 1.04 | 1 | 1.04 | 0 | 0 | 0 | 0 | 0 | 0 |
| വനവും വന്യജീവി സംരക്ഷണവും | 2 | 27.46 | 0 | 0 | 0 | 0 | 2 | 27.46 | 0 | 0 |
| പൊതുവിദ്യാഭ്യാസം | 7 | 11.60 | 0 | 0 | 1 | 1.68 | 5 | 9.01 | 1 | 0.91 |
| ഉന്നത വിദ്യാഭ്യാസം | 3 | 32.35 | 1 | 15.43 | 0 | 0 | 0 | 0 | 2 | 16.92 |
| ഹെൽത്ത് സർവീസ് | 5 | 22.63 | 1 | 0.09 | 1 | 20.07 | 3 | 2.47 | 0 | 0 |
| മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് | 4 | 7.87 | 0 | 0 | 0 | 0 | 3 | 1.80 | 1 | 6.07 |
| ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ | 1 | 1.84 | 0 | 0 | 0 | 0 | 1 | 1.84 | 0 | 0 |
| പബ്ലിക് റിലേഷൻസ് | 1 | 3.12 | 0 | 0 | 0 | 0 | 1 | 3.12 | 0 | 0 |
